❑Kozhikode ❑Volume No: 4 ❑Issue No: 3 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337


1 ജൂലൈ 2025

ഓണപ്പതിപ്പ്

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക




# യുവത്വത്തിന്റെ വഴികൾ

പൈലറ്റ് ❑കിക്ക് ബോക്സിംഗ് ❑സിനിമ ❑തിടമ്പ്നൃത്തം ❑ആശൗചം
❑സ്റ്റാർട്ട് അപ് ❑രാഷ്ട്രീയം❑യയയ്യ്രരര❑യള്ളള്ളള്ള❑യള്ളള്ളള്ള
തുടങ്ങി വിവിധങ്ങളായ പത്തു മേഖലയിലെ യുവജനങ്ങൾ

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


SINCE 2009
SREEPATHY
INSTITUTE OF MANAGEMENT AND TECHNOLOGY
Approved by AICTE & Affiliated to APJ Abdul Kalam Technological University
ENGINEERING COLLEGE
NBA & NAAC ACCREDITED INSTITUTION
B.Tech Courses
• Computer Science & Engineering (CSE)
• Artificial Intelligence and Data Science (AD)
• Advanced Communication Technology (ACT)
• VLSI Design & Technology (VLSI)
• Civil Engineering (CE)
• Mechanical Engineering (ME)
• Electrical and Electronics Engineering (EEE)
• Electronics and Communication Engineering (ECE)
APPROVED
AFFILIATED
ACCREDITED INSTITUTION
B++
NAAC
OPTION CODE
SPT
ADMISSION STARTED
Same Fee for Govt Quota and Management / NRI seats
No Donations No Extra Fees 100% Placements Internship for All Students
790 283 5555 | 790 282 5555 | 790 288 3555
Sreepathy Campus, Vavanoor P.O., Pattambi, Palakkad - 679 533
www.simat.ac.in principal@simat.ac.in
SREEPATHY
INSTITUTE OF ADVANCED STUDIES
ARTS & SCIENCE COLLEGE
Affiliated to Calicut University
COURSES
B.Com HONOURS | BCA HONOURS
790 288 4555 | 790 288 2555
Sreepathy Campus, Vavanoor P.O., Pattambi, Palakkad - 679 533
www.sasc.in sreepathyartscollege@gmail.com



യോഗക്ഷേമസഭ
# സ്വസ്തി
ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5127 ആഷാഢം കൊല്ലവർഷം 1200 കർക്കിടകം ഗ്രീഷ്മഋതു

വാർഷിക വരിസംഖ്യ
300 രൂപ അയക്കാൻ
ഈ ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

2025 July 1 ❑Kozhikode ❑Volume No: 4 ❑Issue No:3 ❑email: swasthitrimonthly@gmail.com ❑website: swasthi.org❑Mob:9495369337



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ 9072383651
**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
9400992823
**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ 9895621493
**പ്രിൻറർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471
**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611
**പരസ്യം & സർക്കുലേഷൻ**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
**ജനറൽ മാനേജർ**
താമരക്കുളം ദിവാകരൻ നമ്പൂതിരി
മൊബൈൽ: 9447337337
**മാനേജിംഗ് കമ്മിറ്റി**
ജില്ലാ പ്രസിഡന്റ്: പി.എം.ഗംഗാധരൻ
നമ്പൂതിരി 9400584267
ജില്ലാ സെക്രട്ടറി: കോരമ്പറ്റ ശങ്കരൻ
നമ്പൂതിരി 9946438951
**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600
**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674
**കസ്റ്റമർ കെയർ**
മൊബൈൽ: 9495369337


# ഹൃദ്യമായ അനുഭവം

സ്വസ്തിക്ക് അത്യപൂർവമായ ഒരു അനുഭവമുണ്ടായി. ഓൺലൈനിൽ സ്വസ്തിയുടെ ചില പതിപ്പുകൾ കണ്ട ഒരു അമേരിക്കൻ മലയാളി 25000 രൂപ അയച്ചു തന്നിരിക്കുന്നു. ചെറിയ കാര്യമല്ല അത്. സ്വസ്തി പ്രവർത്തകരിൽ ഒരാളും അദ്ദേഹത്തെ അറിയില്ല. നേരിൽ കണ്ടിട്ടില്ല. സംസാരിച്ചിട്ടില്ല. എന്നിട്ടും ഇങ്ങനെയൊന്ന് സംഭവിച്ചപ്പോൾ അദ്ഭുതം തോന്നി. സന്തോഷവും.

പേര് വെളിപ്പെടുത്താനോ തന്ന കാര്യം അറിയിക്കാനോ അദ്ദേഹത്തിനു താല്പര്യമില്ല. പക്ഷേ വായനക്കാരെ അറിയിക്കാതിരിക്കാൻ സ്വസ്തിക്ക് കഴിയില്ല. കാരണം ഇതുപോലൊരു സൗമനസ്യത്തെ പരസ്യപ്പെടുത്താതിരിക്കുന്നത് കൃതഘ്നതയാവും. ചെറിയൊരു സമുദായത്തിന്റെ ചെറിയ പ്രസിദ്ധീകരണമായിട്ടും മികച്ച രീതിയിൽ തയ്യാറാക്കാൻ സ്വസ്തി കാണിക്കുന്ന താല്പര്യമാണ് അദ്ദേഹത്തിന് പ്രേരണയായത്. സമുദായാംഗം അല്ലാതിരുന്നിട്ടു പോലും അദ്ദേഹം കാണിച്ച താല്പര്യവും സന്മനോഭാവും വായനക്കാർ കൂടി അറിയണം.

അഭിമാനിക്കാവുന്ന വേറെ ചിലതും ഈ ലക്കത്തിലുണ്ട്. ദൂരദർശന്റെ ഡയറക്ടർ ജനറലായി നിയമിതനായത് നമുക്കിടയിലെ ഒരാളാണ്. തളിപ്പറമ്പ് കുറുമാത്തൂർ മനയിലെ സതീഷ് നമ്പൂതിരിപ്പാട്. ലോകത്തെ തന്നെ ഏറ്റവും മികച്ച ശാസ്ത്രപ്രസിദ്ധീകരണമായ നാച്ചറിൽ നമ്മുടെ ഒരംഗത്തിന്റെ ഗവേഷണപ്രബന്ധം പ്രസിദ്ധീകരിച്ചിരിക്കുന്നു. കൽപ്പുഴ മനയിൽ ശ്രീജിത്ത് അഷ്ടമൂർത്തിയുടെ. അടുക്കളയിലെ അഗ്നിയിൽ എരിഞ്ഞു തീർന്നിരുന്ന പഴയ കാലത്ത് നിന്ന് അഗ്നിപർവതത്തിന്റെ ലാവയിൽ പോലും ഗവേഷണം നടത്താനുള്ള പ്രാപ്തി നമ്മുടെ പെൺകുട്ടികൾക്ക് കൈവന്നിരിക്കുന്നു. മോഴികുന്നത്ത് മനയിലെ രേവതിയാണ് ഈ മിടുക്കി. ഗോവ ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ മികച്ച സംവിധായികയായി തിരഞ്ഞെടുക്കപ്പെട്ടത് വെൺമണി മനയിലെ രഞ്ജനയാണ്. ഏവർക്കും അഭിനന്ദനങ്ങൾ.

ഇത്തരം പോസിറ്റീവ് വിഭവങ്ങളാണ് ഇത്തവണത്തെ വിഷുപ്പതിപ്പിൽ. ഐശ്വര്യം നിറഞ്ഞതാവട്ടെ വിഷു.


ഏവർക്കും വിഷു ആശംസകൾ.

പത്രാധിപർ.


Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemasabha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
**Vol No:4 Issue No: 3 Registration Number : KERMAL/2022/83817**



ആദ്യമേ ആയുർവേദം
ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM
Since 1941
പാരമ്പര്യത്തിന്റെ മികവ്
സാങ്കേതികതയുടെ തികവ്
300
250
200
150
100
300ml
നൂറ്റാണ്ടുകളുടെ അഷ്ടവൈദ്യ പാരമ്പര്യവും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഗവേഷണവും സമന്വയിക്കുന്ന വൈദ്യരത്നം ഔഷധങ്ങൾ. മികച്ച ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുനൽകുന്ന 550ലധികം ആയുർവേദ ഔഷധങ്ങളുമായി വൈദ്യരത്നം ഔഷധശാല... എന്നും നിങ്ങളുടെ ആരോഗ്യത്തിനായി സമർപ്പിതം.
Manufacturing | Healthcare | Ayurveda College | Ayurveda Museum | Ayurveda Research Institute | Publications
Vaidyaratnam Oushadhasala Pvt. Ltd., Vaidyaratnam Road, Thaikkattussery P.O, Ollur, Thrissur - 680 306, Kerala, India, Ph: +91 487 2432732, Email: support@vaidyaratnam.com | Web: www.vaidyaratnam.com
/vaidyaratnamofficial
70344 30000
To consult online: vaidyaratnammooss.com/consultonline | To buy online: www.vaidyaratnamstore.com
കൂടുതൽ അറിയാൻ സ്കാൻ ചെയ്യൂ




**08**

**കവർ സ്റ്റോറി**

നൂറു വയസ്സ് കഴിഞ്ഞിട്ടും ആരോഗ്യത്തോടെ അദ്ഭുതം പടർത്തുന്ന കിഴക്കേ നെടുമ്പള്ളി അഷ്ടമൂർത്തി നമ്പൂതിരിയെക്കുറിച്ച്

പാനാട് പദ്മനാഭൻ നമ്പൂതിരി



**52**

**സെലിബ്രിറ്റി ഗസ്റ്റ്**

ബ്രാഹ്മണജന്മിമാരെ കുടിയേറ്റക്കാരായ പ്ളാന്റർമാരുമായി താരതമ്യം ചെയ്യാനാവില്ല. പ്രമുഖ ചരിത്രകാരൻ

ഡോ എം ജി ശശിഭൂഷൺ

ടി. ജെ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുമായി സംസാരിക്കുന്നു

**62**

ഇല്ലപ്പെരുമ പംക്തിയിൽ

........

ഇല്ലത്തെപ്പറ്റി

വിനോദ് മങ്ങത്തായ


പ്രതികരണങ്ങൾ, സഭാ വാർത്തകൾ, വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, പാണിഗ്രഹണം, തുടങ്ങി സ്ഥിരം പംക്തികളും

# ആരൊക്കെ/എന്തൊക്കെ


| | |
|---|---|
| 07 | **ദൂരദർശൻ ഡയറക്ടർ ജനറൽ**<br>കെ സതീഷ് നമ്പൂതിരിപ്പാട് |
| 18 | **അച്ഛന്റെ സുഹൃത്ത് ഭർത്താവിന്റെ റൂംമേറ്റ്**<br>എം.സരളമധുസൂദനൻ |
| 21 | **എം ടിയിൽ നിന്ന് കിട്ടിയ ഒന്നാം സമ്മാനം**<br>അനിയൻ മണ്ണാനിക്കാട് |
| 22 | **സത്യനും നസീറിനും മുമ്പ് നായകനായ നമ്പൂതിരി**<br>കെ.എം.എസ്. ഭട്ടതിരിപ്പാട് |
| 25 | **വിടിയോടൊപ്പം അഭിനയിച്ച ആൾ**<br>വി ടി വാസുദേവൻ |
| 26 | **ആനപ്പുറത്തെ അപകടത്തിൽ നിന്നു രക്ഷപ്പെട്ട അനുഭവം**<br>താമരക്കുളം ദിവാകരൻ നമ്പൂതിരി |
| 30 | **നമ്പൂതിരി ബില്ലിന് നിയമസഭയിൽ മറക്കുട നാടകം**<br>വി ടി വാസുദേവൻ |
| 36 | **അക്ഷരപ്പാട്ട് ആനപ്പാട്ട്**<br>ഉണ്ണികൃഷ്ണൻ വാകയാട്ടില്ലം |
| 40 | **അഗ്നിമീതേ അന്തർജനം**<br>മാന്തിട്ട വിഷ്ണു |
| 44 | **നേച്ചറിലും നമ്പൂതിരി**<br>സുധീഷ് നമ്പൂതിരി |
| 47 | **കോഴിക്കോടൻ സ്മരണ**<br>ഇ എ കുബേരൻ നമ്പൂതിരി |
| 48 | **മാതൃവിയോഗം / ശൈവ വൈഷ്ണവം**<br>ഗീതാനന്ദൻ നാരായൺ / ദേവി പ്രകാശ് |
| 58 | **മികച്ച സംവിധായിക**<br>രഞ്ജന |
| 70 | **പേരാമംഗല്ലൂർ മനയിലുണ്ട് ദാസനും വിജയനും**<br>ശ്രീജ പട്ടലൂർ |
| 76 | **സമ്മാനം കിട്ടിയത് ഗാന്ധിയിൽ നിന്ന്**<br>ഉദയൻ നമ്പൂതിരിപ്പാട് |
| 80 | **നമ്പൂതിരിമാരുടെ ശ്രദ്ധക്ക്**<br>വാസുദേവൻ നമ്പൂതിരി കെ.എൻ |
| 105 | **ഉണർത്തുപാട്ട്**<br>എസ് രത്നാംബിക അന്തർജനം |
| 97 | **കുട്ടിക്കൂട്ടത്തിൽ ഇവർ**<br>നിവേദ് വിഷ്ണു വെദിരമന പയ്യന്നൂർ, ദിയ ദീപക് ചോലമന പാലക്കാട്, ഹിമ ദീപക് ചോലമന പാലക്കാട്, ഹൃദികദേവ് ഇളേടത്തു മന ശ്രീകൃഷ്ണപുരം. |



KM
കുത്താമ്പുള്ളി
കളക്ഷൻസ് & മാച്ചിങ്ങ് സെന്റർ
ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം
വിപുലമായ സ്ഥലസൗകര്യങ്ങളോടെ പ്രവർത്തിച്ചുവരുന്നു.
വിവാഹത്തിനും മറ്റു ആഘോഷങ്ങൾക്കുമുള്ള
സെറ്റ് മുണ്ടുകൾ, സെറ്റ് സാരികൾ,
ഡബിൾ മുണ്ട്,ഷർട്ടുകൾ എന്നിവയും
മറ്റു തുണി തരങ്ങളും ഓർഡർ എടുത്തു
എത്തിച്ചു കൊടുക്കുന്നു
ചുരിദാർ മെറ്റീരിയലുകൾ കുർത്തികൾ
ലേഡീസ് ടോപ്പുകൾ, ലഗ്ഗിൻസ് എന്നിവയുടെ
പുതിയ കളക്ഷൻസ്
സെറ്റുമുണ്ടുകളുടേയും, സാരികളുടേയും മാച്ചിങ് ബ്ലൗസ്
മെറ്റീരിയലുകളുടേയും വിപുലമായ ശേഖരം
ജെന്റ്സ് ഷർട്ട്സ്, ടീഷർട്സ്, ഡബിൾമുണ്ട്, കാവിമുണ്ട്,
വിവിധങ്ങളായ കളർമുണ്ടുകൾ എന്നിവയും മിതമായവിലയിൽ
വിവിധതരം സെറ്റുപാവാട, സെറ്റുസാരി, ഫാൻസി സാരി,
കസവുസാരി, കോട്ടൺസാരി എന്നിവയുടെ
നിങ്ങൾക്ക് ഇഷ്ടപെടുന്ന കളക്ഷൻ...
വാട്സ്ആപ് വഴി സെലക്ട്
ചെയ്യുന്ന ഐറ്റംസ് കൊറിയർ
അയച്ചുകൊടുക്കുന്നു.
9562883397
10 വർഷത്തോളമായി ചങ്ങരംകുളത്ത് പ്രവർത്തിക്കുന്ന ഒരു നമ്പൂതിരി സംരംഭം
പേയ്മെന്റ്
ക്യാഷ്, Gpay, ഓൺലൈൻ ട്രാൻസാക്ഷൻ
9400852605 / 04942650180 / 7306359484



# വാമനൻ പറഞ്ഞത്


**ഡികെഎം കർത്താ, ദേവീദയ, മിസ്സൂള, മോൻടാന, യു.എസ്.എ** 59801

Mob:+1(406)3965189 dkmkartha@gmail.com


ഹേ, ലോകാധിപ! നിന്റെ കീഴിലമരുന്നുണ്ടിത്രിലോകങ്ങളും
മൂലോകങ്ങളിലുള്ള ജീവിഗണവും പ്രത്യക്ഷമീ വാസ്തവം!
ആലോചിയ്ക്കുക, യെങ്കിലും, വിപുലമീ സൃഷ്ടിപ്രപഞ്ചത്തെയാർ
താലോലിച്ചു പുലർത്തിടുന്നു, വതു നീയല്ലെന്നതെൻ ഉത്തരം.
(ലോകാധിപൻ = മഹാബലി)

ദർപ്പം കണ്ണിലുയർത്തിടുന്നു മറ, നീ നോക്കുന്നിടത്തൊക്കെയും
ഗർവ്വം നിന്റെ മഹാബലത്തെയൊഴികെക്കാൺമീല മറ്റൊന്നുമേ;
സർവ്വം നിന്നധികാരശക്തി ചുഴലെക്കെട്ടിപ്പടുക്കുന്നതാം
ദുർഗ്ഗത്തിന്റെയകത്തു സംഭൃത, മിതേ നിന്നുറ്റ സംപ്രത്യയം.
(നിന്നുറ്റ സംപ്രത്യയം = നിനക്കു പ്രിയപ്പെട്ട വിശ്വാസം)

മുത്തച്ഛന്നു കൊടുത്തു ഞാനൊരു വരം 'ഹേ, നിന്റെ വംശത്തെ ഞാൻ
മർദ്ദിയ്ക്കില്ല തകർക്കുവാ,നസുരരാണെല്ലാരുമെന്നാകിലും;'
അർത്ഥിയ്ക്കുന്നൊരു ബ്രഹ്മചാരിവടിവിൽ വന്നെത്തി ഞാനിന്നു നിൻ
വർദ്ധിയ്ക്കുന്നൊരഹംകൃതിയ്ക്കതിരിടാൻ, ഹിംസാപ്രയോഗം വിനാ!
(മുത്തച്ഛൻ = പ്രഹ്ലാദൻ)

നീ പണ്ടൊന്നു മരിച്ചവൻ, ഗുരുവരൻ തന്നൂ പുനർജ്ജന്മമ, --
ന്നാപത്തിൽഗ്ഗുരു പിന്നെയും തരുമതേപോലുള്ള സഞ്ജീവനം;
നീ പേടിച്ചു വിറയ്ക്കുകില്ല മൃതിയെക്കണ്ടാലു, മിന്ദ്രാദിയെ-
ത്താപാഗ്നിയ്ക്കിരയാക്കി നാകപതിയായ് നീ; ലോകദുർവ്വിക്രമൻ.
(ഗുരുവരൻ = ശുക്രാചാര്യൻ)

ഞാനാകുന്നു ത്രിവിക്രമൻ സകലവും താങ്ങുന്ന ധർമ്മത്തെയാ-
ണീ ഞാൻ പോറ്റുവ, തെന്റെ കണ്ണിലരചൻ ഭൂമിയ്ക്കുമാത്രം ഭവാൻ;
വാനാം ലോകമടക്കിടാൻ പ്രിയവരം തന്നില്ലയാരും തനിയ്,-
ക്കാ നാകത്തിലെ വാസികൾ തവബലത്താലന്നു നിഷ്ക്കാസിതർ !
(നിഷ്ക്കാസിതർ = നാടുകടത്തപ്പെട്ടവർ)

ആ നിഷ്ക്കാസിതവർഗ്ഗമെന്നുമൊളിവിൽ; കണ്ടാലുടൻ വാളിനാൽ-
ക്കാണിയ്ക്കും തവകിങ്കരർ യമപുരേ ചെന്നുചേരുന്ന മാർഗ്ഗം;
നീ നിൽക്കുന്നതു ശുക്രമാമുനി പിടിച്ചീടും കുടക്കീഴിലാ, -
ണാ നില്പിൽ മരണത്തെയും വകവരുത്തീടാൻ നിനക്കായിടും!
(കുട = മൃതസഞ്ജീവനി വിദ്യ; വകവരുത്തുക = കൊല്ലുക)

പൂവർഷിച്ചു പുകഴ്ത്തി തോലനെയവർ നിൻ തോൽവി കണ്ടപ്പോഴേ;
ദേവന്മാർക്കു തിരിച്ചുകിട്ടി ജനനീതുല്യം ജനിച്ചോരിടം;
നീ വൻ ദാനരതൻ, പ്രധാനി യജനം ചെയ്വോരി, ലെന്നാലുമാ
പാവപ്പെട്ടവർ വാണ വിണ്ണു കവരൽ ക്ഷന്തവ്യമോ, ചൊൽക നീ ?
(തോലൻ = വൈദിക അനുഷ്ഠാനപ്രകാരം തോലണിഞ്ഞ ബ്രഹ്മചാരി)

നീ ധർമ്മത്തിലുറച്ചവൻ, ബഹുജനം നിന്നെപ്പുകഴ്ത്തുന്നവർ;
ഖ്യാതിയ്ക്കായി രചിയ്ക്കുവാൻ തവമനം തന്നിൽ പ്രഹർഷോത്സവം;
മോദം സീമകടന്നു; ദർപ്പമതിൽ നിന്നുണ്ടായി; മര്യാദകൾ
നീ തന്നിഷ്ടമുറയ്ക്കു കാത്തു, പലതും ലങ്ഘിച്ചു തോന്നുന്നപോൽ.
(ഖ്യാതിയ്ക്കായി = പ്രശസ്തിയ്ക്കു കഴിഞ്ഞു )

ദാനം യജ്ഞവിധാനഭാഗ, മതിലോ പാടില്ല ഞാനെന്നതാം
ഭാവം; നീയതു തൻപ്രശസ്തി പെരുകാൻ ചെയ്തൂ ഗുരുത്വം വിനാ;
യാഗം ലോകഗുണത്തിനുള്ള വഴിയാ, ണപ്പുണ്യകർമ്മത്തിൽ നീ
സ്ഥാനം നിന്റെയഹത്തിനേകി, യതിനെക്കൊല്ലുന്നു ഞാനിന്നിതാ!

പക്ഷേ നീ ബലിയാണു, മത്തുപകരും ദർപ്പം നശിച്ചാലുടൻ
ത്വത്ക്ഷേമത്തിനു ഞാൻ തരും ഞൊടിയിടയ്ക്കുള്ളിൽ പുനഃസ്ഥാപനം;
രക്ഷാർത്ഥം വരുമങ്ങു ചെയ്ത സുകൃതം സാവർണ്ണിമന്വന്തരേ
സാക്ഷാലിന്ദ്രപദത്തിലേറിടുമഹങ്കാരം നശിച്ചോൻ ഭവാൻ!
(സാവർണ്ണി = വൈവസ്വതം കഴിഞ്ഞു വരാനിരിയ്ക്കുന്ന മന്വന്തരം)

വിശ്വാകാരമെനിയ്ക്കു പൂർണ്ണസഹജം; ഞാനെൻ വിനീതത്വമീ
ഹ്രസ്വാകാരവപുസ്സിലാക്കി ബലിയാം നിന്നെ കുനിപ്പിയ്ക്കുവാൻ;
നിസ്വൻ നീ; യിനി നിഷ്പ്രയാസമറിയാനാവും യഥാർത്ഥത്തെ; നീ
വിശ്വത്തോളമുയർന്നിടാവു, വിനതീപാഠം പഠിച്ചോൻ സഖേ !
(ത്വാം അകിഞ്ചന ഗോചരം -- കുന്തീസ്തുതിയിൽനിന്ന്)

നീ വിന്ധ്യാവലിയൊത്തു വാഴുക സഖേ സാവർണ്ണിയെത്തും വരെ-
ബ്ഭൂവിൻ കീഴിലെ ദിവ്യമായ സുതലം തന്നിൽത്തപോമഗ്നനായ്;
നീ വിച്ഛേദിയ്ക്കുക നെഞ്ചിലുള്ള മമതാദൂഷ്യത്തെ, ഞാനെന്നതാം
ഭാവത്തേയു; മതിന്നു വേണ്ടി വരുമേയാർക്കും ചിരഞ്ജീവനം!
(വിന്ധ്യാവലി = ബലിയുടെ പത്നി)



അവലംബം: 1. ഋഗ്വേദം 1/ 22/ 7 വിഷ്ണുർവ്വിചക്രമേ ത്രേധാ നിദധേ പദമ് , 2. ശതപഥബ്രാഹ്മണം 1/2/5/5 വാമനോ ഹി വിഷ്ണുരാസാ, 3. കഠോപനിഷത്ത് 2/2/3 മദ്ധ്യേ വാമനം ആസീനം വിശ്വേ ദേവാ ഉപാസതേ, 4. വാൽമീകി രാമായണം 4/40/57 തത്ര പൂർവ്വപദം കൃത്വാ പുരാ വിഷ്ണുസ്ത്രിവിക്രമേ 5. ശ്രീ മഹാഭാഗവതം 8/15/23, 6. ബ്രഹ്മവൈവർത്ത പുരാണം 10/41 ബലിയാജേ വാമനസ്യ ദൃഷ്ട്വാ രൂപം മനോഹരം ,7. ദേവീഭാഗവതം 9/45/66 ആരൊക്കെ ദക്ഷിണ കൊടുക്കാതെ സൽക്കർമ്മങ്ങൾ ചെയ്താലും അവയുടെ ഫലം സുതലവാസിയായ മഹാബലിയ്ക്കു കിട്ടും. 8. നാരദപുരാണം 1/11

കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വലിയ യാഗം 1975 ൽ തൃശൂരിലെ പാഞ്ഞാളിലായിരുന്നു. അതും ഒരു അമേരിക്കൻ സായ്പിന്റെ മേൽനോട്ടത്തിൽ. അതിൽ ക്യാമറമാനും ശബ്ദലേഖകനുമായത് കിള്ളിമംഗലം കുഞ്ചു എന്ന വാസുദേവൻ നമ്പൂതിരിപ്പാടായിരുന്നു. അതിരാത്രത്തിലെ ആ പങ്കാളിത്തം വേദയാഗ സംസ്കൃതികളുമായി ബന്ധപ്പെട്ട് മറ്റനേകം അവസരങ്ങൾ ഒരുക്കി. നിരവധി വിദേശയാത്രകളും. അര നൂറ്റണ്ടു പിന്നിട്ട അതേപ്പറ്റിയാണ് ഈ കുറിപ്പ്. തുടർന്നു വായിക്കാം കഴിഞ്ഞ മാസം എളങ്ങല്ലൂരിൽ നടന്ന പുതിയ യാഗത്തിന്റെ വിശേഷങ്ങളും.

## പോളണ്ടിലെ ജൂതപ്പള്ളിയിൽ നമ്പൂരാരുടെ 'ഓത്തൂട്ട്''

# കടൽ കടന്ന വേദം



പോളണ്ടിലെ ക്രാക്കോവിൽ വാവൽ കോട്ടയുടെ മുന്നിൽ.

**കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്**



പാഞ്ഞാൾ അതിരാത്രമാണ് ടേണിംഗ് പോയിന്റ് എന്നാണെന്റെ വിശ്വാസം. ബോംബെയിൽ തരക്കേടില്ലാത്ത ജോലി ചെയ്തിരുന്ന എന്നെ ഡോ ഫ്രിട്ട്സ് സ്റ്റാൾ അതിരാത്ര ഫിലിമിംഗിൽ ഒരു ക്യാമറാമാനും സൗണ്ട് റിക്കോർഡിസ്റ്റും ആയി ക്ഷണിച്ചു. 1950 കൾ മുതൽ അച്ഛന്റെയും എന്റെയും സുഹൃത്തായിരുന്നു അദ്ദേഹം. അന്ന് നമ്പൂതിരിമാരിൽ ഫിലിം ക്യാമറ ഉപയോഗിച്ച പരിചയം എനിക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രമുഖ സിനിമാട്ടോഗ്രാഫർ മങ്കട രവിവർമ്മയുടെ സഹായി ആയി പല ഡോക്യുമെന്ററികളിലും ഞാൻ പ്രവർത്തിച്ചിരുന്നു. അതാവാം അതിരാത്രം ചിത്രീകരിക്കുന്നതിന് എന്നെ നിയോഗിക്കാൻ കാരണമായത്.

അന്ന് വിദഗ്ധരായ വിദേശ ക്യാമറാമാൻമാരായ റോബർട്ട് ഗാർഡ്നർ, കെവിൻ ബുർക്ക്, മങ്കട രവിവർമ്മ എന്നിവരുടെ കൂടെ അതിരാത്ര ഡോക്യുമെന്റേഷനിൽ



*ക്രാക്കോവിലെ ജൂതപ്പള്ളിയിൽ സാമവേദാലാപനം: ഇടത്തുനിന്ന് നെല്ലിക്കാട്ടിൽ നീലകണ്ഠൻ നമ്പൂതിരി, തോട്ടം ആര്യൻ നമ്പൂതിരി, നെല്ലിക്കാട്ടിൽ വാസുദേവൻ നമ്പൂതിരി, പെരുമങ്ങാട് വാസുദേവൻ നമ്പൂതിരി, കുഞ്ചു വാസുദേവൻ നമ്പൂതിരിപ്പാട്*



*ലേഖകൻ കിള്ളിമംഗലം വാസുദേവൻ എന്ന കുഞ്ചു നമ്പൂതിരിപ്പാട് കുടുംബ ക്ഷേത്രമായ പലുങ്കിൽ ശിവനാരായണ ക്ഷേത്രത്തിൽ.*



*1999 ൽ വേയ്ൽസിലെ അബരി സ്ത്വിത്ത് സവ്വക ലാശാലയിൽ സാമവേദം അവതരിപ്പിക്കാൻ പോയ പ്പോൾ ഡയറക്ടർ ജോൺ മിൽസിന്റെ കൂടെ. ഇട ത്തു നിന്ന് നെല്ലിക്കാട്ടിൽ വാസുദേവൻ നമ്പൂതിരി, തോട്ടം ആര്യൻ നമ്പൂതിരി, ലേഖകൻ കിള്ളിമംഗലം വാസുദേവൻ എന്ന കുഞ്ചു നമ്പൂതിരിപ്പാട്*

പങ്കെടുത്തു. നമ്പൂതിരി ആയതു കൊണ്ട് യാഗശാലയു ടെ ഉള്ളിൽ ക്യാമറ പ്രവർത്തിക്കാൻ ഞാനാണ് നിയോ ഗിക്കപ്പെട്ടത്. അതിരാത്രത്തിനു ശേഷമാണ് ബോംബെ ജോലി രാജി വെച്ച് നാട്ടിൽ അദ്ധ്യാപകനായത്. അതിനു ശേഷമാണ് സാമവേദത്തിന്റെ ഡോക്യുമെന്റേഷൻ നിർവ ഹിച്ചതും അനവധി വിദേശരാജ്യങ്ങളിൽ ഫെസ്റ്റിവലുക ളിലും സെമിനാറുകളിലും പ്രബന്ധം അവതരിപ്പിച്ചതും. മാഞ്ഞു കൊണ്ടിരിക്കുന്ന ഈ ഓർമ്മകൾ എഴുതുമ്പോൾ പഴയ തലമുറയിലെ സാമവേദ ആചാര്യന്മാരാരും ജീവി ച്ചിരിപ്പില്ല. അവർക്കെല്ലാം എന്റെ പ്രണാമം.

തീയതി ഓർമ്മയില്ല.1997 ആദ്യമാവാം. രാത്രി പത്തുമ ണി കഴിഞ്ഞിരിക്കും. ഒരു ഫോൺ. എടുത്തപ്പോൾ –

'കുഞ്ചൂ! പൗലോസാണ്, കിടന്നോ ?' കാലടി സംസ് കൃത സർവകലാശാലയിലെ രജിസ്ട്രാറാണ് പൗലോ സ് മാഷ്.

'ഇല്ല്യ, എന്താ ഇത്ര വൈകി?'

'ചെറിയൊരു ജാല്യത. നമ്പൂതിരിപ്പാട് ഉറങ്ങ്യോ?' അച്ഛനെയാണ് അന്വേഷിക്കുന്നത്. എന്റെ അച്ഛൻ കി ള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് കലാമണ്ഡലം



*ഗിവിംഗ് വോയ്സ് സെമിനാറിൽ തോട്ടം ആര്യൻ നമ്പൂതിരിയും നെല്ലിക്കാട്ടിൽ വാസുദേവൻ നമ്പൂതി രിയും സാമവേദം വർക്ക്ഷോപ്പിൽ*

സൂപ്രണ്ടായിരുന്നു.

'ഇല്ല്യ എന്താ പറ്റ്യേ?'

'നമ്പൂതിരിപ്പാട് ഉണ്ണിമാഷേം (കാലടി സർവകലാശാല വൈസ് ചാൻസലർ) എന്നേം ചെറുതായൊന്ന് ശകാരി ച്ചുന്ന് പറയാം. നിങ്ങള് രണ്ടാളും സംസ്കൃത സർവകലാ ശാല അധികാരികളായിട്ട് നാമാവശേഷമായി കൊണ്ടി രിക്കുന്ന ഒരു ആലാപന പാരമ്പര്യം (നമ്പൂതിരിമാരുടെ ജൈമിനീയസാമവേദാലാപനം) സംരക്ഷിക്കാൻ ഒന്നും ചെയ്യാത്തതിൽ ദുഃഖമുണ്ട്. ലഭ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ചു ഡോക്യുമെന്റേഷൻ ചെയ്യാനുള്ള ഒരു പദ്ധ തി തയ്യാറാക്കിക്കൂടെ എന്ന് ചോദിച്ചു?'

'അച്ഛൻ എന്നോടും സൂചിപ്പിച്ചിരുന്നു'

അച്ഛൻ, 1940 മദ്ധ്യത്തിൽ തൃശ്ശൂർ സെന്റ് തോമസിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ മുതൽ സാമവേദത്തിന്റെ ശോചനീയാവസ്ഥയെക്കുറിച്ചു വേവലാതിപ്പെട്ടിരുന്നു, ഒരു ഋഗ്വേദിയായിരുന്നെങ്കിലും. ഋഗ്വേദത്തിന് പുറമേ സാമവേദപഠനവും വേണം എന്ന് ബ്രഹ്മസ്വം മഠം ഭരണ സമിതിയോട് പറഞ്ഞിരുന്നു. പക്ഷേ നടന്നില്ല.

'എന്തായാലും ഡോക്യുമെന്റേഷനുമായി മുന്നോട്ടു പോകാൻ തിരുമാനിച്ചു. കുഞ്ചു ഒരു കാര്യം ചെയ്യു. സാ മവേദാചാര്യന്മാരേം തുപ്പേട്ടനേം (മുട്ടത്തുകാട്ടിൽ മാമണ്ണ് മന സുബ്രമണ്യൻ നമ്പൂതിരി) അച്ഛനേം കൂട്ടി

## കിള്ളിമംഗലം വാസുദേവൻ എന്ന കുഞ്ചു നമ്പൂതിരിപ്പാട്

കേരള കലാമണ്ഡലം സൂപ്രണ്ട് ആയിരുന്ന കിള്ളി മംഗലം വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും വിമല അന്തർജനത്തിന്റെയും മകൻ.മുത്തശ്ശനും അച്ഛനും മകനും വാസുദേവന്മാർ. ഫിലിം ക്യാമറമാനും ശബ്ദലേ ഖകനും മാത്രമല്ല കുഞ്ചു എന്ന വാസുദേവൻ നമ്പൂതിരി പ്പാട്. അന്നറ്റ് ലിഡേ, ഡേവിഡ്മ ക്രൂവിമാർ സംവിധാനം ചെയ്ത കഥകളി കിങ്ങ് ലിയറിന്റെ യൂറോപ്യൻ യാത്രക ളിലെ മാനേജർ. മങ്കട രവിവർമ സംവിധാനം ചെയ്ത ദേ ശീയ സംസ്ഥാനപുരസ്ക്കാരങ്ങൾ ലഭിച്ച നോക്കുകുത്തി സിനിമയുടെ സഹസംവിധായകൻ. കുട്ടികൾക്കു വേണ്ടി ദൂരദർശൻ നിർമിച്ച കുഞ്ഞിക്കൂനൻ സിനിമയുടെ സംവി ധായകൻ. 2011 ൽ അമേരിയ്ക്കയിലെ ബട്ട്ലർ സവ്വകലാ ശാലയിലെ തിയ്യറ്റർ വിഭാഗത്തിൽ വിസിറ്റിങ്ങ് പ്രൊഫസർ. സംസ്കൃത പ്രഹസനമായ ഭഗവതജ്ജുകം ഇംഗ്ലീഷിലാക്കി സംവിധാനം ചെയ്ത് തിയ്യറ്റർ വിഭാഗത്തിലെ അമേരിക്കൻ കുട്ടികളെക്കൊണ്ട് അവതരിപ്പിച്ച നാടകകാരൻ. യൂറോപ്പി ലെ പല സർവകലാശാലകളിലും കേരള കലകളെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ച പ്രബന്ധകാരൻ. സാമവേദ വും കേരളത്തിലെ പല പ്രകടനകലകളും ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്ന കലവറക്കാരൻ. ഇല്ലത്തെ അമ്പ ലമായ കിള്ളിമംഗലം പളുങ്കിലപ്പൻ ക്ഷേത്രത്തിലെ ശാന്തി ക്കാരൻ വരാത്ത ദിവസം മുട്ടുശാന്തിക്കും തയ്യാർ.

കാലടിയ്ക്കു വരൂ.'

'വളരെ നന്നായി. തിയതി നിശ്ചയിച്ചോളൂ. ഞാൻ അവരേം കൊണ്ടു വരാം' ഞാൻ പറഞ്ഞു.

1997 കാലത്ത് പാഞ്ഞാളിൽ മൂന്നു കുടുംബത്തിലെ 60 കഴിഞ്ഞ അഞ്ച് നമ്പൂതിരിമാരാണ് സാമവേദം ചൊല്ലിയിരുന്നത്. അതും ചില ചടങ്ങുകളുടെ ഭാഗമായി മാത്രം. നെല്ലിക്കാട്ടു മനയ്ക്കൽ മാമണ്ണമാരായ നീലകണ്ഠൻ നമ്പൂതിരിയും സഹോദരനായ വാസുദേവൻ നമ്പൂതിരിയും. പിന്നെ പെരുമങ്ങാട്ടു മനയ്ക്കലെ ഇട്ട്യാസു എന്നറിയപ്പെട്ടിരുന്ന വാസുദേവൻ നമ്പൂതിരി. തോട്ടം മനയ്ക്കലെ നാരായണൻ നമ്പൂതിരി. പിന്നെ കുഞ്ഞൻമാഷ് എന്ന് വിളിച്ചിരുന്ന ആര്യൻ നമ്പൂതിരിയും. ഇന്ന് ഇവരാരുമില്ല.

കാലടി സർവകലാശായിൽ മീറ്റിങ് കൂടി. കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് പ്രസിഡന്റായി ഒരു കമ്മിറ്റി രൂപീകരിച്ചു. കോഡിനേറ്ററായി പ്രൊഫ സി എം നീലകണ്ഠനും. സാങ്കേതിക ചുമതലകൾ എനിക്ക്. എന്റെ സുഹൃത്ത് മനു അച്ചുതത്ത് സഹായിയുമായി. 1995ൽ മനുവിന്റെ സഹായത്തോടെ ജർമനിയിലെ ട്യൂബിങൻ സർവകലാശാലയുടെ ധനസഹായത്തോടെ, മന്ത്രാങ്കം മുഴുവൻ എന്റെ കുടുംബക്ഷേത്രമായ പളുങ്കിൽ ശിവനാരായണക്ഷേത്രത്തിൽ വെച്ച് ഡോക്യുമെന്റേഷൻ ചെയ്തിരുന്നു. ആ പരിചയമാണ് ഇതിന് സഹായകമായത്.

ഈ അഞ്ചു ആചാര്യന്മാരും പ്രതിഫലേച്ഛ ഇല്ലാതെ, ഇതിന് തയ്യാറായി. തോട്ടം നാരായണൻ നമ്പൂതിരിക്ക് ആര്യോഗ്യപ്രശ്നങ്ങൾ മൂലം പങ്കെടുക്കാനായില്ല. പത്തറുപത് കൊല്ലം മുമ്പെ ഉരുവിട്ടുപഠിച്ചത് പ്രയോഗിക്കാനുള്ള അവസരങ്ങൾ കുറവായതു കൊണ്ട് പല ഓത്തുകളും മറന്നിരുന്നു. 1975 ലെ പാഞ്ഞാൾ അതിരാത്രത്തിനു വേണ്ടിയാണ് അവർ അവസാനമായി ഗൗരവത്തോടെ ആലപിച്ചത്. അതുകൊണ്ട് അവർ ശഠിച്ചു.

'സമയബന്ധിതമായി തീർത്തോളാം എന്ന് പറയാൻ പറ്റില്ല്യ. ആദ്യം ഞങ്ങൾക്ക് ചൊല്ലി തോന്നിച്ച് ഉറപ്പു വരുത്തണം. സ്വരംതെറ്റി ചൊല്ലി വികലമാക്കാൻ പറ്റില്ല. മാത്രമല്ല അത് പാപവും സമൂഹത്തോട് ചെയ്യുന്ന വഞ്ചനയുമാണ്.' അവർ പറഞ്ഞു.

പാഞ്ഞാൾ ലക്ഷ്മിനാരായണ ക്ഷേത്രത്തിലെ സാമവേദികളുടെ പാഠശാലയായിരുന്നു വേദി. കാലടി സർവകലാശാല വൈസ്ചാൻസലർ ഉണ്ണിമാഷ് നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. ആചാര്യന്മാർ തോന്നിയ്ക്കാൻ തുടങ്ങി. നീലകണ്ഠനും ഞാനും കൂടി മദിരാശിയിൽ പോയി ഏറ്റവും ഗുണം ഏറിയ ഹൈ എയ്റ്റ് വീഡിയോ കാസെറ്റുകളും ഓഡിയോ കാസെറ്റുകളും (നൂറു മണിക്കൂറിന് ഉള്ളത്) വാങ്ങിച്ചു.

അക്കാലത്ത് തൃശൂരിൽ ഇംഗ്ലീഷിൽ അദ്ധ്യാപക പരിശീലന സ്ഥാപനത്തിൽ അദ്ധ്യാപകനായിരുന്നു ഞാൻ. ഡോക്യുമെന്റേഷൻ ഭംഗിയായി നടത്താൻ വേണ്ടി പാഞ്ഞാൾ ഗവ:ഹയർ സെക്കൻഡറി സ്കൂളിലേയ്ക്ക് സ്ഥലം മാറ്റം മേടിച്ചു. നാല് മണി കഴിഞ്ഞാൽ ഞാൻ



*സാമവേദാചാര്യൻമാർ പോളണ്ടിലെ ക്രാക്കോവിൽ വാവൽ കോട്ടക്കു മുന്നിൽ.*

അമ്പലത്തിൽ എത്തും. നാല് മുതൽ ആറു വരെയാണ് അവരുടെ റിഹേഴ്സൽ. ചില ദിവസങ്ങളിൽ നീലകണ്ഠനും വരും. അങ്ങനെ രണ്ട് മൂന്നു മാസം കഴിഞ്ഞു.

'ഞങ്ങൾ തയ്യാറാണ്. എന്നാച്ചാൽ തുടങ്ങാം റെക്കോഡിങ്. അവർ പറഞ്ഞു.

അങ്ങനെ റെക്കോർഡിങ് തുടങ്ങി. ചില ദിവസങ്ങളിൽ പത്തോ പതിനഞ്ചോ മിനിട്ടുകഴിഞ്ഞാൽ 'ഇന്ന് എന്തോ ശരിയാവ്ണ്ല്യാ, നമുക്ക് നിർത്താം. നാളെ പോരെ, കുഞ്ചു? ഇന്ന് എടുത്തത് കളഞ്ഞോളൂ, നാളെ ആവർത്തിക്കാം.'

പലപ്പോഴും ഇത് വേണ്ടിവന്നു. പക്ഷേ ചെല്ലുന്നവർക്കോ മനുവിനോ എനിക്കോ നീരസം ഉണ്ടായില്ല. തുടക്കത്തിൽ തന്നെ ഞാൻ അവരോട് പറഞ്ഞിരുന്നു നിങ്ങളാണ് ശരിയും പോരായ്മകളും തീരുമാനിക്കാൻ. മനുവിനെയും എന്നെയും കണക്കാക്കേണ്ട വേണ്ട പോലെ ആവുന്നില്ല എന്ന് തോന്നിയാൽ പറഞ്ഞോളൂ നിർത്താം.

നേരത്തെ ചില വിദേശ സർവകലാശാലകൾക്കും ഗവേഷകർക്കും വേണ്ടി ഞാൻ പ്രോജക്ടുകൾ ചെയ്യാറുണ്ടായിരുന്നു. സ്റ്റോൺ ബ്രൂക്ക് സർവകലാശാല പ്രൊഫസർ ഫാളി റിച്ചമണ്ടിനുവേണ്ടി (കലാമണ്ഡലം രാമചാക്യാരുടെ വിദ്യാർത്ഥി) ചില ഡോക്യുമെന്റേഷൻ ചെയ്തപ്പോൾ എനിക്ക് ഒരു ഹൈ എയ്റ്റ് വീഡിയോ ക്യാമറ കിട്ടിയിരുന്നു. കൂടാതെ എന്റെ കയ്യിൽ ഒരു പ്രൊഫഷണൽ ഓഡിയോ റെക്കോർഡറും ഉണ്ടായിരുന്നു. അതുകൊണ്ട് ഈ സാമവേദം പ്രോജക്ടിനു വേണ്ടി ഉപകരണങ്ങൾ വാങ്ങേണ്ടി വന്നില്ല.

മിക്കവാറും നാലു പേരെയും ഉൾക്കൊള്ളിച്ചു മീഡിയം ക്ലോസ് ഫ്രെയിമിലാണ് റെക്കോർഡ് ചെയ്തിരുന്നത്. ഏകദേശം ഒരു മണിക്കൂറായിരുന്നു ഒരു ദിവസം. അങ്ങനെ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം. ചൊല്ലുന്നത് കേൾക്കുമ്പോൾ മനസ്സിന് ഒരു കുളിർമയും 'സൂദിങ്' അനുഭവവും ഉണ്ടായിരുന്നു. ഞാൻ ഇത് എഴുതുന്നത് ഒരു സാധാരണക്കാരന്റെ അനുഭവം മാത്രമാണ്. സാമവേദത്തെ കുറിച്ചോ അതിന്റെ സങ്കേതങ്ങളെ കുറിച്ചോ ഒരു വാക്കുപോലും പറയാൻ അർഹനല്ല.



*ക്രാക്കോവിൽ വർക്ക്ഷോപ്പിൽ നെല്ലിക്കാട് വാസുദേവൻ നമ്പൂതിരി സാമവേദം പഠിപ്പിയ്ക്കുന്നു.*

**വെയിൽസ് സർവകലാശാലയിൽ അടുത്ത ഏപ്രിലിൽ ഗിവിംഗ് വോയ്സ് എന്ന പേരിൽ ഒരു വേദിക് സെമിനാർ ഉണ്ട്. ലോകത്തെ പ്രമുഖവേദജ്ഞരെയെല്ലാം ഉൾപ്പെടുത്തി വേദം ചാന്റിംഗ്. ഇവിടെ നിന്നുള്ളവരെ വെയിൽസിലെത്തിക്കാനുള്ള ചുമതല താങ്കൾക്കാണ്. ഇങ്ങനെയാണ് വിദേശത്തെ ആ വേദപാരായണത്തിന് അവസരമൊരുങ്ങിയത്**

അങ്ങനെ രണ്ടര കൊല്ലം നീണ്ട തപസ്യ. വയോധികന്മാരായ നാല് സമവേദാചാര്യന്മാരോട് യാത്രയും പറഞ്ഞു മനുവും ഞാനും കിള്ളിമംഗലത്ത് എന്റെ ഇല്ലത്തെത്തി. അപ്പോഴതാ ഒരു നിയോഗം പോലെ പൂമുഖത്ത് ഡോ.ഫിലിപ്പ് സറിലി അച്ഛനുമായി സംസാരിച്ചു കൊണ്ടിരിക്കുന്നു.

'ഹലോ കുഞ്ചു'

'ഹായ് ഫിൽ. ഇത് വിസ്മയമായിരിക്കുന്നു. താങ്കൾ വരുമെന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല.' സായ്പിനോട് ഇംഗ്ളീഷിൽ പറഞ്ഞു.

ഫിലിപ്പ് സറിലി ഇംഗ്ലണ്ടിലെ എക്സിറ്റർ സർവകലാശാലയിൽ പ്രൊഫസറാണ്. അമേരിക്കക്കാരൻ. 1975ലാണ് കലാമണ്ഡലത്തിൽ കഥകളി പഠിക്കാൻ വന്നത്. അച്ഛൻ അക്കാലത്ത് അവിടെ സൂപ്രണ്ടായിരുന്നു. തിയ്യറ്റർ ആണ് അദ്ദേഹത്തിന്റെ വിഷയം. അദ്ദേഹത്തിന്റെ റിസർച്ച് അസിസ്റ്റന്റ് ആയി ഞാനും പലതവണ ഗവേഷണങ്ങളിലും പങ്കാളിയായിട്ടുണ്ട്.

അദ്ദേഹം പറഞ്ഞു.

'ഞാൻ ഇവിടെ വരുന്ന കാര്യം കഴിഞ്ഞ ആഴ്ച വരെ എനിക്കും അറിയില്ലായിരുന്നു. വെയിൽസ് സർവകലാശാലയിൽ അടുത്ത ഏപ്രിലിൽ ഗിവിംഗ് വോയ്സ് എന്ന പേരിൽ ഒരു സെമിനാർ ഉണ്ട്. ലോകത്തെ പല രാജ്യങ്ങളിലെയും പ്രാർത്ഥനാസമ്പ്രദായങ്ങളുടെ സെമിനാർ. ഇവിടെ നിന്നുള്ളവരെ വെയിൽസിലെത്തിക്കാനുള്ള ചുമതല താങ്കൾക്കാണ്.'

ഇത് അവിചാരിതമാണോ? ഈ ക്ഷണം. കഴിഞ്ഞ രണ്ടര വർഷമായി ഏറ്റെടുത്ത ഒരു സുപ്രധാന ഡോക്യുമെന്റേഷന്റെ ഫലമല്ലേ? ഇത് സാമവേദചാര്യന്മാർക്കുള്ള അന്താരാഷ്ട്ര അംഗീകാരമല്ലേ?

വെയിൽസ് സർവകലാശാലയിലെ ഗിവിങ് വോയ്സിൽ പങ്കെടുക്കാൻ ക്ഷണം കിട്ടിയപ്പോൾ സന്തോഷത്തോടൊപ്പം വിഷമവും ഉണ്ടായി. ഒരു വേദചാര്യനെ കൊണ്ടുവരാനാണ് ക്ഷണം. അത് സാമവേദി തന്നെ മതിയെന്ന് ഞാൻ ഉറപ്പിച്ചു. അനവധി എഴുത്തു കുത്തുകളും ഫാക്സിങ്ങും ഒക്കെ നടത്തി രണ്ടുപേരെ ഉൾപ്പെടുത്താൻ ക്ഷണം കിട്ടി. നാലു പേരിൽ ആരെ ഒഴിവാക്കും? ഞാൻ തീരുമാനം നാലുപേർക്കും വിട്ടുകൊടുത്തു. അവർ തീരുമാനിച്ചതിനനുസരിച്ച് തോട്ടം ആര്യൻനമ്പൂതിരിയും നെല്ലിക്കാട്ട് വാസുദേവൻ നമ്പൂതിരിയും തയ്യാറായി. അവരുടെ ആദ്യ വിദേശയാത്ര. ഞാൻ 1980കൾ മുതൽ യൂറോപ്പിലെ പല ഫെസ്റ്റിവലുകളിലും സെമിനാറുകളിലും പങ്കെടുത്തിട്ടുണ്ട്.1990ൽ എഡിൻബറോ ഫെസ്റ്റിവലിലേക്ക് കിങ്ങ് ലിയർ കഥകളിയുമായാണ് ആദ്യമായി സ്കോട്ട്ലൻഡിൽ പോയത്.

അങ്ങനെ തോട്ടം ആര്യൻനമ്പൂതിരിയും നെല്ലിക്കാട് വാസുദേവൻ നമ്പൂതിരിയും ഞാനും വെയിൽസ് സർവകലാശാലയിലെത്തി. അവിടെ അമ്പലമൊന്നുമില്ലല്ലൊ. എവിടെ വേദം ആലപിക്കും. പതിനെട്ടാം നൂറ്റാണ്ടിലെ അതിമനോഹരമായ ഒരു ചാപ്പൽ ഉണ്ടായിരുന്നു അവിടെ. ഫിലിപ്പ് സറിലി സാമാന്യം വലിയൊരു നിലവിളക്ക് കൊണ്ടു വന്നിരുന്നു. പള്ളികളിലെ ബഞ്ചുകളിലും നിലത്തുമായി 300 പേരുണ്ടായിരുന്നു. ഞാൻ കേരളത്തെക്കുറിച്ചും വേദപാരമ്പര്യത്തെക്കുറിച്ചും പറഞ്ഞു ആചാര്യരെ പരിചയപ്പെടുത്തി. പിന്നെ ഒരു മണിക്കൂർ സാമവേദാലാപനം. ഏവരും കണ്ണടച്ച് ആലാപനത്തിൽ മുഴുകി. ആലാപനം കഴിഞ്ഞപ്പോൾ ഇടമുറിയാതെ 10 മിനിട്ടോളം കർട്ടൻ കാൾ. നിർത്താതെ കരഘോഷം. പിറ്റേന്ന് ഇതിന്റെ ചർച്ച. വളരെ വിചിത്രമെന്ന് തോന്നുന്ന പ്രതികരണമാണ് തലേ ദിവസത്തെ ആലാപനം കേട്ടവരിൽ നിന്നും ഉണ്ടായത്.

'ആലാപനം പകുതി ആയപ്പോൾ ഞാൻ ആകാശത്തു കൂടി ഒഴുകി നടക്കുകയായിരുന്നു. എല്ലാരും കരഘോഷം മുഴക്കുന്ന ശബ്ദം കേട്ടാണ് ഞാൻ ഥഡ് എന്ന് താഴേക്ക് പതിച്ചത്' എന്നായിരുന്നു ഒരു മദാമ്മയുടെ പ്രതികരണം.

'നിലവിളക്കിന്റെ മിന്നുന്ന ജ്വാലയും മനോഹരമായ ആലാപനവും എന്നെ മറ്റൊരു ബോധതലത്തിലെത്തിച്ചു' എന്നായി വേറൊരാൾ.

ഒരു ചെറുപ്പക്കാരിയുടെ പ്രതികരണം 'അലൗകികം' എന്നായിരുന്നു.

അവർ പറഞ്ഞ ഇംഗ്ളീഷ് മലയാളമാക്കി ആചാര്യരോട് പറഞ്ഞപ്പോൾ തോട്ടം ആര്യൻനമ്പൂതിരി പറഞ്ഞതിങ്ങനെ. 'ഭോഷ്ക് പറേണേനും ല്ല്യേ ഒരു കണക്ക് ആ! ആ! ആയ്ക്കോട്ടെ അല്ലേ വാസ്യേവാ!'

വർക്ക്ഷോപ്പ് രണ്ട് ദിവസമായിരുന്നു. ഓത്ത് ചെല്ലു

ന്നവർ ആദ്യം പഠിക്കുന്ന ഓത്ത് ' അഗ്ന ആയാഹി വീതയേ ......' രണ്ടു പേരും കൂടി 27 പഠിതാക്കളെ പഠിപ്പിച്ചു. രണ്ടാമത്തെ ദിവസം വൈകുന്നേരം അവരെല്ലാം കൂടി സ്വരത്തോടുകൂടി ചൊല്ലിയപ്പോൾ ഓരോരുത്തർക്കും എന്തൊരു സന്തോഷമായിരുന്നെന്നോ!

ഫിലിപ്പ് സറിലി വെയ്ൽസിൽ അതിമനോഹരമായ ഒരു വീടു വാങ്ങിയിരുന്നു. താമസം തുടങ്ങിയിരുന്നില്ല. സെമിനാർ കഴിഞ്ഞ് മടങ്ങുന്നതിനു തലേ ദിവസം തോട്ടം ആര്യൻനമ്പൂതിരി പാലുകാച്ചി. രണ്ടുപേരുടെയും സാമവേദാലാപനത്തോടെയാണ് ഫിലിപ്പും ഭാര്യയും വീട്ടിൽ താമസമാക്കിയത്.

മടക്കയാത്രയുടെ തലേന്നാൾ അവിടെ വെച്ച് പരിചയപ്പെട്ട പോളിഷ് നാടക സംവിധായകൻ വ്‌ളോഡ്‌സ്മിയസ് സ്റ്റാനിയേവിസ്കി എന്നോടു പറഞ്ഞു


'കുഞ്ചു. അടുത്ത വർഷം ഞങ്ങൾ ഒരു ഫെസ്റ്റിവൽ നടത്തുന്നുണ്ട്. പോളണ്ടിലെ ക്രാക്കോവിൽ. അതിന്റെ ഭാഗമായി ഈ വർഷം ഒരു സെമിനാറുണ്ട്. അതിൽ ഒരു പേപ്പർ അവതരിപ്പിക്കാൻ താങ്കളെ ക്ഷണിക്കുകയാണ്. മാത്രമല്ല അടുത്ത വർഷം ഫെസ്റ്റിവലിൽ സാമവേദ പാരായണവും വേണം.'

ഞാൻ നന്ദി പറഞ്ഞു. പേപ്പർ അവതരിപ്പാക്കാൻ സമ്മതം അറിയിച്ചു. നാട്ടിൽതിരിച്ചെത്തി. താമസിയാതെ പോളിഷ് സാംസ്കാരിക വകുപ്പിൽ നിന്നും ക്ഷണക്കത്തു കിട്ടി.

പ്രബന്ധവിഷയം എന്തു വേണം.? പതിവുപോലെ അച്ഛനുമായി ആലോചിച്ചു. അച്ഛൻ പറഞ്ഞു,

'കുഞ്ചു, നമ്മൾ ഓത്തു ചൊല്ലാൻ തുടങ്ങുന്നത് ഉപനയനത്തിനുശേഷമാണ്. അതാണ് നമ്മുടെ വിദ്യാരംഭം. അത് കൊണ്ട് ഉപനയനവും വേദ പഠനാരംഭവും എന്ന ഒരു പ്രബന്ധം തയാറാക്കിക്കോളു. എല്ലാവരും അവതരിപ്പിക്കുന്ന രീതി വേണ്ട. മുട്ടത്താട്ടിലെ കണ്ണന് (എന്റെ സഹോദരിയുടെ പുത്രൻ) ഉപനയന പ്രായമായില്ലെ.? അയാളുടെ 'ഓന്ന്യം' നടത്തി അത് വീഡിയോ ചെയ്ത് ഒരു 40 മിനിറ്റ് ഫിലിം ആക്കി അവതരിപ്പിച്ചാൽ മതി. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന, ഇന്നും തുടർന്നു പോരുന്ന, ഒരു പാരമ്പര്യത്തിന്റെ അവതരണം ആവും. എഴുതി തയ്യാറാക്കുന്ന പ്രബന്ധത്തേക്കാൾ ഉള്ളിൽ തട്ടുകയും ചർച്ചയാവുകയും ചെയ്യും. മാത്രമല്ല ഇല്ലാത്ത മിസ്റ്ററീസ് ഒക്കെ പാശ്ചാത്യ ഗവേഷകർ അതിൽ കണ്ടെത്തുകയും ചെയ്യും.'

അത് കൊള്ളാമെന്ന് എനിക്കും തോന്നി. അങ്ങനെ കണ്ണന്റെ ഉപനയനം വീഡിയോ ചെയ്തു. വേണ്ട സബ്ടൈറ്റിലുകളും മറ്റും ചേർത്ത് അതൊരു ദൃശ്യപ്രബന്ധമാക്കി. അത് ശരിക്കും ഗുണം ചെയ്തു. അവിടെ അവതരിപ്പിച്ച പ്രബന്ധങ്ങളിൽ എന്റേതു മാത്രമായിരുന്നു നൂറ്റാണ്ടുകളായി തുടരുന്ന പാരമ്പര്യത്തിന്റെ നേർക്കാഴ്ച. മറ്റു ഗവേഷകരുടെ പ്രബന്ധങ്ങൾ ചടങ്ങുകളുടെ വിവരണങ്ങൾ മാത്രമായിരുന്നു. ഇനിഷ്യേഷൻ ഇൻ ടു ആൻഡ് ദ ലേണിംഗ് ഓഫ് സാമവേദ ബൈ നമ്പൂതിരീസ് ഇൻ കേരള. ഇതായിരുന്നു എന്റെ പ്രബന്ധത്തിന്റെ ശീർഷകം. അവസാന ദിവസത്തെ ഈവനിംഗ് സെഷനിൽ അധ്യക്ഷനായി എന്നെയാണ് തിരഞ്ഞെടുത്തത്.



*പ്രൊഫ.ഫ്രിട്ട്സ് സ്റ്റോൾ കാപ്ര ശങ്കരനാരായണൻ അക്കിത്തിരിപ്പാടിനൊപ്പം (ഫയൽ ഫോട്ടൊ) അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ എമരിറ്റസ് പ്രൊഫസറായിരുന്നു ഫ്രിട്ട് സ്റ്റാൾ. ഏഷ്യൻ സ്റ്റഡീസിലും വേദത്തിലുമാണ് സ്പെഷ്യലൈസേഷൻ. സംസ്കൃതം ഗ്രീക്ക് വ്യാകരണങ്ങളിലും അഗ്രഗാമിയാണ്. 2012 ഫെബ്രുവരിയിൽ യശശ്ശരീരനായി.*

ഇതിനിടെ സ്റ്റാനിയേവിസ്കിയും എന്റെ സുഹൃത്തായ അഗ്നേഷക്കയും പഴക്കം ചെന്ന പള്ളികളും ചാപ്പലുകളും സന്ദർശിച്ചു. ഫെസ്റ്റിവലിലേക്ക് സാമവേദാലാപനം നടത്താനുള്ള അരങ്ങ് കണ്ടെത്താനായിരുന്നു അത്. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഒരു സിനഗോഗ് (ജൂതപ്പള്ളി) ആയിരുന്നു. ചുമതലക്കാരനായ റബായിയുമായി (പള്ളീലച്ചൻ) സംസാരിച്ചപ്പോൾ അദ്ദേഹം സോറി പറഞ്ഞു.

'ഞങ്ങളുടെ മതത്തിന്റെ പ്രാർത്ഥനക്കല്ലാതെ ഇതേവരെ സിനഗോഗ് ഉപയോഗിച്ചിട്ടില്ല.'

കേരളവും ജൂതസമൂഹവും തമ്മിലുള്ള നൂറ്റാണ്ടുകളുടെ ബന്ധവും കൊച്ചിയിലെ പഴക്കം ചെന്ന ജൂതപള്ളിയെ പറ്റിയും ഞാൻ പറഞ്ഞു കൊടുത്തു.

'ഞങ്ങളുടെ സാമവേദം ചൊല്ലാൻ ഏറ്റവും ഉചിതമായ ഇടം ഇതു തന്നെയാണ്. നിങ്ങളുടെ പാരമ്പര്യം പോലെത്തന്നെ പഴക്കമുള്ളതാണ് സാമവേദം.

നിങ്ങളുടേതിനേക്കാൾ പഴക്കം എന്നത് മനഃപൂർവ്വം പറഞ്ഞില്ല. അത് അദ്ദേഹത്തിന് ബോധിച്ചു എന്നു വേണം കരുതാൻ. 2000 ജനുവരിയിൽ റബായ് എനിക്ക് ഒരു കത്തെഴുതി. സിനഗോഗ് സാമവേദാലാപനത്തിന് തരാൻ സമ്മതമാണത്രെ. നാലു സാമവേദാചാര്യന്മാരും ഫെസ്റ്റിവലിൽ പങ്കെടുത്തു. എഴുപതോളം വിദ്യാർഥികൾ വർക്ക് ഷോപ്പിലുണ്ടായിരുന്നു. വെയിൽസിൽ ഉണ്ടായ പോലെ

അവരെ 'അഗ്ന ആയാഹി വീതയെ.....' ചൊല്ലാൻ പഠിപ്പിച്ച് അവരുടെ വിദ്യാരംഭം കുറിച്ചു.

ജൂതപള്ളിയിലെ ഇരിപ്പിടങ്ങളിൽ 400 പേരെ മാത്രമേ ഉൾക്കൊള്ളാൻ പറ്റുമായിരുന്നുള്ളൂ ആലാപനം തുടങ്ങുന്നതിനു മുമ്പേ സംഘാടകർ പരിഭ്രാന്തരായി വന്നു ചോദിച്ചു.

'മിസ്റ്റർ നമ്പൂതിരിപ്പാട്. ഞങ്ങൾക്കൊരു പ്രശ്നമുണ്ട്. ഇരിപ്പിടങ്ങൾ മുഴുവനും നിറഞ്ഞു. നൂറിലേറെപ്പേർ പുറത്തു കാത്തു നിൽക്കുന്നു. അവരെക്കൂടി അകത്തേക്കു കയറ്റി നിലത്തും മറ്റും ഇരിക്കാൻ അനുവദിക്കാമോ.'

ഒരു പ്രയാസവുമില്ലെന്ന് ഞാൻ പറഞ്ഞു. വേദം കേൾക്കാൻ ഇത്രയും പേർ അക്ഷമരായി കാത്തുനിൽക്കുന്നതു തന്നെ സുകൃതം.

അങ്ങിനെ സാമസ്തുതി ഒരു മണിക്കൂറിലധികം ചൊല്ലി. ജൂതന്മാർ പ്രാർത്ഥനാ സമയത്ത് ഒരു തൊപ്പി ധരിക്കും. ഞങ്ങൾക്കു വേണ്ടിയും അവർ നെറുകയിൽ ഇടാൻ ചെറിയ പപ്പടം പോലെ ഒരു തൊപ്പി തന്നിരുന്നു. ധരിക്കുന്നതിൽ വിഷമം ഉണ്ടോ എന്ന് ഞാൻ ആചാര്യരോട് ചോദിച്ചു

'നമ്മൾ അവരുടെ ദേവാലയത്തിൽ അല്ലേ സാമം ചൊല്ലുന്നത്. നമ്മൾ അവരുടെ ആചാരങ്ങൾ ബഹുമാനിക്കണം. അന്യ സംസ്കാരത്തിലെ ഒരു രീതി അവർ അവരുടെ പള്ളിയിൽ അനുവദിച്ചില്ലെ'

എന്നായിരുന്നു മറുപടി.

ചൊല്ലൽ അവസാനിച്ച് 'താങ്ക്യൂ ഫ്രൻഡ്സ് എന്ന് പറഞ്ഞിട്ടും രണ്ട് മൂന്ന് മിനിറ്റ് എടുത്തു 500 ഓളം വരുന്ന കാണികൾക്ക് ബോധം വരാൻ. പിന്നെ പത്തിലധികം തവണ കരഘോഷത്തോടെ കർട്ടൻ കാൾ.

ഫെസ്റ്റിവൽ സംഘാടകനായ സ്റ്റാനിയോവിസ്കി 2002ൽ ഇല്ലത്തേക്ക് വന്നു. ഞാൻ അദ്ദേഹത്തെ പാഞ്ഞാളിൽ ആചാര്യന്മാരുടെ ഇല്ലങ്ങളിലേക്ക് കൊണ്ട് പോയി. അവർ എന്റെ കുടുംബക്ഷേത്രമായ കിള്ളിമംഗലം പലുങ്കിൽ ശിവനാരായണ ക്ഷേത്ര മണ്ഡപത്തിൽ ഇരുന്ന് സാമവേദം ചൊല്ലി സ്റ്റാനിയോവിസ്കിയെ കേൾപ്പിച്ചു.1968 ൽ തന്നെ എന്റെ മുത്തച്ഛൻ കിള്ളിമംഗലം വലിയ വാസുദേവൻ നമ്പൂതിരിപ്പാട് ജാതിമതദേശഭേദമെന്യേ ജനങ്ങൾക്ക് ക്ഷേത്രത്തിൽ പ്രവേശനാനുമതി കൊടുത്തിരുന്നു.

ഇത്തരം സൗഹൃദങ്ങൾ വെറെയും ചില വിദേശയാത്രകൾക്ക് അവസരമൊരുക്കി.2009ൽ കലാമണ്ഡലം രാമച്ചാക്യാരേയും ശിഷ്യരേയും കൊണ്ട് വീണ്ടും ക്രാക്കോവിൽ കൂടിയാട്ട അവതരണത്തിനു പോവാനിടയായി. അപ്പോൾ പഴയ പരിചയക്കാർ ആദ്യം സുഖാന്വേഷണം നടത്തിയത് ആചാര്യന്മാരുടെ കാര്യം ചോദിച്ചാണ്. നമ്മുടെ ആചാര്യരെ വിദേശികൾ അത്രക്ക് ഉള്ളിലേറ്റിയിരുന്നു. സാമവേദ ഡോക്യുമെന്റേഷന് 2007 ൽ മറ്റൊരു തുടർച്ചയുണ്ടായി. അന്ന് കേന്ദ്രസാംസ്കാരിക വകുപ്പിന്റെ സഹായത്തോടെ ജൈമിനീയ സമവേദാലാപനം ഡോക്യുമെൻറ് ചെയ്യാൻ സാധിച്ചു. കേന്ദ്ര സാംസ്കാരികവകുപ്പ് സെക്രട്ടറി കെ ജയകുമാറാണ് എന്റെ അപേക്ഷ സ്വീകരിച്ച് സാമ്പത്തിക സഹായം അനുവദിച്ചത്.

2007 ആയപ്പോഴേക്കും വീഡിയോ ഓഡിയോ ഉപകരണങ്ങൾ സെമി പ്രൊഫഷണൽ നിലവാരത്തിൽ എത്തിയിരുന്നു. ഇത്തവണ സഹായിച്ചത് ഒരു പ്രൊഫഷണൽ ഫോട്ടോഗ്രാഫർ കൂടിയായ മുട്ടത്തു കാട്ടിൽ എം എൻ നാരായണൻ (ഉണ്ണി) ആണ്. എന്നാൽ പ്രമുഖ ഓത്തന്മാരായ തോട്ടം നാരായണൻ നമ്പൂതിരിയും പെരുമാങ്ങാട് വാസുദേവൻ നമ്പൂതിരിയും മരണപ്പെട്ടിരുന്നു. മാത്രമല്ല നെല്ലിക്കാട്ടിൽ മാമണ്ണ് നീലകണ്ഠൻ നമ്പൂതിരിയെ ആരോഗ്യ പ്രശ്നങ്ങളും അലട്ടിയിരുന്നു. എന്തായാലും ചില പ്രധാന ഓത്തുകളും സാമവേദ സ്തുതികളും നെല്ലിക്കാട്ട് സഹോദരന്മാരും തോട്ടം ആര്യൻ നമ്പൂതിരിയും ചൊല്ലിയത് ആലേഖനം ചെയ്തു. തമിഴ് നാട്ടിൽ നിന്നുമുള്ള സാമവേദ ആചാര്യന്മാരും കേരളത്തിലെ പ്രസിദ്ധ ഋഗ്വേദ, യജുർവേദ പണ്ഡിതന്മാരും ഗവേഷകരും വിദ്യാർത്ഥികളും പങ്കെടുത്തു.

ജൈമിനീയ ആചാര്യന്മാരുടെ ആലാപനം ആലേഖനത്തിന് പുറമേ എനിക്ക് ചെയ്യാൻ സാധിച്ച വളരെ പ്രധാനപ്പെട്ട ഒന്നു കൂടി കുറിക്കട്ടെ. യശ്ശഃശ്ശരീരനായ മുട്ടത്തുകാട്ടിൽ ഇട്ടിരവിനമ്പൂതിരി ചൊല്ലി സ്വയം ആലേഖനം ചെയ്ത 22 സ്പൂൾ ടേപ്പുകൾ, 4 ട്രാക്ക്, വേണ്ട വിധത്തിൽ സംരക്ഷിക്കാത്തതു കൊണ്ട് മിക്കവാറും വീണ്ടെടുക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. പക്ഷേ ഭാഗ്യവശാൽ 1975 ലെ പാഞ്ഞാൾ അതിരാത്രം കഴിഞ്ഞപ്പോൾ മാമണ്ണ് ഇട്ടിരവി നമ്പൂതിരിയുടെ സമ്മതത്തോടെ കലാമണ്ഡലത്തിലെ സ്പൂൾ ടേപ് റിക്കോർഡർ ഉപയോഗിച്ച് അന്ന് പ്രചാരത്തിൽ ആയിക്കൊണ്ടിരിക്കുന്ന കാസെറ്റിലേക്ക് ഞാൻ പകർത്തിയ 75 മണിക്കൂർ കോപ്പി എന്റെ കയ്യിൽ ഉണ്ടായിരുന്നു. അവ ഞാൻ കമ്പ്യൂട്ടറിൽ പകർത്തി. സാമ്പത്തിക സഹായം കിട്ടിയപ്പോൾ ഈ ഡിജിറ്റൈസ് ചെയ്ത 75 മണിക്കൂർ ഊഹം, ഊഷാനി ആലാപനം തൃശ്ശൂർ ചേതന സ്റ്റുഡിയോയിൽ കൊണ്ടുപോയി സാങ്കേതിക വിദഗ്ധൻ സജിയുടെ നേതൃത്വത്തിൽ അപശബ്ദങ്ങളെല്ലാം നീക്കി സിഡിയിൽ ആക്കി.

ഇതിന്റെ ഒറിജിനൽ സ്പൂൾ ടേപ് ഞാൻ ജർമ്മനിയിലെ ട്യൂബിങ്കൻ യൂണിവേഴ്സിറ്റിയിൽ പോയപ്പോൾ ഏഷ്യൻ ഡിപ്പാർട്ട്മെന്റിലെ ഡോ ഹൈക്കെ മോസറിന്റെ സഹായത്തോടെ ഒരു ഹാർഡ് ഡിസ്കിൽ ആക്കി. ഒരു കോപ്പി മാമണ്ണ് മനക്കലും മറ്റൊരു കോപ്പി എന്റെ അലമാറയിലും കിടക്കുന്നു. ഇപ്പോൾ ഒരു ദുഃഖമേയുള്ളൂ. ഈ എഴുപത്തഞ്ച് മണിക്കൂറിലെ ഒരു സെക്കൻഡ് പോലും ഇന്ന് ആർക്കും 'തോന്നാതെ' (അറിയാതെ) ഉപയോഗമില്ലാതെ കിടക്കുകയാണല്ലൊ എന്നോർക്കുമ്പോൾ. ●

കുഞ്ചു വാസുദേവൻ നമ്പൂതിരിപ്പാട്
കിള്ളിമംഗലം മന, പി ഒ കിള്ളിമംഗലം, പിൻ: 680 591
തൃശൂർ ജില്ല, മൊബൈൽ: 94478 77836



# യാഗശാലയ്ക്കരികിൽ

## മെയ് 3/2025

**മാന്തിട്ട വിഷ്ണു**



തൃശ്ശൂർ ചിറയ്ക്കാക്കോട് എളങ്ങള്ളൂർ ഇല്ലത്ത് പെരുവനം ഗ്രാമസഭയുടെ നേതൃത്വത്തിൽ ഏപ്രിൽ 28 മുതൽ മെയ് 4 വരെ സോമയാഗം നടക്കുന്നു. വാർത്തകൾ വാട്സാപ്പ് വഴി ധാരാളം ലഭിച്ചുകൊണ്ടിരുന്നു... വിവരണങ്ങളോടെ....

എളങ്ങള്ളൂർ ഇല്ലം അച്ഛന്റെ അമ്മാത്താണ്... കുട്ടിക്കാലത്ത് അച്ഛന്റമ്മാത്തേയ്ക്കുള്ള യാത്രകൾ കുറവായിരുന്നു- അമ്മാത്തേയ്ക്കുള്ള യാത്രകളുടെ ഫ്രീക്വൻസി മാനദണ്ഡമായെടുത്താൽ...

ഇപ്പോൾ ചെറിയ മാറ്റങ്ങളൊക്കെ വന്നിട്ടുണ്ട്...

ദേവന്മാർക്ക് ഇഷ്ടപ്പെട്ട സോമരസം മുഖ്യ ഹവിസ്സായി ഹോമിക്കുന്ന യാഗമാണ് സോമയാഗം...

പാലക്കാട്ടെ കൊല്ലങ്കോട്ടുനിന്നാണ് സോമലത യാഗശാലയിൽ എത്തിച്ചത്... സോമലതയാണ് സോമരസത്തിന്റെ നാച്വറൽ റിസോർസ്...

'യാഗശാല ഒന്നുകണ്ടുപോരണോ....'

മനസ്സിൽ ഒരു ചിന്ത കടന്നുകൂടിയിരുന്നു...

ഇന്നലെ വൈകുന്നേരം ചിന്ത ഒരു പോസിറ്റീവ് മോഡിലേയ്ക്ക് കടന്നു...

അങ്ങനെ ഇന്നുരാവിലെ ഏകദേശം 7 മണിയോടെ ചിറയ്കാക്കോട് എത്തി...

വെങ്കിടങ്ങിൽ നിന്ന് ഏകദേശം 35 കി മി ഉണ്ട് യാഗശാലയിലേയ്ക്ക്...

കൗണ്ടറിൽ ചില വഴിപാടുകളൊക്കെ ശീട്ടാക്കി യാഗശാലയുടെ മുന്നിൽ എത്തിയപ്പോൾ ചെറിയൊരു കൗതുകം തോന്നി...

മൈക്ക് അനൗൺസ്മെന്റ്-

'അശ്വനീദേവന്മാരെ യാഗശാലയിലേയ്ക്ക് ക്ഷണിക്കുന്ന ചടങ്ങാണ് യാഗശാലയിൽ അടുത്തതായി നടക്കുന്നത്...

സാമവേദ സ്തുതികളോടെ...'

പവമാനസ്തുതി...

വായുവിനെ- അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നത് പവമാനനാണ്..

അശ്വിനീദേവന്മാർ ഭൈഷജ്യം(വൈദ്യം) കാരണം ഭ്രഷ്ടരായതു കൊണ്ട് വേദിക്ക് പുറത്ത് വെച്ചാണ് ഈ സാമവേദ സ്തുതി...

അതിനാൽ ബഹിഷ്പവമാനസ്തുതി എന്നും പറയുന്നു...

വിശ്വകർമ്മവിന്റെ മകളായ സംജ്ഞയുടെ മക്കളാണ് - ദേവന്മാരാണ് അശ്വിനി ദേവന്മാർ.

ദസ്രനും നാസത്യനും...

സൂര്യ പുത്രന്മാർ... ഇരട്ടകൾ...

ഋഗ്വേദത്തിൽ ഇന്ദ്രനും അഗ്നിയും സോമനും കഴി

**അശ്വിനി ദേവന്മാർ നിത്യയൗവനമുള്ളവരും സൌന്ദര്യമൂർത്തികളുമാണ്. സൂര്യപുത്രന്മാരായതുകൊണ്ട് ഉഷസ്സിന് ആകാശത്തിൽ വഴിതെളിച്ചുകൊടുക്കുന്നത് ഇവരാണെന്നും വിശ്വസിച്ചുപോരുന്നു.... പ്രജാപതിയിൽ നിന്ന് ആയുർവേദം പഠിച്ച് ഇവർ ദേവമാരുടെ വൈദ്യന്മാരായിത്തീർന്നു...**

ഞ്ഞാൽ ഏറ്റവും പ്രമുഖമായ സ്ഥാനം നേടിയിട്ടുള്ളവരാണ് അശ്വിനീദേവന്മാർ. പ്രകാശത്തിന്റെ ദേവന്മാരായി ഇവരെ പല സൂക്തങ്ങളിലും പരാമർശിക്കുന്നുമുണ്ട്...

അശ്വിനി ദേവന്മാർ നിത്യയൗവനമുള്ളവരും സൌന്ദര്യമൂർത്തികളുമാണ്.

സൂര്യപുത്രന്മാരായതുകൊണ്ട് ഉഷസ്സിന് ആകാശത്തിൽ വഴിതെളിച്ചുകൊടുക്കുന്നത് ഇവരാണെന്നും വിശ്വസിച്ചുപോരുന്നു....

പ്രജാപതിയിൽ നിന്ന് ആയുർവേദം പഠിച്ച് ഇവർ ദേവമാരുടെ വൈദ്യന്മാരായിത്തീർന്നു...

നകുലസഹദേവന്മാർ ഇവരുടെ പുത്രന്മാരാണ്... നകുലൻ നാസത്യന്റെ മകനും സഹദേവൻ ദസ്രപുത്രനും...

സഹദേവൻ തന്റെ അറിവിലും നകുലൻ തന്റെ സൗന്ദര്യത്തിലും അഹങ്കരിച്ചിരുന്നു- മഹാഭാരതം, മഹാപ്രസ്ഥാനിക പർവ്വം...

ഏതായാലും അശ്വിനി ദേവന്മാരെ മനസ്സിൽ സങ്കല്പിച്ച് യാഗശാലയ്ക്ക് മുന്നിൽ നമസ്ക്കരിച്ചു...

അശ്വിനി ദേവന്മാരുടെ അനുഗ്രഹം അത്യാവശ്യം തന്നെ- പ്രത്യേകിച്ച് പ്രായമേറിക്കൊണ്ടിരിക്കുമ്പോൾ....

യാഗശാല പ്രദക്ഷിണം വെയ്ക്കുമ്പോൾ യജുർവേദ പണ്ഡിതനായ കൊളങ്ങര ശങ്കരേട്ടൻ പുഞ്ചിരിയോടെ സമീപത്തെത്തി...

യാഗം തുടങ്ങിയതുമുതൽ ഏട്ടന്റെ സാന്നിധ്യം യാഗശാലയിലുണ്ട്...

നാളെ മടങ്ങും എന്നാണുപറഞ്ഞത്...

'ഇന്നുവന്നത് നന്നായി...

സോമയാഗത്തിലെ പ്രധാന ഹവിസ്സായ സോമരസം ഇന്നാണ് യാഗാഗ്നിയിൽ ആഹുതി ചെയ്യുന്നത്...

സോമാഹുതി...

മൂന്നുതവണയായി...

ഉദയത്തിനു മുമ്പ്...

പിന്നെ അന്തര്യാമം.... (ഉദയത്തിനു ശേഷം...)

മൂന്നാമത്തെ സോമാഹുതി ഉച്ചയോടടുത്ത്...

വപ ഹോമിച്ചതിനു ശേഷം...

അതുപോലെ അശ്വിനി ദേവന്മാർ യാഗശാലയിൽ എത്തിയ ദിവസവുമാണ് ഇന്ന്..

മാത്രവുമല്ലാ വിശിഷ്ടമായ വപാഹോമവുമുണ്ട്...'

ശങ്കരേട്ടൻ വളരെ ചുരുക്കത്തിൽ യാഗത്തിലെ ചടങ്ങുകൾ പറഞ്ഞുതന്നു...

ഗ്രേയ്റ്റ്....??

ശങ്കരേട്ടൻ ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയിൽ നിന്നുറിട്ടയർ ചെയ്ത ശേഷം ഓൺലൈനിൽ യുജുർവ്വേദം പഠിപ്പിക്കലുമൊക്കെയായി സന്തോഷത്തോടെ



മുന്നോട്ടുപോകുന്നു...

പ്ലസന്റ് ഇമ്പാക്റ്റ് ഫാക്റ്റർ ഓഫ് സോഷ്യൽ മീഡിയ...

വപാഹോമസമയത്തും സോമാഹുതി നടക്കുന്ന വേളയിലും ദേവന്മാർ പ്രസന്ന ഭാവത്തിലായിരിക്കുമെന്നും യാഗശാലയിൽ നമസ്ക്കരിക്കുന്നത് വളരെ ശ്രേഷ്ഠമാണെന്നും അനൗൺസ് ചെയ്തുകൊണ്ടേയിരുന്നു... ഇൻസ്ട്രക്ഷൻസ് അതേപോലെ ഫോളൊ ചെയ്തു...

നല്ല ജനപങ്കാളിത്തമുണ്ടായിരുന്നെങ്കിലും വിശാലമായ ഇല്ലപ്പറമ്പിൽ വലിയ തിരക്ക് അനുഭവപ്പെട്ടില്ല...

നാളെ വൈകുന്നേരം ഏകദേശം നാലുമണിയോടെ ചടങ്ങുകളെല്ലാം പൂർത്തിയാക്കി യാഗശാല പൂർണ്ണമായും അഗ്നിക്ക് സമർപ്പിക്കും...

സോമയാഗത്തിന്റെ അവസാനത്തെ 'ചടങ്ങ്'...

മൂന്നാമത്തെ സോമാഹുതിക്കുശേഷം യാഗശാലയിൽനിന്നു മടങ്ങി...

യാഗശാലയിൽ 'വൗഷൾ' എന്ന മന്ത്രം ഇടക്കിടയ്ക്ക് മുഴങ്ങുന്നുണ്ടായിരുന്നു...

യാഗത്തിൽ 'വൗഷഡ്' ചൊല്ലിയാണ് ഹവിസ്സ് സമർപ്പിക്കുന്നതെന്നുതോന്നുന്നു...

നിന്നുകൊണ്ടാണ് സമർപ്പണം കണ്ടത്...

ഹോമങ്ങളിൽ സ്വാഹാ മന്ത്രത്തോടെയാണല്ലോ സമർപ്പണം... ഇരുന്നുകൊണ്ട്...

വാഹനത്തിൽ- വെങ്കിടങ്ങിലേയ്ക്കുള്ള യാത്രാവേളയിൽ മനസ്സിൽ ഒരു കുഞ്ഞുഹോമഗുണ്ഡം തെളിഞ്ഞുവന്നു.. അഗ്നിപ്രതിഷ്ഠയോടുകൂടി...

ഉപനയനത്തിനുശേഷം 'ഓനിച്ചുണ്ണി' ആയിരിക്കുമ്പോൾ രണ്ടുനേരവും ചെയ്തു വന്നിരുന്ന 'ചമതയിടൽ' ചടങ്ങ്...

'ശന്നോദേവീരഭിഷ്ടയ...'

പ്ലാശിൻ ചമത അഗ്നിയിൽ ഹോമിക്കുന്ന ചടങ്ങ്... പ്ലാശ് ഒരു ദേവവൃക്ഷമാണ്.... പ്ലാശിൻ ചമത ഹോമിക്കുമ്പോൾ ദേവന്മാർ പ്രസാദിക്കും എന്നതായിരിക്കാം സങ്കല്പം..

എല്ലാ യാഗങ്ങളും യജ്ഞങ്ങളും ഒരു സമർപ്പണമാണ്...

പ്രകൃതിയിലേയ്ക്കുള്ള ഒരു സമർപ്പണം...

അഗ്നയേ ഇദം...

വായവേ ഇദം...

എന്നൊക്കെയുള്ള സങ്കല്പത്തിൽ ഒരു സമർപ്പണം..

എല്ലാവരും സൗഖ്യമായിരിക്കട്ടേ എന്ന പ്രാർത്ഥനകളോടെ...

മനസ്സിൽ ചതുര്യുഗങ്ങളുടെ വേലിയേറ്റവും... ഇറക്കവും...

അപ്സ് ഏൻഡ് ഡൗൺസ്...

സത്യയുഗത്തിൽ മനുഷ്യരെല്ലാവരും ദേവന്മാർക്ക് തുല്യരായിരുന്നത്രേ...

ദേവലോകവും മനുഷ്യരുടെ ലോകവും തമ്മിൽ

**മനസ്സിൽ ഒരുപാട് യാഗശാലകൾ... ഹോമഗുണ്ഡങ്ങൾ... ആഹുതികൾ... വേദ മന്ത്രങ്ങൾ...എല്ലാം നിറഞ്ഞു നിന്നിരുന്നു...എല്ലാ യജ്ഞങ്ങളും നടക്കുന്നത് മനസ്സിലാണ് എന്നുഭഗവാൻ അർജ്ജുനനെ ഉപദേശിക്കുന്നുണ്ട്...മനസ്സിന്റെ ഒരു പ്രൊജക്ഷനായി യാഗശാല... ഹവിസ്സായി ചിന്തകളും പ്രവൃത്തികളും...**

വ്യത്യാസമൊന്നുമില്ലാത്ത അവസ്ഥ...

മുപ്പത്തി മുക്കോടി ദേവന്മാർ സത്യയുഗത്തിലെ ജനസംഖ്യയായിരുന്നത്രേ...

അങ്ങനെയൊരു 'തിയറി' വായിച്ചിട്ടുണ്ട്...

ക്രമേണ മനുഷ്യമനസ്സിൽ 'ഞാൻ, എന്റെ' എന്ന ചിന്തകൾ ബലപ്പെട്ടുവന്നു...

ത്രേതായുഗം...

അപ്പോഴും പഴയ അവസ്ഥ മനസ്സിൽ ആക്റ്റീവ് ആയി നിന്നു... ആ അവസ്ഥ കുറച്ചുനേരത്തേയ്ക്കെങ്കിലും സാക്ഷാൽകരിക്കാൻ യാഗങ്ങൾ ആരംഭിച്ചു...

യാഗശാലകൾ... ഹവിസ്സ്... ആഹുതി... അഗ്നിയിൽ... അങ്ങനെ...

കാലം വീണ്ടും മുന്നോട്ട്... മനസ്സോ...

യാഗങ്ങൾ നിഷ്കർഷയോടെ നടപ്പിലാക്കാൻ ബുദ്ധിമുട്ടായി....

പരമാത്മ ചൈതന്യത്തെ വിഗ്രഹങ്ങളിലേയ്ക്കും പദ്മത്തിലേയ്ക്കും ആവാഹിച്ച് പൂജാക്രമങ്ങൾ ചിട്ടപ്പെടുത്തി...

ടു മെയിന്റെയിൻ ദ കണക്റ്റിവിറ്റി...

കലിയുഗത്തിൽ....

കലിയുഗത്തിലെ ഈ പ്രഭാതത്തിൽ യാഗശാലയിലെത്തി മടങ്ങുമ്പോൾ...

മനസ്സിൽ ഒരുപാട് യാഗശാലകൾ... ഹോമഗുണ്ഡങ്ങൾ... ആഹുതികൾ... വേദ മന്ത്രങ്ങൾ...

എല്ലാം നിറഞ്ഞു നിന്നിരുന്നു...

എല്ലാ യജ്ഞങ്ങളും നടക്കുന്നത് മനസ്സിലാണ് എന്നു ഭഗവാൻ അർജ്ജുനനെ ഉപദേശിക്കുന്നുണ്ട്...

മനസ്സിന്റെ ഒരു പ്രൊജക്ഷനായി യാഗശാല... ഹവിസ്സായി ചിന്തകളും പ്രവൃത്തികളും...

ഉദ്ദേശ്യം 'ശുദ്ധി' തന്നെ...

ബോത് ഇന്റേണലി ഏൻഡ് എക്സ്റ്റേണലി...

അഗ്നയേ ഇദം

നഃ മമ....

ആഗ്നേയം.... ●


വിഷ്ണു നമ്പൂതിരി
മാന്തിട്ട മന
പി ഒ വെങ്കിടങ്ങ്, തൃശ്ശൂർ ജില്ല
ഫോൺ- 8714839298

## *യശശ്ശരീരനായ മോഴികുന്നം വാസുദേവൻ നമ്പൂതിരി* (19292011)

സഹധർമ്മിണി വെണ്മണി മന മഹൾ ശ്രീദേവി ടീച്ചർക്ക് നവതി യാവുന്നു. മോഴികുന്നം സിന്ദൂരത്തിൽ മകൻ ശശിയോടും (റിട്ട. കേന്ദ്രീയ വിദ്യാലയം അദ്ധ്യാപകൻ) മരുമകൾ ഇന്ദുവിനോടും കൂടെ (ചെർപ്പുളശ്ശേരി - 679503, പാലക്കാട് ജില്ലയിൽ) താമസിക്കുന്നു. മൊബൈൽ (ശശി) - 9446265916/ കവിയുടെ അച്ഛന്റെ അമ്മാത്ത് കൊയ്ത്തടിയാണ്.



# സോമയാജി സ്മരണ

കാറൽമണ്ണ കൊയത്തൊടി മന മഹൻ മൂസ്സെന്ന പേരാർന്ന താൻ
കോട്ടം, സന്തതിയില്ലയെന്ന കഠിനക്ലേഷ്ടം സഹിച്ചെങ്കിലും
കാലം, വൈദികകർമ്മനിരതർക്കൊക്കെക്കൊടുത്തീടുമാ
കാമത്തിൻ പരിപൂർത്തി, പുത്രജനന പ്രാപ്തിപ്രഭാപൂജ്യനായ്

യാഗം ചെയ്യണമെന്ന മോഹമതിനാലുണ്ടായി,യുണ്ണിയ്ക്കതിൻ
ത്യാഗൈശ്വര്യ വിഭൂതിയാകെ ഭഗവാൻ ഏകട്ടെയെന്നുള്ളതാം
രാഗാധിക്യമൊടേ നടത്തിയതിനാലുണ്ടായൊരത്യുൽക്കടാ-
വേഗത്തിൻ ഗര നീലകണ്ഠം മമ നാമത്തിനന്വർത്ഥമായ്!

വന്നീടുന്നതു പോകുവാ, നതു സമം പോകുന്നു വന്നീടുവാ
നെന്നാം ജീവിത യാന ദൂരനയനം നേരെത്തുറന്നീടുവാൻ
എന്നും വന്നിടുമെൻ ഗൃഹത്തിലറിയാ,തസ്സോമയാജിയ്ക്കു ത-
ന്നുന്നം 'തന്നെ യജിയ്ക്കുകീപ്പരമമാം തത്വത്തി'ലെന്നായിടാം

*(1952 ലെ വസന്തത്തിൽ സോമയാഗമനുഷ്ഠിച്ച് 1955 വസന്തത്തിൽ (മേടം ഉത്രാടം) ദിവംഗതനായ കൊയ്ത്തടി ചെറിയ നീലകണ്ഠൻ സോമയാജിയെ അനുസ്മരിച്ച് യശശ്ശരീരനായ മോഴികുന്നം വാസുദേവൻ നമ്പൂതിരി രചിച്ചതാണ് ഈ സോമയാജി സ്മരണ)*

# 84 ശതാഭിഷിക്തനായ കെ എം എസ്

## സ്വസ്തിയുടെ സ്വന്തം എഴുത്തുകാരന് പിറന്നാൾ മംഗളങ്ങൾ

അച്ഛൻ:അച്ചിപ്ര കാവനാട്ട് മന ദാമോദരൻ ഭട്ടതിരിപ്പാട്, അമ്മ: ആര്യ. സ്കൂൾ വിദ്യാഭ്യാസം കോട്ടക്കൽ രാജാസിൽ. ഉപരിപഠനത്തിനായി 1960 ൽ കോഴിക്കോട്ടേക്ക്. താമസം ആർട്ടിസ്റ്റ് നമ്പൂതിരിക്കൊപ്പം. 'കോലായ' സാഹിത്യ ചർച്ചാ ക്ലാസുകൾ. പൂത്തുലഞ്ഞ സൗഹൃദങ്ങളിൽ എംടി, ആർട്ടിസ്റ്റ് നമ്പൂതിരി, സംവിധായകൻ അരവിന്ദൻ. കരിയർ ഇന്ത്യൻ റെയിൽവേയിൽ. (1964–2001) അസി. ഡിവിഷണൽ എഞ്ചിനീയർ വരെ. റിട്ടയർമെന്റിനു ശേഷം ലോകപര്യടനത്തിന്റെ 20 വർഷങ്ങൾ. 7 വൻകരകൾ, 40 രാജ്യങ്ങൾ. 84 – ാം വയസ്സിലും ഗ്രന്ഥകാരന്റെ യാത്രകൾ തുടരുകയാണ്.



സഹധർമ്മിണി:പി രജനി – ജനറൽ മാനേജർ (റിട്ട), കോട്ടക്കൽ കോ ഓപ് അർബൻ ബാങ്ക്, മക്കൾ: കെ സാജൻ, CEO, ചിന്മയാ മിഷൻ തൃശൂർ, കെ സഞ്ജയൻ (ക്ലസ്റ്റർ ഹെഡ് – HDFC ബാങ്ക്)

കെ എം എസ് ഭട്ടതിരിപ്പാട്
ഗുരുപവൻ, കോട്ടക്കൽ
Mob:9744999300





*ഭട്ടതിരിപ്പാടിന്റെ 'ഓർമ്മക്കാലം'. 'നേർരേഖയിൽ നടന്നവർ' എന്നീ പുസ്തകങ്ങൾ ആലങ്കോട് ലീലാകൃഷ്ണൻ പ്രകാശനം ചെയ്യുന്നു. ഏറ്റുവാങ്ങുന്നത് വിനോദ് മങ്ങത്തായ, പേരൂർ നീലകണ്ഠൻ നമ്പൂതിരി. ചടങ്ങിൽ കോട്ടക്കൽ ആര്യവൈദ്യശാല ചാരിറ്റബിൾ ഹോസ്പിറ്റൽ ചീഫ് മെഡിക്കൽ അഡ്വൈസർ ഡോ. പി.ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗം കെ.പത്മനാഭനും സന്നിഹിതനായിരുന്നു*



*കെ.എം.എസ്. ഭട്ടിതിരിപ്പാടും കുടുംബവും*

# അൻപതാം വിവാഹവാർഷികം

മാർച്ച്
29
2025



## എടപ്രാമ്പിള്ളി രാമൻ നമ്പൂതിരി – സത്യവതി അന്തർജനം

*ഉപചാരപൂർവം*
മക്കൾ : **ദാമോദരൻ, ദിവ്യ**
മരുമക്കൾ : **ജയ, ജീവൻ**
പേരക്കുട്ടികൾ : **ദയ, ലയ, നിരഞ്ജൻ.**

# വിവാഹ വാർഷികം

**കടുങ്ങ മംഗലത്ത്**
**ഗോവിന്ദൻ നമ്പൂതിരി**
**(KMG) -**
**ജയശ്രീ കെ.കെ.**



*ആശംസകളോടെ,*
ഡോ. അഖിൽ ജി. നമ്പൂതിരി, ആനന്ദ് ജി. നമ്പൂതിരി
കീർത്തി. ജി. നമ്പൂതിരി
കടുങ്ങമംഗലത്ത് മന ഒളമതിൽ -
മോങ്ങം മലപ്പുറം, 9947022199

# അൻപതാം വിവാഹവാർഷികം



**നന്ദി നമ്പൂതിരിപ്പാട്**
ബാണത്തൂരില്ലം
**പാർവ്വതി അന്തർജനം**
(കൊളങ്കരയില്ലം)





# പഠിച്ചത് ബി ബി എ തൊഴിൽ തിടമ്പേറ്റം

**ബിസിനസ് അഡ്മിനിസ്ട്രേഷൻ കോഴ്സിന്റെ കരിക്കുലത്തിലുള്ളതല്ല തിടമ്പുനൃത്തം. അതിന്റെ കുലവും കളരിയും ക്ഷേത്രാങ്കണമാണ്. എന്നിട്ടും കേശവൻ വെദിരമന ബിസിനസ് പഠിച്ച് തിടമ്പുനൃത്തത്തിലെത്തി. അറിയാം കേശവന്റെ വഴികൾ തിടമ്പുനൃത്തത്തിന്റെ ചുവടുകളും**

**താമരക്കുളം ദിവാകരൻ നമ്പൂതിരി**



ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദമെടുത്താൽ ഉള്ള സാധ്യതകൾ നിരവധിയാണ്. അക്കൗണ്ടിംഗ് , ഫിനാൻസ്, മാർക്കറ്റിംഗ്, ഇൻഫർമേഷൻ സിസ്റ്റംസ്, ബിസിനസ് അനലിറ്റക്സ്, സപ്ളൈ ചെയിൻ മാനേജ്മെന്റ് തുടങ്ങി അനന്ത സാധ്യതകൾ. എന്നാൽ അതിലൊന്നിലും പറയാത്ത ഒന്നാണ് തിടമ്പുനൃത്തം. കാസർകോട് കണ്ണൂർ ജില്ലകളിൽ മാത്രം അതും ക്ഷേത്രങ്ങളിൽ ഒതുങ്ങി നിൽക്കുന്ന ഒന്നാണത്.

*കേശവ് വി.എൻ വെദിരമന*
*ഒരു തിടമ്പുനൃത്തത്തിന്റെ അരങ്ങിൽ*

## 25 വയസ്സ്/ 500 ഓളം അരങ്ങ്

**ഒരു പ്രൊഫഷൻ എന്ന നിലയിൽ ഇതൊരു മോശം പരിപാടിയാ ണെന്ന് തോന്നിയിട്ടേയില്ല. വേറിട്ട ഒന്നാണ്. പാഷനുമായി ഒത്തു പോവുന്ന ഒന്ന്. നിറഞ്ഞ തൃപ്തിയാണുള്ളത്.**



ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദമെടുത്ത ശേഷം വെദിരമന കേശവൻ തിരഞ്ഞെടുത്തത് അതാണ്. പരമ്പരാഗതമായി കേശവന്റെ ഇല്ലക്കാർ തിടമ്പുനൃത്തം പഠിച്ചവരല്ല. ബിസിനസ് അഡ്മിനിസ്ട്രേഷനും പഠിച്ചിട്ടില്ല. ബിസിനസിനേക്കാൾ ക്രെയ്സ് തിടമ്പുനൃത്തത്തോടു തോന്നിയപ്പോൾ പ്രൊഫഷൻ അതാക്കി എന്നു മാത്രം. ഇരുപത്തഞ്ച് വയസ്സ് ആയിട്ടേയുള്ളൂ. ഇതിനകം അഞ്ഞൂറിലേറെ സ്ഥലങ്ങളിൽ ഈ അപൂർവ കലാരൂപം അവതരിപ്പിച്ചു കഴിഞ്ഞു.

പാഷൻ തോന്നുന്ന കാര്യം പ്രൊഫഷൻ ആക്കിയാൽ ബാക്കിയെല്ലാം പിറകെ വരും. ശന്തിക്കാർക്കും തന്ത്രിമാർക്കും വേളി കഴിക്കാൻ പെൺകുട്ടികളെ കിട്ടാത്ത കാലത്താണ് ക്ഷേത്രങ്ങളിലെ ഒരു അനുഷ്ഠാന കല ജീവിതോപാധിയായി തിരഞ്ഞെടുത്തത്. അതിന് ഫലവുമുണ്ടായി. ആ കലാരൂപത്തിൽ ആകൃഷ്ടയായ പെൺകുട്ടിയാണ് ജീവിതപങ്കാളിയാവാനിരിക്കുന്നത്.

രണ്ടു വർഷം മുമ്പാണ് കാസർകോട്ടെ നീലേശ്വരം അരയാക്കീൽ വീരഭദ്രസ്വാമി ക്ഷേത്രത്തിൽ നൃത്തത്തിനു പോയി. അതു കണ്ട പട്ടേന തുയ്യത്ത് ഇല്ലത്തെ ശ്രീലക്ഷ്മി അതിന്റെ വീഡിയോ എടുത്തു. ആ വീഡിയോ കേശവന് അയച്ചു കൊടുത്തു. നൃത്തം ഇഷ്ടപ്പെട്ട ആരാധികയെ തിരിച്ചും ഇഷ്ടമായി.

വർഷത്തിൽ ആറുമാസവും തൊഴിലുണ്ട്. ഉത്തരായണ കാലത്ത്. അതും എം. ബി എ നിലവാരമുള്ളത്. ഫുട്ബാൾ സീസണിലെ മികച്ച കളിക്കാരെപ്പോലെ കരുതിയാൽ മതി. ഫുഡ്ബാൾ ഒരു മണിക്കൂറെങ്കിൽ തിടമ്പു നൃത്തം രണ്ടര മണിക്കൂറിലേറെ സമയമെടുക്കും. ശരീരത്തിനു ഉന്മേഷവും മനസിനു സന്തോഷവും പകരുന്ന കലാവ്യായാമം. അതില്ലാത്ത സമയങ്ങളിൽ പൂജയും. സ്വസ്തിക്കു വേണ്ടി വിളിക്കുമ്പോൾ ആസാമിൽ ഒരു പൂജക്കു പോയതായിരുന്നു കേശവ്.

വടക്കേ മലബാറിന്റെ സാംസ്കാരികത്തനിമകളിൽ പ്രധാനപ്പെട്ടവയാണ് തെയ്യങ്ങളും തിടമ്പുനൃത്തവും. രണ്ടും അനുഷ്ഠാനകലകളാണ്. തെയ്യങ്ങൾ വളരെ

പോപ്പുലറായിക്കഴിഞ്ഞെങ്കിലും തിടമ്പുനൃത്തത്തെപ്പറ്റി പലർക്കും കേട്ടുകേൾവി മാത്രം. തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രത്തിലാണ് തിടമ്പുനൃത്തത്തിന് തുടക്കം കുറിച്ചത്. നർത്തകന് നല്ല ആരോഗ്യം വേണം മെയ് വഴക്കം വേണം.

അത് രണ്ടുമുണ്ട് കേശവ് വി എൻ വെദിരമന എന്ന വെദിരമന കേശവന്. പയ്യന്നൂർ പുറച്ചേരി വെദിരമന ഇല്ലത്തെ നാരായണൻ നമ്പൂതിരിയുടേയും ദ്രൌപദി (ശോഭ) അന്തർജനത്തിന്റെയും മകൻ. ബി.ബി.എ ഗ്രാജുവേറ്റ്. രാഘവപുരത്തെ ഹനുമാരമ്പലത്തിൽ നാലു പേരടങ്ങുന്ന തിടമ്പുനൃത്തമാണ്. ആറേഴു വർഷം മുമ്പ് അത് കാണാൻ പോയി. കണ്ടപ്പോൾ ആഗ്രഹം തോന്നി. അമ്മാമനായ വെള്ളിയോട്ട് നാരായണൻ നമ്പൂതിരിയെയും കൂട്ടി പ്രശസ്ത തിടമ്പുനൃത്തകാരൻ അണലക്കാട് മാധവൻ നമ്പൂതിരിയെ ചെന്ന് കണ്ടു. ശിഷ്യനായി ഒരു വർഷം നീണ്ട പഠനം. 2019 സെപ്തംബർ 30 ന് കണ്ണൂർ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിൽ അരങ്ങേറ്റം. ഒട്ടും മോശമായില്ല അത്. ആ ഒറ്റ സീസണിൽ തന്നെ 80 ഓളം അരങ്ങുകൾ. 6 വർഷം കൊണ്ട് 500 ൽ കൂടുതൽ വേദികൾ.'

സാധാരണ കാസർകോട് കണ്ണൂർ ജില്ലകളിൽ മാത്രമാണ് തിടമ്പുനൃത്തം. എന്നാൽ കേശവൻ ജില്ലയുടെയും സംസ്ഥാനത്തിന്റെയുമെല്ലാം പരിധി ഇതിനകം തന്നെ കടന്നു കഴിഞ്ഞു. ഡൽഹിയിലെ മയൂർവിഹാറിലുള്ള ഉത്തര ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ പോലുമുണ്ടായി കേശവന്റെ നൃത്തം. ഓണക്കാലത്ത് ടൂറിസം വാരാഘോഷത്തിന് തെയ്യക്കോലം കെട്ടി തെരുവിലൂടെ ടാബ്ളോ അവതരിപ്പിക്കുന്ന പോലെയല്ല. സമ്പൂർണ്ണമായ ആചാരവിധികളോടെ ക്ഷേത്രത്തിനുള്ളിൽ.

തിടമ്പുനൃത്തത്തിന് 3 മുതൽ




*തിടമ്പ് നൃത്തത്തിനു ഉപയോഗിക്കുന്ന ഉഷ്ണി പീഠം*

തിടമ്പുനൃത്തത്തിന് മുള കൊണ്ടുണ്ടാക്കിയ രണ്ട് ചട്ടം വേണം. ഇതിലാണ് ഭഗവാനെ അലങ്കരിക്കുന്നത്. ഇരുപതോളം വെള്ളിപ്പൂക്കൾ, മിന്നിമാല, വെള്ളിക്കുട, പുറം തട്ട് തുടങ്ങിയവ കൊണ്ടാണ് തിടമ്പ് അലങ്കരിക്കുന്നത്. ഇതിനു പുറമേ കഴകക്കാർ ഉണ്ടാക്കുന്ന അലങ്കാരമാലകളും ഉണ്ടാവും. വെള്ളിവള, കാറ (കഴുത്തിന് വെക്കുന്നത്), കുണ്ഡലം, നെറ്റിപ്പട്ടം ( ഉഷ്ണിപീഠത്തിൽ വെക്കുന്നത്) എന്നിവയാണ് നർത്തകന്റെ അലങ്കാരങ്ങൾ.

5 വരെ ചെണ്ട, ഇലത്താളം ഇവ വേണം. ചെണ്ട വലംതല നിർബന്ധം. ആനയെഴുന്നള്ളിപ്പ് ഉള്ള

ഇടങ്ങളിൽ തിടമ്പെഴുന്നള്ളിപ്പ് ആനപ്പുറത്താവും. എന്നാൽ ഇത്തരം ക്ഷേത്രങ്ങളിൽ നർത്തകന്റെ ശിരസ്സിലാണ് തിടമ്പ്. തിടമ്പിന് സാധാരണ 8 കിലോ മുതൽ 20 കിലോ വരെ തൂക്കമുണ്ടാവും. അത് ശിരസിലേറ്റി രണ്ടു മണിക്കൂറോളം നർത്തനം ചെയ്യുക എന്നത് എളുപ്പമല്ല. വേദിയിലല്ല വീഥികളിലാവും നർത്തനം. ചെരിപ്പിടാതെ പൊതു വഴികളിലൂടെയുള്ള നർത്തനം പ്രയാസമേറിയതാണ്. അത് മികച്ചത് കൂടിയാവുമ്പോഴാണ് നർത്തകനെ ആളും അർത്ഥവും അന്വേഷിച്ചെത്തുന്നത്. കേശവന്റെ കാര്യത്തിൽ വേളി പോലും അന്വേഷിച്ച് വന്നത് ആ നർത്തനമികവിലാണ്.


ശ്രീകോവിലിൽ നിന്ന് പാണി കൊട്ടി പുറത്തേക്ക് എഴുന്നള്ളിച്ച് മേള പ്രദക്ഷിണത്തോടെ തിടമ്പു നൃത്തം ആരംഭിക്കും. മേളപ്രദക്ഷിണം 20 മിനിറ്റു മുതൽ ഒരു മണിക്കൂർ വരെ നീളും. മേളം കഴിഞ്ഞ ഉടനെ കൊട്ടി ഉറയിക്കൽ എന്ന ചടങ്ങോടു കൂടിയാണ് നൃത്തം തുടങ്ങുന്നത്. നർത്തകനെ ഭഗവാനാക്കി മാറ്റുന്ന ചടങ്ങാണത്. തകിലടി താളവട്ടത്തോടെയാണ് ആരംഭം. ആദ്യമായി ക്ഷേത്രത്തിലെ നടക്കലെത്തി തൃക്കൈ ഭണ്ഡാരം എന്ന ചടങ്ങ്. ജനങ്ങൾക്ക് നേരിട്ട് ഭഗവാനെ കണ്ട് പ്രാർത്ഥിച്ച് ഭണ്ഡാരം ചാർത്താനുള്ള അവസരമാണത്. ഇതിൽ നിന്നു കിട്ടുന്നത് പൂർണമായും ക്ഷേത്രത്തിൽ തന്നെ സമർപ്പിക്കുന്നു.

ഓരോ താളവും മൂർദ്ധന്യാവസ്ഥയിലെത്തിച്ച് ഓരോ പ്രദക്ഷിണം. നാലു താളവട്ടത്തിലായി ആകെ അഞ്ച് പ്രദക്ഷിണം. അടന്ത, ചെമ്പട, പഞ്ചാരി എന്നിങ്ങനെ. പഞ്ചാരി ഏകതാളത്തിൽ ഓട്ടത്തിൽ കലാശിക്കുന്നു.

തിടമ്പ് ശിരസ്സിൽ വെക്കാനുപയോഗിക്കുന്ന തൊപ്പി പോലത്തെ വസ്തുവാണ് ഉഷ്ണിപീഠം. ഭഗവാനെ ഇരുത്തുന്ന പീഠം. മല്ലുമുണ്ടു കൊണ്ട് കഞ്ഞിപ്പശ തേച്ചാണ് ഇത് ഉണ്ടാക്കുന്നത്. ശിരസ്സിൽ നിന്നും ഭഗവാനെ ഇറക്കിയാൽ ഉഷ്ണിപീഠത്തിൽ ജനങ്ങൾ അർപ്പിക്കുന്ന ദക്ഷിണ നർത്തക

**തിടമ്പുനൃത്തം അവതരിപ്പിച്ച ചില മഹാക്ഷേത്രങ്ങൾ**

- ❑മട്ടന്നൂർ മഹാദേവ ക്ഷേത്രം
- ❑പെരിഞ്ചേരി ലക്ഷ്മണ സങ്കൽപ്പ ക്ഷേത്രം
- ❑കണ്ണാടിപ്പറമ്പ് ധർമ ശാസ്താ ക്ഷേത്രം
- ❑വാരം ശാസ്താ കോട്ടം ക്ഷേത്രം
- ❑ബാലഗോകർണം ശിവ ക്ഷേത്രം
- ❑എച്ചൂർ കോട്ടം ശിവ ക്ഷേത്രം
- ❑പെരളശ്ശേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം



*തിടമ്പ് നൃത്തത്തിനു ഉപയോഗിക്കുന്ന ചട്ടം*

നുള്ളതാണ്. ക്ഷേത്രത്തിനുള്ളിൽ ശ്രീകോവിലിൽ വിഗ്രഹത്തിനടുത്തു തിടമ്പ് വെക്കുന്നതോടെ തിടമ്പുനൃത്തത്തിന്റെ ചടങ്ങുകൾ അവസാനിക്കുന്നു. ക്ഷേത്രനഗരിയുടെ പരിധിയിൽ നാലഞ്ചു കിലോമീറ്റർ വരെ ആഘോഷപൂർവം തിടമ്പുനൃത്തവുമായി പോവുന്നതും ചിലേടത്തുണ്ട്.

തിടമ്പുനൃത്തത്തിന് മുള കൊണ്ടുണ്ടാക്കിയ രണ്ട് ചട്ടം വേണം. ഇതിലാണ് ഭഗവാനെ അലങ്കരിക്കുന്നത്. ഇരുപതോളം വെള്ളിപ്പൂക്കൾ, മിന്നിമാല, വെള്ളിക്കുട, പുറംതട്ട് തുടങ്ങിയവ കൊണ്ടാണ് തിടമ്പ് അലങ്കരിക്കുന്നത്. ഇതിനു പുറമേ  കഴകക്കാർ ഉണ്ടാക്കുന്ന അലങ്കാരമാലകളും ഉണ്ടാവും. വെള്ളിവള, കാറ (കഴുത്തിന് വെക്കുന്നത്), കുണ്ഡലം, നെറ്റിപ്പട്ടം ( ഉഷ്ണിപീഠത്തിൽ വെക്കുന്നത്) എന്നിവയാണ് നർത്തകന്റെ അലങ്കാരങ്ങൾ.

ക്ഷേത്രങ്ങളിൽ സാധാരണയായി ഒറ്റത്തിടമ്പോ, ഇരട്ടത്തിടമ്പോ ആയാണ് തിടമ്പുനൃത്തം. വാരം ശാസ്താംകോട്ട ക്ഷേത്രത്തിൽ മൂന്ന് തിടമ്പ് പതിവുണ്ട്. ചേലേരി സുബ്രഹ്മണ്യസ്വാമിക്ഷേത്രം, ചെറുതാഴം രാഘവപുരം ക്ഷേത്രം എന്നിവിടങ്ങളിൽ നാലു തിടമ്പുകളും. നാലു നർത്തകർ ഒരേ താളത്തിൽ നൃത്തമാടുന്നത് കാണേണ്ട കാഴ്ചയാണ്.

ഏറ്റവും കൂടുതൽ തിടമ്പുനൃത്തങ്ങൾ നടക്കുന്നത് കണ്ണൂർ ജില്ലയിലാണ്. കാസർകോഡ് ജില്ലയിൽ ചില വ്യത്യാസങ്ങളുണ്ട്. കാസർകോട്ട് തിടമ്പിന് 40 മുതൽ 50 കിലോ വരെ തൂക്കം ഉണ്ടാകാറുണ്ട്. എളുപ്പമല്ല അതുമേറ്റി നൃത്തം ചെയ്യുന്നത്. കുടച്ചട്ടത്തിന് പകരം വൃത്തത്തിലല്ലാത്ത മരച്ചട്ടമാണ് ഉപയോഗിക്കുക. താളത്തിന് മാറ്റങ്ങളൊന്നുമില്ല. കാസർകോഡിന്റെ ചില ഭാഗങ്ങളിലും മംഗലാപുരത്തും ദർശനബലി എന്നൊരു സമ്പ്രദായമുണ്ട്. അത് വേറൊരു താളത്തിലും രീതിയിലുമാണ്. കാഴ്ചയിൽ തിടമ്പുനൃത്തം പോലെ ആണെന്നു മാത്രം.

മറ്റു നർത്തകർ :

- ❑അണലക്കാട് മാധവൻ നമ്പൂതിരി,
- ❑വട്ടുക്കുന്നം ഹരികൃഷ്ണൻ നമ്പൂതിരി,
- ❑പെരികമന നവനീത് നമ്പൂതിരി,
- ❑ശിവപ്രസാദ് മനോളിത്തായ,
- ❑ശ്രീനിധി ഭാഗവത,
- ❑പ്രസന്നൻ ചാലക്കുന്നം


തെയ്യക്കാർ തിന കഴിക്കുന്ന പോലെ തിടമ്പുനൃത്തം തുടങ്ങുന്നതിന് മുൻപ് അവിൽ, പഴം എന്നിവയാണ് കഴിക്കുന്നത്. കഴിഞ്ഞാൽ ഇളനീരും. ശിവരാത്രി, പൂരം തുടങ്ങിയ സമയങ്ങളിൽ ഒരേ ദിവസം തന്നെ 3 നൃത്തം വരെ ചെയ്തിട്ടുണ്ട് കേശവൻ. കർക്കിടക മാസത്തിൽ 12 ദിവസം ചവിട്ടി ഉഴിച്ചിലും നല്ലരിക്കയും ചെയ്യാറുണ്ട്. അതാണ് ആരോഗ്യപരിപാലനത്തിന്റെ രഹസ്യം.

ഒരു വർഷത്തോളം കോട്ടക്കൽ രാജ്മോഹന്റെ കീഴിൽ കഥകളിയും അഭ്യസിച്ചിട്ടുണ്ട്. പുറപ്പാട് കഴിഞ്ഞേ ഉള്ളൂ കൃഷ്ണന്റെ വേഷം. അരങ്ങത്ത് ഒരിക്കൽ മാത്രം പരമശിവന്റെ വേഷത്തിൽ. കുറച്ചുകാലം ചെണ്ടയും അഭ്യസിച്ചിരുന്നു. ഇപ്പോൾ തിടമ്പുനൃത്തം മാത്രം.


കേശവ് വി.എൻ വെദിരമന,
വെദിരമന ഇല്ലം, പുറച്ചേരി,
ഏഴിലോട് പി.ഒ,
വഴി കുഞ്ഞിമംഗലം,   670309
ഫോൺ: 8157825634
താമരക്കുളം ദിവാകരൻ :
ഫോൺ: 9447337337

**യുവത്വത്തിന്റെ വഴികൾ /കായികം**

# കിക്ക് ബോക്സിംഗിൽ ഒരു പൂണൂൽധാരി




## ശാന്തി ചെയ്തു കിട്ടിയ കാശ് കൊണ്ട് നാഷണലിൽ എത്തിയ ഗുസ്തിക്കാരൻ

## വഴി തിരിച്ചു വിട്ടത് പ്ലസ് വൺ പഠിക്കുമ്പോഴത്തെ റാഗിംഗ്

**ബോക്സിംഗ് നമുക്ക് പറ്റിയ പണിയല്ല എന്ന് വിചാരിക്കുന്നവരാണ് ഭൂരിഭാഗവും. എന്നാൽ നമ്പൂതിരി സമുദായത്തിൽ നിന്നും കിക്ക് ബോക്സിംഗ്  ചാമ്പ്യൻഷിപ്പിൽ ദേശീയതലം വരെ എത്തിനിൽക്കുകയാണ് പാലാഞ്ചേരി ഇല്ലത്തെ ജനാർദ്ദനൻ നമ്പൂതിരിയുടെയും മേൽപള്ളി ഇല്ലത്തെ ശ്രീലേഖയുടെയും മകനായ മഹേശ്വരൻ പാലാഞ്ചേരി. അമ്മാത്തെ താന്ത്രിക പാരമ്പര്യത്തിന്റെയും ഇല്ലത്തെ പൂജാവിധികളുടെയും ഇടയിൽ നിന്നും കിക്ക് ബോക്സിംഗിന്റെ നാഷണലിൽ എത്തി നിൽക്കുകയാണ് ഈ യുവാവ്**

**പാനാട് പദ്മനാഭൻ നമ്പൂതിരി**



ചെറിയ കുട്ടിയായിരിക്കുമ്പോൾ മഹേശ്വരന്റെ ഇഷ്ടം ടെലിവിഷനിൽ റസലിംഗ് കാണലായിരുന്നു. അതുപോലെ കുങ്ഫു കരാട്ടെ തുടങ്ങിയവയും. കാർട്ടൂൺ, ആനിമേഷൻസ്, കരാട്ടെ കിഡ് തുടങ്ങി എന്തായാലും ഫുൾ ഫൈറ്റായിരുന്നു ഇഷ്ടം. അങ്ങനെ അതെല്ലാം കണ്ടു കണ്ട് ഫൈറ്റിംഗ് എന്നത് ഇൻസ്പയർ ചെയ്യാൻ തുടങ്ങി. അത് പഠിക്കണമെന്നായി.

അങ്ങനെ പത്താം ക്ളാസിൽ എത്തിയ സമയത്ത് അച്ഛനോട് ചോദിച്ചു.

'ബോക്സിംഗ് പഠിക്കാൻ പോട്ടേ?'

പത്താം ക്ലാസിലെത്തിയാൽ സീരിയസ് പഠനത്തിലേക്കാണ് എല്ലാവരും കടക്കുക. ഫുൾ എ പ്ളസും മറ്റുമാവും ലക്ഷ്യം.

'മര്യാദയ്ക്ക് സ്കൂൾ വിഷയങ്ങൾ പഠിക്കാൻ നോക്ക്.'

അതായിരുന്നു അച്ഛൻ ജനാർദ്ദനൻ നമ്പൂതിരിയുടെ മറുപടി. കോഴിക്കോട് നെല്ലിക്കോട്ടെ ഒരു ക്ഷേത്രത്തിൽ ശാന്തിക്കാരനാണ് ജനാർദ്ദനൻ.

അതേപ്പറ്റി മഹേശ്വരൻ പറയുന്നതിങ്ങനെ

'വീട്ടിനടുത്ത് ഒരു ഏട്ടൻ ഉണ്ട് വിവേക്. ബോക്സിംഗ് ഒക്കെ നടത്തുന്ന ഒരു ഏട്ടനാണ്. വീട്ടിനടുത്ത് ഉള്ള ആളായതിനാൽ അച്ഛൻ സമ്മതിക്കുമെന്ന് വിചാരിച്ചു. മൂപ്പരുടെ ക്ളാസിൽ പോയി ജോയിൻ ചെയ്യട്ടെ എന്ന് അച്ഛനോട് ചോദിച്ചു. സമ്മതിച്ചില്ല. ഇപ്പം സ്കൂൾ പഠനം നടക്കട്ടെ വേറെ ഒന്നിനും പോയി ചേരണ്ട എന്ന് തീർത്തു പറഞ്ഞു. രണ്ടു




## നേട്ടങ്ങൾ

❑കിക്ക് ബോക്സിഗ് ജില്ല ഫുൾ കോൺടാക്ട് കാറ്റഗറി 70 കിലോ സ്വർണ്ണ മഡൽ

❑കിക്ക് ബോക്സിഗ് സ്റ്റേറ്റ് ഫുൾ കോൺടാക്ട് കാറ്റഗറി 70 കിലോ സ്വർണ്ണമെഡൽ

❑കിക്ക് ബോക്സിഗ് നാഷണൽ ലോ കിക്ക് കാറ്റഗറിയിൽ കന്നി മത്സരം

❑മോയ്‌തായ് ജില്ല 66 കിലോ സ്വർണ്ണമെഡൽ

❑മോയ്‌തായ് സ്റ്റേറ്റ് 66 കിലോ വെള്ളി മെഡൽ

2022 ആഗസ്റ്റിൽ ബോക്സിങ്ങിന് ചേർന്ന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിജയിച്ച് ഒരു വർഷം കൊണ്ട് ദേശീയ കിക്ക് ബോക്സിങ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു. തുടർച്ചയായ പ്രാക്ടീസും ബോക്സിങ്ങിനോട് ഉള്ള അമിത താല്പര്യവും കാരണം 2024 ൽ വേൾഡ് ബോക്സിംഗ് കൗൺസിൽ കോഴിക്കോട് നടത്തിയ മൊയ്ത്തായി സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ കരസ്ഥമാക്കി ദേശീയ തലത്തിലേക്ക് പ്രവേശനം ലഭിച്ച് കാത്തിരിക്കുകയാണ്.

വട്ടം ചോദിച്ചിട്ടും സമ്മതിക്കാഞ്ഞതിനാൽ മൂന്നാമത് ചോദിക്കാൻ ധൈര്യം വന്നില്ല. എന്നാലും ബോക്സിംഗ് പഠിക്കാൻ മോഹം. അങ്ങനെ യുട്യൂബ് ഒക്കെ നോക്കി പഞ്ച് എല്ലാം ചെയ്തു നോക്കും. പക്ഷേ അത് പെർഫെക്ട് ആവില്ലല്ലോ. അത് നടക്കില്ല എന്ന് മനസിലായപ്പോൾ ആ പരിപാടി നിർത്തി.'

'അങ്ങനെ ബോക്സിംഗ് പഠനം ഉപേക്ഷിച്ചു. പിന്നത്തെ കൊല്ലം പ്ളസ് വണ്ണിലെത്തി. പ്ളസ് വൺ പഠിക്കുമ്പോൾ റാഗിംഗ് പ്രശ്നത്തിൽ സീനിയേഴ്സുമായി കുറച്ച് കച്ചറയൊക്കെ ഉണ്ടായി. സീനിയേഴ്സ് പിടിച്ച് തല്ലി. ഉന്തും തള്ളുമായി. അതൊന്നും വീട്ടിൽ അറിയില്ല ട്ടൊ. എന്തെങ്കിലും പ്രയോഗം പഠിച്ചിരുന്നെങ്കിൽ കുറച്ചെങ്കിലും പ്രതിരോധിക്കാമായിരുന്നു എന്ന് അപ്പോഴെല്ലാം തോന്നിയിരുന്നു. ''

'ഞാൻ തീരെ മെലിഞ്ഞായിരുന്നു. ആരോഗ്യമൊന്നും ഇല്ല. ഏതെങ്കിലും ജിമ്മിൽ പോയി സെറ്റാവണം. അതേപോലെത്തന്നെ ബോക്കസിംഗും പഠിക്കണം. രണ്ടും കൂടി പഠിക്കാൻ പൈസയും വേണം. സ്വന്തമായി വരുമാനമില്ല. വീട്ടിൽ നിന്ന് വിടുകയും ഇല്ല.'

പ്രശ്നം തന്നെ. കാശു ചോദിക്കാനും ബോക്സിംഗിനു ചേരട്ടെ എന്നു ചോദിക്കാനും മടിയുള്ളതിനാൽ ആ മോഹം അന്നും നടന്നില്ല.

പിന്നെ ഡിഗ്രിക്കാലമായി. അല്പം കൂടി മുതിർന്ന ആളായി. മെലിഞ്ഞുണങ്ങിയിരിക്കുന്നതിനാൽ ജിമ്മിൽ പോവാൻ അനുവദിക്കുമെന്ന് തോന്നി. അങ്ങനെ ഡിഗ്രി ഒന്നാം വർഷക്കാലത്ത് വീണ്ടും ചോദിച്ചു.

'ജിമ്മിൽ പോവാൻ അനുവാദം കിട്ടി. പത്താം ക്ളാസിൽ നിന്ന് ചോദിച്ചതിന് ശേഷം പിന്നെ മാർഷ്യൽ ആർട്സ് കാര്യം അച്ഛനോട് ചോദിച്ചില്ല. ജിമ്മെങ്കിൽ ജിം. അതു സമ്മതിച്ചല്ലോ. അങ്ങനെ അടുത്തുള്ള രാജേഷേട്ടന്റെ ജിമ്മിൽ പോവാൻ തുടങ്ങി.

അരയിടത്തു പാലത്ത്. അവിടെ ഒരു കൊല്ലത്തെ മെമ്പർഷിപ്പ് എടുത്തു. ഫുഡ് കൺട്രോൾ ചെയ്യാൻ തുടങ്ങി. ബോക്സിംഗിന്റെ മോഹം വീണ്ടും നീട്ടി വെച്ചു.'

'അങ്ങനെയിരിക്കെ, ഡിഗ്രിക്കാലത്തു തന്നെ അച്ഛന്റെ അമ്പലത്തിൽ കീഴ്ശാന്തിയായി ജോയിൻ ചെയ്തു. അച്ഛനെ സഹായിക്കാൻ വേണ്ടി. അങ്ങനെ എന്റെ കയ്യിൽ കുറച്ച് കാശൊക്കെ വരാൻ തുടങ്ങി. ജിമ്മിനും പ്രോട്ടീൻ ഫുഡിനും കുറച്ച് കാശ് ചെലവാവും. അതൊക്കെ അമ്പലത്തിലെ വരുമാനം കൊണ്ട് കഴിയും. നേദ്യച്ചോറും തൈരും കടുമാങ്ങയും എന്ന നമ്പൂരിച്ചിട്ട മാറ്റി. പനീർ, കടല, ചെറുപയർ തുടങ്ങി പ്രോട്ടീനിലേക്ക് മാറി. മെലിഞ്ഞിരുന്ന ഞാൻ കുറച്ച് മസ്കുലാർ രൂപത്തിലായി. ആറുമാസത്തോളം ജിമ്മിൽ കളിച്ചു.

ജിമ്മിൽ കളിച്ച് അത്യാവശ്യം ശരീരവും മസിലും മെച്ചപ്പെട്ടപ്പോൾ ഇതാണ് ബോക്സിംഗിൽ ഇറങ്ങാൻ പറ്റിയ സമയമെന്ന് തോന്നി.'

2022 ലാണ്. അക്കാലത്ത് അമ്പലത്തിൽ വൈകീട്ടത്തെ ഡ്യൂട്ടി ഇല്ല. വൈകുന്നേരം അച്ഛനാണ് അമ്പലത്തിൽ പോയിരുന്നത്. എന്റെ കയ്യിൽ മൂവായിരം രൂപ ഉണ്ടായിരുന്നു. എനിക്ക് ഏഴായിരമാണ് ശമ്പളം. ഞാൻ ഗൂഗിൾ സെർച്ച് ചെയതു. കൂടുതൽ ശമ്പളം കിട്ടുന്ന അമ്പലം നിയർ ടു മീ അല്ല. മാർഷ്യൽ ആർട്സ് ക്ളാസുകൾ എവിടെയെല്ലാം ഉണ്ടെന്നായിരുന്നു അന്വേഷണം. വീട്ടിൽ പറഞ്ഞേയില്ല. വീടിന്റെ അടുത്തുള്ള ഒരു പേര് വന്നു. ഫീനിക്സ്. അപ്പോൾ അവിടത്തെ സാറിനെപ്പറ്റി അന്വേഷിച്ചു. സാറ് ഭയങ്കര ഇന്റർനാഷണൽ റഫറിയും അടിപൊളി കോച്ചുമാണ് എന്ന് മനസ്സിലായി. അഡ്മിഷൻ ഫീസ് രണ്ടായിരം. പിന്നെ മാസം തോറും ആയിരവും. മൂവായിരം കയ്യിലുണ്ടായിരുന്നതിനാൽ അതിനു ചേർന്നു.

തുടങ്ങിയ സമയത്ത് ആഴ്ചയിൽ മൂന്നു ദിവസമായ്ന്നു. തിങ്കൾ വ്യാഴം ഞായർ. തിങ്കളും വ്യാഴവും വൈകീട്ട് ഏഴ് മുതൽ പത്തുമണി വരെ. ഞായർ രാവിലെയും. അങ്ങനെ ബോക്സിംഗും ജിമ്മും ഒരുമിച്ച് കൊണ്ടു പോവാൻ തുടങ്ങി. ശരീരവും മസിലും മെച്ചപ്പെടാനും തുടങ്ങി.

ആ സമയത്താണ് കിക്ക് ബോക്സിംഗ് ചാമ്പ്യൻഷിപ്പ് വന്നത്. അതിൽ പങ്കെടുക്കാൻ അവസരം വന്നു. ആദ്യത്തെ മത്സരമാണ്. എന്താവും എന്നൊന്നും അറിയില്ല. എങ്കിലും പേരു നൽകി. ജില്ലയിൽ കൂളായി കടന്നു കിട്ടി. അപ്പോൾ ആവേശമായി. ഒരു കൈ നോക്കാമെന്ന ധൈര്യമായി. സ്റ്റേറ്റും നാഷണലും കോഴിക്കോട്ടായിരുന്നു. ആദ്യമായിരുന്നു കോഴിക്കോട്ട് വച്ച് കിക്ക് ബോക്സിംഗ് നാഷണൽ. സ്റ്റേറ്റ് കടന്നു കിട്ടിയാൽ നാഷണലിലും കളിക്കാം. അതും സ്വന്തം നാട്ടിൽ വച്ച്.



## മഹേശ്വരൻ പറയുന്നു

മറ്റുള്ളവരെ അപേക്ഷിച്ചു ആരോഗ്യവും മസിലും നിലനിർത്തുക വലിയൊരു വെല്ലുവിളിയാണ്. ചിക്കൻ, കോഴിമുട്ട എന്നിവയും ഫൈബർ കാൽസ്യം എന്നിവ അടങ്ങിയ മത്സ്യ ഉൽപ്പന്നങ്ങളും ഒന്നും കഴിക്കാതെ ഒരു വെജിറ്റേറിയൻ ആയി കൊണ്ടു തന്നെ ബോഡി ബിൽഡിംഗ് നടത്തുക വെല്ലുവിളിയാണ്. പനീർ, ചെറുപയർ തുടങ്ങി ആവശ്യത്തിനുള്ള ധാന്യങ്ങളും പഴവർഗങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്തി. പിന്നെ നിരന്തരമായ പ്രാക്ടീസ്. രാവിലെ സ്റ്റാമിന വർക്ക് ഔട്ടായി 5 കിലോമീറ്റർ ഓടുകയും രാത്രി ഒരു മണിക്കൂർ വെയിറ്റ് ലിഫ്റ്റിങ്ങും മുടങ്ങാതെ ചെയ്യുന്നുണ്ട്.

ഭാഗ്യം. സ്റ്റേറ്റ് മത്സരത്തിൽ മികച്ച പെർഫോമൻസ് എടുക്കാൻ പറ്റി. അതോടെ നല്ല ത്രില്ലായിരുന്നു. സ്വന്തം നാട്ടിൽ വച്ച് നടക്കുന്ന നാഷണൽ. അതിൽ പങ്കെടുക്കുന്ന അനുഭവം. പക്ഷേ 73 കിലോ ഉണ്ടായിരുന്നു ആ സമയത്ത്. അതിനാൽ അല്പം ആശങ്കയും തോന്നി. റിംഗിൽ കയറി. ആദ്യമായി നാഷണലിന്റെ റിംഗിൽ കയറുമ്പോൾ ഉണ്ടാവുന്ന അഭിമാനവും ഒപ്പം ആശങ്കയും. അത് കാണാൻ അച്ഛനും അമ്മയും ഒക്കെ ഉണ്ടായിരുന്നു.

പക്ഷേ ഓപ്പൺ എൻഡ് അടിച്ചിട്ടു. അത് എനിക്ക് ഭയങ്കരൊരു ഇതായിപ്പോയി. നെഗറ്റീവ്. ഞാൻ നിർത്ത്യാലോ ന്ന് വരെ ആലോചിച്ചു. അച്ഛനമ്മമാരുടെ മുന്നിൽ വച്ച് അടിയേറ്റ് വീണത് വല്ലാത്ത മുറിവുണ്ടാക്കി. അത് കഴിഞ്ഞുള്ള ബോക്സിംഗ് ക്ളാസിൽ പോയപ്പോൾ മാഷും കുറെ ചീത്ത പറഞ്ഞു. കുറെ തല്ലി. മാഷ് അങ്ങനെയാണ് പഠിക്കുന്ന സമയത്ത് തെറ്റിച്ചാൽ തല്ലും. അത്യാവശ്യം നല്ല രീതിയിൽ മേല് വേദനയായീണ്ടായിരുന്നു ആ സമയത്ത്.

ബോക്സിംഗിൽ നിന്ന് എന്നേക്കുമായി പിൻമാറാൻ ആ തോൽവിയും അടിയും ധാരാളമായിരുന്നു. എന്നാൽ മഹേശ്വരന് അങ്ങനെയല്ല തോന്നിയത്. ഈ തോൽവിയും അടിയും ജയമാക്കി മാറ്റണം. വാശിയായി. തന്റെ പോരായ്മകൾ മൈന്യൂട്ടായി മനസ്സിലാക്കണം. പ്രാക്ടീസ് മുതൽ ഭക്ഷണം വരെ എല്ലാറ്റിലും തിരുത്തൽ വേണമെന്ന് തിരിച്ചറിഞ്ഞു. അതിന് വെയ്റ്റ് കുറയ്ക്കണം. വെയ്റ്റ് കട്ട് ചെയ്യാൻ തീരുമാനിച്ചു.

ഓവർവെയ്റ്റ് ആയിരുന്നു ആ സമയത്ത്. 73 കിലോ. അതിനാൽ നാഷണലിന് പറ്റിയില്ല. നാഷണലിലാണ് വെയ്റ്റ് കാരണം വീഴുന്നത് എന്ന് മനസിലായി, വെയ്റ്റ് 66 കിലോയിലേക്ക് താഴ്ത്തി. അരി ഭക്ഷണം പൂർണ്ണമായി ഒഴിവാക്കി. ഷുഗറും തീരെ വേണ്ടെന്നു വച്ചു. രണ്ടായിരത്തഞ്ഞൂറ് കാലറി കഴിച്ചിരുന്ന ഞാൻ രണ്ടായിരം മാത്രം കഴിച്ച് രാവിലെയും വൈകീട്ടും വർക്ക് ഔട്ട് തുടങ്ങി.

സ്റ്റാമിന കൂട്ടാൻ വേണ്ടി അഞ്ചുകിലോമീറ്ററോളം ഓടാനും തുടങ്ങി.

**ആദ്യമായി നാഷണലിന്റെ റിംഗിൽ കയറുമ്പോൾ ഉണ്ടാവുന്ന അഭിമാനവും ഒപ്പം ആശങ്കയും. അത് കാണാൻ അച്ഛനും അമ്മയും ഒക്കെ ഉണ്ടായിരുന്നു. പക്ഷേ ഓപ്പൺ എൻഡ് അടിച്ചിട്ടു. അത് എനിക്ക് ഭയങ്കരൊരു ഇതായിപ്പോയി. നെഗറ്റീവ്. നിർത്ത്യാലോ ന്ന് വരെ ആലോചിച്ചു. അച്ഛനമ്മമാരുടെ മുന്നിൽ വച്ച് അടിയേറ്റ് വീണത് വല്ലാത്ത മുറിവുണ്ടാക്കി.**

പിന്നെയാണ് മൊയ്ത്തായി വരുന്നുണ്ടെന്നറിഞ്ഞത്. ബോഡിയെ വെപ്പൺ ആക്കി അറ്റാക്ക് ചെയ്യുന്ന അല്പം കൂടി ഡെയ്ഞ്ചറസ് ആയതാണ് മൊയ്ത്തായ്. എങ്ങനെ വേണമെങ്കിലും അടിക്കാം. എവിടെ വേണമെങ്കിലും അടിക്കാം. പ്രൊട്ടക്ഷനും കാര്യങ്ങളും ഒക്കെ ഉണ്ടാവും. എൽബോയും കാൽമുട്ടും ഉപയോഗിക്കാം. കിക്കും പഞ്ചും കാച്ചും കീച്ചും ഒക്കെയാവാം. അതിന്റെ ചാമ്പ്യൻഷിപ്പ് വന്നു. മാഷ് ചോദിച്ചു താല്പര്യമുണ്ടോ. ഞാൻ റെഡിയെന്ന് പറഞ്ഞു. 63 66 കാറ്റഗറിയാണ് എന്റെത്. റിംഗ് എക്സ്പീര്യൻസ് കൂടുന്നതനുസരിച്ച് ഫൈറ്റിംഗ് എക്സ്പീര്യൻസും കൂടുമെന്നതിനാൽ അതിൽ ഇറങ്ങി. അതിനു ശേഷം നന്നായി പ്രാക്ടീസ് തുടങ്ങി. ജില്ലയിൽ സ്വർണ്ണം നേടി. സംസ്ഥാനതലത്തിൽ വെള്ളിയും. മാത്രമല്ല, നാഷണലിലേക്ക് സെലക്ഷനും കിട്ടി. കിക്ക് ബോക്സിഗും അങ്ങനെത്തന്നെ. വരുന്ന ഡിസംബറിലാണ് അടുത്ത നിഷണൽ. തമിഴ്നാട്ടിൽ വെച്ചാണ് അത്. ഇപ്പോഴത്തെ ലക്ഷ്യം അതാണ്. നാഷണൽ വിന്നറാവുക.

പതിനെട്ട് വയസ് കഴിഞ്ഞാൽ എല്ലാവരും സീനിയർ വിഭാഗമായി. ഏജ് ലിമിറ്റ് ഇല്ല. കിക്ക് ബോക്സിംഗിലെ ഏറ്റവും പ്രധാന മത്സരം ഇന്റർനാഷണൽ കിക്ക് ബോക്സിംഗ് ആണ്. കഴിഞ്ഞ തവണ തായ്ലാൻഡിൽ വച്ചായിരുന്നു. നാഷണൽ കഴിഞ്ഞ് വേണം അവിടെയെത്താൻ. അവിടെ എത്തണമെന്നാണ് ആഗ്രഹം.

ഞാൻ ചെയ്യുന്നത് രണ്ട് ഗെയിംസാണ്. ഒന്ന് കിക്ക് ബോക്സിംഗ് ആണ്. മറ്റേത് മോയ്ത്തായ്. കിക്ക് ബോക്സിംഗിന് സാദാ ബോക്സിംഗിൽ നിന്ന് വ്യത്യാസമുണ്ട്. സാദാ ബോക്സിംഗിൽ പഞ്ച് മാത്രമാണ് ഉപയോഗിക്കുക. കിക്ക് ബോക്സിംഗിൽ പഞ്ചിന്റെ കൂടെത്തന്നെ കിക്കിന്റെ കോമ്പിനേഷൻസ് വരുന്ന ഫൈറ്റിംഗ് ടെക്നിക് ആണ്. മോയ്ത്തായി ആവുമ്പോൾ കിക്കും പഞ്ചും അതിന്റെ കൂടെത്തന്നെ കൈമുട്ടും കാൽ മുട്ടും ഉപയോഗിക്കാൻ പറ്റും. അതാണ് ഇത് തമ്മിലുള്ള വ്യത്യാസം. കിക്ക് ബോക്സിംഗിൽ കളിക്കുന്ന അധികപേരും മോയ്ത്തായിയിലും കളിക്കാറുണ്ട്. തിരിച്ചും. ഇതെല്ലാം കഴിഞ്ഞാണ് വുഷുവിലേക്കും മിക്സഡ് മാർഷ്യൽ ആർട്സിലേക്കും ഒക്കെ കടക്കുന്നത്.

ജിം മാത്രമായിരുന്ന സമയത്ത് രാത്രി ഒരു മണിയെല്ലാം കഴിയും കിടക്കാൻ. ഇപ്പോൾ പതിനൊന്ന് മണിക്ക് ഉറങ്ങി അഞ്ചരയോടെ എണീക്കും. നല്ല ചിട്ട വന്നു. രാവിലെ വർക്ക് ഔട്ട് ചെയ്യാൻ വേണ്ടി. പിന്നെ ഫുഡിലും മാറ്റം വന്നു. ഇഷ്ടമുള്ളതെല്ലാം വാരി വലിച്ച് കഴിക്കുന്ന പതിവ് നിർത്തി. ഓയിൽ ഫുഡ് പൂർണ്ണമായും ഒഴിവാക്കി. ചോറിന്റെ അളവ് നല്ലവണ്ണം കുറച്ചു. മാക്സിമം പ്രോട്ടീൻ ഫുഡിലേക്ക് മാറി. പുറത്ത് പോയാലും പ്രോട്ടീൻ ഫുഡാണ് കഴിക്കുന്നത്.

ബോക്സിംഗ് കൂടാതെ നല്ലൊരു ഗായകനും ഷോർട്ട് ഫിലിം അഭിനേതാവും കൂടിയാണ് . മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേത്രത്തിൽ മേശാന്തിയായ തന്റെ പിതാവിനെ പൂജാ കാര്യങ്ങളിൽ സഹായിക്കുന്നുമുണ്ട്. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ നിന്നും ബി എ ഹിന്ദി ഹിസ്റ്ററി പൂർത്തിയാക്കി ഇപ്പോൾ കേന്ദ്രസേനകളിലേക്കുള്ള കോച്ചിങ്ങിന് പോവുകയാണ് . ഏതെങ്കിലും ഒരു കേന്ദ്രസേനയിൽ ഉദ്യോഗസ്ഥനാവുകയാണ് ആഗഹം. യൂണിഫോം ഇടുന്ന തൊഴിലിൽ പോവാനാണ് ഇഷ്ടം. സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ പരിശീലനത്തിനും പോവുന്നുണ്ട്. ●

മഹേശ്വരൻ പാലാഞ്ചേരി, പാലാഞ്ചേരി ഇല്ലം
പോസ്റ്റ് കുതിരവട്ടം, നെല്ലിക്കോട് പിൻ 673016
കോഴിക്കോട് ജില്ല, മൊബൈൽ: 8157808985
പാനാട് പദ്മനാഭൻ നമ്പൂതിരി മൊബൈൽ:9400992823



Kottakkal
ayurveda
ശരിയായ ആയുർവേദം.
ശരിയായ ഫലപ്രാപ്തി.
ഹെയർ നറിഷിങ് ഷാംപൂ
AVAILABLE IN 100 ml & 200 ml BOTTLES
Kottakkal
Hair Nourishing
Shampoo
SKIN CARE
SOAP
SKIN
PROTECTION
SOAP
TFM 76%
Grade 1
സ്കിൻ കെയർ സോപ്പ്
& സ്കിൻ പ്രൊട്ടക്ഷൻ സോപ്പ്
ESTD. 1902
കോട്ടക്കൽ ആര്യവൈദ്യശാല ഉൽപ്പന്നം
ഓൺലൈനിൽ
വാങ്ങാൻ
സ്കാൻ ചെയ്യൂ
കൂടുതൽ വിവരങ്ങൾക്ക്
0483-2806523 / 501
ഡീലർഷിപ്പുകൾ, ബ്രാഞ്ചുകൾ, സൂപ്പർമാർക്കറ്റുകൾ
തുടങ്ങി എല്ലാ പ്രമുഖ സ്റ്റോറുകളിലും ലഭ്യം



# ആട്ടക്കഥകളുടെ ഉദയശ്രീ

ഒരു കാലം കഥകളിയും പുരുഷന്മാർക്ക് സംവരണം ചെയ്യപ്പെട്ട കലയായിരുന്നു.

കലാമണ്ഡലം കൃഷ്ണൻ നായരും കോട്ടക്കൽ ശിവരാമനും പോലുള്ള പ്രതിഭകൾ അരങ്ങു വാണിരുന്ന കാലം. കളിയിൽ സ്ത്രീ വേഷങ്ങൾ ധാരാളമെങ്കിലും ആടുന്നതെല്ലാം പുരുഷന്മാർ. കൃഷ്ണൻ നായരുടെ പൂതനയും കോട്ടക്കൽ ശിവരാമന്റെ കുന്തിയും അസാമാന്യമായ വേഷപ്പകർച്ചകളായി ആസ്വാദകർ നെഞ്ചേറ്റി.

സ്ത്രീപുരുഷ സമത്വത്തിന്റെ പുതുകാലത്ത് 'കളിക്കാരികൾ' കഥകളിയിലും ധാരാളമുണ്ടായി. തൃപ്പൂണിത്തുറ കേന്ദ്രീകരിച്ച് സ്ത്രീകളുടെ കളിയോഗം തന്നെ വന്നു.

ഡോ. ഹരിപ്രിയ നമ്പൂതിരി , ദീപ പാലനാട് , മീര രാം മോഹൻ, നന്ദന തെക്കുമ്പാട്.. കളിവേഷക്കാർ, പാട്ടുകാർ, വാദ്യ വിഭാഗം കൈകാര്യം ചെയ്യുന്നവർ – ഈ രംഗങ്ങളിലാക്കെ ധാരാളം കലാകാരികൾ ഉയർന്നുവന്നു അപ്പോഴും ആട്ടക്കഥാസാഹിത്യരചനയിൽ സ്ത്രീകൾ അപൂർവം. ഒരു പക്ഷേ ഒരേ ഒരു രാധാ മാധവൻ (വെൺമണി) മാത്രം.

ആയിടെയാണ് പാലക്കാട് കല്ലേക്കുളങ്ങരയിൽ വെങ്കിട്ടരാമനാശാനും ശിഷ്യരും ചേർന്ന് പെൺകുട്ടികളുടെ കഥകളി ഗ്രാമം ആരംഭിച്ചത്. 'പുറപ്പാട്' കേമമായി എന്നു പറയാം. പുതുതലമുറയിലെ ധാരാളം കുട്ടികൾ 'കല്ലേക്കുളങ്ങരച്ചിട്ടയിൽ' കഥകളി പഠിച്ചു വന്നു. ശിവദാസ് നമ്പൂതിരിയും ഭാര്യ ഉദയ എസ് ദാസും കളിവാസന ഉള്ളവർ.

കോവിഡ് അടച്ചിരിപ്പു കാലത്ത് ശിവദാസ് നമ്പൂതിരി കൊച്ചുകുട്ടികൾക്കായി ഒരു നാടകം രചിച്ചിരുന്നു.

ചിന്മയാ വിദ്യാലയത്തിൽ അധ്യാപികയായിരുന്ന കാലത്ത് ഓട്ടൻതുള്ളലിനും തിരുവാതിരക്കും പാട്ടുകൾ എഴുതി. ശ്രീമദ് വിഷ്ണു ഭാഗവതം അടിസ്ഥാന ഗ്രന്ഥം. സംബോധ് ഫൗണ്ടേഷൻ ആചാര്യൻ അധ്യാത്മാനന്ദ സരസ്വതിയുടെ വാക്കുകൾ എന്നും പ്രചോദനം. പ്രാണന് തുല്യം തനിക്ക് സ്നേഹവും തുണയുമായ ഭർത്താവ് ശിവദാസൻ നമ്പൂതിരി. അമ്മയ്ക്കെന്നും സ്നേഹവും സംരക്ഷണയും നൽകുന്ന മക്കളും മരുമക്കളും കുടുംബം ,നാട്ടാർ എന്നും മാനസഗുരുവായി ഭഗവാൻ ശ്രീകൃഷ്ണനും



*ശിവദാസൻ നമ്പൂതിരി, സാത്വിക് (S/o Aryasree& Harinarayanan), ഉദയ എസ് ദാസ്, ശിവനാരായണൻ (S/o Anusree & Sudev), സുദേവ് E.M, അനുശ്രീ എസ് ദാസ്, ആര്യശ്രീ എസ് ദാസ്, ഹരിനാരായണൻ, ആദി നാരായണൻ (S/o Anusree& Sudev)*



*പാലക്കാട് ശിവാനന്ദാശ്രമത്തിൽ ഉദയ എസ്. ദാസിന്റെ കഥകളി– വാൽമീകി– അരങ്ങേറിയപ്പോൾ*

## ഉദയാ എസ് ദാസ്

അച്ഛൻ : മലപ്പുറം രാമപുരം കരിങ്ങനേഴി ദാമോദരൻ നമ്പൂതിരി, അമ്മ:സാവിത്രി അന്തർജനം (Late)



ഭർത്താവ്: ചാലക്കുന്നത്ത് മന ശിവദാസൻ നമ്പൂതിരി, കൊടുമ്പ്, പാലക്കാട് (മേൽശാന്തി, ശ്രീ ചെമട്ടിയ ഭഗവതി ക്ഷേത്രം, കല്ലിങ്ങൽ, പാലക്കാട്)

മക്കൾ: ഡോക്ടർ അനുശ്രീ എസ് ദാസ്, ആര്യശ്രീ എസ് ദാസ് ( എംബിഎ ക്കാരി)

മരുമക്കൾ: സുദേവൻ എടമന, ചാർട്ടേർഡ് എക്കൗണ്ടന്റ്, കോഴിക്കോട്, ഹരിനാരായണൻ, അമ്പലപ്പാവേരി മന, പബ്ളിക് റിലേഷൻസ് ഓഫീസർ, ആരോഗ്യവകുപ്പ് )

'പഞ്ചഭൂതങ്ങൾ'. ഇതു വായിച്ച ഭാര്യ ഉദയ ഇതേ ആശയത്തെ കഥകളിപ്പദങ്ങളാക്കി മാറ്റി എഴുതി.

വെങ്കിട്ടരാമനാശാനെ കാണിച്ചു. കുറെ മാറ്റങ്ങൾ ആശാൻ നിർദ്ദേശിച്ചെങ്കിലും ആട്ടക്കഥയ്ക്കു വേണ്ട സാഹിത്യഗുണങ്ങൾ കഥാകാരിക്കുള്ളതായി ആശാന് മനസ്സിലായി.

ആശാന്റെ നിർദ്ദേശമനുസരിച്ച് 2019 ൽ എഴുതിയ 'സ്വധാമഗമനം' ആണ് ഉദയ നമ്പൂതിരിയുടെ ആദ്യത്തെ ആട്ടക്കഥ എന്നു പറയാം .ഭഗവാന്റെ സ്വർഗ്ഗാരോഹണത്തിന് ശുഭകരമായ തിരിച്ചുവരവിന്റെ പൊലിമ നൽകുന്ന സാഹിത്യം കഥകളി ആസ്വാദകരുടെ ശ്രദ്ധ നേടി. തുടർന്ന് ഭാഗവതോത്തമയായ ഉദയ നമ്പൂതിരി ദശാവതാരങ്ങളുടെ ഒമ്പതു കഥകൾ കൂടി ചിട്ടപ്പെടുത്തി. വെങ്കിട്ടരാമനാശാന്റെ പ്രോത്സാഹനം, കലാമണ്ഡലം ബാലസുബ്രഹ്മണ്യാശാനെ പോലെയുള്ള പ്രശസ്തർ വേഷമിട്ട കഥകളി. സാവധാനം ഭഗവാന്റെ പത്ത് അവതാര കഥകളും കഥകളിപ്പദമായി എഴുതി തീർത്തപ്പോൾ മഹാകവിയായ ആട്ടക്കഥാകാരിയായി ഉദയ എസ് ദാസ്.

പാലക്കാട് ചെമ്പൈ കോളേജിൽ കഥകളി ഗ്രാമത്തിന്റെ വാർഷികം കഴിഞ്ഞ മാസമായിരുന്നു. ആട്ടക്കഥാകാരി കാത്തിരുന്ന ദിവസം വന്നു ചേർന്നു. ദശാവതാരം സമ്പൂർണ്ണം കഥകളിയുടെ അരങ്ങേറ്റമായിരുന്നു വിശേഷാൽ പരിപാടി.

പ്രചുര പ്രചാരം നേടിയ പദങ്ങളും കഥകളുമാണ് കഥകളി ആസ്വാദർക്ക് എന്നും പ്രിയം. വേഷക്കാർക്കും കളിക്കമ്പക്കാർക്കും ഓരോ പദവും ഹൃദിസ്ഥം. ഇവിടെയാണ് പുതിയ കഥയും പദങ്ങളുമായി ഉദയ എസ് ദാസ് എത്തുന്നത്. ആരും ഒന്ന് വിഷമിച്ചു പോവും. പത്തു കഥകൾ,

ഇരുപതു മണിക്കൂർ നീളുന്ന ആട്ടങ്ങൾ. അവതാരങ്ങൾ പെട്ടെന്നു തിരിച്ചറിയാൻ പറ്റുന്ന മുഖത്തെഴുത്ത് സംവിധാനം ചെയ്തത് ആശാൻ.

രാവിലെ മുതൽ രാത്രി വൈകും വരെ കളി സമാരോഹം. പാലക്കാട്ടെ കളി പാരമ്പര്യമുള്ള ആസ്വാദകർ കൺ നിറയെ കണ്ടു, കേട്ടു. കഥകളുടെ തനിമക്ക് തരിമ്പും പോറലേൽക്കാതെ എഴുത്തുകാരി കഥക്കു നൽകിയ 'മനോധർമ്മം' പാട്ടുകാരും



ദശാവതാരം

വേഷക്കാരും ഒപ്പം ആസ്വാദകരും കൊണ്ടാടുകയായിരുന്നു. മനസ്സ് നിറയെ പ്രാർത്ഥനകളോടെ നിന്നു ഉദയ. സർവ്വവും ഈശ്വരമയമായി കണ്ട് ഏവരെയും വിനയത്തോടെ തൊഴുമ്പോൾ, ആസ്വാദകരും ആർട്ടിസ്റ്റുമാരും തന്നെ തിരിച്ചു വന്ദിക്കുമ്പോൾ, കലാകാരി എന്ന നിലയിൽ തന്റെ ജീവിതം സഫലമാകുന്നുവെന്ന് ഉദയ എസ് ദാസ്.

കളി കഴിഞ്ഞു. കഥകളും പാട്ടുകളും തീരില്ല. അടുത്ത അരങ്ങിനായി മംഗള ശ്ളോകം ചൊല്ലാം.

മംഗളം:

ഉത്തര മലബാറിലെ കോട്ടയം പഴശ്ശി കോവിലകത്തെ തമ്പുരാൻ ( മൃദംഗശൈലേശ്വരി ആണ് പരദേവത) രചിച്ച ആട്ടക്കഥകളാണ് വിഖ്യാതമായ കോട്ടയം കഥകൾ. ഭാഗവതോത്തമ ഉദയാ എസ് ദാസിന്റെ രചനകൾ കല്ലേക്കുളങ്ങര കഥകളായി സ്വീകരിച്ച് കലാകേരളം അനുഗ്രഹിക്കട്ടെ.

ആശംസകൾ, മംഗളങ്ങൾ

യോഗക്ഷേമസഭ സ്വസ്തി ●

ഉദയാ എസ് ദാസ്
9847572437 (വാട്സ് ആപ് മെസേജ് മാത്രം)









ഡോക്ടർ കെ ശിവപ്രസാദ്, വൈസ് ചാൻസലർ, KTU
സർട്ടിഫിക്കറ്റ് സമ്മാനിക്കുന്നു.

## അമിത് കേശവ് എം

(വിനോദ് മങ്ങത്തായ സജിത തെക്കേടത്ത് ദമ്പതിമാരുടെ മകൻ)
എറണാകുളം രാജഗിരി എഞ്ചിനീയറിംഗ് കോളേജിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ BTch with Honours നേടി

**'സമാവർത്തനം' കോൺവൊക്കേഷൻ @ രാജഗിരി**

*ആശംസകളോടെ:*
ഡോക്ടർ അപർണ എം
വിഷ്ണു സി എൻ

അമിത് കേശവ് എം
മൊബൈൽ: 7907851024

**അറിയേണ്ട അന്തർജനം/ഗായത്രി**

# മോഹങ്ങൾക്കൊപ്പം പറന്ന്



**ശ്രീജ പട്ടലൂർ**



കോനിക്കര പെരുമ്പടപ്പ് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും കണ്ണൂർ തളിപ്പറമ്പ് മൂത്തേടത്ത് മല്ലിശ്ശേരി ബിന്ദുവിന്റെയും മകളായ ഗായത്രി കാനഡയിലെ റജൈന ഫ്ളൈയിങ്ങ് ക്ലബ്ബിൽ നിന്ന് കമ്മേഴ്സ്യൽ പൈലറ്റ് ലൈസൻസ് നേടി അവിടെ തന്നെ പൈലറ്റ് ഇൻസ്ട്രക്ടർ ആയി ജോലിയിൽ കയറാനുള്ള തയ്യാറെടുപ്പിലാണ്. ചെർപ്പുളശ്ശേരിയിൽ ധനലക്ഷ്മി ബാങ്ക് അസിസ്റ്റന്റ് മാനേജരായ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടേയും മണ്ണാർക്കാട് എം ഇ എസ് ഹയർ സെക്കൻണ്ടറി സ്കൂളിളെ ഫിസിക്സ് അധ്യാപികയായ ബിന്ദുവിന്റേയും ഏക മകളായ ഇരുപത്തിനാലുകാരിയായ ഗായത്രിക്ക് പൈലറ്റ് ആവുക എന്ന മോഹം ചെറുപ്പത്തിലെ ഉണ്ടായിരുന്നു . അച്ഛൻ ബോംബെയിൽ ജോലി ചെയ്യുമ്പോഴാണ് ഗായത്രിയുടെ ആദ്യ വിമാനയാത്ര. അന്ന് നാലാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയായി




*സീനിയർ ഫ്ളൈറ്റ് ഇൻസ്ട്രക്ടർക്കും ഫ്ളൈറ്റ് എക്സാമിനർക്കുമൊപ്പം*



*സി.പി.എൽ. ഫ്ളൈറ്റ് ടെസ്റ്റിനു ശേഷം ഇൻസ്ട്രക്ടർക്കും ഫ്ളൈറ്റ് എക്സാമിനർക്കുമൊപ്പം*

പൈലറ്റാവുക എന്ന മോഹവുമായി നടക്കുന്നതു കൊണ്ട് ഡൽഹിയിലേക്കുള്ള യാത്രയിൽ പലതവണ ഫ്ലൈറ്റിൽ കയറാനും പൈലറ്റുകളുമായി സംസാരിക്കാനും സാധിച്ചിട്ടുണ്ട്. കോക്പിറ്റിലേക്കു നോക്കി അവർ ചെയ്യുന്നത് നോക്കി നിൽക്കാറുണ്ട്.



ഗായത്രി അച്ഛനമ്മമാർക്കൊപ്പം

രുന്നു ഗായത്രി. സാധാരണ കുട്ടികൾക്ക് ഉണ്ടാകുന്ന ആകാംക്ഷയും അദ്ഭുതവുമൊക്കെ തന്നെയായിരുന്നു അപ്പോൾ തനിക്കും ഉണ്ടായിരുന്നതെന്ന് ഗായത്രി പറയുന്നു. സൈഡ് സീറ്റിൽ ഇരുന്ന് താഴേക്ക് നോക്കുന്നതും ഡോർ തുറക്കുന്നതും എല്ലാം അത്ഭുതങ്ങൾ ആയിരുന്നു.കോക്പിറ്റിൽ പൈലറ്റ് ഉണ്ടെന്ന ധാരണയും ഉണ്ടായിരുന്നു. പിന്നീട് ഹൈസ്ക്കൂൾ ക്ലാസുകളിൽ എത്തിയപ്പോഴാണ് പൈലറ്റ് ആവാനുള്ള മോഹം കൂടുതലായി ഉണ്ടായതും അതിനായി അന്വേഷണങ്ങൾ ആരംഭിച്ചതും. ഫ്ളൈയിങ് ക്ലബ്ബുകളിലെ പഠനത്തിന് സാമ്പത്തികമായി നല്ലൊരു തുക ആവശ്യമായി വരുമെന്നും , ഇത് തങ്ങൾക്ക് പറ്റുമോ എന്നെല്ലാം ഉള്ള ആലോചനകൾ നടന്നു. പൈലറ്റാവാൻ പ്ലസ് ടു മാത്രം മതി പക്ഷേ ഒരു ഡിഗ്രി വേണമെന്ന ചിന്തയാണ് ഡൽഹി യൂണിവേഴ്സിറ്റിയിലെ മിറാൻഡാ ഹൗസ് കോളേജിൽ ഫിസിക്സ് ഡിഗ്രിക്ക് ചേരാൻ ഗായത്രിയെ പ്രേരിപ്പിച്ചത്. പൈലറ്റാവുക എന്ന മോഹവുമായി നടക്കുന്നതു കൊണ്ട് ഡൽഹിയിലേക്കുള്ള യാത്രയിൽ പലതവണ ഫ്ളൈറ്റിൽ കയറാനും പൈലറ്റുകളുമായി സംസാരിക്കാനും സാധിച്ചിട്ടുണ്ട്. കോക്പിറ്റിലേക്കു നോക്കി അവർ ചെയ്യുന്നത് നോക്കി നിൽക്കാറുണ്ട്. പറ്റുമ്പോഴെല്ലാം ക്യാപ്റ്റൻമാരുമായി ഈ കാര്യങ്ങൾ ചോദിച്ചറിയാറുമുണ്ട്. ഒരിക്കൽ ഒരു സാധാരണ കുടുംബത്തിൽ നിന്നും വന്ന ഒരു ലേഡി പൈലറ്റിനെ കാണാനും അവരുടെ അനുഭവങ്ങൾ മനസ്സിലാക്കാനും സാധിച്ചു. ഡിഗ്രി കഴിഞ്ഞതിനു ശേഷം പൈലറ്റ് ആവുക എന്ന മോഹം കൂടുതൽ ആയി എങ്കിലും സാമ്പത്തികം പ്രശ്നം തന്നെ ആയിരുന്നു. ഇതിനിടയിൽ ജർമ്മനിയിൽ പോസ്റ്റ് ഗ്രാജുവേഷന് അപേക്ഷ കൊടുത്തിരുന്നു. അത് കിട്ടുകയും ചെയ്തു. ക്ലൈമറ്റ് ഫിസിക്സിൽ മാസ്റ്റേഴ്സിന് സ്ക്കോളർഷിപ്പോടെ ജർമനിയിൽ പഠിക്കാനുള്ള അവസരം ഒരു ഭാഗത്ത്, മറുവശത്ത് പൈലറ്റ് ആവാനുള്ള അതിയായ ആഗ്രഹം. അച്ഛനമ്മമാരുടെ മുഴുവൻ പിന്തുണയും ഉള്ളതുകൊണ്ട് സ്ക്കോളർഷിപ്പോടെയുള്ള മാസ്റ്റേഴ്സ് പഠനം ഉപേക്ഷിച്ച് പൈലറ്റ് പഠനം എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനായുള്ള ശ്രമം തുടങ്ങി. സ്ക്കോളർഷിപ്പോടെ ജർമ്മനിയിൽ പഠിക്കാൻ അവസരം കിട്ടിയത് ഉപേക്ഷിച്ച് തികച്ചും മറ്റൊരു ഫീൽഡിലേക്കു മാറുക എന്നത് വലിയൊരു വെല്ലുവിളി തന്നെയായിരുന്നു. അച്ഛനമ്മമാരുടെ പൂർണ പിന്തുണയുള്ളതുകൊണ്ട് മാത്രമാണ് ഇതിന് സാധിച്ചതെന്ന് ഗായത്രി പറയുന്നു. പിന്നീട് പൈലറ്റ് ആവുക എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിലേക്കുള്ള വഴികൾ തേടുകയായിരുന്നു. അതുവരെ മെറിറ്റോടു കൂടി പഠിച്ച ഗായത്രിക്ക് വലിയ തുക ഫീസ് കൊടുത്തു കൊണ്ടുള്ള പഠനം സ്വന്തം ഉത്തരവാദിത്തത്തിൽ തന്നെ വേണമെന്നുണ്ടായിരുന്നു. മുപ്പത്തെട്ടു ലക്ഷത്തോളം സ്റ്റുഡന്റ് ലോൺ എടുത്തു. കാനഡയിലാവുമ്പോൾ പഠിക്കുമ്പോൾ തന്നെ പാർട്ട് ടൈം ജോലി ചെയ്ത് ലോൺ തിരിച്ചടക്കണമെന്നും ഉണ്ടായിരുന്നു. വിവിധ ഫ്ളൈയിങ് ക്ലബ്ബുകളിലേക്ക് അപേക്ഷകൾ അയച്ചു. കാനഡയിലെ ഉൾപ്രദേശമായ റജൈന ഫ്ളൈയിങ് ക്ലബ്ബിൽ അഡ്മിഷൻ ലഭിച്ചു. കാനഡയിലേക്കു വിസ ലഭിക്കുക എന്നത് കുറച്ച് ബുദ്ധിമുട്ടുള്ളതാണ്. ആദ്യതവണ വിസ നിരസിച്ചെങ്കിലും പിന്നീട് കിട്ടി. ഈ സമയത്തിനുള്ളിൽ ഇന്ത്യയിലേക്ക് പൈലറ്റ് ലൈസൻസ് മാറ്റാനുള്ള ചില എഴുത്ത് പരീക്ഷകൾക്ക് വേണ്ടി സ്വയം തയ്യാറെടുക്കുകയും, ആ മൂന്നു പരീക്ഷകളും പാസാവുകയും ചെയ്തു. എയർ നാവിഗേഷൻ, എയർ മെറ്ററീയോളജി, എയർ റെഗുലേഷൻ എന്നിവയാണ് ആ പരീക്ഷകൾ. ഇപ്പോ ഇതിനൊക്കെ ലക്ഷങ്ങൾ ഫീസ് വാങ്ങി ഗ്രൗണ്ട് സ്ക്കൂൾ ക്ലാസുകൾ നടത്തുന്ന അക്കാദമികൾ ഉണ്ട്.

ഗായത്രിയുടെ അമ്മയുടെ അഫന്റെ മകൻ ശ്രീനാഥ് ഇൻഡിഗോ എയർലൈൻസിൽ ക്യാപ്റ്റനാണ്. അദ്ദേഹവും ഗായത്രിക്കുവേണ്ട നിർദ്ദേശങ്ങൾ വേണ്ട സമയ



ങ്ങളിൽ നൽകിയിരുന്നു. അച്ഛനമ്മമാരോടൊപ്പം തന്നെ ശ്രീനാഥിന്റെ ഉപദേശങ്ങൾ ഗായത്രി എന്ന പൈലറ്റിന് വലിയ പിന്തുണയായിരുന്നു. കനേഡിയൻ പൈലറ്റ് ലൈസൻസിന് വാല്യു കൂടുതലാണ്. 2023 ഏപ്രിലിലാണ് കാനഡയിൽ എത്തുന്നത്. സ്റ്റുഡന്റ് പൈലറ്റ് ലൈസൻസ് (SPL) ആണ് ആദ്യം കിട്ടേണ്ടത്. ഇതു കിട്ടിയതിനു ശേഷം മെയ് 5 ന് ആണ് ഇൻസ്ട്രക്ടറോടൊപ്പമുള്ള ആദ്യ പറക്കൽ. പകുതി പാക്കിസ്ഥാനിയും പകുതി ജപ്പാനീസുമായ റഹീം അഹമ്മദ് ആണ് ഗായത്രിയുടെ ഇൻസ്ട്രക്ടർ. ആദ്യ പറക്കലിൽ കുറച്ചു സമയം മാത്രമേ സ്വന്തമായി വിമാനം നിയന്ത്രിക്കാനുള്ള അവസരം ലഭിക്കുകയുള്ളൂ. സെസ്ന – 172 എന്ന ഫ്ളൈറ്റിലാണ് ആദ്യ യാത്ര. റഹീം അഹമ്മദ് എന്ന ഇൻസ്ട്രക്ടർ ഒരു പൈലറ്റ് എന്ന നിലയിലുള്ള ഗായത്രിയുടെ വളർച്ചയിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഫസ്റ്റ് സോളോ ട്രിപ്പ് ആണ് ഏതൊരു പൈലറ്റിന്റേയും ഏവിയേഷൻ കരിയറിലെ ഏറ്റവും പ്രധാന ദിവസം. ഇത് എല്ലാവരും ആഘോഷമാക്കുന്ന ഒരു ദിവസം കൂടിയാണ്. ഏറ്റവും പ്രധാനപ്പെട്ട നാഴികകല്ലുമാണ് ഈ ദിവസം. 2023 ജൂൺ ഇരുപത്തിരണ്ടിനായിരുന്നു ഗായത്രിയുടെ ആദ്യ സോളോ ട്രിപ്പ്. ഒരു പ്രത്യേക സർക്യൂട്ട് പാറ്റേണിൽ ടേക്ക് ഓഫ് ചെയ്ത് ലാൻഡ് ചെയ്യണം. ആദ്യ സോളോ എല്ലാവർക്കും വലിയ ടെൻഷൻ ആയിരിക്കും പക്ഷേ ഗായത്രി ചിരിച്ചു കൊണ്ട് വളരെ ആസ്വദിച്ച് നടത്തിയ യാത്ര ആയിരുന്നു ആദ്യ സ്വയം പറത്തൽ. പക്ഷേ അടുത്ത സോളോ ട്രിപ്പുകളിൽ ചെറിയ ടെൻഷനെല്ലാം ഉണ്ടായിരുന്നത്രെ. സോളോ ട്രിപ്പുകൾക്ക് ശേഷം പ്രൈവറ്റ് പൈലറ്റ് ലൈസൻസ് (PPL) ലഭിച്ചു. അടുത്തതായി വേണ്ടത് നൈറ്റ് റേറ്റിങ്ങ് ആണ്. രാത്രിയിലെ ആദ്യ പറക്കൽ ഇൻസ്ട്രക്ടറോടൊപ്പമായിരിക്കും. പിന്നീട് നൈറ്റ് സോളോക്ക് പോകും. രാത്രിയിൽ തന്നെ രണ്ട് മൂന്ന് എയർപോർട്ടുകൾ പറന്ന് ക്രോസ് കൺട്രീസ് പോണം. പിന്നീട് കമേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള (CPL) . തയ്യാറെടുപ്പുകളാണ്.ഈ പരിശീലനങ്ങൾക്കിടയിൽ ഗായത്രിക്ക് രണ്ടു മാസം ബ്രേക്ക് എടുക്കേണ്ടി വന്നു. ഇല്ലത്തെ മുത്തശ്ശൻ അസുഖബാധിതനാവുകയും മരിക്കുകയും ചെയ്തു. ഗായത്രിയെ പൈലറ്റായി കാണാനും തന്റെ വളർച്ചയിലെല്ലായ്പ്പോഴും ഒപ്പം നിൽക്കുകയും ചെയ്തിരുന്ന മുത്തശ്ശന്റെ വേർപാട് സൃഷ്ടിച്ച വേദന ഗായത്രിക്ക് വലുതായിരുന്നു. അങ്ങനെ രണ്ടു മാസത്തെ ബ്രേക്കിനു ശേഷം വീണ്ടും കാനഡയിലേക്ക് പറന്നു. പിന്നീട് കമ്മേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള തയ്യാറെടുപ്പുകൾ ആയിരുന്നു. ഇതിന് വേണ്ട പരിശീലനങ്ങൾ നേടി. നൈറ്റ് റേറ്റിങ്ങും ക്രോസ് കൺട്രീസുമെല്ലാം നിശ്ചിത മണിക്കൂറുകൾ പൂർത്തിയാക്കി യതിനു ശേഷം CPL കമേഴ്സ്യൽ പൈലറ്റ് ലൈസൻസും ലഭിച്ചു. കാനഡയിലെ പൈലറ്റ് ലൈസൻസിന് വാല്യു കൂടുതലുള്ളതുകൊണ്ടും, പാർട്ട് ടൈം ജോലി ചെയ്ത് സ്റ്റുഡന്റ് ലോൺ തിരിച്ചടക്കാമെന്നുള്ളതു കൊണ്ടുമാണ് പഠനത്തിനായി ഗായത്രി കാനഡ തിരഞ്ഞെടുത്തത്. കാനഡയിലെ തന്നെ ഒരു ഗ്രാമീണ മേഖലയാണ് റജൈന. ഇവിടെ ജനസംഖ്യയും വളരെ കുറവാണ്. മൈനസ് അമ്പത് ഡിഗ്രി വരെ ചില സമയങ്ങളിൽ തണുപ്പ് അനുഭവപ്പെടാറുണ്ടത്രെ. അവിടെ ഭക്ഷണം സ്വയം പാകം ചെയ്തു കഴിച്ചിരുന്നെങ്കിലും ചില അവശ്യ വസ്തുക്കളിൽ ചിലതെല്ലാം ലഭിച്ചിരുന്നില്ല സുഹൃത്തുക്കളും കുറവായിരുന്നു. സംസാരഭാഷ ഇംഗ്ലീഷ് ആയതു കൊണ്ട് ആശയവിനിമയത്തിന് വലിയ ബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല. പൈലറ്റ് ആവുക എന്ന തന്റെ സ്വപ്നത്തിന് മുന്നിൽ ഈ പ്രതികൂല സാഹചര്യങ്ങളൊന്നും പ്രശ്നമായിരുന്നില്ല. കൂടാതെ പാർട്ട് ടൈം ജോലി ചെയ്ത് പഠനത്തിനെടുത്ത സ്റ്റുഡന്റ് ലോൺ തിരിച്ചടക്കുകയും ചെയ്തിരുന്നു കമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കിട്ടിയ ഗായത്രിക്ക് ഫ്ളൈറ്റ് ഇൻസ്ട്രക്ടറായി ഫ്ളൈയിങ്ങ് ക്ലബിൽ ജോലി അന്വേഷിച്ചു തുടങ്ങി, കാരണം പരിശീലന പറക്കലിനോടൊപ്പം ആവശ്യമുള്ള ഫ്ളൈയിങ്ങ് മണിക്കൂറുകൾ കിട്ടാനും ഇതുകൊണ്ട് സാധിക്കുന്നു. ഗായത്രി പഠിച്ച റജൈന ഫ്ളൈയിങ്ങ് ക്ലബ്ബിൽ തന്നെ ജോലിക്ക് അപേക്ഷിച്ചു. അവിടെ തന്നെ ഇൻസ്ട്രക്ടറായി തുടരാനുള്ള അനുമതിയും കിട്ടി. ഇതിനിടയ്ക്ക് സമയം ഉള്ളതുകൊണ്ട് നാട്ടിൽ വന്ന് എല്ലാവരെയും കണ്ട് തിരിച്ച് മെയ് ഇരുപത്തിനാലിന് കാനഡയിലേക്ക് പറന്നു. തികച്ചുംഒരു ഈശ്വരവിശ്വാസിയായ ഗായത്രി തന്റെ കഠിനപ്രയത്നവും, മാതാപിതാക്കളുടേയും ബന്ധുക്കളുടേയും ഗുരുക്കന്മാരുടേയും സുഹൃത്തുക്കളുടേയും പ്രാർത്ഥനകളും അനുഗ്രഹവുമാണ് തന്റെ മോഹസാക്ഷാത്ക്കാരത്തിന് പിന്നിലെന്ന് ഉറച്ചു വിശ്വസിക്കുന്നു.

●

ഗായത്രി, ഗായത്രി (H), പെരുമ്പടപ്പ് മന,
ചൂരിയോട്, തച്ചമ്പാറ (Po), മണ്ണാർക്കാട്, 678593,
Ph +917907181218, +919846963271
ശ്രീജ പട്ടലൂർ, Ph 9946188670



അറിയേണ്ട നമ്പൂതിരി/സതീഷ്

# അന്തരീക്ഷം 'ശുദ്ധ'മാക്കാൻ നമ്പൂതിരി, അൽഗോരിതവുമായി 'സഹധർമ്മിണി'

**സ്വസ്തി ന്യൂസ് ബ്യൂറോ**

അയർലന്റിലുള്ള ഐറിഷ് അറ്റ്മോസ്ഫിയർ സ്റ്റിമുലേഷൻ സെന്റർ യൂറോപ്പിലെ ഏറ്റവും വലിയ ഇൻഡോർ റിസർച്ച് ചേമ്പർ ആണ്. അന്തരീക്ഷത്തിലെ വിഷവാതകങ്ങളെ കണ്ടെത്തി, എത്രയുണ്ടെന്ന് കണക്കാക്കി അവ നിർവ്വീര്യമാക്കാനുള്ള ഗവേഷണങ്ങളാണ് ഇവിടെ നടക്കുക. ഇതിന്റെ നിർമ്മാണത്തിൽ പ്രധാന പങ്കു വഹിച്ച ഒരു നമ്പൂതിരി യുവാവുണ്ട്. കോഴിക്കോട് മണാശ്ശേരി പൊറ്റശ്ശേരി മേലേടത്ത് ഇല്ലം സതീഷ് ചന്ദ്രൻ.

ഭൗതികശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം.പിന്നെ ഗേറ്റും നെറ്റും. മിനിസ്ട്രി ഓഫ് എഡ്യുക്കേഷൻ നൽകുന്ന ഫെലോഷിപ്പോടെ കോഴിക്കോട് എൻ ഐ ടി യിൽ പി.എച് ഡി . ഗവേഷണ വിഷയം

അന്തരീക്ഷത്തിലെ വിഷവാതകങ്ങളെ കണ്ടുപിടിക്കാനും മോനിറ്റർ ചെയ്യാനുമുള്ള രീതികളും ഉപകരണങ്ങളും. ഈ രംഗത്തെ വിദഗ്ധൻ ഡോക്ടർ എംകെ രവിവർമ്മയുടെ കീഴിലായിരുന്നു ഗവേഷണം.

പി എച്ച് ഡി പഠന കാലത്തു തന്നെ സതീഷിന് നാഷനൽ യൂനിവേഴ്സിറ്റി ഓഫ് അയർലണ്ടിലേക്ക് ഒരു ക്ഷണം ലഭിച്ചു. പ്രശസ്തനായ പ്രഫസർ റൂത്ത് ആയിരുന്നു യൂനിവേഴ്സിറ്റിയിലെ ഫിസിക്സ് തലവൻ. അന്തരീക്ഷത്തെ പഠിക്കാൻ ബ്രോഡ്ബാൻഡ് കാവിറ്റി എൻഹാൻസ്ഡ് സ്പെക്ട്രോസ്കോപ്പി എന്ന നൂതനമായ സാങ്കേതിക വിദ്യ കണ്ടു പിടിച്ചത് പ്രെഫസർ റൂത്ത് ആയിരുന്നു.

പി എച്ച് ഡി പഠന കാലത്തു തന്നെ സതീഷിന് നാഷനൽ യൂനിവേഴ്സിറ്റി ഓഫ് അയർലണ്ടിലേക്ക് ഒരു ക്ഷണം ലഭിച്ചു. പ്രശസ്തനായ പ്രഫസർ റൂത്ത് ആയിരുന്നു യൂനിവേഴ്സിറ്റിയിലെ ഫിസിക്സ് തലവൻ.

ഓപ്റ്റിക്കൽ കാവിറ്റി ഉപയോഗിച്ചുള്ള ഉപകരണങ്ങളുടെ നിർമ്മാണത്തിൽ വൈദഗ്ധ്യം നേടാൻ സതീഷ് ചന്ദ്രന് കഴിഞ്ഞു.

2015 ൽ പ്രൊഫസർ റൂത്ത് തന്റെ കീഴിലുള്ള യുവ ഗവേഷകനായ സതീഷിന് സയൻസ് ഫൗണ്ടേഷൻ അയർലണ്ടിന്റെ ഗവേഷണ ഫെല്ലോഷിപ്പോടെ ഒരു കൊല്ലത്തെ പ്രോജക്റ്റ് ഓഫർ ചെയ്തു. ഓപ്ടിക്കൽ വാർത്താവിനിമയത്തിനുള്ള ഒരു ഫ്രീക്വൻസി കോംബ് ലേസർ ഉപയോഗിച്ച് അന്തരീക്ഷത്തിലെ വിഷവാതകങ്ങൾ അളക്കുക ആയിരുന്നു ആ പ്രൊജക്റ്റ്.

വിശ്രമമില്ലാത്ത ദിവസങ്ങൾ. നല്ല റിസർച്ച്



പ്രപോസലുകൾക്ക് ആവശ്യമായ ഫണ്ടിംഗ്. ഗവേഷണഫലങ്ങൾ അപ്ളൈ ചെയ്ത് പ്രൊഡക്റ്റുകൾ നിർമ്മിക്കാൻ ഇൻഡസ്ട്രിയുടെ സഹായം. പ്രബന്ധങ്ങൾക്കൊപ്പം പ്രൊഡക്റ്റുകൾക്ക് പ്രാധാന്യം നൽകുന്ന വിദേശരീതികൾ സതീഷിലെ ശാസ്ത്രജ്ഞനെ പുതുക്കിപ്പണിതു.

ഇതിനിടയിൽ (2016) സതീഷിന്റെ വേളി.കാസർഗോഡ് ചെറുവത്തൂർ പുത്തിലോട് അണലക്കാട്ട് ഇല്ലത്ത് സന്ധ്യാറാണിയാണ് വധു

പഠിത്തത്തിൽ മിടുക്കി. പടന്നക്കാട് നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളജ് നിന്നും പോളിമർ കെമിസ്ട്രിയിൽ ഒന്നാം റാങ്കോടെ ബിരുദം. എറണാകുളം മഹാരാജാസ് കോളെജിൽ നിന്ന് ഫാർമസ്യൂട്ടിക്കൽ കെമിസ് ട്രി എം എസ് സിക്ക് മൂന്നാം റാങ്ക്. സന്ധ്യയെ

ജീവിത പങ്കാളി ആയി സ്വീകരിക്കാൻ സതീഷിന് വലിയ ഗവേഷണമൊന്നും വേണ്ടി വന്നില്ല.

ബാംഗ്ളൂരിലെ ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ ക്വാളിറ്റി കൺട്രോൾ ഓഫീസർ ആയിരുന്നു സന്ധ്യ.

2016 ഏപ്രിലിൽ വിവാഹം കഴിഞ്ഞു.സതീഷിന്റെ പി എച്ച് ഡി ഓപ്പൺ ഡിഫൻസിന് കുറച്ചു ദിവസങ്ങളേ ഉള്ളൂ. രണ്ടു മാസത്തിനുള്ളിൽ ഫണ്ടിംഗോടെ നടത്തുന്ന ലേസർ കോംമ്പ് പ്രൊജക്റ്റും മുഴുവനാക്കണം.

മധുവിധുവൊക്കെ മറന്ന് സതീഷിനോപ്പം അയർലണ്ടിലേക്ക് പറക്കാൻ സന്ധ്യ ഒട്ടും മടിച്ചില്ല. കൂടുതൽ പലതും തനിക്കും ചെയ്യാനുണ്ടെന്ന ആത്മവിശ്വാസം അവളെ നയിച്ചു.

ഓപ്പൺ ഡിഫൻസ് വിജയിച്ച് സതീഷ് ചന്ദ്രൻ പി എച്ച് ഡി നേടി. ഡോക്ടർ ആയ ശേഷം അന്തരീക്ഷത്തിൽ വിഷവാതകങ്ങൾ അളക്കാൻ ലേസർ കോമ്പ് ഉപയോഗിക്കുന്ന പ്രൊജക്റ്റും കംപ്ലീറ്റ് ചെയ്തു.

ഒരു ബ്രേക്കെടുത്ത് കുടുംബസമേതം നാട്ടിലെത്തിയ ഡോക്ടർ സതീഷ് ചന്ദ്രൻ ഒട്ടും വിശ്രമിച്ചില്ല. പുത്തനറിവുകൾ പ്രയോഗത്തിൽ വരുത്താൻ സതീഷ് എന്റർപ്രൈനർ ആയി.



## ‘ഒരാൾക്കു മറ്റാൾ തുണ’യായി

സന്ധ്യാറാണി 2024 ജനുവരിയിൽ തന്റെ റിസർച്ച് തിസീസ് സമർപ്പിച്ചു. പി എച്ച് ഡി നേടിയ ശേഷം ഡോക്ടർ സന്ധ്യാറാണി യൂറോഫിൻസ് എന്ന കമ്പനിയിൽ മെത്തേഡ് ഡവലപ്മെന്റ് ആന്റ് വാലിഡേഷൻ സ്പെഷലിസ്റ്റ് ആയി ജോയിൻ ചെയ്തു. ഒപ്പം പല ശാസ്ത്ര പഠനങ്ങൾക്കും ആവശ്യമായ അൽഗോരിതങ്ങൾ രൂപപ്പെടുത്തുന്ന ബിസിനസ് എന്റർപ്രൈനറുമാണ് ഡോക്ടർ.

തന്റെ പി.എച് ഡി ഗൈഡായ ഡോ: രവിവർമ്മയുടെ കൂടെ. കോഴിക്കോട് എൻ ഐ ടി കേന്ദ്രീകരിച്ച് ഒപ്ടിൻഡ് സൊല്യൂഷൻസ് പ്രൈ : ലിമിറ്റഡ് എന്ന സ്റ്റാർട്ട്അപ്പ് കമ്പനി പ്രവർത്തനം തുടങ്ങി.

അന്തരിക്ഷത്തിന്റെ പ്യൂരിറ്റി - ശുദ്ധത - അളക്കുന്ന ഒപ്റ്റിക്കൽ ഉപകരണങ്ങൾ ഒപ്റ്റിൻഡ് നിർമ്മിച്ചു. അത് പോലെ ഈ ഉപകരണങ്ങളിൽ നിന്ന് കിട്ടുന്ന ഡാറ്റ അനാലിസിസിനുള്ള അൽഗോരിതങ്ങളും കമ്പനി രൂപപ്പെടുത്തി. വിദേശത്തു നിന്നും ഓർഡറുകൾ ധാരാളം.

ചൈനയിലെയും ഇസ്റായേലിലേയും കാനഡയിലെയും ഗവേഷകർക്ക് വേണ്ടി ഒപ്ടിൻഡ് ഇൻസ്ട്രമെന്റുകളും അൽഗോരിതവും നിർമ്മിച്ചു.

2018 ൽ സതീഷിന് അയർലണ്ടി ൽ നിന്നും പോസ്റ്റ് ഡോക്ടറൽ പഠനത്തിന് ക്ഷണം ലഭിച്ചു. പഴയ പ്രൊജക്റ്റിന്റെ തുടർച്ചയായി എന്റർപ്രൈസ് ഓഫ് അയർലണ്ട് ഫണ്ട് ചെയ്യുന്ന പ്രൊജക്റ്റ്.ഡോക്ടർ രവിവർമ്മ സാർ നാട്ടിൽ ഉള്ളതിനാൽ ഒപ്റ്റിൻസിന്റെ വർക്കുകൾ മുടങ്ങിയില്ല.

വീണ്ടും അയർലന്റിലേക്ക്. സതീഷിന് പോസ്റ്റ്



ഡോക് പഠനം. സന്ധ്യ ഒരു സ്റ്റാർട്ടപ് കമ്പനിയിൽ ജോലിക്ക് കയറി.

ജോലിയും പഠനവും ഒന്നിച്ച് കൊണ്ടു പോവാൻ ആഗ്രഹിക്കുന്നവർക്കായി ഐറിഷ് റിസർച്ച് കൌൺസിൽ എംപ്ലോയ്മെന്റ് ബേസ്ഡ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ജാതിയോ മതമോ സാമ്പത്തിക സ്ഥിതിയോ പൗരത്വമോ അല്ല മറിച്ച് കഴിവാണ് പരിശോധിക്കപ്പെടുന്നത്. സംവരണം മെരിറ്റിന് മാത്രം. സന്ധ്യാറാണി സ്കോളർഷിപ്പ് കരസ്ഥമാക്കി. അതുപയോഗിച്ച് യൂനിവേഴ്സിറ്റി കോളേജ്, കോർക്ക് അയർലണ്ടിലെ രസതന്ത്ര വിഭാഗത്തിൽ പി എച് ഡിക്ക് രജിസ്റ്റർ ചെയ്തു. സതീഷിന്റെ കമ്പനിയിൽ നടക്കുന്ന ഗവേഷണ പ്രൊജക്റ്റിന്റെ ഒരു ഭാഗം ആയിരുന്നു സന്ധ്യയുടെ ഗവേഷണ വിഷയം. ഡോക്ടർ സതീഷ് ചന്ദ്രൻ (ഇൻ സ്പിരിറ്റ് ) ഭാര്യയുടെ റിസർച്ച് ഗൈഡ് ആയി.

ഡോക്ടർ സതീഷ് ഒറ്റയ്ക്കും കൂട്ടായും ഏറ്റെടുത്ത് പൂർത്തിയാക്കിയ ഫണ്ടഡ് പ്രൊജക്ടുകളിൽ പ്രധാനപ്പെട്ടതാണ് ഫീച്ചറിന്റെ തുടക്കത്തിൽ സൂചിപ്പിച്ച ഐറിഷ് അറ്റ്മോസ്ഫിയർ ഡിമുലേഷൻ ചേമ്പറിന്റെ നിർമ്മാണം.

അറിവുകൾക്ക് അവസാനമില്ല. അറിയാനുള്ള യാത്രകളും തുടരും

●

സതീഷ്
മേലേടം ഇല്ലം, പൊറ്റശ്ശേരി
മണാശ്ശേരി പി.ഒ., കോഴിക്കോട്-673602
ഫോൺ- 9037379954

ഡോക്ടർ സതീഷ് ചന്ദ്രൻ - ഡോക്ടർ സന്ധ്യാറാണി

കോഴിക്കോട് പൊറ്റശ്ശേരി മേലേടത്ത് പരേതനായ രാമചന്ദ്രൻ നമ്പൂതിരി - സതീദേവി അന്തർജനത്തിന്റെയും മകൻ. ശാസ്ത്രജ്ഞൻ, ഒപ്റ്റിൻഡ് സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ എന്റർപ്രൈനർ.

ഭാര്യ സന്ധ്യാറാണി. കാസർഗോഡ് പുത്തിലോട്ട് അണലക്കാട് പരേതനായ നാരായണൻ നമ്പൂതിരിയുടെയും പെരുന്തിട്ട വടക്കേ നീലമന അദിതി അന്തർജനത്തിന്റെയും മകൾ.

അയർലന്റിലെ യൂറോ ഫിൻസ് കമ്പനിയിൽ മെത്തേഡ് ഡവലപ്മെന്റ് & വാലിഡേഷൻ സ്പെഷ്യലിസ്റ്റ്.

ഗവേഷക ദമ്പതികൾക്ക് 2024 ഒക്ടോബറിൽ ഒരുണ്ണി പിറന്നു. വേദവ്യാസ് രാമചന്ദ്രൻ

**കവിത**



**മ്യാല്പാഴൂർ വിഷ്ണു നമ്പൂതിരിപ്പാട്**
+91 94469 43525

# ദശപുഷ്പമാഹാത്മ്യം

മാമലമങ്കയാൾ കൈലാസനാഥനാം
ശംഭുവിൻ ജന്മനാൾ സ്നാനശേഷം
ശുഭ്രവസ്ത്രങ്ങളണിഞ്ഞു ശുഭേച്ഛുവായ്
നേത്രമെഴുതി കുറിയണിഞ്ഞു

മങ്കമാർ തന്നുടെ മാംഗല്യപൂജയ്ക്കു
ഭദ്രദീപങ്ങൾ കൊളുത്തി വെച്ചു
ദശപുഷ്പമാലയെടുത്തു കരതാരിൽ
ഭക്തിപുരസ്സരം ചൂടീടുമ്പോൾ

തന്നുടെ പ്രാണന്റെ നാഥനാം ഗൗരീശൻ
പുഞ്ചിരിയോടേ മൊഴിഞ്ഞീവണ്ണം
ആര്യേ, മമ പ്രാണപ്രേയസീ കേട്ടാലും
ദശപുഷ്പമാഹാത്മ്യവൈഭവങ്ങൾ

ഒന്നാമതായി നിലത്തു പടരുന്ന
തൃണമൊത്ത സസ്യത്തെക്കണ്ടു കൊൾക
എന്നു പറഞ്ഞു കൃഷ്ണക്രാന്തി തന്നുടെ
കൊമ്പൊന്നു കാട്ടീ മഹേശ്വരനും

സംസ്കൃത ഭാഷയിൽ 'ഹരിക്രാന്തിജ'മെന്നു -
മല്ലെങ്കിൽ 'വിഷ്ണു ദയിത'മെന്നും
പേർ ചൊല്ലീടുന്നിതു മാലോകരീ ചെറു-
പൂഷ്പസസ്യത്തെ ധരിച്ചീടുവിൻ

ബുദ്ധിമാന്ദ്യമോർമ്മയില്ലായ്മയെന്നിവ -
യീസസ്യനീരിൽ ഘൃതം കലർത്തി
സേവിച്ചാൽ മാറിടും കൂടാതെ മസ്തിഷ്ക
ന്യൂനതയെല്ലാം പരിഹൃതമാം

ഈ സസ്യം തന്നുടെ ദേവത കൃഷ്ണനാം
പ്രാർത്ഥിച്ചാൽ വൈഷ്ണവപാദം പൂകാം
നെൽപ്പന തന്നുടെ തുണ്ടൊന്നു കാട്ടീട്ടു
നൽ പുഞ്ചിരിയോടേ ചൊന്നാൻ ശിവൻ

'അലമുലി', 'താലപത്രിക'യീ പേരുകൾ
സംസ്കൃത ഭാഷയിൽ ചൊല്ലീടുന്നു
ഈ സസ്യമൂലമുണക്കിപ്പൊടിച്ചുടൻ
തേനോ ക്ഷീരം താനോ ചേർത്തശിച്ചാൽ

സ്ത്രീ പുരുഷന്മാർക്കു ലൈംഗികരോഗങ്ങ-
ളൊട്ടൊക്കെ മാറും, കമാല മാറും
ഈ സസ്യദേവത ഭൂമിയാം ദേവി,യീ
സസ്യത്തെ നന്നായുപാസിച്ചീടിൽ

ദേവി പ്രസാദിച്ചു നല്കുമവനെന്നും
കാര്യവിവേകവിചാരാദികൾ
തിരുതാളിയെന്നൊരു വള്ളിച്ചെടി കാട്ടി-
യിന്ദുചൂഡൻ പ്രിയതന്നോടോതി

'ലക്ഷ്മണ'യെന്ന പേർ സംസ്കൃത ഭാഷയി-
ലീ നല്ലൊരൗഷധസസ്യത്തിന്
ഈ ഔഷധം നല്ലവണ്ണമരച്ചുടൻ
പാലിൽ കലക്കിക്കാച്ചിക്കുടിച്ചാൽ

വന്ധ്യത മാറീടും സന്താന സൗഭാഗ്യം
വന്നീടുമെന്നു പറഞ്ഞീടുന്നു
ശ്രീദേവി ദേവത ഐശ്വര്യം സിദ്ധിയ്ക്കും
ഭക്തിയോടെന്നുമുപാസിച്ചീടിൽ

ബലികൾക്കു പുഷ്പമായേറെസ്സുലഭമാം
ബലിപുഷ്പമായ ചെറൂള കാൺക
എന്നു മൊഴിഞ്ഞു യമാരിയാം ദേവനും
കാണിച്ചു തുണ്ടു ചെറൂളയുടെ

ചൊല്ലിനാൻ ലോകേശൻ 'ഭദ്രിക'യെന്നല്ലോ
സംസ്കൃത ഭാഷയിൽ സസ്യനാമം
'ഗോരക്ഷണഗംജാ'യെന്നു വിളിയ്ക്കുന്നു
പാണ്ഡിത്യമുള്ളവരീ സസ്യത്തെ

ഈ സസ്യം ചേർത്തുള്ള പാൽക്കഷായം വെച്ചു
ഗർഭിണിസ്ത്രീകൾ കഴിച്ചീടുന്നു
'മൂത്രാശ്മരി' ശാന്തിയ്ക്കുമീ നല്ല
സസ്യത്തെയൗഷധമായശിപ്പൂ

യമധർമ്മദേവനാണീ പുഷ്പദേവത
ആയുസ്സുപാസന തൻ ഫലം താൻ.
വീടിന്റെ മുറ്റത്തു കാണും തൃണമായൊ-
രുത്തമസസ്യമാം കറുകയത്രേ

വിഘ്നേശനേറ്റം പ്രിയപ്പെട്ടതാമിതു
ഭക്തന്മാർ ബിംബത്തിൽ ചാർത്തീടുന്നു
കറുകത്തലപ്പൊന്നു കാട്ടീട്ടു ശങ്കരൻ
പ്രിയയോടായോതിനാൻ പ്രേമമോടെ

സംസ്കൃതഭാഷയിൽ കറുക തൻ പേരല്ലോ
'ശരിപർവ്വിക', 'ഭാർഗ്ഗവി'യെന്നെല്ലാം
കറുകയരച്ച പാൽ കാച്ചി കെട്ടീടുകിൽ
രക്തസ്രാവം നില്ക്കും മുറിവിൽ നിന്ന്

മാനസികരോഗമുള്ളവരെന്നെന്നും
കറുകനീർ ശീലിയ്ക്ക നല്ലതത്രേ!
അർക്കനീ സസ്യത്തിൻ ദേവതയോർക്കേണ-
മാധിയും വ്യാധിയും നീങ്ങുമത്രേ!

ഭക്തിയോടെന്നുമുപാസന ചെയ്തീടി-
ലാദിത്യദേവപ്രസാദം മൂലം
കഞ്ഞുണ്ണി കാട്ടീട്ടു ചൊന്നാൻ വൃഷദ്ധ്വജൻ
സുന്ദരിയാകും ഗിരിജയോട്

ഭൃംഗരാജയെന്നു ചൊല്ലുമീ സസ്യത്തെ
കേശം വളർത്തുന്നൊരെണ്ണ കാച്ചാൻ
മാലോകരെല്ലാരും ദിവ്യൗഷധമായി
പാരാകെ നിത്യമുപയോഗിപ്പൂ

കഞ്ഞുണ്ണി തന്നുടെ ദേവത ഞാൻ തന്നെ
നാശം വരും പഞ്ചപാതകങ്ങൾ
കൃത്യമായ് നേരായുപാസന ചെയ്തീടിൽ
ദിവ്യമാമീ ചെറുസസ്യം തന്നെ.

പൂവ്വാംകുറുന്തലിൻ പുണ്യമാം പേരല്ലോ
'ഉത്തമകന്യാപത്രം' ധരിപ്പിൻ
ദാരിദ്ര്യനാശത്തിനായിട്ടു മാലോകർ
നിത്യമിതു തന്നെ ചൂടീടുന്നു.

ഉത്തമസസ്യമാമീയൗഷധം തന്നെ
വെള്ളത്തിൽ വെന്തു കഷായം വെച്ച്
രാവിലെയും വൈകുന്നേരവും സേവിച്ചാൽ
പനിയെല്ലാം വേഗം പറപറക്കും

നേത്രരോഗങ്ങൾക്കുമേറെ ഫലപ്രദ-
മീസസ്യം ചന്ദനക്ഷീരയോഗം
ദേവത ബ്രഹ്മാവും ദാരിദ്ര്യനാശനം
പൂവ്വാംകുറുന്തലിൻ മാഹാത്മ്യം താൻ.

ശാസ്ത്രത്തിൽ 'ചിത്രപചിത്ര'യെന്നോതുന്നു
ദശപുഷ്പസസ്യം മുയൽച്ചെവി പോൽ
ഈ സസ്യനീരു നയനരോഗങ്ങൾക്ക്
ഉത്തമമായ മരുന്നറിക

മോരിലരച്ചുകലക്കിക്കുടിച്ചീടിൽ
രക്താരിശസ്സു ശമിയ്ക്കും വേഗം
സൗന്ദര്യം വർദ്ധിയ്ക്കാനീ സസ്യം ഹേതുവാം
നന്നായിതിനെയുപാസിച്ചീടിൽ

കാമദേവനാണീ സസ്യത്തിൻ ദേവത
കാമനെ വെല്ലാമുപാസിച്ചീടിൽ.
മുക്കൂറ്റി കാട്ടീട്ടു ചൊന്നാൻ മഹേശ്വരൻ
ദേവിയാം പാർവ്വതി തന്നോടായി

സംസ്കൃത ഭാഷയിൽ മുക്കുറ്റി തന്നുടെ
പേ'രലംപുഷ്പ', 'കൃതാഞ്ജല'കൾ
ദിവ്യൗഷധമായ മുക്കുറ്റി തന്നില
ശർക്കര ചേർത്തു കഴിച്ചീടുകിൽ

ശുദ്ധമായീടും പ്രസവത്തിൻ ശേഷമായ്
ഗർഭപാത്രമെന്നറിഞ്ഞു കൊൾക
മോരിലിതിന്നില ചേർത്തു കഴിച്ചീടിൽ
മാറും വയറിന്നിളക്കമെല്ലാം

മുക്കുറ്റിച്ചാന്തിനാൽ പൊട്ടുകുത്തീടുകിൽ
സ്ത്രീകൾതൻ രക്തദൂഷ്യം ശമിയ്ക്കും
ദേവത പാർവ്വതി, നന്നായുപാസിച്ചാൽ
കൈവരും ഭർതൃപുത്രസുഖങ്ങൾ.

വള്ളിച്ചെടിയാമുഴിഞ്ഞ കാണിച്ചിട്ടു
വള്ളീമണാളപിതാവിതോതി
സംസ്കൃത ഗ്രന്ഥത്തിലോതുന്നിതിൻ നാമം
'ചക്രലത' 'ഇന്ദ്രവല്ലി' കേൾക്ക.

ഈ വള്ളിസസ്യത്തിലുള്ള പദാർത്ഥങ്ങ-
ളുത്തേജകവസ്തുവെന്നറിക
കയ്പു നിറഞ്ഞേകവസ്തുവുമെണ്ണയും
ഔഷധമേന്മയിതിന്നേകുന്നു.

ഈ സസ്യം വെള്ളത്തിലിട്ടു ഞവിടീട്ടു
തീർത്തോരു പാനി ശിരസ്സിൽ പാർന്നാൽ
ശുദ്ധമായീടും മുടിയതു മൂലമായ്
കേശത്തിനേറീടും സൗന്ദര്യവും

എണ്ണ കാച്ചീടുവാനേറെ വിശേഷമാം
സൗഖ്യ പ്രസവത്തിനത്യുത്തമം.
ഈ സസ്യദേവത യമദേവനാകുന്നു
ഇഷ്ടങ്ങൾ നേടാമുപാസനയാൽ

ദശപുഷ്പജാലങ്ങൾ ചേർത്തു നിർമ്മിച്ചോരു
ഹാരം ശിരസ്സിൽ പുലർവേളയിൽ
സ്നാനത്തിൻ ശേഷമായ് ചൂടുന്നവർക്കെന്നു-
മായുരാരോഗ്യവും ശ്രീയുമുണ്ടാം

ഇത്ഥം പറഞ്ഞു മറഞ്ഞു മഹേശനും
പാർവ്വതി തോഷേണ മാല ചൂടി
ദശപുഷ്പമാഹാത്മ്യമേവം ധരിയ്ക്കേണം
മാലോകരെല്ലാം വിരാമസ്താവൽ.


30
YEARS OF EXCELLENCE
IIRF
IIRF TOP BUSINESS SCHOOLS RANKING
GIM
Guruvayurappan Institute of Management
and Research Centre
APPROVED BY AICTE & AFFILIATED TO BHARATHIAR UNIVERSITY
MBA ADMISSIONS
OPEN
TOP PLACEMENTS | INDUSTRY MENTORS | TOP IIRF RANKING
NEW
GIM
AYURVEDIC HOSPITAL MANAGEMENT COURSE
THE ARYA VAIDYA PHARMACY (COIMBATORE) LTD
AVP
INTERNSHIP & VALUE ADDED COURSESIN MANAGEMENT
Healthcare
Guruvayurappan Institute of Management
MBA IN
HEALTHCARE MANAGEMENT
ALSO EARN
VALUE ADDED COURSE FOR MBA PROFESSIONALS
Earn a Prestigious Certification from a Leading Hospital Chain *
About Our Program
Course Highlights
Placement Opportunities
Placement opportunities available after course completion
Certification Course with two Month Real-Life Hospital Immersion
MERITS
Actual COURSE DURATION
FOR GIM MBA STUDENTS
JOB ORIENTATION
*Terms and Conditions apply
ADMISSIONS STARTED
Data Analytics
Guruvayurappan Institute of Management
MBA In Systems
Value Added Course
Data Analytics
Predictive Modeling
Data Visualization
Contact Us
Job Ready Courses
Our Phone
Our Website
www.gimat.org
Logistics
Guruvayurappan Institute of Management
and Research Centre
MBA IN
LOGISTICS MANAGEMENT
HANDS-ON EXPERIENTIAL LEARNING IN MODERN LOGISTICS TECHNIQUES AFFILIATED WITH INTERNATIONALLY RENOWNED LOGISTICS ORGANIZATIONS
GLOBALLY RECOGNIZED CERTIFICATION
WHY CHOOSE US?
Hands-on Training by Industry Experts Global Career Opportunities in Ports, Air Cargo, and International Logistics
Artificial Intelligence & Machine Learning
Skills for a life long career
Navakkarai PO, Coimbatore, Tamil Nadu
+91 94439 30896 | 94439 02985 | 9443930894
gimat.org
gimatmba
gimatmba
Board Of Management
DR. U. C. G. NAMBOOTHIRI
CHAIRMAN, SGECT
MR. K. M. SANKARANARAYANAN NAMBOOTHIRI
VICE CHAIRMAN, SGECT
MR. M. K. KRISHNAN NAMBOODIRIPAD
SECRETARY, SGECT
DR. N. MAHESWARAN BHATTATHIRIPAD
TREASURER, SGECT

# താമരക്കുളം ദിവാകരൻ നമ്പൂതിരി





**ഡോ: കേശവൻ, ഡോ: തുളസി,
മീര ദിവാകരൻ, ഡോ:ദേവി പ്രിയ,
വിഷ്ണുപ്രസാദ്, ധ്രുവ് ദിവാകരൻ,
നിവേദ് വിഷ്ണു**

# 75 പിറന്നാൾ ആശംസകൾ



## ടി.വി.ശ്രീധരൻ നമ്പൂതിരി

**2025 മെയ് 4**

**കാർത്തിക കല്യാണമണ്ഡപം, മുക്കം, കോഴിക്കോട്**

*ആശംസകളോടെ,* **മാധവി, ദിനേഷ്, ഗീത, ധന്യ, രാജ്കുമാർ**



ഭാര്യ മാധവിയോടൊപ്പം



മകൻ ദിനേഷ് വിഷ്ണു, പേരക്കുട്ടി ശ്രീധർ ഡി. താമരക്കുളം, മരുമകൾ ഗീത



പേരക്കുട്ടികൾ ഹൃഷീകേശ്, ഹൃതിക, മകൾ ധന്യ സാവിത്രി, മരുമകൻ രാജ്കുമാർ



സന്താനഗോപാലം കഥകളിയിൽ നിന്ന്

# ഷഷ്ടിപൂർത്തി ആശംസകൾ

2025 മാർച്ച് 9 ന് ഷഷ്ടിപൂർത്തി
ആഘോഷിച്ച ഒഴുകിൽ തട്ടയൂർ ഇല്ലത്ത്
**ഉണ്ണി നാരായണൻ നമ്പൂതിരി**

*ആശംസകളോടെ*
ഭാര്യ പവിത്രമണി അന്തർജനം
(ബ്ളാത്തൂർ മല്ലിശ്ശേരി ഇല്ലം),
മകൾ അശ്വതി.



## പിറന്നാൾ ആശംസകൾ



മെയ് 29 ന് ഒന്നാം പിറന്നാൾ ആഘോഷിക്കുന്ന
**കൃഷ്ണവേണിക്ക്**
ആശംസകളോടെ അച്ഛൻ രാകേശ്, അമ്മ കവിത,
മുത്തശ്ശി, വല്യച്ഛൻ, വല്യമ്മ, വല്ല്യേട്ടൻ,
ശ്രീകുട്ടേട്ടൻ
ചെറില്ലത്ത് കണ്ടമംഗലം 'അനശ്വര'

## ഷഷ്ഠിപൂർത്തി ആശംസകൾ

**കൂടല്ലൂർ ഉണ്ണികൃഷ്ണൻ നമ്പൂതിരി**
(കോഴിക്കോട് തളി ക്ഷേത്രം മുൻ മേൽശാന്തി)





ഭാര്യ: ഗീത, മക്കൾ: അഭിജിത്, രജിത്
മരുമകൾ: അശ്വതി, പേരക്കുട്ടി: അവിൻജിത്ത് കൃഷ്ണ
കൂടല്ലൂർ ഇല്ലം, കുറ്റിക്കാട്ടൂർ, കോഴിക്കോട്
മൊബൈൽ: 9847378670

**അറിയേണ്ട നമ്പൂതിരി/പരമേശ്വരൻ**



# ജയം ഉറപ്പാണ്; ഫസ്റ്റ് പ്രൈസിൽ കോംപ്രമൈസില്ല

## ഒന്നാം സ്ഥാനങ്ങളുടെ ഒന്നാമന് കുരുത്തം ആവോളം.

മാച്ച് ഫിക്സിംഗ് പോലുള്ള നിയമവിരുദ്ധമായ ഏർപ്പാടുകൾ ഒന്നും നമ്പൂതിരിമാരുടെ വിദൂര സ്വപ്നത്തിൽ പോലും ഉണ്ടാവില്ല. എന്നിട്ടും ഉണ്ണിയായ പരമേശ്വരൻ എല്ലാ മത്സരങ്ങളിലും ഒന്നാം സ്ഥാനം നേടുന്നതിന്റെ പിന്നിൽ ചിട്ടയായ പരിശീലനങ്ങളുടെ ദീർഘകാല ചരിത്രമുണ്ട്.

**വിനോദ് മങ്ങത്തായ**



ഒരു മത്സരമാവുമ്പോൾ വിജയിച്ചാൽ സമ്മാനമുണ്ടാവും. പങ്കെടുക്കുന്നവർ മികച്ച പ്രകടനം നടത്തുമ്പോൾ ഫലം പ്രവചനാതീതം. കലാ-കായികമേളകളിൽ ഇതാണ് സാമാന്യനിയമം. കാസർഗോഡ് ജില്ലയിലെ ഒകെ പരമേശ്വരന്റെ കാര്യത്തിൽ സംഗതി പക്ഷേ വേറെ ലെവലാണ്. നാടോടിനൃത്തമാവാം മോണോ ആക്ടാവാം, ചാക്യാർകൂത്താവാം, പരമേശ്വരൻ മത്സരിച്ചാൽ ഫലം സുനിശ്ചിതം. ഫസ്റ്റ് വിത്ത് എ ഗ്രേഡ് തീരുമാനിക്കപ്പെട്ടു കഴിഞ്ഞു എന്നർത്ഥം.

ഒന്നാം സ്ഥാനം വിട്ടൊരു കളിയും പരമേശ്വരനില്ല.

മത്സര വേദികളിലെല്ലാം ഒന്നാമനായി ജയിക്കുന്ന അത്ഭുതബാലകനായി പരമേശ്വരൻ. മാച്ച് ഫിക്സിംഗ് പോലുള്ള നിയമവിരുദ്ധമായ ഏർപ്പാടുകൾ ഒന്നും നമ്പൂതിരിമാരുടെ വിദൂര സ്വപ്നത്തിൽ പോലും ഉണ്ടാവില്ല. എന്നിട്ടും ഉണ്ണിയായ പരമേശ്വരൻ എല്ലാ മത്സരങ്ങളിലും ഒന്നാം സ്ഥാനം നേടുന്നതിന്റെ പിന്നിൽ ചിട്ടയായ പരിശീലനങ്ങളുടെ ദീർഘകാല ചരിത്രമുണ്ട്. തുടർന്ന് വായിക്കുക.

വർഷം 2002

---- സ്കൂളിൽ ഒന്നാം ക്ലാസിൽ പഠിക്കുമ്പോഴായിരുന്നു പരമേശ്വരന്റെ അരങ്ങേറ്റം./പന്ത്രണ്ട് മക്കളെ പെറ്റൊരമ്മ / എന്ന നാടകത്തിൽ പെരുന്തച്ചനായി വേഷമിട്ടു.

രണ്ടാം ക്ലാസിലെത്തിയപ്പോൾ ഭരതനാട്യം, നാടോടി നൃത്തം, മോണോ ആകട്, കഥ പറയൽ, പ്രസംഗം, കഥാപ്രസംഗം. ആറിനങ്ങളിൽ കസറി.

വെറും വിജയമൊന്നുമല്ല, എല്ലാറ്റിലും ഒന്നാം സ്ഥാനം തന്നെ. നാട്ടിൻപുറത്തെ എൽപി സ്കൂൾ കലാമേളയിലല്ലേ എന്നു കുറച്ചു കാണാൻ വരട്ടെ. സ്കൂളിൽ നിന്നും സബ് ജില്ല കലോത്സവത്തിൽ എത്തിയപ്പോൾ സ്കൂളിനെ പ്രതിനിധീകരിച്ച് മത്സരിച്ച ആറിനങ്ങളിലും ഒന്നാമത് പരമേശ്വരൻ തന്നെ. രണ്ടാം ക്ലാസ് മുതൽ 6 വർഷം തുടർച്ചയായി സ്കൂളിലും സബ് ജില്ലയിലും ഒന്നാമനായി ഈ മിടുക്കൻ കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കുട്ടിയെ കലാപ്രതിഭ പട്ടം നൽകി ആദരിക്കുന്ന പരിപാടി അന്നൊക്കെ ഉണ്ടായിരുന്നു.


ഏഴു വർഷവും കലാപ്രതിഭയായി ആനന്ദനടനമാടി പരമേശ്വരൻ.

യു പി ക്ലാസുകളിലെ മിടുക്കർക്ക് സബ് ജില്ലാ തലം കഴിഞ്ഞ് ജില്ലാ കലോത്സവത്തിലും മത്സരിക്കാം. ഹൈസ്ക്കൂൾ ആയാൽ സംസ്ഥാന യൂത്ത് ഫെസ്റ്റിവൽ വരെ. ഇതാണ് നിലവിലുള്ള രീതി.ഒരു കുട്ടിക്ക് പരമാവധി മൂന്നിനങ്ങളിലേ മത്സരിക്കാവൂ എന്ന് അക്കാലം മാനുവൽ പരിഷ്ക്കരിച്ചു.

മൂന്നെങ്കിൽ 3. ചാക്യാർകൂത്ത്, മോണോ ആക്ട്, നാടോടി നൃത്തം എന്നിവയാണ് പരമേശ്വരൻ തെരഞ്ഞെടുത്തത്. നിയമങ്ങളും വേദികളും മാറിയപ്പോഴും ഒന്നാം സ്ഥാനം പരമേശ്വരനെ വിട്ടു പോയില്ല.

ചാക്യാർകൂത്തിൽ 5 വർഷം തുടർച്ചയായി സ്റ്റേറ്റ് സ്കൂൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം ഇക്കാലം വരെ

ഒ കെ പരമേശ്വരൻ
എൽ ഐ സി, കാസർഗോഡ് ബ്രാഞ്ച്
ഡെവലപ്പ്മെന്റ് ഓഫീസർ
അച്ഛൻ : കാസർഗോഡ് ഓണത്താൻ കാരക്കാട്ടില്ലത്ത് നാരായണൻ നമ്പൂതിരി
അമ്മ : എടനാട് ഈസ്റ്റ് എൽപി സ്കൂൾ അധ്യാപിക
അനിയൻ : ഒകെ സുബ്രഹ്മണ്യൻ(എം എ ഇംഗ്ലീഷ് വിദ്യാർത്ഥി)
ഗുരുക്കൻമാർ: നൃത്ത ഇനങ്ങൾ- പിലാത്തറ മുത്തുരാജ്, മോണോആക്ട്: നീലേശ്വരം കെ പി ശശികുമാർ



ഒരേ ഒരു വിദ്യാർത്ഥിയേ നേടിയിട്ടുള്ളു. ഇന്നും ആരും ബ്രേക്ക് ചെയ്യാത്ത ആ റെക്കോർഡിന്റെ ഉടമ നമ്മുടെ പരമേശ്വരനാണ്. ഈ തിരക്കുകളിലും എസ് എസ് എൽ സിക്ക് ഫുൾ എ പ്ളസ് നേടി പഠനത്തിലും ഒന്നാമനാവാൻ പരമേശ്വരന് സാധിച്ചു.

കോളേജിൽ എത്തിയപ്പോൾ 3 ഇനങ്ങൾ എന്ന നിയന്ത്രണമില്ല. നാടകം, മോണോ ആക്ട്, ചാക്യാർ കൂത്ത്, കഥാപ്രസംഗം, നാടോടിനൃത്തം, പ്രച്ഛന്നവേഷം. കണ്ണൂർ യൂനിവേഴ്സിറ്റിയിലെ മിന്നും താരമായി പരമേശ്വരൻ. 3 വർഷം ഇന്റർസോൺ മത്സരത്തിൽ സർവ്വകലാശാല പ്രതിഭ.






ദൃശ്യമാധ്യമങ്ങളുടെ ലോകത്തും പരമേശ്വരൻ താരമാണ്. പത്താം വയസ്സിലാണ് ഏഷ്യാനെറ്റ് ചാനലിൽ കുഞ്ഞു പരമേശ്വരന്റെ അരങ്ങേറ്റം . വൈകാതെ മാതൃഭൂമി ടെലിവിഷനിലെ ഉണ്ണിയാർച്ച സീരിയലിൽ ആരോമൽ ചേകവരായി ഈ മിടുക്കൻ. മലയാളി സ്വീകരണമുറികളിൽ പ്രൈം ടൈം താരം. ലീഡ് റോളുകളിൽ ശ്രീ ഗുരുവായൂരപ്പൻ, ഗുരുവായുർ കേശവൻ പുനർജനി മെഗാ സീരിയലുകൾ. വെള്ളിത്തിരയിലെ തുടക്കം കൌസ്തുഭം എന്ന സിനിമയിൽ. തുടർന്ന് ബ്രില്യന്റ് ബോയ്സ്, അടുത്തയാൾ, കളിപ്പാട്ടങ്ങളുടെ ഗ്രാമം. അവിടെയും പരമേശ്വരൻ ഒന്നാമനാവുന്നു. 3 സിനിമകളിലും നായകനായി തന്നെ.

ജ്യേഷ്ഠന്റെ വഴിയിൽ നൃത്തരംഗത്ത് ഒന്നാമനാവാൻ അനുജൻ സുബ്രഹ്മണ്യനുമുണ്ട്. സ്കൂൾ കലോത്സവത്തിൽ എട്ടു മുതൽ 12 വരെയും ബിരുദപഠന കാലത്തും സുബ്രഹ്മണ്യൻ ചാക്യാർകൂത്തിലെ വിജയിയായി.

ചാക്യാർകൂത്തുകാരായ ഈ ബ്രാഹ്മണകുമാരന്മാരുടെ അച്ഛൻ നാരായണൻ നമ്പൂതിരിയും അസ്സലായി കൂത്തു പറയും. അരങ്ങേറ്റം അമ്പതാം വയസ്സിലായിരുന്നു. പഠനം പ്രഗത്ഭരായ കലാകാരന്മാരുടെ ശിക്ഷണത്തിൽ.

മക്കളായ പരമേശ്വരനും സുബ്രഹ്മണ്യനും മുമ്പിൽ നാരായണൻ നമ്പൂതിരി വിദ്യാർത്ഥിയായി. മക്കളുടെ തികച്ചും വ്യത്യസ്തമായ 'പിതൃപൂജ'യിൽ പ്രഥമ സ്ഥാനം രണ്ടു മക്കൾക്കും പകുത്തു നൽകി അച്ഛൻ.എല്ലാ അർത്ഥത്തിലും പിതാവിൽ നിന്നും പുത്രന്മാർ ഗുരുത്വം നേടുകയായിരുന്നു.

പരമേശ്വരന്റെയും സുബ്രഹ്മണ്യന്റെയും വിജയയാത്രകൾ തുടരും

സ്വസ്തി ആശംസകൾ ●

പരമേശ്വരൻ : ഫോൺ

സുബ്രഹ്മണ്യൻ : ഫോൺ

# ദക്ഷിണമൂർത്തയേ നമഃ

നെഡ്ഢം ഭവത്രാതൻ



“യജ്ഞോ ഹി ശ്രേഷ്ഠതമം കർമ്മശ്വാസോച്ഛ്വാസം മുതൽ സഹസ്രസംവത്സരപര്യന്തങ്ങളായ സത്രങ്ങൾ കൂടി യജ്ഞങ്ങളും അവ ശ്രേഷ്ഠതമങ്ങളുമാണ്. എല്ലാം സമൂഹത്തിന്റെ നന്മയെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ളവയാണ്. ഒരു വ്യക്തിയുടെ പരിപൂർണ്ണത-വിശിഷ്യബ്രാഹ്മണരുടെ- ഗർഭധാനാദി കർമ്മങ്ങളിലൂടെയാണ് സാധ്യമാകുന്നത്. ഇവ സ്മൃതി വിഹിതങ്ങളാണ് അഥവാ സ്മാർത്തങ്ങളാണ്. ‘അഗ്ന്യാധാനം’ ഒരേസമയം സ്മർത്തവും ശ്രൗതവുമാണ് (ശ്രൗതം ശ്രുതിവിഹിതം) വിവാഹത്തോടെ സിദ്ധമായ ‘ഔപാസനം’ എന്ന ഏകാഗ്നിയെ അഗ്ന്യാധാനത്തോടെ ത്രേതാഗ്നിയാക്കി (ഗാർഹപത്യം, അന്വാഹാര്യം, ആഹവനീയം) അഗ്നിഹോത്രി ആജീവനാന്തം ഉപാസിയ്ക്കുന്നു. സമ്പാദിച്ച അഗ്നിഹോത്രിയ്ക്ക് മാത്രമേ അഗ്നിഷ്ടോമാദി സോമയജ്ഞങ്ങളനുനുഷ്ഠിയ്ക്കാനർഹതയുള്ളൂ. അഗ്നിഷ്ടോമമെന്ന സോമയാഗം ഏറ്റവും പ്രധാനപ്പെട്ടതും പ്രഥമാനുഷ്ഠേയവുമാണ്. ‘സ്വർഗ്ഗകാമസ്സോമേന യക്ഷ്യേ’ എന്നതാണ് യാഗത്തിന്റെ ഫലസങ്കല്പം. എല്ലാവർക്കും സ്വർഗ്ഗസമാനമായ സൗഖ്യമുണ്ടാകാനായി യാഗം ചെയ്യുന്നുവെന്ന് താത്പര്യം.

ഈ അഗ്നിഷ്ടോമസോമയാഗമാണ് കഴിഞ്ഞ വസന്തത്തിൽ (29.4.25–4.5.25) തൃശ്ശൂരിലെ മണ്ണുത്തിയ്ക്കടുത്തുള്ള ചിറയ്ക്കാക്കോട് ഗ്രാമത്തിലെ എളങ്ങള്ളൂർ മനയിൽ വളരെ ശ്രദ്ധേയമായ രീതിയിൽ നിർവ്വഹിയ്ക്കപ്പെട്ടത്. പെരുവനം ഗ്രാമസഭയുടെ നേതൃത്വത്തിൽ എളങ്ങള്ളൂർ മനസപ്താഹവേദിയാണ് ഈ യാഗം സംഘടിപ്പിച്ചത്. യോഗക്ഷേമവും ലോക ക്ഷേമവും മുൻനിർത്തി ഇവർ എല്ലാവർഷവും വിവിധ പരിപാടികൾ നടത്താറുണ്ട്. സനാതന ഭാരതീയ സംസ്കാരത്തിന്റെ ഏറ്റവും പഴയ ആരാധനാ രീതിയായ യാഗസംസ്കാരം നിലനിർത്തണമെന്നും അനന്തര തലമുറയിലേക്ക് കൈമാറണം എന്നുമായിരിക്കാം ഈ യാഗത്തിലൂടെ അവർ ഉദ്ദേശിച്ചത്.



**അഗ്നിഷ്ടോമമെന്ന സോമയാഗം ഏറ്റവും പ്രധാനപ്പെട്ടതും പ്രഥമാനുഷ്ഠേയവുമാണ്. ‘സ്വർഗ്ഗകാമസ്സോമേന യക്ഷ്യേ’ എന്നതാണ് യാഗത്തിന്റെ ഫലസങ്കല്പം**

2018 ൽ പെരുവനം മഹാക്ഷേത്ര പരിസരത്ത് വെച്ച് അഗ്ന്യാധാനമനുഷ്ഠിച്ച ആരൂർ വാസുദേവൻ അടിതിരിപ്പാടും പത്നി സജിത പത്തിനാടിയുമായിരുന്നു ഈയജ്ഞം ചെയ്തത്. സംഘാടകരുടെ അർപ്പണബോധവും സംഘടനാ മികവും ശ്രദ്ധ നേടി.

പ്രസ്താവ്യമായ മറ്റൊരു പ്രധാന കാര്യം ഉണ്ണി നമ്പൂതിരിമാരുടെയും യുവാക്കളുടെയും പങ്കാളിത്തമായിരുന്നു. ആകെയുള്ള 17 ഋത്വിക്കുകളിൽ 14 പേരും 40 വയസ്സിന് താഴെ പ്രായമുള്ളവരായിരുന്നു. ഋത്വിക്കുകളിൽ ഭൂരിഭാഗം പേരും വേദജ്ഞരായിരുന്നുവെന്നതും ക്രിയാഭാഗത്തിന്റെ പൂർണ്ണതയ്ക്കും പരിശുദ്ധിയ്ക്കും കാരണമായി. ഇവരെ ഇതിലേക്ക് ഉപനയിച്ചു പ്രാപ്തരാക്കിയ ആചാര്യന്മാരുടെ ശ്രദ്ധയും അധ്യാപനമികവും എടുത്തു പറയേണ്ടതാണ്

ആർത്വിജ്യത്തിൽ ഏറ്റവും കഠിനവും ക്ലേശകരവുമായ ആധ്വര്യവം ചെയ്ത ചെത്തല്ലൂർ എടമന ശങ്കരനാരായണൻ നമ്പൂതിരി പ്രശംസാർഹമായ രീതിയിൽ ക്രിയകളനുഷ്ഠിച്ചു. ഋഗ്വേദസംഹിതാപഠനം പൂർത്തിയാക്കിയ ഈ യുവാവ് യജുർവേദവും തനിക്ക് വഴങ്ങുമെന്ന് വ്യക്തമാക്കി- മന്ത്രങ്ങൾ ചൊല്ലുന്നതിന്റെ സ്വരസ്വീധനവും, ക്രിയകൾ ചെയ്യുന്നതിന്റെ തന്മയത്വവും ശബ്ദഗാംഭീര്യവും എടുത്തു പറയേണ്ടതു തന്നെയായിരുന്നു. അധ്വര്യുഗണത്തിലെ രണ്ടാം സ്ഥാനമായ പ്രതി പ്രസ്ഥാതൻ എന്ന ആർത്വിജ്യം ചെയ്ത യജുർവേദജ്ഞനായ കാവനാട് വിഷ്ണു ആധരത്തിന്റെ

കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലം യജ്ഞസംസ്കാരത്തിന്റെ നവയുഗമായിരുന്നുവെന്ന് പറയാം. ഈ കാലയളവിൽ പത്തോളം സോമയാഗങ്ങളും ആറ് അതിരാത്രങ്ങളും നടക്കുകയുണ്ടായി. എല്ലാറ്റിലും പുതുതലമുറയുടെ പങ്കാളിത്തമുണ്ടായിരുന്നുവെങ്കിലും ഏറ്റവും പ്രകടമായത് ഈയാഗത്തിലായിരുന്നുവെന്ന് മാത്രം.



മുഴുവൻ ക്രിയകളും സ്വായത്തമാക്കിയിരുന്നതുകൊണ്ട് അനായാസമായാണ് ക്രിയകൾ ചെയ്തത്. ഋഗ്വേദജ്ഞരായ പാണ്ടം സുബ്രഹ്മണ്യന്റെ ഹൗത്രവും വടക്കേടം അരുണിന്റെ മൈത്രാവരുണനും അത്യന്തം ഹൃദ്യവും ഉജ്ജ്വലവുമായിരുന്നു. പയ്യൂർ ശ്രീ ശങ്കരന്റെ ബ്രാഹ്മണൻ ബ്രാഹ്മണാച്ഛംസിയും,മുല്ലമംഗലം വിശ്വജിത്തിന്റെ അച്ഛാവാകനും, കാപ്രഗൗതമിന്റെ ഗ്രാവസ്തോതനും അക്ഷരശുദ്ധിയിലും, സ്വരശുദ്ധിയിലും, ഗാംഭീര്യത്തിലും മികച്ചു നിന്നു. കൈപ്പഞ്ചേരി നാരായണന്റെ സോതനും, കാപ്രസായണിന്റെ നേഷ്ടനും നന്നായിരുന്നു. ഇവരെല്ലാം സംഹിതാപഠനം പൂർത്തീകരിച്ചവരായിരുന്നതിന്റെ മികവും തെളിവും ശ്രദ്ധേയം തന്നെ. ആഗ്നീധ്രൻ ചെറുമുക്ക് ശ്രീജിത്ത് വല്ലവൻ തറവാട്ടു പാരമ്പര്യം പ്രകടമാക്കി ഉന്നേതനായ അകത്തെ കുന്നംശ്യാം കൃഷ്ണനും ഭംഗിയാക്കി ഇവരിൽ ഭൂരിഭാഗം പേരും ശ്രൗതയജ്ഞങ്ങളിൽ നവാഗതരായിരുന്നിട്ടും ആ പരിചയക്കേട് പ്രകടിപ്പിച്ചില്ല.

ഉദ്ഗാതൃഗണത്തിൽ പെട്ട 'സുബ്രഹ്മണ്യൻ' എന്ന ആർത്വിജ്യം ചെയ്ത മുളയ്ക്കൽ വിഷ്ണു എന്ന ഉണ്ണിനമ്പൂതിരി ഈ യജ്ഞത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ഋത്വിക്കായിരുന്നു. സാമവേദഗുരുകുലത്തിലെ വിദ്യാർത്ഥിയായ ഇദ്ദേഹവും സുബ്രഹ്മണ്യാഹ്വാനം ഹൃദ്യമാക്കി. സാമവേദപമാചാര്യനും ഈ യാഗത്തിലെ ഉദ്ഗാതനുമായ ഡോ.തോട്ടം ശിവകരൻ നമ്പൂതിരി, പ്രസ്തോതനായ മുട്ടത്ത് കാട്ടിൽ ശ്രീജിത്ത്, പ്രതിഹാരിയായ മുട്ടത്തു കാട്ടിൽ അജിത്ത് എന്നിവർ പല യജ്ഞങ്ങളിലും ആർത്വിജ്യം ചെയ്തവരാണ്. ഇവരുടെ സാമസ്തുതികളും ഹൃദ്യമായിരുന്നു. (വിലയിരുത്താൻ ഞാനാളല്ല )സ്വപ്രയത്നം കൊണ്ടും ശ്രൗതത്തിനോടുള്ള അതിയായ താത്പര്യം കൊണ്ടും ഈ രംഗത്തെത്തിയ മണ്ണൂർ ഗോപനും "''ബ്രഹ്മത്വം'' ഭംഗിയാക്കി. യജുർവേദം സംഗോപാസംഗം അഭ്യസിച്ചിട്ടുള്ള പണ്ഡിതശ്രേഷ്ഠനായ അണിമംഗലം സുബ്രഹ്മണ്യൻ നമ്പൂതിരി "''സാദസ്യം'' വഹിച്ചത് എല്ലാവർക്കുമാശ്വാസമേകി. ആചാര്യശ്രേണിയിലും പരികർമ്മരംഗത്തും പ്രായമായവരോടൊപ്പം മധ്യവയസ്കരും ചെറുപ്പക്കാരും രംഗത്തുണ്ടായിരുന്നുവെന്നത് ശ്രദ്ധേയമായിരുന്നു

കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലം യജ്ഞസംസ്കാരത്തിന്റെ നവയുഗമായിരുന്നുവെന്ന് പറയാം. ഈ കാലയളവിൽ പത്തോളം സോമയാഗങ്ങളും ആറ് അതിരാത്രങ്ങളും നടക്കുകയുണ്ടായി. എല്ലാറ്റിലും പുതുതലമുറയുടെ പങ്കാളിത്തമുണ്ടായിരുന്നുവെങ്കിലും ഏറ്റവും പ്രകടമായത് ഈയാഗത്തിലായിരുന്നുവെന്ന് മാത്രം. സനാതനയജ്ഞസംസ്കാരം അന്യം നിൽക്കില്ലെന്നും ഇവരുടെ കൈകളിൽ ഭദ്രമായിരിക്കുമെന്നും നമുക്കാശ്വസിക്കാം.

ശ്രൗതയജ്ഞങ്ങൾ എന്ത് ? എന്തിന് ? എന്ന് സമൂഹം ചർച്ച ചെയ്യട്ടെ. അതിന് അവസരമൊരുക്കിയ സംഘാടകരും അഭിനന്ദനമർഹിക്കുന്നു
യജ്ഞേനയജ്ഞമയജന്ത ദേവാഃ
താനിധർമ്മാണി പ്രഥമാന്യാസൻ ●

നെഡ്ഢം ഭവത്രാതൻ, 9497808567







ചെറുകഥ

# കേശവേട്ടന്റെ നേരമ്പോക്ക്

കെ.എം.എസ്.ഭട്ടതിരിപ്പാട്



കാലടി കേശവേട്ടൻ ഞങ്ങൾക്ക് ഒരു സംഭവമാണ്,കഥാ പുസ്തകമാണ്, അനുഭവങ്ങളുടെ ഒരു കോടീശ്വരൻ. അവയുടെ അവതരണം ഞങ്ങളുടെ ഇമ്പ്രഷണബ്ൾ' പ്രായത്തിൽ സ്വർണ്ണത്തകിടിൽ കുറിച്ചിട്ട പോലെയാണ്. അവയുടെ നിജസ്ഥിതി അന്നും ഇന്നും ഞങ്ങൾക്ക് പ്രശ്നമല്ല.

കേശവേട്ടനെപ്പറ്റി വല്യേട്ടന്റെ അഭിപ്രായം സ്റ്റാമ്പ് പേപ്പറിലെഴുതി രജിസ്റ്റർ ചെയ്യാം. അത്ര ഉറപ്പാണ്.വരും എന്നു പറഞ്ഞാൽ വന്നിരിക്കും. ചോറു വെച്ചു,ഇലമുറിയ്ക്കാം. ചെല്ലം വൃത്തിയാക്കി വെറ്റില അടക്കയും, ചാപ്പാണം പുകയിലയും നിറക്കാം. പടിപ്പുരയിൽ പടിഞ്ഞാറൻ കാറ്റിനു ചൂടു തുടങ്ങി. ഞങ്ങൾ വടക്കോട്ടു നോക്കിയിരിക്കാൻ തുടങ്ങിയിട്ടു മണിക്കൂർ രണ്ടായി. ഉറപ്പ് ഈ ചൂടിൽ ഉരുകിയൊലിക്കാറായി. കേശവേട്ടന്റെ നരച്ച കുട ആടിയാടി വരുന്നത് വടക്കു കൈത്തോടുവരെ കാണാനില്ല. കോട്ടക്കൽ ബസ്സിറങ്ങിയാണ് വരിക.

പെട്ടെന്നു തെക്കുനിന്നൊരനക്കം കണ്ടപ്പോൾ 'അതാ കേശവേട്ടൻ ' എന്നു ഞങ്ങൾ രണ്ടു പേരും ഒന്നിച്ചലറി.

ഇനി രണ്ടു ദിവസം ഉത്സവമാണ്. 36 മണിക്കൂർ കേശവേട്ടനും ഞങ്ങൾക്കും വിശ്രമമില്ല.ഞങ്ങളുടെ പഞ്ചേന്ദ്രിയങ്ങളും കേശവേട്ടനു അടിയറവു വെച്ച രസകരമായ മണിക്കൂറുകൾ. മൂപ്പരുടെ അടുത്ത വരവുവരെ ഞങ്ങളെ ആനന്ദിപ്പിക്കുന്ന, മനസ്സിൽ എത്ര ആവർത്തിച്ചാലും പുതുമ നശിക്കാത്ത കഥകൾ. അവയിലെ ഹൈലറ്റായ നുറുങ്ങുകൾ ഏട്ടനും ഞാനും വാക്കുകളിലൂടെ,
ആംഗ്യത്തിലൂടെ തട്ടിക്കളിച്ചു നേരം പോക്കുന്നത് ഞങ്ങളുടെ സ്വകാര്യനിമിഷങ്ങളിലെ സമ്പാദ്യമായിരുന്നു. വിനോദവും.

അദ്ദേഹം വലിയ വരമ്പത്തുനിന്നു പടിപ്പുരയിലേക്കു തിരിഞ്ഞപ്പോൾ ഞങ്ങൾ കാത്തിരിക്കുന്നതു കണ്ടു. ആ മുഖത്ത് ക്ഷീണിച്ച ചിരി കണ്ടതും ഞങ്ങളുടെ ചിന്തകൾക്കു ചിറകുവെച്ചു. തേഞ്ഞ കൽപ്പടവുകൾ കയറി കുട ഓലപ്പടക്കം പൊട്ടുന്ന മുഴക്കത്തിൽ മടക്കി,ഞങ്ങളെ നോക്കി. അപ്പോൾ ഗൗരവം മുഖത്തു മുറ്റി നിന്നു. ചിരി കണ്ണിലേക്കു കയറിയതാണ്. ടയർ ചെരുപ്പൂരി പടി കവച്ചപ്പോൾ മീനത്തിലെ പാടത്തെ പൊടി മുഴുവൻ കാലിലുണ്ട്. പൂമുഖത്തേക്ക് കടക്കുന്നതിനു മുമ്പ് ചെമ്പുകിണ്ടിയിലെ വെള്ളം കൊണ്ടു കാലും മുഖവും കഴുകി ആചമിക്കുന്ന പോലെ കാണിച്ചു.

ഞങ്ങൾ ആകാംക്ഷയോടെ കേശവേട്ടൻ വായ തുറക്കാൻ കാത്തിരിക്കയാണ്. പൂമുഖത്തെ വലിയ പടിമേൽ സഞ്ചി വെച്ചു മെല്ലെ ഇരുന്നു. ഒരക്ഷരം ഇതുവരെ അദ്ദേഹം പറഞ്ഞിട്ടില്ല.പതിവ് അതാണ്,വരാൻ പോകുന്ന അദ്ദേഹത്തിന്റെ കഥകളും ഞങ്ങളും ഒന്നാവും വരെ.ഏട്ടനു കേശവേട്ടന്റെ 'ചട്ടം' ശരിയ്ക്കറിയാം. ആദ്യം അദ്ദേഹത്തിന്റെ ഊഴമാണ്. അതുവരെ അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കി ആർത്തി കാണിയ്ക്കാറില്ല, ഞങ്ങൾ.

ചെറിയമ്മ വാതിലിനപ്പുറം എത്തിനോക്കി അകത്തേക്കു വലിഞ്ഞു.

'കാടാമ്പുഴ എന്താ തിരക്ക്. അഭിവാദ്യം ചെയ്തു തൊഴാൻ പറ്റില്ല. ഞായറാഴ്ചയല്ലെ.' പടിമേലിരുന്ന വിശറിയെടുത്തു വീശിക്കൊണ്ടു ആരോടെന്നില്ലാതെ മൊഴിഞ്ഞു.

ചെറിയമ്മ വെച്ചു പോയ ചായ കൂജാവു ഏട്ടനെടുത്തു പടിമേൽ വെച്ചു. അദ്ദേഹം ചൂടു നോക്കി,ഉയർത്തി, പകുതി ഇറക്കി കുടിച്ചു നിർത്തി.

'പശൂന്റ കറവു നിന്നുവല്ലെ..' അദ്ദേഹം മുഖം തുടച്ചു ആദ്യമായി ചിരിച്ചു.

' ന്ന് മെയ്ക്കാടു കുഞ്ചു കാടാമ്പുഴ മുറയ്ക്കു പോണുണ്ടെന്നു പറഞ്ഞു. അപ്പൊ അയാളുടെ ബൈക്കിന്റ പിന്നിൽ പിടിച്ചിരുന്നു.' 'മുറ' എന്നാൽ വേദം അനുഷ്ഠാനമായി ക്ഷേത്രത്തിൽ ചൊല്ലുന്നതാണ്. ചില ക്ഷേത്രങ്ങളിൽ നിത്യവും മുറപതിവുണ്ട്. ഒന്നു നിർത്തി ആലോചിച്ചു കൊണ്ട് –

'ബസ്സു കൂലീം വെട്ടിച്ചിറേന്നു ജീപ്പുകാശും ലാഭം.' കുറച്ചു നേരം വീശിക്കൊണ്ടു തുടർന്നു.

'കാടാമ്പുഴേന്നിങ്ങട്ടു നടന്നാ എത്തില്ല. പറമ്പും പാടോം കഴിയണ്ടെ' എന്നുപറഞ്ഞു കൂജാവു കാലിയാക്കി. ചെല്ലം തുറന്നു വെറ്റിലയും അടക്കയും ഒന്നു നോക്കി പുകയില മണപ്പിച്ചു.തൃപ്തി കവിളത്തും കണ്ണിലും തെളിഞ്ഞു.

'അല്ല കേശവേട്ടൻ ഇന്നത്തെ കാര്യം മറന്നൂന്നു വിചാരിച്ചു.' ഏട്ടൻ മെല്ലെ ചിരിച്ചു.

'മറക്കേ തന്റ പെറന്നാള് ' പുകയില കഷ്ണം വായിലെക്കിട്ടു –

'ബുധനാഴ്ച തിരൂർ കോടതിയിലെത്തണം. ഇത്തവണ താവളം ഇവിടെയാവാമെന്നു ഏറ്റതാണല്ലൊ.ഏറ്റാപ്പിന്നെ കേസു നീട്ടില്ല'

പെട്ടെന്നു ഞങ്ങൾ രണ്ടു പേർക്കും മനസ്സിൽ പൂത്തിരി കത്തി.അപ്പോൾ അദ്ദേഹം 3 ദിവസം ഇവിടെ ഉണ്ടാകും. ഇന്നു ഉത്സവം കൊടിയേറി.

അടുക്കളയിൽ നിന്നു പപ്പടം കാച്ചുന്ന വാസന ഉമ്മറത്തെത്തി.കേശവേട്ടൻ നേരെയിരുന്നു, ഏട്ടനെ നോക്കി. ചെറിയമ്മ വാതിലിനപ്പുറം വന്നു കൈകാണിച്ചു പോയി.

'കേശവേട്ടനു കാലുകഴുകണമെങ്കിൽ
കഴുകി വരാം.'ഏട്ടൻ എഴുന്നേറ്റു. കുളത്തിൽ പോയി പ്രാഥമിക കൃത്യങ്ങൾ നടത്തി വരുന്നതിനുള്ള ഗ്രാമ്യശൈലിയാണ് കാലുകഴുകൽ.

'അമ്പലത്തിലും വഴിയിലും എത്ര പേരെയാണ് ഉരുമ്മിയതെന്നറിയില്ല. ഒരു പ്രോക്ഷണം കൂടിയാവാം. '

അദ്ദേഹം ചടങ്ങു കഴിച്ചു മിനുട്ടുകൾക്കുള്ളിൽ തിരിച്ചെത്തി. പത്തായപ്പുര ഭാഗത്തിൽ കിട്ടിയത് മാറ്റം വരുത്തി വാസയോഗ്യമാക്കിയതാണ് അഫന്റ സ്ഥലം.നടുമുറ്റമില്ല.വടുക്കിനി, അടുക്കള,മേലടുക്കള കിഴക്കിനിയുടെ സ്ഥാനത്ത് ഒഴിയിട്ട മുറി. 65 കൊല്ലം മുമ്പു ഇരിയ്ക്കണമ്മമാരുടെ വംശം കുറ്റിയറ്റിട്ടില്ല.

പാറോതിയും ജാനകിയും ഊഴമിട്ടു വരും. പുറത്തൊരു കക്കൂസ്. ഉള്ളിൽ ഒരു ഓവറ.

മേലടുക്കളയിൽ 3 നാക്കില വെച്ചിട്ടുണ്ട്. വിഭവങ്ങളെല്ലാം മുന്നിലുണ്ട്. ചെറിയമ്മ വടക്കിനിയിലിരുന്നു പതുക്കെ നാരായണ ജപിക്കുന്നു.അവർ എത്രയൊ അക്ഷരലക്ഷം ചൊല്ലിക്കഴിഞ്ഞു. ജപം നിർത്തി അവർ മുരടനക്കി.

'പാപ്പിയമ്മയക്കു വയ്യായ ഒന്നൂല്യലൊ- '
ചെറിയമ്മ മെല്ലെ ചോദിച്ചു.

'ആ കാലു കടച്ചില് മാറീട്ടൊന്നുല്യ.'

കേശവേട്ടൻ ശബ്ദം കേട്ട ഭാഗത്തേക്കു നോക്കാതെ പറഞ്ഞു. 'പിന്നെ, ന്നാളു കൊട്ടത്തളത്തിലൊന്നിരുന്നു. ഇപ്പൊ തടവാൻ ചെമ്പ്ര ഗോവിന്ദന്റെ കൊഴമ്പും ഒരു കഷായോം. നല്ല ഭേദണ്ട്'

ചെറിയമ്മ ഒന്നു മൂളി. ഏട്ടനും ഞാനും കൂടി അദ്ദേഹത്തിനു വിളമ്പി. കുറ്റം പറയരുതല്ലോ, വൃത്തിയായ ഊണു കാണാൻ കേശവേട്ടന്റെ തന്നെ കാണണം. എല്ലാം ചുരുങ്ങിയത് രണ്ടു വട്ടം വിളമ്പിക്കും. മററുള്ളവരെന്തു വിചാരിക്കും എന്നൊന്നും അവിടെയില്ല. ഇല തുടച്ചു കഴിക്കും. പായസം വിളമ്പിയാൽ സൂത്രത്തിൽ പാത്രത്തിൽ ശ്രദ്ധിക്കും. കമ്മിയാണെന്നു തോന്നിയാൽ പിന്നെ നിർബന്ധിച്ചാലും വാങ്ങില്ല.

'കറുകമാല ചൂടലും, ഉഴിഞ്ഞു വാങ്ങലും പ്രാതലിന്റെ മുമ്പെ കഴിഞ്ഞില്ലെ.'

അദ്ദേഹം ചിരിച്ചു കൊണ്ടു ചോദിച്ചു.

'രാവിലെ കഴിഞ്ഞു. 'ചെറിയമ്മയാണ് വടക്കിനിയിലിരുന്നു പറഞ്ഞത്. ഏട്ടനു 19 തികയുന്ന പിറന്നാളാണിന്ന്.ഏട്ടൻ എന്റെ നാലുവയസ്സിനു മൂത്തതാണ്.

ഊണു കഴിഞ്ഞാൽ ഒന്നു വിശ്രമിച്ചു എണീറ്റ് മുറുക്കിയാലെ കേശവേട്ടന്റെ മൂഡ് ശരിയാവു. അതിനു മുമ്പു ബുദ്ധിമുട്ടിച്ചിട്ടു കാര്യമില്ല. അതാണു ചിട്ട. കേശവേട്ടന്റെ കഥകളിലെ നിജസ്ഥിതി എന്തായാലും ഞങ്ങൾക്കൊന്നുമില്ല. അക്കാലത്ത് അതു കേൾക്കാനുള്ള കമ്പവും ഇമ്പവും പറഞ്ഞാൽ തീരില്ല. മിക്കതിലും അദ്ദേഹം തന്നെയാവും ഹീറോ. മാനത്തിനുതാഴെ ഏതു വിഷയവും അദ്ദേഹത്തിനറിയാമെന്നു ഞങ്ങൾ വിശ്വസിച്ചു.

കേശവേട്ടൻ മൂന്നരക്ക് എഴുന്നേറ്റു ചായ കുടിക്കാൻ തുടങ്ങുമ്പോഴേക്കും പടിഞ്ഞാറ്റീരി കൃഷ്ണപ്പനും ദാമോദരൻ നായരും പടികടന്നെത്തി. കഥ കേൾക്കാൻ വെമ്പിയിരുന്ന ഞങ്ങളുടെ സ്വപ്നങ്ങൾ തുടങ്ങുന്നതിനുമുമ്പു തന്നെ പൊലിഞ്ഞു പോയി.

'കേശവേട്ടൻ വന്നിട്ടുണ്ടെന്നറിഞ്ഞു വന്നതാ. ദാമോദരനു മഠത്തിലെ ഭാഗക്കേസിലെ ചില ലോ പോയന്റിൽ സംശയം'.

തുടർന്നു അഞ്ചര വരെ കോടതിക്കേസ്സും മന്ത്രവാദവുമായി അവർ മൂന്നു പേരും മുറുക്കിത്തുപ്പിയിരുന്നു. കോടതിക്കാര്യങ്ങളിൽ സിവിലായാലും ക്രിമിനലായാലും, തന്നെപ്പറ്റി 'നമ്പൂരി വക്കീല് നോർട്ടൺ സായ്പാ'ണെന്നു മറ്റു വക്കീലന്മാർ പറയാറുണ്ടെന്നു കേശവേട്ടൻ തന്നെ പറയാറുണ്ട്. മറ്റൊരിയ്ക്കൽ, അദ്ദേഹത്തിന്റെ കക്ഷി തോറ്റ കേസിൽ വിധി പറഞ്ഞ മജിസ്ട്രേറ്റ് കേശവേട്ടനെ തന്റെ ഗതികേടും സങ്കടവും നോട്ടത്തിലൂടെ തെര്യപ്പെടുത്തിയെന്നു പറഞ്ഞതും ഞങ്ങൾ അവിശ്വസിച്ചില്ല.മദിരാശിയിലെ അതിപ്രശസ്തനായ വക്കീലായിരുന്ന ഏർഡ്‌ലി നോർട്ടൺ സായവ്.

അവർ പോയതും ഞങ്ങളുടെ കരുവാളിച്ച മുഖം കണ്ടു കേശവട്ടേന്റ മുഖം വാടി.

'സാരല്യ. ഇന്നുരാത്രി ഒരു നല്ല അനുഭവ കഥ പറയാം. രണ്ടു കൊല്ലം മുമ്പു നടന്നത്.

'എന്തിനെപ്പറ്റിയാ ?' ഏട്ടനു ധൃതിയായി.

'ഒരു ഹാജാരും ശ്രീകൃഷ്ണനനും. '

ഞങ്ങളുടെ കാത്തിരിപ്പിന് ഒരു ഹാജാരും ശ്രീകൃഷ്ണനനും കൂടെ കൂട്ടിനായി. എവിടേയും കൊള്ളിക്കാനാവാതെ മുഴച്ചു നിൽക്കുന്ന രണ്ടു പേരെ എങ്ങനെ ഒരു ശ്വാസത്തിൽ പറയും.?

കേശവട്ടേൻ എഴുന്നേറ്റു തോർത്തെടുത്തു കുളത്തിലേക്കു പുറപ്പെട്ടു.അദ്ദേഹം എണ്ണതേച്ചു കുളിയും സന്ധ്യാവന്ദനവും അമ്പലത്തിൽ തൊഴലും കഴിഞ്ഞെത്തുമ്പോഴേക്കും മണി എട്ടാകും.ഊണുകഴിഞ്ഞു, മുറുക്കി കഥ തുടങ്ങുന്നത് എട്ടര , ഒമ്പത്. അന്നു ഞങ്ങളുടെ കാത്തിരിപ്പ് എട്ടരയ്ക്കു തന്നെ ഫലം കണ്ടു.

' ഒരുനൂറ്റിമുപ്പത് മേടത്തില് ( 1955) കൊട്ടിയൂർക്ക് പുറപ്പെട്ടതാ. കാലുളുക്കി നടക്കാൻവയ്യാതായി. എട്ടുപത്തു മൈല് നടക്കണം. അപ്പൊ നേരെ വടക്കേീശ്വരത്തക്ക് വിട്ടു. നമ്മുടെയൊക്കെ തേവരല്ലെ. പിന്നെ തൃച്ചമ്പരത്ത് കൃഷ്ണന് തുളസി മാലയും കസവുമുണ്ടും തൃപ്പടിമേൽ വെച്ചു തൊഴുതു നമസ്കരിച്ചു. അന്നവിടെ മേശ്ശാന്തിയുടെ കൂടെ തങ്ങി പിറ്റെന്ന് രാവിലെ കൂടെ തൊഴുതു പത്തുമണിക്കു കോഴിക്കോട്ടെത്തി. പ്രൊഫസ്സർ നെടുങ്ങാടി ചെല്ലാൻ പറഞ്ഞിട്ടാ.വീട്ടിൽ അന്വേഷിച്ചപ്പോൾ സ്കൂളിൽ ഒരു മീറ്റിംഗിനു പോയതാണെന്നു പറഞ്ഞു. തളീല് സ്കൂളിലു ഹാളു നിറച്ചാളാണ്. ഞാൻ പിന്നിലിരുന്നു. സ്റ്റേജിൽ അഞ്ചാറാളുണ്ട്. ഒരു കാവി ചുറ്റിയ സാമി, നെടുങ്ങാടി, വേറെ രണ്ടാള്, ഒരു പള്ളീലച്ചൻ , ഇടത്തുഭാഗത്ത് നീളൻ കുപ്പായവും തലേക്കെട്ടുമായി ഒരു ഹാജാർ.

'എന്തു മീറ്റിംഗാ അത് 'ഏട്ടനും ഞാനും ഒരുമിച്ചാ ചോദിച്ചത്.

'സർവ്വമത സമ്മേളനാന്നാ നെടുങ്ങാടി അന്നു പറഞ്ഞത്. നിർബന്ധായിട്ടും വരണംന്നു രണ്ടു തവണ ക്ഷണിച്ചതാ.'

സ്റ്റേജിൽ ഹാജാരുടെ പ്രസംഗാണ്. ഇരുന്നു കൊണ്ടാ പറച്ചില്. കൈകാട്ടി, ശബ്ദം,കേറ്റിയും കുറച്ചും സദസ്യരെ നോക്കി അടച്ചു കാച്ചുന്നുണ്ട്. മുഴുവൻ അബദ്ധാണ് വിളമ്പണത്. കൃഷ്ണൻ പൂതനയെ കൊന്ന കഥ,ഗോപികമാരായി 'കൂത്താടി'യത്, അവരുടെ വസ്ത്രം മോഷ്ടിച്ചു മരത്തിൽ കയറിയത്, സ്വന്തം അമ്മാവനെ കൊന്നത് അങ്ങനെ ശ്രീ കൃഷ്ണൻ ചെയ്തതെല്ലാം തെറ്റാണെന്നു സ്ഥാപിക്കാൻ കെണയുകയാണ്. അയാൾ രാസക്രീഡയെ തിരഞ്ഞു പിടിച്ചു കളിയാക്കി. ഗീതാഗോവിന്ദത്തിലെ ചില ശൃംഗാരശ്ലോകങ്ങൾ ചൊല്ലി ഗോഷ്ടി കാട്ടി. ചിരിച്ചു. 'രാധ എന്നൊരു സ്ത്രീയുമായി സ്നേഹത്തിലായിരുന്നുവെന്ന് എല്ലാവർക്കുമറിയാ'മെന്നു ഒരർത്ഥം വെച്ചു പറഞ്ഞു നിർത്തി. ഹാളിലിരിക്കുന്നവർ മുഴുവൻ മിണ്ടാതെ തരിച്ചിരിക്കയാണ്. പോരാഞ്ഞിട്ടു അയാൾ താടി കൂട്ടിത്തടവി പെട്ടെന്നൊരു ചോദ്യവും ചോദിച്ചു. 'ഈ കൃഷ്ണനല്ലെ നിങ്ങളുടെ ഈശ്വരൻ? ഗുരുവായൂരുള്ള കൃഷ്ണൻ.'

സ്റ്റേജിൽ നെടുങ്ങാടിയും, സ്വാമിയും എന്തോ കുശുകുശുക്കുന്നുണ്ടായിരുന്നു. ആരോ പറഞ്ഞിട്ടാണോ അതോ കണ്ടിട്ടാണോ എന്നറിയില്ല പെട്ടെന്നു നെടുങ്ങാടി എഴുന്നേറ്റു ഞാനിരിക്കുന്നിടത്തേക്ക് സൂക്ഷിച്ചു നോക്കുന്നതുകണ്ടു. ഞാനറിഞ്ഞ ഭാവം കാട്ടിയില്ല.

കുറച്ചു കഴിഞ്ഞപ്പോൾ രണ്ടു പേർ വന്നു എന്നെ സ്റ്റേജിന്റെ പിന്നിൽ ഓഫീസിലേക്കു കൂട്ടിക്കൊണ്ടു പോയി'.

ഏട്ടൻ എന്നെ നോക്കി,കഥ ചൂടുപിടിച്ചു തുടങ്ങി- ശ്രദ്ധിച്ചു ഇരുന്നോ എന്നർത്ഥം.

'അവിടെ നെടുങ്ങാടിയും മറ്റു രണ്ടു പേരും അക്ഷമരായി

നില്പുണ്ട്. അക്ഷമയിലധികം മൌഢ്യമാണ് മുഖത്ത്.

'ആവു, സമാധാനായി.തിരുമേനി വന്നൂലൊ.' നെടുങ്ങാടി ശ്വാസം വിട്ടു.

ഞാനൊന്നും പറയുന്നില്ലെന്നു കണ്ടു അയാൾ തുടർന്നു.

'തിരുമേനി സ്റ്റേജിൽ വരണം. ഹാജാർ പറയുന്നതുകേട്ടില്ലെ. ഇത്രയും പറഞ്ഞപ്പൊ ഞങ്ങൾക്കൊന്നും ഇനി പറയാനറിയില്ല.സ്വാമിയും കൈമലർത്തി'

നെടുങ്ങാടിയും കൂട്ടരും നല്ലോണം വലഞ്ഞണ്ണൂന്നു കണ്ടാലറിയാം.

'ഏതാ ഈ ഹാജാർ ?'

എനിക്കാകെ ഒരു പന്തിയില്ലായ്ക തോന്നി.

'തിരുവല്ല ഭാഗത്തുള്ള ഒരു നമ്പൂരി മാർഗ്ഗം കൂടിയതാണത്രെ. രണ്ടു മൂന്നു പെണ്ണും കെട്ടി ഇപ്പൊ കണ്ണൂരാണ് താമസം. അയാൾ വേദൊക്കെ ചൊല്ലുന്നുണ്ട്.'

നെടുങ്ങാടിയുടെ കൂടെ വന്ന ഒരാൾ പറഞ്ഞു. എനിക്കും തോന്നി. പഹയന്റെ ചങ്ങത കഴിഞ്ഞിട്ടുണ്ടാവും വർത്താനം കേട്ടാൽ. ഭാഗവതത്തിലെ ഒരു ശ്ലോകം ചൊല്ലിയതിലെ അക്ഷരസ്ഫുടത ആ തലേക്കെട്ടിന്നു വരില്ല.

നെടുങ്ങാടി എന്നെത്തന്നെ നോക്കി അക്ഷമനായി – ' വരു ഞാൻ തിരുമേനിയെ പരിചയച്ചെടുത്താം.'

എനിക്കു കുറച്ചു വെള്ളം വേണം.കയ്യും കാലും കഴുകണം. ഒന്നു കുലുക്കുഴിയണം.' തളിയിലെ ശിവന്റെകടയിലെ ചാപ്പാണം പുകയിലയുടെ മണവും രുചിയും അപ്പോഴും വായയിൽ നിന്നു പോയിട്ടില്ല.

ഏട്ടന്റ നോട്ടം മനസ്സിലാക്കി കേശവേട്ടൻ പറഞ്ഞു.

'കുറച്ചു മന്ത്രം ചെല്ലേണ്ടി വരും. ഈ എച്ചിലു വായോണ്ടു വേണ്ടലൊ'

ഞാൻ സ്റ്റേജിൽ കയറി സദസ്സിനെ തൊഴുതു സീറ്റിലിരുന്നു. എല്ലാവരും പ്രത്യേകിച്ചു ഹാജാർ എന്നെ തുറിച്ചു നോക്കിയിരുന്നു. നെടുങ്ങാടി എന്നെ കുറച്ചധികം പുകഴ്ത്തി പരിചയപ്പെടുത്തി. ഒടുക്കം –'ഇദ്ദേഹം ഹാജാരുടെ സംശയങ്ങൾക്കു മറുപടി പറയുന്നതാണ് ' എന്നും പറഞ്ഞിരുന്നു. സ്റ്റേജിലും സദസ്സിലും ഇരിക്കുന്നവരെല്ലാം എന്നെത്തന്നെ ഉറ്റുനോക്കി പരസ്പരം ഓരോന്നു പറഞ്ഞു ബഹളം കൂടിവന്നു. രംഗം കൊഴുത്തു വന്നപ്പോൾ ഞാൻ ഇടപെടാറായെന്നു തോന്നി. എഴുന്നേറ്റു സദസ്സിനെ വീണ്ടും വന്ദിച്ചു.

'പ്രൊഫസർ നെടുങ്ങാടി സർ എന്നെ പ്പറ്റി പറഞ്ഞത് കുറെ ഭോഷ്കാണ്. ഞാനൊരു നാടൻ നമ്പൂതിരിയെന്നു വെച്ചാമതി.ഡിഗ്രിയും പാസ്സുമൊന്നുമില്ല ' ഹാജാരെ ചൂണ്ടിയ ശേഷം – 'ഇയാളുടെ കൃഷ്ണസ്തുതി കുറച്ചു ഏറീന്നു തോന്നി. ഈ വഴിക്കു വന്നപ്പോൾ ഒന്നു കേറിയെന്നു മാത്രം. ' എന്നു പറഞ്ഞപ്പൊ സദസ്സു കൂടതൽ ഇളകി മറിഞ്ഞു. സദസ്സുഏതാണ്ടു എന്റ കയ്യിലൊതുങ്ങിയെന്നു തോന്നി. ഹാജാർ ഒന്നു പരിഭ്രമിച്ചിരിക്കുന്നു.എന്താ നടക്കുന്നതെന്നു അറിയാതെ. കാര്യങ്ങൾ തന്റെ പിടുത്തം വിട്ടുവെന്നു തോന്നിക്കാണും.

'ശരി ഹാജാരെ. നോക്കട്ടെ നിങ്ങളുടെ സംശയം തീർക്കാനാവുമോ എന്ന്. ബാല്യത്തിൽ കാടുകാട്ടി അമ്പാടിയിൽ കളിച്ചു വളർന്ന കൃഷ്ണനല്ലെ – രാസക്രീഡനടത്തിയതും മറ്റും നിങ്ങൾ അക്കമിട്ടു നിരത്തിയത്. ഗുരുവായൂരിലെ ഹിന്ദുക്കളുടെ ദൈവം എന്ന് നിങ്ങൾ ചോദിക്കുന്നതു കേട്ടു. ഉത്തരം അല്ല എന്നും അതെ എന്നുമാണ്. ഗുരുവായൂരമ്പലത്തിൽ പ്രതിഷ്ഠ കൃഷ്ണനല്ല, മഹാവിഷ്ണുവാണ്. വിഷ്ണുവിന്റെ അവതാരമാണ് കൃഷ്ണൻ. വിഷ്ണു എന്നാൽ പ്രപഞ്ചം മുഴുവൻ വ്യാപിച്ചു നിൽക്കുന്നവൻ എന്നാണർത്ഥം.നിങ്ങൾ ഇങ്ങോട്ടു വരുന്നതിനു മുമ്പ് കൃഷ്ണനെപ്പറ്റി ശരിക്കും പഠിച്ചിട്ടുണ്ടാവുലോ. ഹരിവംശം വായിച്ചിട്ടില്ലെ. ദശമം , നാരായണീയം ? മഹാഭാരതം കമ്പോടുകമ്പു വായിച്ചോ. ഞാൻ ഒന്നു നിർത്തി ,മൂപ്പരുടെ മറുപടി കാത്തു.

'ഞാനതൊന്നും വായിച്ചിട്ടില്ല.' അയാൾ പുച്ഛത്തോടെ മുഷിഞ്ഞു .

'അപ്പൊ പിന്നെ വൈഷ്ണവപുരാണങ്ങളായ വിഷ്ണു ഗരുഡം, വരാഹം, വാമനം ,മത്സ്യം, കൂർമ്മം ഒന്നും കണ്ടിട്ടുണ്ടാവില്ല അല്ലെ' ഞാൻ ഹാജാരെ നോക്കി അയാൾ തല താഴ്ത്തിയിരിപ്പാണ്. 'ഞാനതൊന്നും കണ്ടിട്ടില്ല' താനത്തരക്കാരനല്ലയെന്ന ഭാവത്തിലാണ് മറുപടി.

ഇതൊക്കെ വായിക്കാതെ എങ്ങനെയാണ് ശ്രീകൃഷ്ണനെപ്പറ്റി ഒരു സദസ്സിൽ സംസാരിക്കുക.'ചോദ്യം അയാൾക്ക ഇഷ്ടപ്പെട്ടില്ലയെന്നു

അയാളുടെ തുറിച്ചു നോട്ടം പറഞ്ഞു –

ഞാൻ പിന്നേയും തുടർന്നു '.നിങ്ങളു പറഞ്ഞതു കുറെയൊക്കെ ഞാൻ കേട്ടു.

'ആട്ടെ നോക്കാം. കൃഷ്ണൻ ഗോപികമാരുടെ വസ്ത്രം കട്ടു ഗോപികമാരായി കളിച്ചു എന്നൊക്കെയാണല്ലൊ നിങ്ങളുടെ കുറ്റച്ചാർത്ത്. ഓ പോരാ,രാധ എന്നൊരു 'സ്ത്രീ 'യുമായി സ്നേഹത്തിലായിരുന്നു കൃഷ്ണൻ എന്നും നിങ്ങൾ പറയുന്നതു കേട്ടു.

'ഉവ്വ്. ശരിയല്ലെ. രാധാമാധവയോർ ജയന്തി യമുനാ കൂലേ രഹ:കേളയ: എന്നല്ലെ ശ്ലോകം. 'ഹാജാർ ഞെളിഞ്ഞിരുന്നു.അയാൾ കുറെയൊക്കെ വായിച്ചിട്ടുണ്ട്.

'ശ്ലോകം ശരിയാണ്. പക്ഷെ കൃഷ്ണനെ രാധയോടു ചേർത്ത കഥ ഭാരതത്തിലോ,ഭാഗവതത്തിലൊ, ഹരിവംശം തുടങ്ങിയ ഗ്രന്ഥങ്ങളിലൊ ഇല്ല. പഴയ പുരാണങ്ങളിലുമില്ല. ഗീതാഗോവിന്ദത്തിലാണ് ആ കഥ തുടങ്ങുന്നത്. അവിടെയും രാധ വെറും കളിക്കൂട്ടുകാരിയാണ്.

ഹാജാർക്ക് മുഴുവൻ അതു ബോധിച്ചില്ല.

'അപ്പൊ രാസക്രീഡയും മററും – ,

' ഉദ്ധവർ വന്നു കംസന്റ കല്പന പ്രകരം കൃഷ്ണനെ മഥുരയിലെക്ക് കൊണ്ടു പോയ ശേഷം കൃഷ്ണൻ അമ്പാടിയിലെക്കു വരുന്നെയില്ല. ഇനി കൃഷ്ണൻ അമ്പാടി വിട്ടുപോകുമ്പോൾ പത്തോ പതിനൊന്നോ വയസ്സാണ്. പത്തുപതിനൊന്നു വയസ്സു വരെ കുട്ടികൾ കളിക്കുന്നതിനെ ഹാജാരെ ഇങ്ങനെ നിങ്ങൾ പറയുന്ന പോലെ വ്യാഖ്യാനിക്കാനാവില്ല.'

ആ പറഞ്ഞത് ഹാളിലിരിക്കുന്നവർ കയ്യടിച്ചു സ്വീകരിച്ചു. പക്ഷെ, ഹാജാർക്ക് അതു ഇഷ്ടപ്പെട്ടില്ലെന്നു തോന്നി.

'സ്വന്തം അമ്മാവനെ കൊന്നതിന് എന്തു ന്യായാ പറയാ '

'ഒന്നാമത് കംസൻ കൃഷ്ണന്റ നേരെ അമ്മാവനല്ല. ജ്യേഷ്ഠാനുജന്മാർ മക്കളാണ് ദേവകിയും കംസനും. ദേവകന്റെ മകളാണ് ദേവകി. ദേവകന്റെ സഹോദരനാണ് കംസന്റെ അച്ഛൻ ഉഗ്രസേനൻ. സ്വന്തം അച്ഛൻ ഉഗ്രസേനനെ ജയിലിലടച്ചാണ് ക്രൂരനായ കംസൻ രാജാവായത്. ഇന്നത്തെ നീതിന്യായ വ്യവസ്ഥയല്ല പണ്ടൊക്കെ ഉണ്ടായിരുന്നത് . ഈ വാസ്തവമൊക്കെ ഹാജാർക്ക് അറിവുള്ളതല്ലെ?

'നിയ്ക്കൊന്നും അറിയില്ല.' അയാൾ തിരിഞ്ഞിരുന്നു. സദസ്സ് ആകെ ശാന്തമായി. 'കൃഷ്ണൻ കംസനെ കൊന്നു ഉഗ്രസേനനെ തടവറയിൽ നിന്നു രക്ഷിച്ചു രാജാവായി അഭിഷേകം ചെയ്യുക

യാണ് ചെയ്തത്.അതല്ലേ ശരി, അതു തന്നെയല്ലേ ന്യായവും'

പെട്ടെന്നു അയാൾ നേരെ ഇരുന്നു വലതു കൈ ഉയർത്തി ഉറക്കെ ചോദിച്ചു

'നിങ്ങൾക്കു ഹിന്ദുമതത്തിൽ ഒരു ഈശ്വരനുണ്ടോ. ഈ കൃഷ്ണനും, അയ്യപ്പനും, ഭഗവതിയുമൊക്കെ അല്ലാതെ. ഈ കാണുന്ന പ്രപഞ്ചത്തിന്റെ നാഥനായിട്ട് അള്ളാ – ' അയാൾ പെട്ടെന്നു നിർത്തി. അള്ളാ വുവിനെപ്പോലെ എന്നു പറയാൻ വന്നതാവും.

സദസ്സാകെ ഒന്നിളകി. എല്ലാവരും സ്റ്റേജിലേക്ക് കണ്ണും നട്ടിരിക്കയാണ്. ആരും ശ്വാസം പോലും വിടുന്നില്ല. വേദിയിലും പള്ളീലച്ചനും മററുള്ളവരും എന്നെത്തുന്നെ നോക്കിയിരിപ്പായി. ആൾക്കാരടെ ഒക്കെ ശ്രദ്ധ എന്റെ മുഖത്തായപ്പോൾ ഞാൻ മെല്ലെ ഹാജാരുടെ നേരെ തിരിഞ്ഞിരുന്നു.

'താങ്കൾ ബ്രഹ്മസൂത്രം എന്നു കേട്ടിട്ടുണ്ടാവും. ഉപനിഷത്തുക്കളും. അതിൽ ഈശാവാസ്യം എന്നൊരു ഉപ നിഷത്തുണ്ട്.' ഞാൻ നിർത്തി, ചുറ്റും നോക്കി.

'ഈശാവാസ്യമിദം സർവ്വം – എന്നാണ് തുടക്കം.ഈ ജഗത്ത് മുഴുവൻ ഇശ്വരൻ നിറഞ്ഞുനിൽക്കുന്നു. ഈശ്വരന്റ വാസസ്ഥാനമാണെന്നർത്ഥം. അതാണ് ബ്രഹ്മം. അതിനു രൂപമില്ല. അത് ഒന്നേയുള്ളു. അതാണ് യഥാർത്ഥത്തിൽ ഹിന്ദു മതത്തിലെ ഈശ്വരൻ. ബ്രഹ്മത്തിനെ പലരും പല വിധത്തിൽ പറയുന്നു എന്നു മാത്രം. അതിൽ പെട്ടതാണ് മഹാവിഷ്ണു. വിഷ്ണുവിന്റെ അവതാരങ്ങളാണ് കൃഷ്ണനും മറ്റും. ഈ ലോകത്തിനു ഒരു ബാലൻസ് ഉണ്ട് അതുനിലനിർത്താനാണ് അവതാരങ്ങൾ ഉണ്ടാവുന്നത്. '

ഞാൻ പറഞ്ഞു നിർത്തി. ആൾക്കാരെല്ലാം കൊത്തി വെച്ച പോലെ അനങ്ങുന്നില്ല്'.

കേശവേട്ടൻ എന്തോ ആലോചിച്ചു ചെല്ലം തുറന്നു. പുറത്തും ഒരനക്കവുമില്ല. ഇനി പത്തു മിനിറ്റു മുറുക്കാനുള്ള സമയമാണ്. ഞങ്ങളും മിണ്ടാതിരുന്നു. പിന്നെ എന്റ സംശയം ഞാൻ പുറത്തിട്ടു. മൂപ്പരോട് എന്തും ചോദിക്കാം.

'ഇങ്ങനെയൊക്കെ പറയാൻ എങ്ങനാ കേശവേട്ടൻ പഠിച്ചു.'

അദ്ദേഹം റാന്തലിന്റെ വെളിച്ചത്തിൽ എന്നെ നോക്കി. ചിരിച്ചു. ഞങ്ങളുടെ ചോദ്യവും, ഈ കഥ പറയലും അദ്ദേഹം ആസ്വദിക്കുന്നുണ്ടെന്നു തോന്നി.

'തന്റെ അച്ഛന്റെ കൂടെ ഓത്തു പഠിച്ച വടക്കേടം കൃഷ്ണപ്പനാണ് എന്നെ ഓത്തു പഠിപ്പിച്ചത്.അദ്ദേഹത്തിന് സംസ്കൃതോം ഉപനിഷത്തും,പുരാണോം ഒക്കെയറിയാം. കുറെയൊക്കെ പറഞ്ഞു തന്നിട്ടുണ്ട്. '

അതു ഞങ്ങൾക്ക് പുതിയ അറിവായിരുന്നു. കേശവേട്ടൻ കഥയിലേക്കു മടങ്ങി.

' അതുകൊണ്ടാണ് ബുദ്ധനും, ക്രിസ്തുവും കൂടി അവതാരങ്ങളാണെന്നു പറയുന്നത്. ഞാനിത് പറഞ്ഞപ്പൊ പള്ളീലച്ചൻ എന്തോ പറയാനൂന്നി , പക്ഷെ വേണ്ടാന്നു വെച്ചു. സദസ്സു വരച്ചു വെച്ച പോലെ നിശ്ചലം. നിർത്താറായിട്ടില്ലന്നു ഞാൻ നിശ്ചയിച്ചു. തലതാഴ്ത്തിയിരിക്കുന്ന ഹാജാരെ നോക്കി ഞാൻ ചോദിച്ചു.

' ഹാജാർ തത്വമസി എന്നു കേട്ടിട്ടുണ്ടാവും.' അയാൾ തല കുലുക്കിയ പോലെ തോന്നി. പഴയ വീര്യം ഇല്ല. 'എല്ലാവരിലും ഈശ്വരന്റെ അംശം ഉണ്ടെന്നർത്ഥം. ഈശ്വരാംശം കൂടിയവരാണ് യഥാർത്ഥ അവതാരങ്ങൾ. നമ്മളിലെല്ലാം ഈശ്വരാംശമുണ്ട്. അതാണ് തത്വമസിയും, അഹംബ്രഹ്മാസ്മി'യും സൂചിപ്പിക്കുന്നത്'.

അദ്ദേഹം എഴുന്നേറ്റു ജനലിൽ കൂടെ നീട്ടിത്തുപ്പി. തിരിച്ചു വന്നിരുന്നു. ബാക്കി കേൾക്കാനുള്ള ഞങ്ങളുടെ ത്വര കണ്ണുകളിൽ തിളങ്ങുന്നുണ്ടാവണം.

'വേദത്തിൽ എവിടെയും ഇശ്വരനെപ്പറ്റി പറയുന്നില്ലെന്നു ഹാജാർ പറയുണ്ടായി .

ഹാജാർ എന്നെ നോക്കി മെല്ലെ തലകുലുക്കിയ പോലെ തോന്നി. എന്താ വരാൻ പോകുന്നതെന്നറിയാതെ കുഴങ്ങിയിട്ടാവും.

'ശരിയാണ്. വേദത്തിൽ നിങ്ങളുടെ ഗ്രന്ഥത്തിലെ പോലെ കുറ്റം ചെയ്താൽ ശിക്ഷിക്കാനും, അല്ലെങ്കിൽ സ്വർഗ്ഗത്തിലേക്കയക്കാനും ഒരു കിയാമത്ത് ദിനം കാത്തു കിടക്കുന്ന ശവപ്പറമ്പുകളൊന്നും ഞങ്ങളുടെ വേദത്തിലില്ല. അവിടെ ഒരാൾ ചെയ്ത കർമ്മങ്ങളുടെ ഫലം നല്ലതായാലും, ചീത്തയായാലും അയാളനുഭവിക്കു മെന്നാണ് പറയുന്നത്. അതിനാണല്ലൊ പുനർജന്മം. ' ഞാൻ നിർത്തി. ഹാജാരക്കു എന്തെങ്കിലുമുണ്ടെങ്കിൽ പറയട്ടെയെന്നു വെച്ചു മിണ്ടാതിരുന്നു. ഹാജാർ മിണ്ടാതെ തല താഴ്ത്തിയിരിപ്പാണ്.

' ഹാജാര് ഞങ്ങടെ വേദത്തില് ഈശ്വരനെപ്പറ്റി ഒന്നും പറയുന്നില്ലെന്നു പറഞ്ഞില്ലെ. അതു ശരിയല്ല.പുരുഷ സൂക്തം എന്നൊന്നു വേദത്തിലുണ്ട്. അത് ബ്രഹ്മത്തിനു ഒരു രൂപം കൊടുക്കാൻ ശ്രമിച്ചതാണ്. രൂപമില്ലാത്തതിനു ഒരാകൃതി കല്പിച്ചാൽ ഇങ്ങനെയിരിക്കും. ' കേശവേട്ടൻ ഒരു മിനിറ്റ് മിണ്ടാതെയിരുന്നു. എന്നിട്ടു സഹസ്രശീർഷാ പുരുഷ: സഹസ്രാക്ഷ : എന്നു തുടങ്ങി ഉറക്കെ ചൊല്ലി നിർത്തി. 'ഞാനിത് സ്വരത്തില് ഉറക്കെ ചൊല്ലി. അപ്പോഴത്തെ ഇളകി മറിഞ്ഞ ജനത്തിന്റെ കയ്യടിയും, ഘോഷവും കേക്കണം. രണ്ടു മനിറ്റിനു ശേഷം എല്ലാവരും എഴുന്നേറ്റു. സ്റ്റേജിലുള്ളവരും ഭക്തിയോടെ തൊഴുതു നിന്നു. ഹാജാർ മടിയോടെ എഴുന്നേറ്റു പതുക്കെ പിൻഭാഗത്തുകൂടെ പടിയിറങ്ങി.ഞാൻ നെടുങ്ങാടിയോടു കണ്ണു കാണിച്ചു. അയാൾ ഹാജാരുടെ പിന്നാലെ പോയി യാത്രയയച്ചു വന്നു.

'തിരുമേനി ഞങ്ങടെയൊക്കെ സംശയം തീർത്തുതന്നു. ' പള്ളീലച്ചൻ തൊഴുതുകൊണ്ടു പറഞ്ഞു. തിരിച്ചു ഓഫീസുമുറിയിലെത്തിയപ്പോൾ നെടുങ്ങാടി പറഞ്ഞു. – ' നന്നായി തിരുമേനി. ഇങ്ങനെ അടച്ചു പറയാൻ മറ്റാർക്കും പറ്റില്ല.'

നെടുങ്ങാടിയുടെ അനുജൻ പറഞ്ഞു. 'ഹാജാര് ഖുറാനെപ്പറ്റി കുറെ വാതോരാതെ പുകഴ്ത്തിയാണ് തുടങ്ങിയത്. അതിനു – ' ' അതു വേണ്ട.' നെടുങ്ങാടിയും ഞാനും ഒന്നിച്ചാ മറുപടി പറഞ്ഞത്.

'ഞാൻ ഖുറാൻ നോക്കിയിട്ടുണ്ട്. പക്ഷെ നമ്മളതിനെപ്പറ്റി പറയാനാളല്ല. ബൈബിളും ഖുറാനും ഒക്കെ മനുഷ്യൻ നന്നാവാനല്ലെ '

'പക്ഷെ നന്നാവില്ലാച്ചാൽ എന്താ കാട്ടുക.

കേശവേട്ടനു കോസറി കുടഞ്ഞു വിരിച്ചു കൊടുത്ത ശേഷം ഏട്ടൻ മെല്ലെ ചോദിച്ചു. 'നാളെ ഏതാ കഥ? '

ഒരു പെൺകുട്ടിയെ സ്നേഹിച്ച ഗന്ധർവ്വന്റ കഥയാവാം.

●

കെ.എം.എസ്. ഭട്ടതിരിപ്പാട്.
ഗുരുപവൻ കാവനാട്ട് .
കോട്ടപ്പടി, കോട്ടയ്ക്കൽ.
676503. മലപ്പുറം ജില്ല.
9744999300, 9995172320

കവിത

# കംസഗതി



**തയ്യിൽ വാമനൻ നമ്പൂതിരി**

കാവ്യകേളി, അക്ഷരശ്ലോകം പരിശീലകൻ. സംസ്ഥാന കലോത്സവങ്ങളിൽ വാമനൻ നമ്പൂതിരിയുടെ നിരവധി ശിഷ്യർ വിജയകിരീടം ചൂടുന്നു. 2001-ൽ മേമുണ്ട ഹൈസ്കൂൾ അധ്യാപകനായി വിരമിച്ചു. 2019-ൽ തന്റെ 69-ാം വയസ്സിലാണ് ആദ്യത്തെ കവിത എഴുതിയത്.

1

കണ്ണൻതൻകഥതീർക്കുവാനൊരുവഴിക്കാലോചനം നീങ്ങവേ
കംസൻ തന്നുടെ ദുഷ്ട മാനസമതിൽകിട്ടീടിനാനാശയം
പാലുംവെണ്ണയുമെന്നു വേണ്ടസ്സകലംപൂജയ്ക്കുവേണ്ടുന്ന താം
ദ്രവ്യംകൊണ്ടുവരേണമെന്നരുളിയാൽവന്നീടുമേ നിശ്ചയം.

2

കൃഷ്ണൻ തന്നെ വിളിച്ചിടാനവിടെമറ്റാരാനുമേ ചെല്ലുകിൽ
ആരും തന്നെ വരില്ല കംസവചനംദുർബുദ്ധിയാൽ പ്രേരിതം
കണ്ണൻതന്നൊടുഭക്തിയുള്ളൊരുവനാമക്രൂരനാണെങ്കിലോ
വന്നെത്തും ബലരാമ കൃഷ്ണനുമിതാ തോഷേണ പൂജയ്ക്ക ഹോ

3

കംസൻതന്നാജ്ഞയാലേയതിമധുരതരം യാദവൻ യാത്രയായീ -
യമ്പാടീതന്നിലേക്കായതി കുതുകമൊടേ കണ്ണനെക്കണ്ടിടാനായ്
അക്രൂരൻതൻമനസ്സിൽവിവിധതരമെഴും ചിന്ത തന്നോളമായി
സന്തോഷാധിക്യമോടേ വ്രജകുലവനിതാസുസ്മിതം
കാൺകയാലേ

4

കംസൻ തൻ ദൂതനായി ട്ടൊരുദിനമവിടേയെത്തിയമ്പാടി തന്നിൽ-
പ്പോകുമ്പോൾ കണ്ട കാര്യങ്ങളതിസരസമായോതിനാൻമാന
സത്തിൽ
അമ്പാടിക്കകമെത്തിടുന്നസമയംസായാഹ്നമായ് ഗ്ഗോപികൾ
ഗോവിൻ പാലുകറക്കു വാനതിദ്രുതംതയ്യാറെടുക്കുന്നുഹാ

5

കന്നിൻകുട്ടികൾവേണുഗാനമധുരം തോഷേണ കേൾക്കുമ്പൊഴ-
ത്തള്ളപ്പയ്യിനെവിട്ടുകൊണ്ടുസതതംനിന്നീടിനാർ നിശ്ചലം
തള്ളപ്പയ്യുമിതേവിധത്തിലതിനേനക്കാതെ നിന്നീടിനാ-
രെന്തോ ചിന്തയിലാണ്ടു നിന്നു സതതം വേണു സ്വരാ കൃഷ്ടരായ്

6

കണ്ണാ നിന്നുടെ വേണു ഗാനമുടനേ നിർത്തീലയെന്നാകിലോ
പയ്യൊന്നും വരികില്ല പാൽക്കറവയുംനിർത്തേണ്ടിവന്നേക്കുമേ
രാവായാൽക്കറവയ്ക്കുനല്ലവിഷമം , കിട്ടില്ല പാലൽപ്പവും
നാളേ തൊട്ടിഹ നിന്റെഗാനമിവിടേ സന്ധ്യക്കു ശേഷം മതി.

7

കണ്ണൻ തൻ മൃദുമേനി കാണുവതിനായ്പോകുന്നഞാൻപുണ്യവാ-
നല്ലേകൃഷ്ണനെനോക്കി നിന്നു സരസം ചിത്തം കുളിർപ്പിക്കണം
സന്തോഷംവളരേയുയർന്ന
സമയം ഗോപാലനാം ബാല നേ
ഗാഢാലിം ഗനമൊന്നു ചെയ്തു വളരേ രോമാഞ്ചമാർന്നീടണം -

8

എന്നും കട്ടുതുടങ്ങി വെണ്ണയതിനാൽ ഹസ്തങ്ങളോ മാർദ്ദവം
പ്രാപിച്ചങ്ങനെനിന്നിടുന്നുവളരേനൈർമ്മല്യവും വന്നു തേ
ഉണ്ണിക്കയ്യതുമെല്ലെയൊന്നുതടവാൻചുംബിക്കുവാനാകുമോ
കണ്ണാഞാൻതവഭക്തനാണുസദയംമോഹങ്ങൾ തീർക്കേണമേ

9

കാരുണ്യംകളിയാടിടുന്ന നയനംരാഗാർദ്രപീയൂഷമായ്
ഞാനാകുന്നസുമത്തിലെത്തിമധുവുണ്ടീടുന്ന നേരത്ത ഹോ
കണ്ണൻതൻ നറുപുഞ്ചിരിപ്പൂ തുനിലാവേറ്റങ്ങു മത് സ്വത്വമാ -
മാമ്പൽപ്പൂ വിരിയട്ടെ തേനതിൽ നിറഞ്ഞാൽ ദു:ഖ മാറീടുമേ

10

കാണാൻകൗതുകമേറിടുന്നകുസൃതികൂട്ടത്തിനോടൊപ്പമായ്
കണ്ണൻതന്നെയെടുത്തു പോകുവതിനായ് വന്നോരിവൻ ക്രൂരനാം
നമ്മൾ തന്നുടെ ജീവനായി വിലസും കാർവർണ്ണനെക്കൂട്ടുവാ-
നെത്തീ ക്രൂരനിവൻ നമുക്കു പറയാമക്രൂരനല്ലെന്നി വൻ

11

കണ്ണൻപോയൊരുനേരമങ്ങുവളരേദു:ഖത്തൊടേഗോപി മാ-
രൊന്നിച്ചങ്ങനെകേളിയാടിനടനംചെയ്തോരു വൃത്താന്തവും
സന്താപംകലരുന്നഭാഷയതിനാൽചൊല്ലിക്കരഞ്ഞീടവേ -
യെല്ലാരുംബതവിങ്ങിവിങ്ങി കദനംപങ്കിട്ടവർ തങ്ങളിൽ

12

അന്നേരംമധുരാപുരിക്കിരുവശംനില്ക്കും ജനൗഘത്തിനേ
തൻപ്രേമാൽ വിലയിച്ചു കണ്ണനവിടേയ്ക്കെത്തീടിനാനാദരാൽ
കാവൽ നിന്ന ഗജത്തി നേയൊരടിയാലൊ ന്നങ്ങു തീർത്തിട്ടുടൻ
മല്ലന്മാരുടെജീവനങ്ങു
യമധർമ്മാവിന്നയച്ചില്ലയോ.

13

ക്ഷീണംകൊണ്ടുതളർന്ന കംസനതിയായ്
കോപിച്ചു കൊണ്ട പ്പൊഴ -
ക്കണ്ണൻതന്നുടെനേരെയെത്തി ബലമായ്
ക്കൊല്ലാൻതുനിഞ്ഞിടവേ
കഞ്ചൻതന്നുടെമേനിയൊന്നുബലമായ് ക്കെട്ടിപ്പിടിച്ച ഞ്ജസാ
കംസൻ തൻവധവും കഴിച്ചു ജനതയ്ക്കേ കീ സമാശ്വാസവും

## ഉപനയനം

08/06/2025



## പുടയൂർ അഗ്നിദത്തൻ

പുടയൂർ
ജയനാരായണന്റേയും,
മാന്നാനമ്പറ്റ മഹൾ
സൂര്യയുടേയും മകൻ.

## ഉപനയനം

മായന്നൂർ മുണ്ട നാട്ട് കൃഷ്ണൻ - നിത്യ ദമ്പതി മാരുടെ മകൻ അമോഘ് നാരായണന്റെ ഉപനയനം 2025 ജൂൺ ഒന്നിന് നടന്നു



## അമോഘ് നാരായണൻ

## ഉപനയനം
30.04.2025



## സമാവർത്തനം
04.05.2025



താമരക്കുളം
ദിനേശ് വിഷ്ണുവിന്റേയും
ഗീതയുടേയും മകൻ

## ശ്രീധർ ഡി. താമരക്കുളം

## ഉപനയനം 2025 ഏപ്രിൽ 3ന്
## സമംഗളം നടന്നു





**സാരംഗ്**
S/o പ്രജിത്ത് & രമ്യ

**ശ്രീറാം**
S/o ഭവദാസൻ & രേഖ

**കൊളത്താപ്പള്ളി മന**
**വടക്കേക്കാട്, തൃശ്ശൂർ**

## ഉപനയനം

മലപ്പുറം ജില്ല
വന്നേരി പൂവത്ത
ടി മന സജീവ്
ശരണ്യ ദമ്പതി
മാരുടെ ഉണ്ണി

**ധനഞ്ജയ്**

**@ വന്നേരി**
**കൺവെൻഷൻ**
**സെന്റർ**
**28/5/25**



ഉപനയിച്ചത് ഉണ്ണിയുടെ അമ്മാത്തെ മുത്തച്ഛൻ ആലയ്ക്കാട്ട് വാസുദേവൻ നമ്പൂതിരി
ഓതിക്കോൻ : മുല്ലമംഗലം നാരായണൻ നമ്പൂതിരി

ആശംസകളോടെ,
പൂവത്തടി പദ്മനാഭൻ നമ്പൂതിരി, ആര്യാദേവി. വാസന്തി
(മുത്തച്ഛൻ, മുത്തശ്ശി, അമ്മാത്തെ മുത്തശ്ശി.)

ഡോക്ടർ സജീവ് :
മൊബൈൽ: 9207175112

## സമാവർത്തനം

**ഭുവൻ എം മാധവൻ**
**04-05-2025**

തിരുവേഗപ്പുറ പടിഞ്ഞാറേപ്പാട്ട് മനയിലെ മിഥുൻ മാധവന്റേയും രമാദേവിയുടേയും മകൻ **ഭുവൻ എം മാധവന്റെ** (അപ്പു) സമാവർത്തനം 2025 മേയ് നാല് ഞായറാഴ്ച തിരുവേഗപ്പുറ മഹാദേവ ക്ഷേത്രം ഹാളിൽ വെച്ച് സമംഗളം നടന്നു.



ആശംസകളോടെ,
അച്ഛൻ മിഥുൻ മാധവൻ,
അമ്മ രമാദേവി &
ബന്ധുമിത്രാദികൾ

## ഉപനയനം

**ഹരിഗോവിന്ദ്**
**02-04.2025**

മുയിപ്പോത്ത് മുണ്ടോട്ട ഇല്ലത്തു ശശിധരൻ- സജിന ദമ്പതിമാരുടെ മകൻ ഹരിഗോവിന്ദിന്റെ ഉപനയനം ഏപ്രിൽ 2ന് നടന്നു.

*ആശംസകളോടെ*
മുത്തശ്ശൻ,മുത്തശ്ശി,
ശ്രീശങ്കർ ബി ഐ,
ഗോപിക ബി ഐ
ഫോ: 9447262924





## ഉപനയനം

**(06.04.2025)**

### ദൈവിക് കൃഷ്ണ

അച്ഛൻ: **ദീപേഷ്**
അമ്മ: **വിദ്യ**
ഇല്ലം: എരഞ്ഞോളി
മുത്താമ്പി,
കൊയിലാണ്ടി
ഫോൺ: 07204763591

## ഉപനയനം

**(03.04.2025)**



### സാരംഗ് റാം

ചെറില്ലത്ത് കണ്ടമംഗലം രമേഷ് അപർണ ദമ്പതികളുടെ മൂത്ത മകൻ സാരംഗ് റാമി ന്റെ ഉപനയനം 03-04-2025 നു ഇല്ലത്ത് വച്ച് ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സാന്നിധ്യത്തിൽ നടന്നു. ആശംസകളോടെ മുത്തശ്ശി, രാകേഷ്, കവിത, ശ്രീരംഗ് ദേവ്, കൃഷ്ണവേണി.



## ഉപനയനം

**(02.04.2025)**

### പരമേശ്വർ പ്രസാദ്

കുണ്ടിൽ കുളം നാരായണൻ നമ്പൂതിരിയുടേയും രശ്മി അന്തർജനത്തിന്റേയും മകൻ പരമേശ്വര പ്രസാദിന്റെ ഉപനയനം 02/04/2025 (1200 മീനമാസം 19) ബുധനാഴ്ച ഇല്ലത്ത് വെച്ച് നടന്നു.


ആശംസകളോടെ:
**ശ്രീദത്ത്,**
**ശ്രീജിത്ത്,**
**വരുൺ ശ്രീധർ,**
**മാധവി കൃഷ്ണ**

## ഉപനയനം 3/4/25

### രോഹിത്, അഭിജിത്



കോഴിക്കോട് പെരുമൻപുറ പാലാഞ്ചേരി ജിതേഷ് (പൂജാരി, ബിലാത്തികുളം വേട്ടയ്ക്കൊരുമകൻ ക്ഷേത്രം, കോഴിക്കോട്) - ശ്രുതി ദമ്പതിമാരുടെ ഉണ്ണികൾ രോഹിത്, അഭിജിത്




**അറിയേണ്ട നമ്പൂതിരി**



*വള്ളൂർ ദാമോദരൻ നമ്പൂതിരി*

# Introduction to വി എം ഡി നമ്പൂതിരി

## പ്രതിഫലമായി പണം വാങ്ങില്ലെന്ന് പ്രതിജ്ഞയെടുത്ത ഡോക്ടർ

മനോരോഗ ചികിൽത്സാ രംഗത്ത് ഇന്ത്യയിലെ മികച്ച പത്തു വിദഗ്ദ്ധരുടെ പേരെടുത്താൽ അതിലൊരാൾ വി എം ഡി നമ്പൂതിരിയെന്ന വള്ളൂർ ദാമോദരൻ നമ്പൂതിരിയാവും. മനഃശാസ്ത്ര വിഷയത്തിൽ ഡോക്ടർമാർ റഫർ ചെയ്യുന്ന പുസ്തകങ്ങളെടുത്താൽ അവയിൽ പലതും ഇദ്ദേഹത്തിന്റേതാകും. മെഡിക്കൽ കോളേജുകളിൽ പഠിപ്പിക്കുന്ന മനഃശാസ്ത്ര പുസ്തകങ്ങളിൽ പലതിലും സഹരചയിതാവായതാവും.

**ഉദയൻ നമ്പൂതിരിപ്പാട്**



ഇൻട്രൊഡക്ഷൻ ടു സൈക്ക്യാട്രി എന്ന പുസ്തകപ്പേര് കടമെടുത്താൽ ഈ കുറിപ്പ് ഇൻട്രൊഡക്ഷൻ ടു വി എം ഡി നമ്പൂതിരിയാണ്. വി എം ഡി നമ്പൂതിരിക്ക് ഒരാമുഖം. മനോരോഗ ചികിൽത്സാ രംഗത്ത് ഇന്ത്യയിലെ മികച്ച പത്തു വിദഗ്ദ്ധരുടെ പേരെടുത്താൽ അതിലൊരാൾ വി എം ഡി നമ്പൂതിരിയെന്ന വള്ളൂർ ദാമോദരൻ നമ്പൂതിരിയാവും. മനഃശാസ്ത്ര വിഷയത്തിൽ ഡോക്ടർമാർ റഫർ ചെയ്യുന്ന പുസ്തകങ്ങളെടുത്താൽ അവയിൽ പലതും ഇദ്ദേഹത്തിന്റേതാകും. മെഡിക്കൽ കോളേജുകളിൽ പഠിപ്പിക്കുന്ന മനഃശാസ്ത്ര പുസ്തകങ്ങളിൽ പലതിലും സഹരചയിതാവായതാവും.

പണ്ട് വളരെ പ്രാകൃതമായിരുന്നു മനോരോഗ ചികിൽത്സ.




*ഡോക്ടർ വി എം ഡി നമ്പൂതിരി എഴുതിയ പുസ്തകങ്ങൾ*

വീട്ടിൽ അടച്ചിടലും മർദ്ദനവും പട്ടിണിക്കിടലും ഏകാന്തവാസവും മന്ത്രവാദവുമെല്ലാം ചികിൽസയുടെ ഭാഗമായിരുന്നു. ഒരാൾക്ക് രോഗമുണ്ടെങ്കിൽ അതു പുറത്തു പറയാൻ കൊള്ളാത്തതാണ് എന്ന മനോഭാവമായിരുന്നു. ഇന്ന് അത് കുറെയൊക്കെ മാറി. മനോരോഗത്തെ ചികിത്സിച്ചു മാറ്റാവുന്ന രോഗമായി സമൂഹം കരുതാൻ തുടങ്ങിയിട്ടുണ്ട്. അത്തരം മാറ്റങ്ങൾക്കു ചുക്കാൻ പിടിച്ച വിദഗ്ധരുടെ മുൻനിരയിലുള്ള ഒരാളാണ് വി എം ഡി നമ്പൂതിരി.

ചെർപ്പുളശ്ശേരിക്കടുത്ത് കല്ലുവഴി എന്ന സ്ഥലത്താണ് വള്ളൂർ മന. പഴയ കാലത്ത് പത്ത് ഏക്രയിലധികം വലിപ്പമുണ്ടായിരുന്ന പറമ്പിൽ എട്ടുകെട്ടും അഞ്ച് പത്തായപ്പുരകളും. കല്ലുവഴിയിലെ അഞ്ചുമൂർത്തി മഹാദേവ ക്ഷേത്രത്തിന്റെ ഊരാളന്മാരും. പക്ഷേ മനയിലുള്ളവർ പ്രശസ്തരായത് സമ്പത്തു കൊണ്ടല്ല. വൈദ്യപ്പെരുമ കൊണ്ടായിരുന്നു. മഹാവൈദ്യന്മാരായിരുന്ന അവിടത്തെ നമ്പൂതിരിമാർ പഠനം ആരംഭിക്കുന്നതിനു മുമ്പ് ഒരു പ്രതിജ്ഞ എടുക്കാറുണ്ട്. 'ആര് ഏതു സമയത്ത് വന്നാലും ചികിൽത്സിക്കും, പ്രതിഫലമായി ഒരിക്കലും പണം വാങ്ങില്ല' . വള്ളൂർ മനയിൽ ജനിച്ചു വൈദ്യം പഠിച്ചവരെല്ലാം ഈ പ്രതിജ്ഞ പാലിച്ചു പോന്നിട്ടുണ്ട്. അന്നെല്ലാം ഇഴജന്തുക്കൾ കടിച്ചാൽ വിഷവൈദ്യന്മാരാണ് ആശ്രയം. വിഷം തീണ്ടി ഏതു അർദ്ധരാത്രിയിൽ ചെന്നാലും പടിപ്പുര തുറന്നു കൊടുക്കും. അതിനാൽ മിക്കവാറും വള്ളൂർ മനയിലുള്ളവർ രാത്രി കണ്ണടക്കാറില്ല.

ദാമോദരൻ നമ്പൂതിരിയുടെ മുത്തപ്ഫനായിരുന്ന അക്കീരാമൻ നമ്പൂതിരിയും അച്ഛനായ ശങ്കരൻ നമ്പൂതിരിയും (1917–2015) പ്രഗൽഭരായിരുന്നു. അച്ഛനെ ആയുർവേദം പഠിപ്പിച്ചത് പഞ്ഞാവൂർ കൃഷ്ണൻ നമ്പൂതിരിയും വിഷവൈദ്യം പഠിപ്പിച്ചത് പൂമുള്ളി ആറാം തമ്പുരാന്റെ ഗുരുനാഥനായ ചെറുകുളപ്പുറം കൃഷ്ണൻ നമ്പൂതിരിയുമാണ്. വിഷം തീണ്ടി ജീവസ്പന്ദനം നിലക്കാറായ പലരേയും ശങ്കരൻ നമ്പൂതിരി ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടു വന്നിട്ടുണ്ട്. വലിയൊരു ശിഷ്യ സമ്പത്തും അദ്ദേഹത്തിനുണ്ട്. ഗുരുകുല സമ്പ്രദായത്തിലായിരുന്നു പഠനം. ജർമ്മനിയിലും ജപ്പാനിലുമുള്ള ചില യൂണിവേഴ്സിറ്റികളിൽ അദ്ദേഹത്തിന്റെ ക്ലാസുകൾ വീഡിയോവിൽ പകർത്തി ഭാരതീയ പാരമ്പര്യ ചികിൽത്സാ പഠന വിഭാഗത്തിൽ സൂക്ഷിച്ചിട്ടുണ്ട്.



*അച്ഛനും മഹാവൈദ്യനുമായിരുന്ന വള്ളൂർ മന ശങ്കരൻ നമ്പൂതിരിയും അമ്മ ദേവകി അന്തർജനവും*

ജർമ്മനിയിലും ജപ്പാനിലുമുള്ള ചില യൂണിവേഴ്സിറ്റികളിൽ വള്ളൂർ മനയ്ക്കൽ ശങ്കരൻ നമ്പൂതിരിയുടെ ക്ലാസുകൾ വീഡിയോവിൽ പകർത്തി ഭാരതീയ പാരമ്പര്യ ചികിൽത്സാ പഠന വിഭാഗത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഗുരു ചെറുകുളപ്പുറം രചിച്ച വിഷവൈദ്യസാരസമുച്ചയം എന്നൊരു അപൂർവ്വ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം ശങ്കരൻ നമ്പൂതിരി രചിച്ചിട്ടുണ്ട്. ശിഷ്യനും കോട്ടക്കൽ ആയുർവേദ കോളേജിലെ പ്രൊഫസറുമായ ഡോക്ടർ കൊയ്ത്തൊടി മധു ഈ പുസ്തകം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്. 2011 ൽ ഇന്ത്യൻ റെയിക്കി അസോസിയേഷൻ പാരമ്പര്യ വിഷവൈദ്യത്തിലുള്ള സംഭാവന മാനിച്ചു കൊണ്ട് റെയിക്കുവ ഹൃഷി പുരസ്ക്കാരം നല്കി ശങ്കരൻ നമ്പൂതിരിയെ ആദരിച്ചു. കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി, വൈദ്യമഠം തുടങ്ങിയവരും ആദരിച്ചിട്ടുണ്ട്.

ഈ ശങ്കരൻ നമ്പൂതിരിയുടെ മകനായി 1942 ലാണ് ദാമോദരൻ നമ്പൂതിരിയുടെ ജനനം. അമ്മ പഴേടത്തു മന ദേവകി അന്തർജനം. കുട്ടികൾ വേദവും സംസ്കൃതവും ഇല്ലത്തിരുന്നു പഠിക്കുകയായിരുന്നു അന്നത്തെ സമ്പ്രദായം. എന്നാൽ സമാവർത്തനം കഴിഞ്ഞ



*കോങ്ങാട്ടുള്ള വള്ളൂർ മന*



*ഡോക്ടർ വി എം ഡി നമ്പൂതിരിയും പത്നി ഉള്ളനൂർ മന ദേവി അന്തർജനവും*

**മണിപ്പാൽ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്**
**കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് റാങ്കോടെ എം എ**
**വെല്ലൂർ സി.എം.സി.മെഡിക്കൽ കോളേജിൽ സൈക്കാട്രി കോഴ്സ്**
**ഡൽഹി എയിംസിൽ ചേർന്ന് മന:ശാസ്ത്രത്തിൽ എം.ഡി**
**കോലഞ്ചേരി മെഡിക്കൽ മിഷനിൽ സൈക്കാട്രി വകുപ്പു മേധാവി**
**പാഠപുസ്തകങ്ങളും മറ്റുമായി 27 ഗ്രന്ഥങ്ങൾ**
**പട്ടാമ്പി സേവന ആശുപത്രിയിൽ വകുപ്പു മേധാവിയും ഡയറക്ടറും**

ദാമോദരനെ ശ്രീകൃഷ്ണപുരം സ്കൂളിൽ ചേർത്തു. ഹൈസ്ക്കൂളിൽ തേർഡ് ഫോമിനു പഠിപ്പിക്കാനെത്തിയത് പിന്നീടു മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡന്റ് ആയ പി.ടി ഭാസ്ക്കര പണിക്കരായിരുന്നു. സയൻസിനോടു താല്പര്യമുണ്ടാവാൻ അദ്ദേഹത്തിന്റെ ക്ലാസുകൾ സഹായിച്ചു. പ്രകൃതിയോട് പടവെട്ടുന്നതല്ല ശാസ്ത്രം എന്ന് അദ്ദേഹമാണ് പഠിപ്പിച്ചത്.

ശങ്കരൻ നമ്പൂതിരിയും കുടുംബവും പിൽക്കാലത്ത് കോങ്ങാട് കുണ്ടളശ്ശേരിയിലെ കളത്തിലേക്കു താമസം മാറ്റി. മൂത്ത മകൻ തന്റെ പാത പിന്തുടരണമെന്ന് ആഗ്രഹിച്ചതിനാൽ ദാമോദരനെ കുട്ടിക്കാലത്ത് തന്നെ ആയുർവേദം പഠിപ്പിക്കുകയും ചെയ്തു. പാരമ്പര്യമായി ആയുർവേദ വൈദ്യന്മാരായിട്ടും വി എം ഡി നമ്പൂതിരി മാറിച്ചിന്തിക്കാൻ ഒരു കാരണമുണ്ടായിരുന്നു.മഹാവൈദ്യന്റെ ഭാര്യയായിരുന്നിട്ടും എന്നും അസുഖങ്ങളാൽ കഷ്ടപ്പെടുകയായിരുന്നു അമ്മ. അമ്മയെ ചികിത്സിക്കാനായി അലോപ്പതി ഡോക്ടറായ കാഞ്ഞൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് ഇടക്കിടെ ഇല്ലത്തു വരുമായിരുന്നു. അദ്ദേഹവുമായുള്ള പരിചയവും പ്രേരണയും അലോപ്പതി പഠിക്കാനുള്ള മോഹം ഉണർത്തി. ന്യൂറോളജിയോ സൈക്കാട്രിയോ പഠിക്കണമെന്നു തീരുമാനിച്ചു.

അന്നപൂർണ്ണ വെൽഫെയർ സ്കീം എന്നൊരു പദ്ധതി ആരംഭിച്ച് മനോരോഗ വാർഡിലെ ഏറ്റവും പാവപെട്ട രോഗികൾക്ക് രണ്ടു നേരം ഭക്ഷണം നല്കാൻ തുടങ്ങി. ഇതേപ്പറ്റി കേട്ടറിഞ്ഞ് മറ്റു പല ആശുപത്രികളിലും പാവപ്പെട്ട രോഗികൾക്ക് ഈ മാതൃകയിൽ ഭക്ഷണം കൊടുക്കാൻ തുടങ്ങി.

പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് സുവോളജിയിൽ ബിരുദമെടുത്തു. കേരള സർവ്വകലാശാലയിൽ എം.എ സൈക്കോളജിക്കു ചേർന്നു. ഒരു വർഷത്തെ പഠനം കഴിഞ്ഞപ്പോഴേക്കും മണിപ്പാൽ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്സിനു പ്രവേശനം കിട്ടി. അവിടന്നു ഡോക്ടറായി. വീണ്ടും പാതി വഴിയിൽ നിർത്തിയിരുന്ന എം.എ ക്ലാസിലെത്തി റാങ്കോടെ പാസ്സായി. വെല്ലൂർ സി.എം.സി.മെഡിക്കൽ കോളേജിൽ ആറു മാസം വീതം, ന്യൂറോളജിയും സൈക്കാട്രിയും പരിശീലിച്ചു. തുടർന്ന് ഡൽഹിയിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചേർന്ന് മന:ശാസ്ത്രത്തിൽ എം.ഡി എടുത്തു.

പഠനശേഷം കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലാണ് പ്രാക്ടീസ് തുടങ്ങിയത്. കേരളത്തിൽ ആശുപത്രിയോടു ചേർന്നു മനോരോഗികൾക്ക് പ്രത്യേക വാർഡ് ആദ്യമായി തുടങ്ങിയത് അവിടെയായിരുന്നു. മെഡിക്കൽ മിഷൻ ആശുപത്രി പിന്നീടു മെഡിക്കൽ കോളേജായി. മുപ്പതു കൊല്ലത്തിലധികം അവിടെ ചീഫ് സൈക്കാട്രിസ്റ്റും വകുപ്പു മേധാവി






*അച്ഛൻ ശങ്കരൻ നമ്പൂതിരി വ്യാഖ്യാനം ചെയ്ത അമൂല്യ ഗ്രന്ഥവും അദ്ദേഹത്തിനുകിട്ടിയ പുരസ്ക്കാരവും*



*ശങ്കരൻ നമ്പൂതിരിയുടെ ഗുരുകുലം: വലതുഭാഗത്ത് ആദ്യം ഡോ വിജിത്, ഇടതു ഭാഗത്ത് മകൾ ഡോ .വിമല , നടുവിൽ പൂമുള്ളി മന ആയുർവേദ കേന്ദ്രത്തിലെ ചീഫ് ഫിസിഷ്യൻ ഡോ. അപർണ്ണ, അടുത്ത് ഡോ. വിദ്യ.*

യുമായി.

അവിടത്തെ ചില ചികിൽത്സാ അനുഭവങ്ങൾ അദ്ദേഹം ഓർക്കുന്നു. കോടതി നിർദ്ദേശിച്ച ഒരാളേയാണ് ആദ്യ രോഗിയായി കിട്ടിയത്. അയാളാകട്ടേ അതി തീവ്ര മാനസിക പ്രശ്നമുള്ള അക്രമാസക്തനായ ആളായിരുന്നു. ബന്ധുക്കൾ തമ്മിലുള്ള സ്വത്തു കേസ്സിൽ റിപ്പോർട്ടു കൊടുക്കാനായിരുന്നു കോടതി അദ്ദേഹത്തെ നിയോഗിച്ചത്. വീട്ടിൽ ചെന്നപ്പോൾ പുറത്തുള്ള തൊഴുത്തിൽ കാലിലും കയ്യിലും ചങ്ങല ബന്ധിച്ച് മലത്തിലും മൂത്രത്തിലും മുങ്ങിയ നിലയിലായിരുന്നു രോഗി. റിപ്പോർട്ട് കൊടുത്തതിനു ശേഷം വീട്ടുകാരുടെ സമ്മതത്തോടെ ചികിത്സയും തുടങ്ങി. രോഗം നിശ്ശേഷം മാറിയില്ലെങ്കിലും അയാളെ ഇരുമ്പു ചങ്ങലകളിൽ നിന്നു മോചിപ്പിക്കാൻ കഴിഞ്ഞു. അതുപോലെ കൊച്ചിയിലെ വല്ലാർപാടം എന്ന സ്ഥലത്തു നിന്ന് ഒരു ആംഗ്ലോ ഇന്ത്യനെ ചങ്ങലക്കിട്ട് ബോട്ടിലും കാറിലുമായി കൊണ്ടുവന്നിരുന്നതും നീണ്ട കാലത്തെ ചികിൽത്സക്കു ശേഷമാണെങ്കിലും സാധാരണ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്നതും ഓർക്കുന്നു.

ഇതുപോലെയുള്ള ധാരാളം ചികിൽത്സാനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം അച്ഛൻ കാണിച്ചു തന്ന വഴിയിലൂടെയാണ് പോയിട്ടുള്ളത്. ഇല്ലത്തിന്റെ

> 52 കൊല്ലമായി മനോരോഗ ചികിൽത്സ തുടങ്ങിയിട്ട്. ഇതിനകം ഏതാണ്ട് അഞ്ചു ലക്ഷത്തിലധികം പേരെ ചികിൽത്സിച്ചിട്ടുണ്ട്. പലപ്പോഴും നാട്ടുചികിൽത്സകളും, മന്ത്രവാദവുമെല്ലാം കഴിഞ്ഞാവും മനോരോഗിയെ ഡോക്ടറുടെ അടുത്തു കൊണ്ടുവരുന്നത്.

പാരമ്പര്യ ചികിത്സയിൽ നിന്നു വ്യതിചലിച്ചുവെങ്കിലും മനസ്സ് എപ്പോഴും വള്ളൂർമനക്കാരുടേതു തന്നെയായിരുന്നു. മിഷൻ ആശുപത്രിയിൽ ജോലി ചെയ്യുന്ന കാലത്ത് ഒരിക്കൽ വാർഡിലൂടെ നടക്കുമ്പോൾ ഒരു രോഗി ചവറ്റുകൂനയിൽ നിന്നു കീറകടലാസു കഷ്ണങ്ങളും മറ്റു വെയിസ്റ്റുകളും എടുത്തു തിന്നുന്നതു കണ്ടു. മനോരോഗികൾക്ക് സാധാരണയായി തന്നെ വിശപ്പു കൂടും. പാവപ്പെട്ട അവർക്ക് ഭക്ഷണം വാങ്ങി കഴിക്കാനുള്ള പണമുണ്ടാവില്ല. മറ്റു രോഗികളേ പോലെ ഇവർക്ക് കൂട്ടിരിപ്പിന് ബന്ധുക്കളും ഉണ്ടാവില്ല.

ഇതു കണ്ടപ്പോൾ തന്റെ ഇല്ലത്ത് കാലങ്ങളായി എന്നും നൂറു കണക്കിന് ആളുകൾക്ക് ഭക്ഷണം കൊടുത്തിരുന്ന കാര്യമാണ് ഓർമ്മ വന്നത്. ഉടനെ അദ്ദേഹം അന്നപൂർണ്ണ വെൽഫെയർ സ്കീം എന്നൊരു പദ്ധതി ആരംഭിച്ച് മനോരോഗ വാർഡിലെ ഏറ്റവും പാവപെട്ട രോഗികൾക്ക് രണ്ടു നേരം ഭക്ഷണം നല്കാൻ തുടങ്ങി. തിരുവിതാംകൂർ രാജാവ്, ധർമ്മസ്ഥലയിലെ ഹെഗ്ഡേ, മനോരമയിലെ ഡോക്ടർ മാമൻ തുടങ്ങി പലരും ഇതിലേക്കു ഉദാരമായി സംഭാവന ചെയ്തു. ഇന്നും അവിടെ പാവങ്ങളായ രോഗികൾക്ക് ഈ സ്ക്കീമിലൂടെ ഭക്ഷണം കിട്ടുന്നു. മാത്രമല്ല ഇതേപ്പറ്റി കേട്ടറിഞ്ഞ് മറ്റു പല ആശുപത്രികളിലും പാവപ്പെട്ട രോഗികൾക്ക് ഭക്ഷണം കൊടുക്കാനും തുടങ്ങി.

അമ്മ മരിച്ചതിനു ശേഷം വൈദ്യം പഠിപ്പിച്ചു കൊണ്ട് ഇല്ലത്ത് ഒറ്റക്ക് താമസിച്ചിരുന്ന പ്രായമായ അച്ഛനെ നോക്കാനായി കോലഞ്ചേരിയിലെ ജോലി വിടേണ്ടിവന്നു. അതിനു ശേഷം 2006 മുതൽ പട്ടാമ്പിയിലെ സേവന ആശുപത്രിയിൽ മനോരോഗ വകുപ്പു മേധാവിയായും മെഡിക്കൽ ഡയറക്ടറുമായി ജോലി ചെയ്യുന്നു. ആദ്യ ഗുരുവായ അച്ഛനോടുള്ള കടപ്പാടു കൊണ്ടാണ് പിൽക്കാലത്ത് അഷ്ടാംഗഹൃദയം സൂത്രസ്ഥാനം പൂർവ്വാർദ്ധം ശങ്കരീ ഭാഷാ വ്യാഖ്യാനം രചിച്ചത്. 2017ൽ കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിക്കാരാണ് ആ പുസ്തകം പ്രകാശനം ചെയ്തത്.

52 കൊല്ലമായി മനോരോഗ ചികിൽത്സ തുടങ്ങിയിട്ട്. ഇതിനകം ഏതാണ്ട് അഞ്ചു ലക്ഷത്തിലധികം പേരെ ചികിൽത്സിച്ചിട്ടുണ്ട്. പലപ്പോഴും നാട്ടുചികിൽത്സകളും, മന്ത്രവാദവുമെല്ലാം കഴിഞ്ഞാവും മനോരോഗിയെ ഡോക്ടറുടെ അടുത്തു കൊണ്ടുവരുന്നത്. വളരെ പഴകിയ രോഗങ്ങൾ മാറ്റാൻ ബുദ്ധിമുട്ടാണെന്നു ഡോക്ടർ പറയുന്നു. അതുപോലെ പാരമ്പര്യമായി കിട്ടുന്ന രോഗങ്ങളും.

അണു കുടുംബങ്ങളായതോടു കൂടി പലർക്കും വിഷാദരോഗം പോലെയുള്ള മാനസിക പ്രശ്നങ്ങൾ ഉണ്ടാവുന്നുണ്ട്.

അതുപോലെ ജീവിതത്തിലെ അതൃപ്തികൾ, അരക്ഷിതാവസ്ഥകൾ, ശാരീരിക പ്രശ്നങ്ങൾ ഇവയെല്ലാം മാനസിക പ്രശ്നങ്ങളിലെത്തിക്കും. ആവശ്യമില്ലാത്ത ടെൻഷനുകളും, മത്സരബുദ്ധിയും അതൃപ്തിക്ക് കാരണങ്ങളാവുന്നു. ഇവയും മനസ്സിന്റെ താളം തെറ്റിക്കും.

ഇന്നത്തെ കാലത്ത് വിവാഹമോചനങ്ങൾ കൂടുന്നു. പണ്ടെല്ലാം ഭാര്യ ഭർത്താവിന്റെ നിഴൽ പോലെയാണ് ജീവിച്ചിരുന്നത്. ഇന്ന് അവർക്ക് പുരുഷനെ പോലെ അഭിപ്രായങ്ങളും, അവകാശങ്ങളും, സ്വാതന്ത്ര്യവുമുണ്ട്. നിയമപരമായി അവയെല്ലാം സംരക്ഷിക്കപ്പെടും എന്ന അറിവുമുണ്ട്. ഭർത്താവിന്റെയോ, ഭാര്യയുടേയോ നിർബന്ധബുദ്ധികളാണ് പലപ്പോഴും വിവാഹമോചനങ്ങൾക്ക് കാരണമാവാറുള്ളത് എന്ന് അദ്ദേഹം പറയുന്നു.

എ കൺസൈസ് ടെക്സ്റ്റ് ബുക്ക് ഓഫ് സൈക്ക്യാട്രി, ഇൻട്രൊഡക്ഷൻ ടു സൈക്ക്യാട്രി, എന്നീ ഗ്രന്ഥങ്ങൾ പാഠപുസ്തകങ്ങളാണ്. എ ഗൈഡ് ടു ക്ളിനിക്കൽ സൈക്ക്യാട്രി, പെർസ്പെക്ടീവ്സ് ഓൺ മൈൻഡ്, ക്ളിനിക്കൽ മെത്തേഡ്സ് ഇൻ സൈക്ക്യാട്രി, എന്നിവയുടെ സഹരചയിതാവുമാണ്. ഈ പുസ്തകങ്ങൾ ഇന്ത്യയിലെ എല്ലാ മെഡിക്കൽ യൂണിവേഴ്സിറ്റികളും അംഗീകരിച്ചിരിക്കുന്നു. അടുത്ത കാലത്ത് രണ്ടു ടെക്സ്റ്റ് ബുക്കുകൾ എഴുതിയിട്ടുണ്ട്. ഒന്നു ഇന്ത്യൻ നേഴസിങ്ങ് കൗൺസിൽ അംഗീകരിച്ച നേഴ്സിങ് വിദ്യാർത്ഥികൾക്കായുള്ള സൈക്കോളജി ബുക്കും, മറ്റൊന്ന് എംബിബിഎസ്സ്, നേഴ്സിങ്ങ് ,സോഷ്യൽ വർക്ക് വിഷയങ്ങൾക്കുള്ള എമർജൻസീസ് ഇൻ സൈക്ക്യാട്രിയും

വാന ശാസ്ത്രത്തെ പറ്റി ഫാസനേറ്റിംഗ് ആസ്ട്രോണമി എന്നൊരു ഗ്രന്ഥവും എഴുതിയിട്ടുണ്ട്. ഗഹനങ്ങളായ ആദ്ധ്യാത്മിക തത്ത്വങ്ങളെ ലളിതമായി പ്രതിപാദിക്കുന്ന ഭജഗോവിന്ദത്തിന്റെയും ശ്രീരാമോദന്തത്തിന്റെയും ശ്രീകൃഷ്ണ വിലാസത്തിന്റേയും ഭാഷാവ്യാഖ്യനം ജ്ഞാനപ്പാന വ്യാഖ്യാനം, രാമായണ ചിന്തകൾ തുടങ്ങി മറ്റു 27 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ധ്യാത്മ രാമായണം സംസ്കൃതത്തിൽ നിന്നു ഗദ്യത്തിൽ വിവർത്തനം ചെയ്തത് പ്രസിദ്ധീകരിക്കാൻ കൊടുത്തിരിക്കുന്നു. ഈസോപ്പു കഥകൾ, 101 ഹോജാകഥകൾ, 101 സെൻകഥകൾ, ചാണക്യന്റെ നീതിസാരം, മഹാഭാരത കഥകൾ എന്നീ കുട്ടികൾക്കായുള്ള കൃതികളും രചിച്ചിട്ടുണ്ട്. ഇപ്പോൾ ലളിത ഭാഷയിൽ 1001 മഹാഭാരത കഥകൾ എഴുതികൊണ്ടിരിക്കുന്നു.

ഇന്നത്തെ കാലത്ത് വിവാഹമോചനങ്ങൾ കൂടുന്നു. പണ്ടെല്ലാം ഭാര്യ ഭർത്താവിന്റെ നിഴൽ പോലെയാണ് ജീവിച്ചിരുന്നത്. ഇന്ന് അവർക്ക് പുരുഷനെ പോലെ അഭിപ്രായങ്ങളും, അവകാശങ്ങളും, സ്വാതന്ത്ര്യവുമുണ്ട്. നിയമപരമായി അവയെല്ലാം സംരക്ഷിക്കപ്പെടും എന്ന അറിവുമുണ്ട്. ഭർത്താവിന്റെയോ, ഭാര്യയുടേയോ നിർബന്ധബുദ്ധികളാണ് പലപ്പോഴും വിവാഹമോചനങ്ങൾക്ക് കാരണമാവാറുള്ളത്

ഡോ: വി എം ഡി നമ്പൂതിരി

ഇപ്പോൾ ഒറ്റപ്പാലത്തിനടുത്തുള്ള പാലപ്പുറത്താണ് താമസം. അച്ഛന്റെ ആഗ്രഹ പ്രകാരം കോങ്ങാട്ടെ നാലുകെട്ടുള്ള മന പഴയ പ്രൗഡിയോടെ തന്നെ സംരക്ഷിക്കുന്നുമുണ്ട്. ഉള്ളനൂർ മന ദേവി അന്തർജനമാണ് പത്നി. അവർ പാവറട്ടി സംസ്കൃത കോളജിൽ അദ്ധ്യാപികയായിരുന്നു. ഏക മകൻ അരവിന്ദ് ബാഗളൂരിൽ ഐ ടി രംഗത്താണ്. സഹോദരന്മാരിൽ മൂത്ത ആൾ ചാർട്ടേഡ് അക്കൗണ്ടൻറും ലീലാ ഗ്രൂപ്പിന്റെ ഓഡിറ്ററുമായ ദിവാകരൻ നമ്പൂതിരി. ഇളയ സഹോദരൻ സ്വാതിതിരുനാൾ മ്യൂസിക് കോളേജ് വീണാ വിഭാഗം പ്രൊഫസറും ചെമ്പൈ സംഗീത കോളേജ് പ്രിൻസിപ്പാളുമായിരുന്ന ശങ്കരൻ നമ്പൂതിരി. സഹോദരി ഉള്ളനൂർ മന വിമല അന്തർജനവും അവരുടെ മകൻ ബ്രഹ്മദത്തനുമാണ് ഇല്ലത്തെ ആയുർവേദ, വിഷ ചികിൽത്സാ പാരമ്പര്യം ഇപ്പോഴും കാത്തു സൂക്ഷിക്കുന്നത്. അവരും ചികിത്സക്ക് പ്രതിഫലം വാങ്ങാറില്ല.

മഹത്വത്തിന്റെ ലക്ഷണം തന്നെ താനൊരു നിസ്സാരനാണെന്ന തോന്നലാണല്ലോ. വെക്കത്തെ യോഗക്ഷേമ പ്രവർത്തകർ പറഞ്ഞതാണ്. കോലഞ്ചേരിയിൽ ജോലി ചെയ്തിരുന്ന കാലത്ത് സ്ഥിരമായി വൈക്കത്തെ അഷ്ടമി വിളക്കിനു വരുമായിരുന്നു. വന്നാൽ രണ്ടാം മുണ്ടുടുത്ത് സാധാരണ നമ്പൂതിരിയെ പോലെ സഭ നടത്താറുള്ള അഷ്ടമി സദ്യക്ക് ദേഹണ്ഡക്കാരുടേയും വിളമ്പലുകാരുടേയും ഒപ്പം ഉത്സാഹിക്കും. നാട്ടിലും പങ്കെടുക്കുന്ന സദ്യകൾക്ക് ഡോക്ടർ ആദ്യവസാനക്കാരനാവാറുണ്ട്.

അടുത്ത കാലത്തായി നമ്പൂതിരിമാർ പാടങ്ങൾ വിൽക്കുന്ന കഥകളാണ് കേൾക്കാറുള്ളത്. എന്നാൽ ഡോക്ടർ തറവാടിന്റെ പടിക്കലുള്ള പാടം വാങ്ങി ആഴ്ച്ച തോറും പോയി കൃഷി പണിയും ചെയ്യാറുണ്ട്.

മനോരോഗ ചികിൽത്സാ സംബന്ധമായി എപ്പോഴും അദ്ദേഹത്തെ വിളിക്കാം. ●

വിലാസം: ഡോ:വി. എം. ഡി. നമ്പൂതിരി, ശ്രീപാദം, വള്ളൂർ മന, പാലപ്പുറം, 679103, ഒറ്റപ്പാലം, മൊബൈൽ: 9562494007.

ഉദയൻ നമ്പൂതിരിപ്പാട്, മറവഞ്ചേരി കിഴക്കേടത്തു മന, വയപ്പാറപടി, മഞ്ചേരി, മൊബൈൽ: 8281926325.



# ഷാജി എൻ കരുണിന് ആദരാഞ്ജലികൾ

**എം.സരള മധുസൂദനൻ**

ഷാജിയുടെ വിയോഗ വാർത്ത കേട്ടപ്പോഴുണ്ടായ ഞെട്ടലിലാണ് ഞാനിപ്പോഴും. ജെ.സി.ഡാനിയേൽ പുരസ്കാരം സ്വീകരിച്ചുകൊണ്ടുള്ള ഫോട്ടോ മാതൃഭൂമിയിൽ കണ്ടപ്പോൾ വല്ലാതെ മെലിഞ്ഞിരിയ്ക്കുന്നല്ലോ എന്ന് മനസ്സിൽ തോന്നി. മറ്റൊന്നും അറിഞ്ഞിരുന്നില്ല. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ പുരോഗമന കലാസാഹിത്യസംഘം സംസ്ഥാന പ്രസിഡന്റ് മികച്ച ഛായാഗ്രാഹകൻ സംവിധായകൻ എന്നിങ്ങനെ പല വിശേഷണങ്ങളും സിനിമയെ ലോക തിരശ്ശീലയിലേക്കെത്തിച്ച ഷാജി അണിഞ്ഞ പ്രശസ്തിയുടെ തലപ്പാവിൽ ചാർത്താൻ ഏറെ സ്വർണ്ണതൂവലുകളുണ്ട്. എന്നാൽ ഇതിലെല്ലാം മീതെയുള്ള എന്റെ ആത്മബന്ധത്തെപ്പറ്റി ഓർമ്മിയ്ക്കുമ്പോൾ ഒരു 50 കൊല്ലത്തോളം പിന്നോട്ട് പോകുന്നു. അത്രയും കൊല്ലത്തെ ആത്മബന്ധമാണ് ഷാജിയുമായിട്ടുള്ളത്. ആദ്യമായി ഷാജിയെ കണ്ടത് ഓർമ്മയിലിപ്പോഴുമുണ്ട്. ഇരുനിറത്തിൽ മെലിഞ്ഞു പൊക്കത്തിൽ ചുരുണ്ട മുടിയുള്ള ഒരു ചെറുപ്പക്കാരൻ സുഹൃത്തുക്കളായ ബാബു (തൊറാസിക് സർജൻ ഡോ. പി.കെ. ആർ.വാരിയരുടെ മകൻ) നിരൂപകനും പ്രൊഫസറുമായിരുന്ന എം.എസ്.ദേവദാസിന്റെ മകൻ മോഹനൻ ട്രാൻസ്പോർട്ട് ഓഫീസിൽ ജോലിയുള്ള ആറ്റുപുറത്തെ കുട്ടൻ ഇവരോടൊത്ത് തിരുവനന്തപുരത്ത് ഞാൻ താമസിച്ചിരുന്ന ഡി.പി.ഐ ജംഗ്ഷനിലുള്ള വീട്ടിൽ വന്നപ്പോഴാണ്. അന്ന് ഷാജി കോളേജിൽ പഠിയ്ക്കുകയായിരുന്നു. അതിനുശേഷം പൂനയിൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സിനിമാറ്റോഗ്രാഫി പഠിയ്ക്കാൻ പോയതൊക്കെ അറിഞ്ഞിരുന്നു. ഡോ.പി.കെ.ആർ വാരിയരുടേയും ദേവകീ വാരിയരുടേയും മകൾ അനസൂവുമായുള്ള വിവാഹശേഷം ആണ് സൗഹൃദത്തിന് ആക്കം കൂടിയതും ആത്മബന്ധത്തോളമായതും. സാമുദായിക ചരിത്രം ഇവിടെ ഓർക്കേണ്ടതായിട്ടുണ്ട്. എന്റെ അച്ഛൻ ശ്രീ.എം.ആർ.ബി. ഒരു യുവവിധവയ്ക്ക് ജീവിതം കൊടുത്തതിന്റെ പേരിൽ ഭ്രഷ്ടനായി. അമ്മയും ഏടത്തിയും ഞാനുമടങ്ങുന്ന കുടുംബം, ജീവിതം എങ്ങനെ മുമ്പോട്ട് കൊണ്ട് പോകുമെന്നറിയാതെ ഉഴലുന്ന കാലം. സ്വന്തമായി വീ

ടില്ല. ജോലിയില്ല. ഈയവസര ത്തിലാണ് ശ്രീമതി ആര്യാപള്ളം എം.ആർ.ബിയോടു പറയുന്നത് വരൂ ഞങ്ങളുടെ വീട്ടിലേക്ക് ഇത് ഞങ്ങളുടെ വീടാണെങ്കിൽ നിങ്ങ ളുടേതു കൂടിയാണ്.  അങ്ങനെ നല്ല മനസ്സിന്റെ ഉടമകളായ ആര്യാപള്ളത്തിന്റേയും പള്ളത്ത് കൃഷ്ണൻ നമ്പൂതിരിയുടേയും വീട്ടിലാണ് മൂന്ന് വർഷത്തോ ളം ഞങ്ങൾ താമസിച്ചത്. വൃദ്ധ വിവാഹങ്ങൾ മൂലം നമ്പൂതിരി സമുദായത്തിൽ ബാലവിധവകൾ പെരുകി വന്നിരുന്ന കാലം. വിധ വകൾക്ക് പുതിയ ജീവിതം കൊ ടുക്കുവാനും അന്തഃപുരത്തിൽ അസ്വതന്ത്രരായി വീർപ്പുമുട്ടി കഴി ഞ്ഞിരുന്ന യുവതികളെ അതിൽ നിന്ന് മോചിപ്പിയ്ക്കാനുമായി അന്തർജ്ജനസമാജം രൂപീകൃത മായി. അതിൽ പ്രധാന പങ്കുവ ഹിച്ചിരുന്നത് ആര്യാപള്ളം, പാർ വ്വതീ നെന്മിനിമംഗലം, മനേഴി പാർവ്വതി അന്തർജ്ജനം മുതലാ യവരായിരുന്നു. വി.ടി.ഭട്ടതിരിപ്പാ ടിനോടൊപ്പം സമുദായത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാ സങ്ങൾക്കുമെതിരെ പോരാടിയ ധീരവനിത ആര്യാപള്ളത്തിന്റേ യും പള്ളത്തിന്റേയും മകൾ ദേവ കിയെ സുപ്രസിദ്ധ തൊറാസിക് സർജൻ ഡോ.പി.കെ.ആർ വാ രിയരാണ് വിവാഹം ചെയ്തത്. ഇവരുടെ മക്കളാണ് ബാബുവും ഷാജിയുടെ പത്നി അനസൂയ യും. ബാബു ഇന്ന് ജീവിച്ചിരി പ്പില്ല.അമ്മായി (ആര്യാപള്ളം) യുടെ മകളെ ഞാൻ ഓപ്പോളെ ന്നാണ് വിളിച്ചിരുന്നത്. പിന്നീട് അവർ പലരുടേയും ഓപ്പോളായി പള്ളത്തെ താമസക്കാലത്ത് ഓ പ്പോളുടെ അനിയൻ അപ്പു ഏട്ടൻ വിളിയ്ക്കുന്നത് കേട്ടാണ് ആ വിളി വന്നത്, ഞാൻ തിരുവനന്ത പുരത്തായിരുന്നപ്പോൾ ഓപ്പോളേ യും ഡോക്ടറേട്ടനേയും കാണാൻ ഇടയ്ക്കിടെ എന്റെ മകൾ ശ്യാമ യോടൊത്ത് അവരുടെ വീട്ടിൽ


സിനിമയിലൂടെ മാത്രമല്ല ഷാജി ക്യാമറയിലൂടെ നമ്മെ വിസ്മയിപ്പിച്ചത് ഇന്ത്യയിലും വിദേശത്തുമായി നിരവധി യാത്രകൾ ചെയ്ത ഷാജി പ്രകൃതി സൗന്ദര്യം ക്യാമറ യിൽ പകർത്തുമായിരുന്നു.

പോകാറുണ്ട്. അവർ ഞാൻ താമസിച്ചിരുന്ന കവിടിയാറിലെ വീട്ടിലും വന്ന് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിയ്ക്കുകയും ചെയ്യു മായിരുന്നു. അനസു വല്ലപ്പോഴും കൂടെ ഉണ്ടാകും അങ്ങനെ ഓ പ്പോളെയും ഏട്ടനേയും കാണാൻ അവരുടെ വീട്ടിൽ പോകുമ്പോഴാ ണ് ഷാജിയേയും കാണാറുള്ളത്. സിനിമയുടെ കാര്യങ്ങളുമായി യാത്രയുടെ തിരക്കിലായിരിക്കും ഷാജി. വീട്ടിലുള്ള സമയത്ത് കണ്ടാൽ അടുത്ത് വന്ന് പതിഞ്ഞ സ്വരത്തിൽ കുശലാന്വേഷണം നടത്തും, അനസു വിളിച്ചിരുന്ന ത് പോലെ സരളേടത്തി എന്ന് തന്നെയാണ് ഷാജിയും വിളിച്ചി രുന്നത്. അങ്ങനെ പല പ്രാവശ്യം ആ പതിഞ്ഞ സ്വരം എന്റെ കാതു കളിൽ വന്നു വീണിട്ടുണ്ട്.

എന്റെ അച്ഛന്റെ അനുജൻ പ്രേംജിക്ക് 88 ാം വയസ്സിൽ ഭരത് അവാർഡ് കിട്ടിയത് ഷാജിയു ടെ പിറവി സിനിമയിലെ അഭി നയത്തിനാണല്ലോ.? അതിൽ അർച്ചനയുടെ ബാല്യകാലം അഭിനയിച്ച കുട്ടിയ്ക്ക് ശബ്ദം നൽകിയത് എന്റെ മകൾ ശ്യാമ യാണ്. വളരെ കുറച്ചു മാത്രമുള്ള സംഭാഷണം. അത് ഒരു ചെറിയ കാര്യമായി തോന്നുമെങ്കിലും ഷാജിയെപ്പോലുള്ള അന്താരാഷ്ട്ര ബഹുമതിയുള്ള സംവിധായക ന്റെ സിനിമയിൽ ഭാഗഭാക്കാകുക എന്നത് എത്രയോ മഹത്തര മാണ്. സുഹൃത്തക്കളുടേയും ബന്ധുക്കളുടേയും ആഘോഷ വേളകളിൽ വളരെ വിരളമായേ ഷാജി പ്രത്യക്ഷപ്പെടാറുള്ളു. ശ്യാ മയുടെ വിവാഹത്തിന് ഷാജിയും അനസുവും വരികയും സമ്മാനം കൊടുക്കുകയും ചെയ്തു.പിന്നീ ട് ശ്യാമയുടെ ഭർത്താവ് ശ്രീനാ ഥിന്റെ പയ്യന്നൂരിലുള്ള വീട്ടിൽ വന്ന് രണ്ട് ദിവസം താമസിച്ച് അമ്പലങ്ങളിലൊക്കെ യാത്ര പോ വുകയും ചെയ്തിട്ടുണ്ട്. വലുപ്പ ചെറുപ്പമില്ലാതെ എല്ലാവരോടും ഒരേ രീതിയിലുള്ള പെരുമാറ്റമാ യിരുന്നു ഷാജിയുടേത്.

സിനിയിലൂടെ മാത്രമല്ല ഷാജി ക്യാമറയിലൂടെ നമ്മെ വിസ്മ യിപ്പിച്ചത് ഇന്ത്യയിലും വിദേശ ത്തുമായി നിരവധി യാത്രകൾ ചെയ്ത ഷാജി പ്രകൃതി സൗന്ദ ര്യം ക്യാമറയിൽ പകർത്തുമായി രുന്നു. പ്രകൃതിയെ സ്നേഹിച്ച അദ്ദേഹത്തിന് ക്യാമറാക്കളി ഒരുഹരമായിരുന്നല്ലോ. ക്യാമറ കൊണ്ട് മായാജാലം സൃഷ്ടിച്ച ഷാജി മായപോലെ മിന്നിത്തിള ങ്ങി പെട്ടെന്ന് മാഞ്ഞു പോയി. മരിയ്ക്കാനുള്ള പ്രായം ഷാജിയ് ക്കായിട്ടൊന്നുമില്ലല്ലോ. 73 വയസ്സ് ഇപ്പോഴൊരു വയസ്സൊന്നുമല്ല. എന്നാൽ നിയതിയുടെ നിശ്ച യം മറ്റൊന്നായി, ഷാജിയുടെ പതിഞ്ഞ സ്വരത്തിലുള്ള ശബ്ദം ഇപ്പോഴും എന്റെ കാതുകളിലു ണ്ട്. അത്പോലെത്തന്നെ വാടി വീണ പൂവിനെപ്പോലെയുള്ള മുഖത്ത് വിടർന്ന കണ്ണുകളോടെ യുള്ള നിഷ്കളങ്കമായ അനസു വിന്റെ മുഖവും എന്റെ മനസ്സിൽ പതിഞ്ഞു കിടക്കുന്നു.

ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഉതിർന്ന് വീണ ഓർമ്മകളു ടെ ചീളുകൾ ആദരവോടെ സ്നേ ഹത്തോടെ ഷാജിയ്ത്ത് സമർ പ്പിക്കുന്നു. ഒപ്പം അനസുവിനും കുടുംബത്തിനും നേരിട്ട ഈ തീ രാദുഃഖത്തിൽ ഞാനും പങ്കു ചേരു ന്നു. പ്രണാമം....പ്രണാമം.... ●




# ഒരു ട്രാഫിക് ജാമും ഇത്രയും ആസ്വദിച്ചിട്ടില്ല

**അനിൽ പി സുബ്രഹ്മണ്യൻ**



ട്രാഫിക് ജാം ഉണ്ടാവാൻ നമ്മളാരും ആഗ്രഹിക്കില്ല. എന്നാൽ അങ്ങനെ ആഗ്രഹിച്ച ഒരു സന്ദർഭത്തെപ്പറ്റിയാണ് ഈ കുറിപ്പ്. സിനിമാമേഖലയിൽ  നാഷണൽ ആവാർഡിനർഹനായായ ഈയിടെ അന്തരിച്ച ഷാജി എൻ കരുണിനെക്കുറിച്ചുള്ള അനുസ്മരണവും.

ജനുവരി 13, 2023. തൃപ്പൂണിത്തുറ കളിക്കോട്ടയിൽ കഥകളിപ്പാട്ടുകാരനായ കുഞ്ചരക്കാട് നാരായണൻ നമ്പൂതിരിയുടെ (പി ഡി നമ്പൂതിരി) എഴുപതാം പിറന്നാൾ ആഘോഷം. നേരിട്ട്  ക്ഷണമില്ലെങ്കിലും ഞങ്ങളുടെ ഷോർട്ട് ഫിലിമിൽ പി ഡി നമ്പൂതിരി അഭിനയച്ചതിന്റെ പരിചയത്തിൽ ഞാൻ പി ഡി നമ്പൂതിരിയെ വിളിച്ചു പറഞ്ഞു ഞാനും വരുന്നുണ്ട്, ക്ഷണിക്കാൻ അങ്ങ് വിട്ടു പോയതാവും.

ഷാജി എൻ കരുണിന്റെ സ്വപാനത്തിൽ പി ഡി അഭിനയിച്ചിട്ടുണ്ട്. ഷാജിയും വരുന്നുണ്ട്, ആരെങ്കിലും പോയി റെയിൽവേ സ്റ്റേഷനിൽ നിന്ന് കൊണ്ടുവരണം.

ഞാനാവാം എന്ന് പറഞ്ഞ് നാലു മണിക്ക് വരുന്ന ട്രെയിനിൽ വരുന്ന ഷാജി എൻ കരുണിനെ സ്വീകരിക്കാൻ 3 മണിക്ക് തന്നെ റെയിൽവേസ്റ്റേഷനിലെത്തി ആകാംഷയോടെ കാത്തിരുന്നു. കാറിൽ ഞങ്ങൾ രണ്ടു പേർ മാത്രം തിരിച്ചു പോകുന്നത് മനസ്സിൽ സ്വപ്നംകണ്ടു കൊണ്ട്.

പി ഡി ഫോൺ നമ്പർ തന്നിരുന്നു. ഞാനിടക്കിടെ വിളിച്ചിരുന്നു. ഷാജി ചോദിച്ചു

'നിങ്ങൾ ഏതു കളറിലുള്ള ഷർട്ടാണിട്ടിരിക്കുന്നത്?'

'ഒരു നീല ജുബ്ബയാണെ'ന്നു ഞാൻ പറഞ്ഞു

ഞാൻ പ്ലാറ്റ്ഫോം ടിക്കറ്റെടുത്ത് ട്രെയിൻ വന്നയുടെനെ അദ്ദേഹത്തെ കണ്ടു പിടിച്ചു, എന്നെ നോക്കി ചിരിച്ചു, എന്റെ തോളത്ത് കൈവെച്ച് പറഞ്ഞു നീല ജുബ്ബ.

ഞാൻ അദ്ദേഹത്തോട് ബാഗ് വാങ്ങാൻ ശ്രമിച്ചപ്പോൾ 'വേണ്ട



*പ്രമുഖ ചലച്ചിത്രകാരൻ ഷാജി എൻ കരുണിനൊപ്പം ലേഖകൻ*

ഇത് ഞാൻ പിടിച്ചോളാം'. അങ്ങനെ എന്റെ കാറിൽ ഞാൻ അദ്ദേഹത്തേയും കയറ്റി തൃപ്പൂണ ത്തുറയിലേക്ക് .

ഞാൻ സകല ദൈവങ്ങളേ യും വിളിച്ചു പ്രാർത്ഥിച്ചു, ഒരു വലിയ ട്രാഫിക്ക് ജാമിന് വേണ്ടി, അങ്ങനെ ഒരു നീണ്ട വരിയിലേ ക്ക് കാറ് കയറ്റി, ഒരു ട്രാഫിക് ജാമിനെ ഇത്രയും ആസ്വദിച്ചിട്ടില്ല, അമ്മാതിരി ട്രാഫിക് ജാം.

ജാമാസ്വാദനത്തിൽ ഞാൻ ഒരു പടക്കം പൊട്ടിച്ചു. 'ഒരിടത്തിലെ ഭ്രാന്തന്റ മകനാണ് ഞാൻ'. ഇത് കേട്ട ഷാജി എന്നോട് ചോദിച്ചു 'എന്താ പറഞ്ഞത്',

ഞാൻ പറഞ്ഞു 'ഒരിടത്തിലെ ഭ്രാന്തനായി അഭിനയിച്ചയാളുടെ മകനാണ് ഞാൻ' ട്രാഫിക് പക്ക ജാമായി. അദ്ദേഹം ഒന്നാലോചി ച്ച് ചോദിച്ചു, 'സുബ്രഹ്മണ്യന്റെ മകനാണോ' ... അതെ ഞാൻ പറഞ്ഞു 'കിരീടവും ചെങ്കോലുമി ല്ലാത്ത സുബ്രഹ്മണ്യന്റെ മകൻ'. അത് കേട്ട് ഷാജി കുറേ ചിരിച്ചു...

ഇതിനിടയിൽ പർളി വുഡ് എന്ന ഞങ്ങളുടെ യു ട്യൂബ് ചാ നൽ 25 ഷോർട്ട് ഫിലിമുകൾ ചെയ്തിരുന്നു. ഞാൻ തന്നെയായി രുന്നു അതിന്റെ ഫിലിം മേക്കിങ്ങ് (ആശയത്തിൽ നിന്നുതിരുന്ന തിരക്കഥയില്ലാത്ത കഥകൾ, അഭി നേതാവിന്റെതായ സ്വയം സം

> പലതവണ ഷാജിയെ ഫോ ണിൽ വിളിച്ച് സംസാരിച്ചിട്ടുണ്ട്, ഇത്രയും പ്രഗത്ഭനായ വ്യക്തി ക്ക് എന്റെ ഫോണുകൾക്ക് മറുപടി പറയണ്ട ഒരാവശ്യമില്ലെ ങ്കിലും അദ്ദേഹം അതിനുള്ള സമയം കണ്ടെത്തിയിരുന്നു.

ഭാഷണങ്ങൾ എന്റെ ഷൂട്ടിങ്ങും എഡിറ്റിങ്ങും).

ഒരു പത്ത് മിനിട്ട് മൊബൈൽ ഷോർട്ട് ഫിലിം ഉണ്ടാക്കാനുള്ള ബുദ്ധിമുട്ട് എനിക്ക് നന്നായി അറി യാം. ഒരിടത്ത്, തമ്പ് എന്നീ സിനി മകളുടെ ഷൂട്ടിങ്ങ് കണ്ടിട്ടുമുണ്ട്, അരവിന്ദൻ കാണാത്ത സിനിമ അങ്ങയുടെ ക്യാമറയല്ലെ ആദ്യം കണ്ടത് അത് പിന്നീട് ലാബിൽ പ്രോസസ്സ് ചെയ്ത കണ്ട് കത്രിക വെച്ചുള്ള കട്ടിങ്ങാണ് എഡിറ്റിങ്ങ് വല്ലാത്ത ഒരു ഫിലിം മേക്കിങ്ങാ യിരുന്നില്ലെ എന്ന് ചോദിച്ചപ്പൊൾ ഷാജി എന്റെ മുഖത്തേക്ക് നോ ക്കുകയായിരുന്നു. ഞാൻ പറഞ്ഞു 'നിങ്ങളാണ് ശരിക്ക്താരം, ബാക്കി യുള്ളവർ വെറും സിനിമാ താര ങ്ങളും.'

എന്നെ പോലുള്ള ഒരുയു ട്യൂ ബ് ഫിലിം മേക്കറുടെ പ്രശംസ ഷാജിക്ക് ആവശ്യമുണ്ടായിരു ന്നില്ല, പക്ഷെ കാറോടിച്ചിരുന്ന എന്റെ തോളിൽ ഷാജി വലത്തെ കൈ വെച്ചു, ആ വലിയ മന സ്സിൽ നിന്ന് കൈകളിലൂടെ അനു ഗ്രഹാശംസകൾ എന്റെ തോളി ലേക്ക് പ്രസരിച്ചതായി എനിക്ക് അനുഭവിച്ചറിഞ്ഞു. കുറേ സംസാ രിച്ചു.

ട്രാഫിക്ക് ക്ലിയറായി ഞങ്ങൾ കളിക്കോട്ടയിലെത്തി,പി ഡിയുടെ അടുത്തെത്തിച്ചു.

'എന്തിനാണ് താങ്കൾ ഐ എസ് ആർ ഒയിൽ ജോലി ചെയ്ത തെ'ന്ന എന്റെ ചോദ്യം ഷാജിയെ അത്ഭുതപ്പെടുത്തി (വിക്കീപീഡിയ വായിച്ചറിഞ്ഞതാണെന്ന കാര്യം അദ്ദേഹത്തിനറിയില്ല)... ഡിജി റ്റൽ ഫോട്ടോഗ്രാഫി പഠിക്കാനും അതിന്റെ പ്രോസസ്സിങ്ങ് മനസ്സി ലാക്കാനും വേണ്ടിയാണ് അവി ടെ ഒരു കൊല്ലം ചിലവാക്കിയത്, കാരണം അന്ന് നിലവിലുണ്ടായി രുന്ന ഫിലിം ഫോട്ടോഗ്രാഫിയും ബ്ലാക്ക് റൂം വാഷിങ്ങും പ്രോസസി ങ്ങിനും ഉള്ള സമയം ചിലവാക്കാ തെ, സെക്കന്റ് കൊണ്ട് എടുത്ത ഫോട്ടോ കാണാൻ പറ്റുന്ന രീതി പഠിക്കാനായിരുന്നുവെന്ന്, എന്നേ പ്പോലുള്ള ഒരു സാധാരണ വ്യ ക്തിക്ക് പറഞ്ഞു തരണ്ട ആവശ്യ വും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

അതിനു ശേഷം പലതവണ ഷാജിയെ ഫോണിൽ വിളി ച്ച് സംസാരിച്ചിട്ടുണ്ട്, ഇത്രയും പ്രഗത്ഭനായ വ്യക്തിക്ക് എന്റെ ഫോണുകൾക്ക് മറുപടി പറയണ്ട ഒരാവശ്യമില്ലെങ്കിലും അദ്ദേഹം അതിനുള്ള സമയം കണ്ടെത്തിയി രുന്നു.

ലോകസിനിമാ നിർമ്മാണമേ ഖലയിൽ പല ഇന്റർനാഷണൽ / നാഷണൽ ആവാർഡിനർഹ നായായ ഒരു വലിയ വ്യക്തി ത്വത്തെ ഒരു സാധാരണ മനു ഷ്യന് മാത്രമായി ഒരു മണിക്കൂർ ചിലവഴിക്കാൻ പറ്റിയത് എന്റെ ജീവിതത്തിൽ മറക്കാനാകാത്ത അനുഭവമാണ് ●

അനിൽ പി സുബ്രഹ്മണ്യൻ
പരുത്തിപ്ര മന, പറളി,
പാലക്കാട്, ഫോൺ: 9845982016

## വിവേകും ദുർഗ്ഗയും

ഉള്ളിയേരി കുളങ്കര ഇല്ലം കെ.കെ.നാരായണൻ നമ്പൂതിരിയുടെയും ശ്രീദേവി നമ്പൂതിരിയുടെയും (വൈഷ്ണവം, പി.ഒ. എടക്കാട്, കോഴിക്കോട്-5) മകൻ വിവേകും തൃശൂർ പാഞ്ഞാൾ നെല്ലിക്കാട്ട് മാമണ്ണ് മന എൻ.വി. നീലകണ്ഠന്റെയും കെ.നന്ദിതയുടെയും (നെല്ലിക്കാട്ട് മന, തേജസ് ലെയിൻ, പാടൂക്കാട്, പി.ഒ. വിയ്യൂർ, തൃശൂർ-10) മകൾ ദുർഗ്ഗയും 2025 മെയ് 18 ഞായറാഴ്ച കോഴിക്കോട് മൊകവൂർ ലാവൻഡിസ് കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി. മൊബൈൽ 9446339390, 8547290300.



കാലം നിറച്ചാർത്തേകുമ്പോൾ
വിണ്ണിൽ വർണ്ണങ്ങൾ തീർക്കുന്നു.
വിണ്ണിൽ നിറയും വെൺമേഘങ്ങൾ
വെൺ ചാമരം വീശുന്നു.
പാറിപ്പറക്കും കരിമുകിലുകൾ
ആലവട്ടവും തീർക്കുന്നു.
കാറ്റിൽ പാറിയ കാർമുകിലാൽ
കാലം വർഷിച്ചു തീർത്ഥജലം.

കുളം കരയിലെപ്പൊന്നുണ്ണി
ദുർഗ്ഗാ ദേവി സമക്ഷത്തിൽ
ഭാവുകത്വേന വന്നെത്തി
മന്ദഹാസം വിരിച്ചു പോയ്.

വേദ മന്ത്രം മുഴങ്ങുമ്പോൾ
സപ്ത പദങ്ങൾ താണ്ടുന്നു.
വേദമന്ത്രങ്ങൾ ഘോഷിക്കും
ആചാര്യന്മാർ സമക്ഷത്തിൽ,
ഹവനാദികൾ ചെയ്യുന്നു
പാണിഗ്രഹണവും ചെയ്യുന്നു.
കുളം കരയിലെത്തുമ്പോൾ
ദുർഗ്ഗാ ദേവി പ്രതിഷ്ഠയായ്.

വിവേകമോടെ വർത്തിക്കാൻ
വിവേകിന്നേകിടാം കൃപ.
കുളം കരയിലെ ദുർഗ്ഗ
വസിക്ക ലക്ഷ്മീ ദേവിയായി.
കാലം കരുതട്ടെ ഇവരെയും
ദീർഘ കാലം രമിച്ചിടാൻ.
ഈശൻ നല്കട്ടെ കാരുണ്യം
ദീർഘ സുമംഗലീ ഭവ.

ദിലീപ് കരുവാട്ട്,
പുന്നയൂർക്കുളം (അമ്മാവൻ)

## അമൽകൃഷ്ണനും വരദയും

ഇടപ്പള്ളി മുട്ടത്തുകാട്ടിൽ മാമണ്ണ് (സ്വസ്തി) എം.എൻ.മോഹനകൃഷ്ണന്റെയും കെ.പ്രീതയുടെയും മകൻ അമൽകൃഷ്ണനും സ്വർണ്ണത്ത് വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും രശ്മിയുടെയും മകൾ വരദയും 2025 മെയ് 18 ഞായറാഴ്ച എളമക്കര കലൂർ പേരണ്ടൂർ റോഡ് ഭാസ്കരീയം കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി. മൊബൈൽ: 9446048692, 9495978692





# ജംഭാരിപുരിക്കൊത്ത
# വമ്പേറീടീന കുക്ഷിക്കു ഞ

**വിനോദ് മങ്ങത്തായ,**
**താമരക്കുളം ദിവാകരൻ**





കോഴിക്കോട് ചേളന്നൂരിലാണ് തന്ത്രിവര്യന്മാർക്ക് പേരു കേട്ട ചാത്തനാട്ടില്ലം. ക്ഷേത്രങ്ങളും കാവുകളുമായി മുന്നൂറിലധികം ദേവസ്ഥാനങ്ങളിൽ ഇവർക്ക് തന്ത്രമുണ്ട്. സന്മന്ത്രവാദത്തിനും ഇവിടം പ്രശസ്തം. കുട്ടിച്ചാത്തൻ ഉപാസനയുടെ പാരമ്പര്യമുള്ള ഒഴലൂർ പാതിരിശ്ശേരി, ഒഴലൂർ പാടേരി ഇല്ലക്കാർ ചാത്തനാട്ടെ അടുത്ത ബന്ധുക്കൾ.

ചാത്തനാടെന്നാൽ കുട്ടിച്ചാത്തന്മാർ പരിപാലിക്കുന്ന നാട്. കുട്ടിച്ചാത്തന്മാർ പരദേവതയായി അനുഗ്രഹിക്കുന്ന ഇല്ലം.

മന്ത്രതന്ത്ര പാരമ്പര്യമുള്ള ചാത്തനാട് ഇല്ലത്ത് കുട്ടിച്ചാത്തൻ ഉപാസനയുടെ പുണ്യം കൂടി വന്നത് നാനൂറു വർഷങ്ങൾക്കു മുമ്പാണെന്ന് ചരിത്രം. കുട്ടിച്ചാത്തന്മാരുടെ ചില വേലത്തരങ്ങൾ കോഴിക്കോട് രാജാവായ സാമൂതിരിപ്പാടിനെ വല്ലാതെ ശല്യപ്പെടുത്തി. വിളമ്പി വെച്ച ഭക്ഷണം പോലും എവിടെ നിന്നോ മലിനമാവുന്ന സ്ഥിതി. സാമൂതിരി ബന്ധുകൂടിയായ പാടേരി നമ്പൂതിരിപ്പാടിനോട് വിഷമങ്ങൾ പറഞ്ഞു.

കാര്യകാരണമില്ലാതെ ആരെയും ഉപദ്രവിക്കുന്നവരല്ല ചാത്തന്മാർ.

പറക്കുട്ടിച്ചാത്തന്മാർക്കൊപ്പമുള്ള ചില കൂളികളാണ് പ്രശ്നക്കാരെന്ന് ജ്ഞാനിയായ നമ്പൂതിരിപ്പാട് മനസ്സിലാക്കി.

കൃത്യമായ വിധികളിലൂടെ കർമ്മങ്ങൾ ചെയ്തപ്പോൾ കുട്ടിച്ചാത്തൻ ശാപത്തിൽ നിന്നും രാജാവ് മുക്തനായി. സംപ്രീതനായ രാജാവ് പാടേരി നമ്പൂതിരിപ്പാടിന് രാമല്ലൂർ ഉള്ള വിശാലമായ ഭൂപ്രദേശം ദാനം നൽകി. പാടേരി ഇല്ലത്തു നിന്നും ഇരുപത്തഞ്ചു നാഴിക ദൂരെയാണ് രാമല്ലൂർ. അവിടം അക്കാലം പുതിയ പതിനാറു കെട്ട് രൂപം കൊണ്ടത്രെ. പാട്ടിൽ വിശേഷിപ്പിക്കും പോലെ ദേവേന്ദ്രഭവനത്തിനു തുല്യം മനോഹരം.

സാമൂതിരി രാജാവിനെ ചാത്തൻ കോപത്തിൽ നിന്നു രക്ഷിച്ച പാടേരി നമ്പൂതിരിപ്പാട് ചാത്തനാട്ടെ പുതിയ ഭവനത്തിലെത്തി. അന്നു മുതൽ പാടേരിയിലെ കുട്ടിച്ചാത്തൻ ഉപാസന ചാത്തനാട്ടും തുടർന്നു. ചാത്തനാട്ട് നമ്പൂതിരിപ്പാടന്മാർ ഒഴലൂർ പാടേരി എത്തിയാൽ പറക്കുട്ടിക്ക് പ്രത്യേകം വഴിപാടു കഴിച്ച് തൊഴുന്ന ചിട്ട ഇന്നുമുണ്ട്.

അന്യം നിന്നു പോയ കോഴിപ്പറമ്പ്, കോങ്ങാട് , വെള്ളാങ്കൂർ തുടങ്ങി നാലില്ലങ്ങൾ ചാത്തനാട്ട് ലയിച്ചിട്ടുണ്ടെന്ന് ചരിത്രം.

ദേവേന്ദ്രപുരിക്ക് തുല്യമായ പതിനാറു കെട്ട് ഇന്നില്ല.





ചാത്തനാട്ട് ഭഗവതിക്കാവ്

# ചാത്തനാട്ടു മരുവും / ാനിതാ കൈ തൊഴുന്നേൻ

തറവാട്ടിലും തൊട്ടുള്ള സ്ഥലങ്ങളിലുമായി ചെറിയ ഭവനങ്ങളിലേക്ക് താമസം മാറിയെങ്കിലും തേവാരവും ചിട്ടകളും മാറ്റമില്ലാതെ തുടരുന്നു. കുട്ടിച്ചാത്തന്മാരിൽ തീക്കുട്ടി, കരിങ്കുട്ടി,പൂക്കുട്ടി എന്നിവർ ചാത്തനാട്ട് ശ്രീലകത്തെ മൂർത്തിമാരാണ്. ബാലശാസ്താവിന്റെ രൂപത്തിലാണ് ആരാധന.

ചാത്തനാട്ടെ കർമ്മികൾ ജ്ഞാനതപസ്വികളാണ്. നാട്ടുകാർ അവരെ ഈശ്വരതുല്യം ആരാധിക്കുന്നു. പഴയ തലമുറയിലെ ഗോവിന്ദൻ നമ്പൂതിരിപ്പാട്, ശങ്കരൻ നമ്പൂതിരിപ്പാട്, ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട് എന്നിവരും അവരുടെ സന്തതി പരമ്പരകളും ചാത്തനാട്ടെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്ന ഉപാസകരാണ്.

ചാത്തന്മാർ വിളിച്ചാൽ വിളിപ്പുറത്ത്. ഭഗവതിയും കുട്ടിച്ചാത്തനും ചാത്തനാട്ട് പരദേവതമാർ. ഇല്ലത്തു നിന്ന് ഒരു നാഴിക അകലെ വെള്ളാങ്കൂർ ഭഗവതിക്കും കുട്ടിച്ചാത്തനും ക്ഷേത്രമുണ്ട്. അവിൽ ശർക്കര നിവേദ്യത്തോടെ നിത്യപൂജ. മകരച്ചൊവ്വ ഉത്സവമാണ്. കോലധാരിമാർ വ്രതശുദ്ധിയോടെ കുട്ടിച്ചാത്തന്മാരുടെ തിറയാടുന്നു. ആയിരക്കണക്കിന് ഭക്തർ കുട്ടിച്ചാത്തന്മാരെ വന്ദിച്ച് അനുഗ്രഹം വാങ്ങുന്നു.

ചാത്തനാട്ടെ പടിഞ്ഞാറ്റയിൽ നിത്യ തേവാരമു


ചാത്തനാട്ട്
രാമചന്ദ്രൻ
നമ്പൂതിരിപ്പാട്



*ചാത്തനാട്ട് രാമചന്ദ്രൻ നമ്പൂതിരിപ്പാടും രമേശൻ നമ്പൂതിരിപ്പാടും കുടുംബാംഗങ്ങളും*

ണ്ട്. ഇല്ലത്തൊടിയിൽ ഭദ്രകാളിക്ക് ക്ഷേത്രം.


വേട്ടയ്ക്കൊരുമകൻ ശ്രീകോവിലും  പാട്ടുപുരയും പ്രത്യേകം . ഇവിടെയും നിത്യപൂജകൾ നടക്കുന്നു.

വർഷത്തിലൊരിക്കൽ ആചാരവിധി അനുസരിച്ച് വേട്ടയ്ക്കൊരുമകൻ പാട്ട്. കൈവശമുള്ള വയലും പറമ്പും ദേവഭൂമിയായി പരിപാലിക്കുകയാണ് ചാത്തനാട്ട് . ജലാശയങ്ങളും കൃഷിഭൂമികളും പവിത്രമായി നിലനിർത്തിയിരിക്കുന്നു. പരദേവതകളെ ഉപാസിക്കുന്നതിൽ വീഴ്ച പതിവില്ല. സ്വാത്വിക മന്ത്രവാദമാണ് സമ്പ്രദായം. പശുക്കളെ വളർത്തുന്നതും സർപ്പാരാധനയും പ്രകൃതീ പൂജയായി കാണാം. ദേവാരാധന ഇവിടെ സമർപ്പണമാണ്. ധനസമ്പാദനത്തിനുള്ള മാർഗ്ഗമല്ല. ചാത്തന്മാർ ഇല്ലത്തിനും നാടിനും രക്ഷയേകി വാണരുളുന്നു.

ശ്രേഷ്ഠമാർന്നെഴും ചാത്തനാട്ടില്ലത്തമരും /
ശിഷ്ടനാം കരിങ്കുട്ടിക്കു ഞാനിതാ തൊഴുന്നേൻ

ചാവില്ലാത്തവൻ അഥവാ നാശമില്ലാത്തവൻ ചാത്തൻ. ചാത്തനെന്ന പദം ഇന്നത്തെ തലമുറക്ക് വ്യാജന്റെ പ്രതീകമാണ്.

ചിലർക്കിത് ബ്ലാക്ക് മാജിക്കിന്റെ സൃഷ്ടി. പുരപ്പുറത്ത് വന്ന് വീഴുന്ന ചാത്തനേറും ചാത്തൻ കോപവും ഇന്നും പ്രചാരത്തിൽ. യഥാർത്ഥത്തിൽ നമ്മുടെ  സത്താണ് ചാത്തൻ. ചിന്തയിലും വാക്കിലും കർമ്മത്തിലും സത്യമുണരുമ്പോൾ ഉള്ളിലെ ചാത്തൻ പ്രസാദിക്കുന്നു. ചിത്തശുദ്ധി കൈവരുന്നു. കാപട്യത്തോടെ



*ചാത്തനാട്ട് കുടുംബചിത്രം*



*വെള്ളാങ്കൂർ ഭഗവതി കുട്ടിച്ചാത്തൻ ക്ഷേത്രം*



*കൃഷ്ണൻ നമ്പൂതിരിപ്പാട് വയലിൻ വായിക്കുന്നു*

## ചാത്തനാട്ടെ കലാകാരന്മാർ

1. രാമചന്ദ്രൻ നമ്പൂതിരിപ്പാടിന്റെ മകൾ അപർണ നന്നായി ചിത്രങ്ങൾ വരയ്ക്കും. 4 എണ്ണത്തോളം അവിടെ ഫ്രെയിം ചെയ്തു വെച്ചിട്ടുണ്ട്.

2 ശങ്കരനാരായണൻ നമ്പൂതിരിപ്പാട് Rtd music teacher

3. മഹേന്ദ്ര ശങ്കർ - ബയോമെഡിക്കൽ എഞ്ചിനീയർ, തന്ത്രം, ഫ്ളൂട്ട് വോക്കൽ

4. സിതാര - വോക്കൽ

5. കൃഷ്ണൻ നമ്പൂതിരിപ്പാട് USA വയലിനിസ്റ്റ്.





*രാമചന്ദ്രൻ നമ്പൂതിരിപ്പാടിന്റെ മകൾ അപർണ വരച്ച ചിത്രങ്ങൾ*



*മഹേന്ദ്രൻ നമ്പൂതിരിപ്പാടും കുടുംബവും*



*ചാത്തനാട്ട് വേട്ടയ്ക്കരൻ ക്ഷേത്രം*






*ചാത്തനാട്ടെ ഗോവിന്ദൻ നമ്പൂതിരിപ്പാടും കുടുംബാംഗങ്ങളും (ഇടത്ത്) ചാത്തനാട്ട് രാജേഷ് നമ്പൂതിരിപ്പാടും കുടുംബവും (വലത്ത്)*

യുള്ള കളികൾ ചാത്തനോട് വേണ്ട.

സൽക്കർമ്മങ്ങൾ, ദുഷ്ക്കർമ്മ ങ്ങൾ എന്ന വിവേചനം ചാത്ത നില്ല. വാശിയും വിദ്വേഷവും ചാത്തന് പരിചിതവുമല്ല.

ഇല്ലത്ത് തേവാരമൂർത്തിയാവു മ്പോൾ മനക്കാർക്ക് ഭൃത്യനാവും ചാത്തൻ.

മക്കളേ എന്ന് വിളിക്കുമ്പോൾ ചാത്തനാട്ടെ കർമ്മിമാരും വിളി കേൾക്കുന്ന ചാത്തന്മാരും സ്നേഹ വാത്സല്യങ്ങളുടെ പ്രതീകമാവുന്നു.

കുട്ടിച്ചാത്തന്മാരുടെ ലീലാവി നോദങ്ങളും ദിവ്യാത്ഭുതങ്ങളും നാട്ടുകാർക്ക് കഥകളല്ല അനു ഭവങ്ങളാണ്. പണ്ടൊരു കാലം ചാത്തനാട്ടെ വയലിൽ കൃഷിയി റക്കാൻ പണിക്കാരെ കിട്ടിയില്ല. തരിശിട്ട പാടം കാണുമ്പോൾ ഇല്ലത്തെ മുത്തശ്ശിക്ക് സങ്കടമാ യി. നിത്യ നിവേദ്യം മുടങ്ങുമ ല്ലോ എന്ന് മുത്തശ്ശി പരിഭ്രമിച്ചു. ചാത്തന്മാരെ നൊന്തു വിളിച്ചു പ്രാർത്ഥിച്ചു. കുട്ടിച്ചാത്തന്മാർ ഉണർന്നു. നിമിഷ നേരം കൊ ണ്ട് വിശാലമായ നെൽപ്പാടത്ത് ഞാറു നട്ടു തീർത്തു. നേരം പുലർന്നപ്പോഴേക്കും ഏക്കറു കണക്കിനുള്ള വയലുകളിൽ കു ഞ്ഞു നെൽച്ചെടികൾ നിറഞ്ഞി രിക്കുന്നു. കൃഷിപ്പണി കഴിഞ്ഞ് പോകുന്ന പോക്കിൽ കളപ്പുരക്ക് തീയിട്ട് അർമ്മാദിച്ച് വികൃതി കാ ണിക്കാനും കുട്ടിച്ചാത്തന്മാർ മടി ച്ചില്ലെന്നാണ് കഥകൾ .

രാമല്ലൂർ ഗ്രാമം
21 ദേശം
വസിഷ്ഠഗോത്രം
യജുർവേദം
പാരമ്പര്യ ഓതിക്കന്മാർ
തളിപ്പറമ്പ് ഇരവേശി പുടയൂർ
വൈദികൻ :മേൽപ്പള്ളി





*ചാത്തനാട്ടെ ജയദേവൻ നമ്പൂതിരിപ്പാടും ഗൗതം നമ്പൂതിരിപ്പാടും കുടുംബാംഗങ്ങളും*

**ചാത്തനാട് ശങ്കരൻ നമ്പൂതിരിപ്പാട് &
പാണ്ടിക്കടവ് ഉമാദേവി അന്തർജനം**

1. ഗോവിന്ദൻ നമ്പൂതിരിപ്പാട്
2. കൃഷ്ണൻ (ഉണ്ണിക്കിട്ടൻ) നമ്പൂതിരിപ്പാട്
3. എടോളി ഉമാദേവി അന്തർജനം
4. ദേവകി അന്തർജനം ( അവിവാഹിത)
5. ഇടൂഴി നങ്ങേലി അന്തർജനം

**ചാത്തനാട് ശങ്കരൻ നമ്പൂതിരിപ്പാട് &
പാണ്ടിക്കടവ് ഉമാദേവി അന്തർജനം**

1. രുദ്രൻ നമ്പൂതിരിപ്പാട്
2. ശങ്കരൻ നമ്പൂതിരിപ്പാട്
3. രാമല്ലൂർ തേഞ്ചേരി ഗംഗ അന്തർജനം

**ഗോവിന്ദൻ നമ്പൂതിരിപ്പാട് &കോൽപുറം പാർവതി അന്തർജനം**

**ശങ്കരൻ നമ്പൂതിരി** (തന്ത്രം ) - ദേവകി നെല്ലിയോട്. മക്കൾ: രാജേഷ്, ഷീജ – തളിപ്പറമ്പ് ശേഖര ഇല്ലം ബാബുരാജ് (എഞ്ചിനീയർ )
**നാരായണൻ നമ്പൂതിരി** ( കേരളവർമ കോളേജ് ) - ബ്ലാത്തൂർ മല്ലിശ്ശേരി ചിത്തമണി. മക്കൾ: ജയദേവൻ – പാമ്പുമേക്കാട് ശിവ (ആകാശ്, അനന്യ ), ഗൗതം ( മിലിറ്ററി) - ദിവ്യ കോട്ടയം (പാർത്ഥൻ, പ്രഭവ്)
**ഹരിദാസൻ നമ്പൂതിരി** (SBI) - തൃപ്പൂണിത്തുറ കോവിലകം സുമംഗല. മക്കൾ: മായ, മഞ്ജു, നാരായണൻ
**ഗോവിന്ദൻ നമ്പൂതിരി** ( കൃഷി, ക്ഷേത്ര ഭരണം ) - മൂത്തേടത്ത് രാധ അന്തർജനം. മക്കൾ: ശരത് ( IT)- സുധ (നീരജ് ), ശ്രീജിത്ത് – വിനയ (പാർവതി)
**സത്യവതി അന്തർജനം**, മട്ടന്നൂർ അഴകത്ത് ............
**കൃഷ്ണകുമാരി** (CSB) - ദേശമംഗലം ശങ്കരൻ നമ്പൂതിരി. മക്കൾ: രാഹുൽ, വരുൺ

**കൃഷ്ണൻ (ഉണ്ണിക്കിട്ടൻ) നമ്പൂതിരിപ്പാട് – കോൽപ്പുറത്ത് ശ്രീദേവി അന്തർജനം**

**രാമചന്ദ്രൻ നമ്പൂതിരിപ്പാട്** (തന്ത്രം) - കാശംകോട്ട ഉമ അന്തർജനം. മക്കൾ: താര – കടക്കാവട്ടം രവി (ശോഭ ഡെവലപ്പർസ് ), അപർണ ( KMCT Microbiology) ( ഘനശ്യം, മയൂഖ)
**രമേശൻ നമ്പൂതിരിപ്പാട്** (തന്ത്രം ) - മാഹി ചൂരക്കട് ശ്രീമണി മക്കൾ: മീര – എരമല കക്കാട് ശ്രീകുമാർ (കശ്യപ് ), ത്വികൃഷ്ണൻ – മൂവാറ്റുപുഴ ആയിരൽമന അജിത

**രുദ്രൻ നമ്പൂതിരിപ്പാട് – സാവിത്രി അന്തർജനം ചെമ്പാഴി**

മക്കൾ: രാധ & സുധ

**ശങ്കരൻ നമ്പൂതിരിപ്പാട് (വൈദികം) – അരീക്കുഴി സുഭദ്ര അന്തർജനം**

**ശങ്കരനാരായണൻ നമ്പൂതിരിപ്പാട്** (മ്യൂസിക് ടീച്ചർ ) - തലപ്പണ സാവിത്രി അന്തർജനം. മക്കൾ: മഹേദ്രശങ്കർ (ബയോമെഡിക്കൽ എഞ്ചിനീയർ, തന്ത്രം, ഫ്ലൂട്ട്, വോക്കൽ ) - കടുങ്ങമംഗലം മഞ്ജുള ടീച്ചർ (അദ്വൈത്), സിതാര അന്തർജനം. (SCB വോക്കൽ )- കിടക്കാവട്ടം രവി ( രാഷ്ട്രീയം) (രോഹിത്, സാന്ദ്ര )
**കൃഷ്ണൻ നമ്പൂതിരിപ്പാട്** (USA) - മാള മംഗലപ്പള്ളി രമ അന്തർജനം. (USA). മക്കൾ: മിനി (MCA), ദ്വിതീയ (കാർഡിയോളജിസ്റ്റ്)
**ശശിധരൻ നമ്പൂതിരിപ്പാട്** (കെ.എഫ്.സി.റിട്ട.)- തെക്കെപ്പാട്ട് ദേവകി
**കേശവൻ നമ്പൂതിരിപ്പാട് –** ചെറിയൂർ മുല്ലപ്പള്ളി സതി അന്തർജനം. മക്കൾ: നമിത (ടീച്ചർ പയ്യന്നൂർ) നീരദ ( ഇൻഫോസിസ്)

കൃത്രിമങ്ങൾ നിറയുന്ന ലോകം ചാത്തനിഷ്ടമല്ല. ഒരിക്കൽ വയനാടൻ കാടുകൾക്ക് വലിയ നാശമുണ്ടാക്കിയ കാട്ടുതീ പടർന്നു. ആർത്തി മൂത്ത് കാട് നശിപ്പിച്ചിരുന്ന കാട്ടുകൊള്ളക്കാരും വെന്തു മരിച്ചു. തീ കെടുത്താനുള്ള എല്ലാ മാർഗ്ഗങ്ങളും പരാജയപ്പെട്ടപ്പോൾ ചാത്തനാട്ടേക്ക് രാജാവിന്റെ അറിയിപ്പ് പോയി. അഗ്നിബാധക്ക് കാരണക്കാരനായ തീക്കുട്ടിയെ ഒരു തേങ്ങയിൽ ആവാഹിച്ച് ചാത്തനാട്ട് നമ്പൂതിരിപ്പാട് ഇല്ലത്ത് കൊണ്ടു വന്നു പ്രതിഷ്ഠിച്ചു. ആവാഹിച്ച തേങ്ങ ഇല്ലപറമ്പിൽ കുഴിച്ചിട്ടപ്പോൾ കുട്ടിച്ചാത്തന്റെ മൂന്നു കണ്ണുകൾ പോലെ മൂന്നായി തെങ്ങ് വളർന്ന കഥകൾ പഴമക്കാർ പറയും.

ആദരാൽ ശ്രുതിയേറും ചാത്തനാട്ടില്ലത്തമരും /
ഭൂദേവാശ്രിതൻ കരിങ്കുട്ടിക്കിതാ
ഞാൻ കൈ തൊഴുന്നേൻ

ജാതിഭേദം കൂടാതെ എല്ലാവ

# കുക്ഷിശാസ്താവ് അഥവാ

/ആര്യൻ കാളകാട്ടില്ലത്തെഴും നമ്പൂതിരി വര്യൻ /
മോദിച്ചേഴു വേട്ടിട്ടും ലഭിച്ചില്ലാ ത്മജന്മാർ /

പണ്ട് പണ്ടൊരുനാൾ ശിവ പാർവ്വതിമാർ വള്ളുവനും വള്ളു വത്തിയുമായി ഭൂമിയിൽ അവത രിച്ചു. ഉത്തരകേരളത്തിലെ ഒരു ഗ്രാമത്തിലാണ് അവർ എത്തിയ ത്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മലനാട്. മധുരഫലങ്ങൾ തരുന്ന ഫലവൃക്ഷങ്ങൾ ധാരാളം. മായ ക്കാഴ്ചകളിൽ ദമ്പതിമാർ എല്ലാം മറന്നുല്ലസിച്ചു. ദേവി ഗർഭിണിയാ യി. കൈലാസപതിയുടെ ശുശ്രൂഷ യിൽ പത്തു മാസങ്ങൾ കഴിഞ്ഞു. കർക്കിടകത്തിലെ മൂന്നാം നാൾ ദേവി പ്രസവിച്ചു. കരിമ്പൂരാടം. കറുത്തവാവ്. ഉണ്ണിക്ക് കറുത്ത ശരീരം. നെറ്റിയിൽ മൂന്നാം കണ്ണ്. ദിവ്യനായ ഈ കുഞ്ഞ് കുക്ഷിശാ സ്താവ് എന്നറിയപ്പെട്ടു. തന്റെ കു ഞ്ഞിനെ ആവോളം മുലയൂട്ടാൻ ശ്രീ പാർവ്വതി ആശിച്ചു.



ജഗദംബ പ്രപഞ്ചത്തിന്റെ മു ഴുവൻ മാതാവാണെന്ന് മഹേ ശ്വരൻ തത്വം പറഞ്ഞെങ്കിലും താൻ പ്രസവിച്ച കുഞ്ഞിനെ ഉപേക്ഷിക്കാൻ ശ്രീ പാർവ്വതിക്ക് മനസ്സു വന്നില്ലത്രെ.

ഭൂമിയിൽ ജനിച്ച കുട്ടിയെ കൈ ലാസ ലോകത്ത് കൊണ്ടു പോവു ന്നതും അസാധ്യം.

സാക്ഷാൽ പരമശിവൻ തന്നെ പരിഹാരം കണ്ടു. തങ്ങൾക്കുണ്ടായ ഉണ്ണി യെ സംരക്ഷിക്കാനും വളർത്താനും ശി വഭക്തരായ ദമ്പതിമാരെ ഏൽപ്പിക്കാൻ അവർ തീരുമാനിച്ചു. മന്ത്രവാദത്തിനും അനുഷ്ഠാനങ്ങൾക്കും പേരു കേട്ട പയ്യന്നൂർ കാളകാട്ടില്ലത്തെ നമ്പൂതിരി തനിക്ക് കുട്ടികളില്ലാത്തതിൽ തീവ്രദുഃ ഖിതനായിരുന്നു. ഉറച്ച ശിവഭക്തനായ അദ്ദേഹത്തിനും ഭാര്യയ്ക്കും തങ്ങളുടെ കുഞ്ഞിനെ നൽകി ശിവപാർവ്വതിമാർ മറ ഞ്ഞു. ഭഗവൽപ്രസാദമായി ലഭിച്ച ഉണ്ണി യെ കാളകാട്ട് മനക്കാർ വലിയ സന്തോ ഷത്തോടെ സ്വീകരിച്ചു.

കാളകാട്ടെ ഒരു നമ്പൂതിരിപ്പാടിന് ജനിച്ച ഉണ്ണിയാണ് കുട്ടിച്ചാത്തൻ എന്നും ഇക്കഥയ്ക്ക് പാഠഭേദമുണ്ട്.

വിചിത്രരൂപമുള്ള തന്റെ കുട്ടിയെ നമ്പൂതിരി രഹസ്യമായി കാളകാട്ടെ നില വറയിൽ വളർത്തിയത്രെ.

നാട്ടിലെ പട്ടിണി പാവങ്ങളുടെ കുടി ലുകളിൽ ആവശ്യമായ നെല്ല് എത്തിച്ച കുട്ടിച്ചാത്തന്റെ ലീലകൾ തുടർന്നുള്ള ചില പാട്ടുകളിൽ ഉണ്ട്.

കഥകളിൽ ചെറിയ വ്യത്യാസങ്ങൾ കാണാം. അതെന്തായാലും തോറ്റം പാട്ടു





രും ഉപാസിക്കുന്ന മൂർത്തിയാണ് കുട്ടിച്ചാത്തൻ. ഓരോ ഇല്ലത്തും ആരാധനാ സമ്പ്രദായങ്ങൾക്ക് ചെറിയ വ്യത്യാസങ്ങൾ മാത്രം. നിത്യജീവിതത്തിൽ വിലപ്പെട്ട തായി നമ്മൾ കരുതുന്ന പലതും നഷ്ടപ്പെടുന്നതും മോഷണം പോവുന്നതും സാധാരണമാണ ല്ലോ. ഇവ വീണ്ടെടുക്കാൻ ഭക്തർ ചാത്തന്മാർക്ക് വഴിപാടു നേരു ന്നു. ഫലമുറപ്പെന്നത് തലമുറക ളായുള്ള വിശ്വാസമാണ്.

കലഹങ്ങളൊഴിഞ്ഞ് കുടുംബ ജീവിതത്തിൽ സമാധാനം പുലരാ നും കുട്ടിച്ചാത്തനെ ഭജിക്കുന്നവർ ധാരാളം. ശ്രേഷ്ഠമായ കൗൺ സലിംഗ് പോലുള്ള സന്മന്ത്രവാദ ത്തിന് പേരു കേട്ട കർമ്മമാരാണ് ചാത്തനാട്ട്.

ബന്ധപ്പെട്ട കാവിലെ തിറ ജന കീയോത്സവമാണ്. മണ്ണാൻ സമു ദായത്തിൽ പെട്ട കോലധാരികൾ കുട്ടിച്ചാത്തന്മാരുടെ തെയ്യവും തിറയുമാടുന്നു. കൊച്ചു സന്തോ

# കുട്ടിച്ചാത്തൻ

കളിലെല്ലാം കുട്ടിച്ചാത്തന്മാരുടെ ആരൂഢം കാളകാട്ട് ഇല്ലത്താണ് എന്നുറപ്പിച്ചു പറയുന്നു.

മാതൃവാത്സല്യമറിയാത്ത കുക്ഷിശാസ്താവ് എല്ലാ നിയമങ്ങൾക്കും അതീതനായി കാളകാട്ട് വളർന്നു. വിചിത്രരൂപം, ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയും. ശിവപാർവ്വതിമാർ നൽകിയ ഉണ്ണിയെ പഠിപ്പിക്കാൻ കാളകാട്ട് നമ്പൂതിരിപ്പാട് ഒരു ആചാര്യനെ ഏൽപ്പിച്ചു.

സർവ്വജ്ഞാനിയായ ശിവപുത്രനറിയാത്ത വിദ്യകൾ ഉണ്ടാവുമോ? നിയമങ്ങളുടെ സൃഷ്ടാവാണ് ശാസ്താവ്. കുക്ഷിശാസ്താവിന് കുസൃതികളും കുറവല്ല.

ശാസനകൾ അവൻ കേൾക്കില്ല. രാവും പകലും അവനില്ല. കാലവും സമയവുമൊക്കെ നിശ്ചയിച്ചത് അൽപജ്ഞാനികളായ മനുഷ്യർ. കാലത്തെണീക്കണം എന്ന നിയമം കാലാതിവർത്തിയായ ശാസ്താവിന് ബാധകമല്ലല്ലോ.

അനുസരിക്കാത്ത ശിഷ്യനെ പാഠം പഠിപ്പിക്കാൻ ഗുരു നിശ്ചയിച്ചു. ഗുരുശിഷ്യ ബന്ധത്തിൽ ഗുരുവാണ് മുകളിൽ എന്ന നാട്ട് നടപ്പൊന്നും
കുക്ഷിശാസ്താവ് പാലിച്ചില്ല. അറിവിന്റെ സ്നേഹം പകരേണ്ട ആചാര്യൻ എന്നും കോപിഷ്ഠനായപ്പോൾ ഗുരുവിനെ ശിഷ്യൻ വധിച്ചു എന്നാണ് കഥ. നാട്ടാർ അവനെ കുട്ടിച്ചാത്തനെന്നു വിളിച്ചു.

ഒരിക്കലും പൊറുക്കാൻ പറ്റാത്ത തെറ്റ് ചെയ്ത ഉണ്ണിയെ വളർത്തച്ഛനായ കാളകാട്ട് നമ്പൂതിരിപ്പാട് കാളകളെ മേയ്ക്കാൻ അയച്ചെന്നും ദാഹിച്ച ഉണ്ണി കാളയെ കൊന്ന് രക്തം കുടിച്ചെന്നും കഥകൾ തുടരുന്നു.

കുട്ടിച്ചാത്തനെ തളയ്ക്കാൻ ദുർമന്ത്രവാദമടക്കമുള്ള ഹോമങ്ങൾ നടത്തിയത്രെ . ഉച്ചാടനങ്ങളിൽ അവൻ അടങ്ങിയില്ല. മന്ത്രവാദികൾ അവനു മുമ്പിൽ പരാജയപ്പെട്ടു. അവർ പുതിയ വഴികൾ തേടി. ആവാഹിച്ച ചാത്തനെ ഹോമകുണ്ഡത്തിൽ ഹോമിച്ചു.

ഭീകരത അതിജീവിച്ച കുട്ടിച്ചാത്തൻ 390 ചാത്തന്മാരായി പുനർജനിച്ചു എന്ന് ഐതിഹ്യം.
മന്ത്രവാദക്കളങ്ങളിൽഅത്യുഗ്രമന്ത്രങ്ങൾക്കു പകരം പ്രാർത്ഥനകൾ നിറഞ്ഞു. സഗുണോപാസനകളിൽ ഉറഞ്ഞ സ്നേഹം കുട്ടിച്ചാത്തന്മാർക്കിഷ്ടമായി. കാളകാട് ആരൂഢമായി കാട്ടുമാടം, കല്ലൂർ, ഒഴലൂർ പാടേരി, ഒഴലൂർ പാതിരിശ്ശേരി തുടങ്ങി പതിനെട്ട് ഇല്ലങ്ങളിൽ ചാത്തന്മാർ തേവാരമൂർത്തികളായി.
ഒപ്പം കുട്ടിച്ചാത്തന്മാരുടെ കോലങ്ങൾ കെട്ടിയാടുന്ന തെയ്യങ്ങളും തിറയാട്ടങ്ങളും നിലവിൽ വന്നു. അതത് നാട്ടിൽ മഹോത്സവങ്ങൾ രൂപപ്പെട്ടു. പാരമ്പര്യമായി വ്രതശുദ്ധിയോടെ മണ്ണാൻ സമുദായക്കാരാണ് ചാത്തനാട്ട് തിറയാടുന്നത്.

കുട്ടിച്ചാത്തന്മാരുടെ ലീലകൾ ദുഷ്ടർക്ക് എന്നും പേടിസ്വപ്നമാവും. എന്നാൽ ചിത്തശുദ്ധിയോടെ സേവിക്കുന്നവർക്ക് കുട്ടിച്ചാത്തൻ ശക്തിയാണ്, ചൈതന്യമാണ്.
ചൊല്ലേറീടിന നല്ല ചാത്തനാട്ടില്ലത്തമരും /
കല്യാണരാമൻ കുക്ഷിയ്ക്ക് ഞാനിതാ കൈ തൊഴുന്നേൻ






ഷങ്ങൾക്കായി ഭക്തർ കോഴിയെ സമർപ്പിക്കുന്നതും സാധാരണം.
തിക്കുമുട്ടലുകൾ നിറഞ്ഞ ജീവിതവഴിയിൽ മനുഷ്യരെ കർമ്മോന്മുഖമാക്കുകയാണ് ചാത്തന്മാർ. ഉപാസിക്കുന്നവർക്ക് മുമ്പിൽ സേവകരാവുന്നു മൂർത്തിമാർ. ചാത്തൻ സേവയുള്ള നമ്പൂതിരിമാർക്കൊപ്പം കാവിലെ കോലധാരികളും ജനങ്ങളുടെ കൺ കണ്ട ദൈവങ്ങളാണ്.

ഭൂമിയിലേക്കിറങ്ങുന്ന കുട്ടിച്ചാത്തന്മാർ ഭക്തരെ കാണുന്നു, കേൾക്കുന്നു, അവർക്കൊപ്പം ജീവിക്കുന്നു.
കർമ്മോത്സുകതയുടെ ഹെജിമണിയിൽ തമ്പുരാക്കന്മാരും അടിയാളരുമില്ല. ജീവിതം തന്നെയാണ് ശേഷ്ഠമായ പ്രാർത്ഥന. ●


രാമചന്ദ്രൻ നമ്പൂതിരിപ്പാട്,
8547898636
രമേശൻ നമ്പൂതിരിപ്പാട്,
8891066636
ചാത്തനാട്ടില്ലം, കക്കോടിമുക്ക്



ശങ്കരഭവനം ഏറ്റുവാങ്ങിയ സന്തോഷും കുടുംബവും

# സന്തോഷമീ ശങ്കരഭവനം

**ശ്രീനിവാസൻ പെരികമന**



ചൂരൽമലയിൽ ആർത്തുവന്ന മലവെള്ളം കൊണ്ടുപോയത് സന്താഷിന്റെ വീടു മാത്രമായിരുന്നില്ല. ഉറക്കത്തിലായിരുന്ന അമ്മ ലീലാവതിയും സന്തോഷിന്റെ അനുജന്റെ മകൻ കുഞ്ഞുനിഹാലും അനന്തതയിലേക്ക് ഒഴുകിപോയി. ഏറെക്കാലത്തെ ആശുപത്രി വാസത്തിനു ശേഷം സങ്കടങ്ങൾ ഉള്ളിലൊതുക്കി സന്തോഷും ഭാര്യയും പതിയെ ജീവിതത്തിലേക്ക് വരാനുള്ള ശ്രമത്തിലാണ്.

കയറിക്കിടക്കാൻ ഒരു വീട് അത്യാവശ്യം. സർക്കാർ തലത്തിലും അല്ലാതെയും നിരവധി പുനരധിവാസ പ്രവർത്തനങ്ങൾ നടക്കുന്നെങ്കിലും അവ പൂർത്തിയാവാൻ സമയമെടുക്കും.

ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവനാണ് സന്തോഷ്.സർക്കാർ സഹായത്തോടെ ഒരു കെട്ടിടത്തിലാണ് താൽക്കാലികമായി താമസം. സൗജന്യമായി റേഷനും മറ്റും ഉള്ളതിനാൽ ഭക്ഷണത്തിനു മുട്ടില്ല.

ജീവിതത്തിൽ അത്യാവശ്യങ്ങൾ വേറെയുമുണ്ടല്ലോ. ആദ്യമൊക്കെ പലരും വരുമായിരുന്നു. സുമനസ്സുകൾ പണമൊക്കെ തന്നാലും വാങ്ങാറില്ല. കഷ്ടപാടുകൾ ഉള്ളിലൊ

### അതിഥിമന്ദിരം

വയനാടിന്റെ ടൂറിസം സാധ്യതകൾ മുന്നിൽക്കണ്ട് കൽപ്പറ്റയിൽ ഒരു ഗസ്റ്റ് ഹൗസ് പണിയാനും സഭ ആലോചിക്കുന്നു. ഇതിനായി 22 സെന്റ് സ്ഥലം സൗജന്യമായി യോഗക്ഷമസഭക്ക് നൽകിയത് മനോജ് (കൊട്ടാരം ഗ്രൂപ്പ്)



ശങ്കരഭവനം നിർമ്മിക്കാൻ സ്ഥലം നൽകിയ ജയകൃഷ്ണൻ പെരിങ്ങോടും ഭാര്യയും ലേഖകനോടൊപ്പം

## കഷ്ടപ്പാടിലും തളരാത്ത മനസ്സ്

ഈ വാർത്തകളിലൊന്നും പറയാതെ പോയ ഒരു വ്യക്തിയെ പ്രത്യേകം പ്രണമിക്കേണ്ടതുണ്ട്. ശങ്കരഭവനം നിർമ്മിക്കാനാവശ്യമായ സ്ഥലം സഭക്ക് നൽകിയ ജയദേവൻ പെരിങ്ങോട്.

സ്വന്തം വീടുപോലും സഹപാഠികളുടെ സഹായത്താൽ പൂർത്തീകരിക്കേണ്ടി വന്ന സാധു. വീടിന്റെ കടബാധ്യതകളും ശാരീരികാസുഖങ്ങളും പുറകെ. യോഗക്ഷമ സഭയുടെ ശങ്കരഭവനം എന്ന ആശയം കേട്ടപ്പോൾ തന്നെ അനുയോജ്യമാണെങ്കിൽ തന്റെ സ്ഥലം അതിന് സ്വീകരിക്കണമെന്ന് ജയദേവൻ വയനാട് സഭാ പ്രവർത്തകരോട് പറയുകയായിരുന്നു.

കഷ്ടപ്പാടുകളിലും തളരാത്ത വലിയ മനസ്സിന്റെ മുമ്പിൽ ചെറിയൊരു പ്രതിഫലം ജയദേവന് ദക്ഷിണയായി നൽകിയ ശേഷം സഭ സ്ഥലം രജിസ്റ്റർ ചെയ്തു വാങ്ങി. ശങ്കരഭവനത്തിന്റെ സാഫല്യത്തിൽ ജയദേവൻ പെരിങ്ങോടിന്റെ മഹത്തരമായ പ്രവൃത്തിക്കും വലിയ പങ്കുണ്ട്. പാവപ്പെട്ട ഒരു ബ്രാഹ്മണന് സമർപ്പിക്കാനായി ശങ്കരഭവനം 2 പ്രൊജക്റ്റും വയനാട്ടിൽ തുടങ്ങുകയാണ്.



*ശങ്കരഭവനത്തിന്റെ താക്കോൽ കൈമാറ്റം യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് കാളിദാസ ഭട്ടതിരിപ്പാട് നിർവ്വഹിക്കുന്നു*

തുക്കും.

നാലു നമ്പൂതിരിമാർ കാണാൻ വന്നപ്പോഴും സന്തോഷ് സാധാരണ പോലെ സ്വീകരിച്ചു. ചിലർ പരിചയക്കാരാണ്. മുണ്ടക്കൈ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട ഒരു കുടുംബത്തിനെ യോഗക്ഷമസഭ സഹായിക്കാൻ തീരുമാനിച്ച വിവരം അവർ അറിയിച്ചു.

22 ലക്ഷം രൂപ ചിലവിൽ ചീക്കല്ലൂർ ഗ്രാമത്തിൽ സഭയുടെ 'ശങ്കരഭവനം' നിർമ്മിച്ച കാര്യവും സന്തോഷിന് പ്രത്യേകിച്ചൊന്നും തോന്നിയില്ല.

വീടു നൽകുന്നത് തനിക്കാണെന്നറിഞ്ഞപ്പോളാണ് യഥാർത്ഥ സന്തോഷം സന്തോഷനുഭവിച്ചത്. ആദ്യം ഇക്കാര്യം വിശ്വസിക്കാനായില്ല. തരുന്നത് പൂർണ്ണമായും പണികഴിപ്പിച്ച ഒരു കൊച്ചു വീടും സ്ഥലവുമാണ്.

സഭയുടെ ദാനം ഒരു സമ്മാനമായി സ്വീകരിക്കണമെന്നു കൂടി പ്രവർത്തകർ പറഞ്ഞപ്പോൾ ബ്രാഹ്മണ്യത്തിന്റെ വിനയം സന്തോഷറിഞ്ഞു.

ഉചിതമായ കൈകളിലെത്തുമ്പോൾ ദാനം ശ്രേഷ്ഠമാകുന്നു. ശങ്കരഭവനത്തിന്റെ താക്കോൽ ഏറ്റുവാങ്ങിയപ്പോൾ സന്തോഷിന്റെ കണ്ണുകളിൽ കണ്ട തിളക്കം സഭക്കു നൽകിയത് തലമുറകളുടെ പുണ്യമാണ്. ചൂരൽമല ദുരന്തബാധിതർക്ക് വീടു വച്ചു നൽകുന്ന ആദ്യത്തെ സംഘടനയായി യോഗക്ഷേമസഭ.

ശങ്കരഭവനം സമർപ്പിക്കുന്ന ചടങ്ങ് ദേവസ്വം മന്ത്രി കെ വാസവൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

യോഗക്ഷേമസഭ സംസ്ഥാനാധ്യക്ഷൻ അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്

സന്തോഷിന് ശങ്കരഭവനം സമ്മാനിച്ചു. യോഗക്ഷേമസഭയുടെ സംസ്ഥാന നേതാക്കളും വയനാട് ജില്ലാ ഭാരവാഹികളും പ്രവർത്തകരും സന്തോഷിന്റെ സന്തോഷവേളയെ ധന്യമാക്കി.

ആദിശങ്കരചൈതന്യം
സഭാ പ്രവർത്തകരിൽ
അനുഗ്രഹം പകർന്നു. ●

ശ്രീനിവാസൻ,
ഫോൺ: 8304074461



*മുണ്ടക്കൈ ദുരന്തത്തിൽ മരണമടഞ്ഞ ലീലാവതിയും നിഹാലും*

## റാങ്ക്

# അമ്മയ്ക്കഞ്ച് മകൾക്കൊന്ന്

**സ്വസ്തി വയനാട് ബ്യൂറോ**



ഗൗതമി

തരുവണ മരങ്ങാട്ടില്ലത്ത് ഡോക്ടർ എസ് സാബു നമ്പൂതിരിയുടെയും ടീച്ചറായ ആരതിയുടെയും മൂത്ത മകൾ ഗൗതമി. അമ്മ ടീച്ചറാവാൻ പി എസ് സി പി എസ് സി പരീക്ഷക്കു പഠിക്കുമ്പോൾ ഗൗതമിക്ക് മൂന്നു വയസ്സ്. കുട്ടിയായ ഗൗതമി കളിപ്പാട്ടങ്ങളെക്കാൾ കണ്ടത് പുസ്തകങ്ങൾ. കൗതുകത്തോടെ ചിത്രങ്ങൾ കണ്ട് പിന്നെ വായിച്ചും വരച്ചും എഴുതിയും കുഞ്ഞു ഗൗതമി അക്ഷരങ്ങളുടെ ലോകത്തെത്തി.

വില കൂടിയ കളിപ്പാട്ടങ്ങളെക്കാൾ വിലയുള്ള 'കാര്യ'മായി അവൾ പുസ്തകങ്ങളെ കണ്ടു, സൂക്ഷിച്ചു

ജി യു പി സ്കൂൾ കരിങ്ങാരിയിൽ പ്രൈമറി സ്കൂൾ വിദ്യാഭ്യാസം. ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ എൽ പി തല വായനാ മത്സരത്തിൽ ഒന്നാം സ്ഥാനം. അധ്യാപകർ നൽകിയ കഥാപുസ്തകങ്ങൾ നിധി പോലെ സൂക്ഷിച്ചു വെച്ചു. ഗൗതമി നല്ല വായനക്കാരിയായി, പിന്നെ എഴുത്തുകാരിയും.

ആറാം ക്ലാസുകാരി കവിതാരചനയ്ക്ക് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി.

എഴുതിയ കവിതകൾ സമാഹരിച്ച് പുസ്തകമാക്കിയത് - പേര് 'കളിയും കാര്യവും' അടുത്ത വർഷം. ആമുഖക്കുറിപ്പ് എഴുതിയത് മഹാകവി അക്കിത്തം. 'നല്ല വൃത്തവും താളവുമൊത്ത കവിതകൾ' എന്ന അക്കിത്തത്തിന്റെ വാക്കുകൾ ഗൗതമിയുടെ രചനക്ക് കിട്ടിയ വലിയ അനുഗ്രഹമായി.

സ്കൂൾ കലോത്സവങ്ങളുടെ ജില്ലാ-സംസ്ഥാന തലങ്ങളിൽ നിരവധി സമ്മാനങ്ങൾ ഗൗതമിയുടെ കവിതകൾക്ക് ലഭിച്ചു. മാതൃഭൂമി ആഴ്ചപ്പതിപ്പ് അടക്കം പല ആനുകാലിക പ്രസിദ്ധീകരണങ്ങളും ഗൗതമിയുടെ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗൗതമിക്ക് ഏറ്റവും ഇഷ്ടം അമ്മയെപ്പോലെ അധ്യാപിക ആവാൻ. ൈസലം വയനാട് പി.എസ്.സി.കോച്ചിംഗ് സെന്ററിൽ ചേർന്ന് ചിട്ടയായ പഠനം. എൽ പി, യു പി ടീച്ചർ PSC പരീക്ഷയുടെ മെറിറ്റ് ലിസ്റ്റ് വന്നപ്പോൾ ഗൗതമിക്ക് ഒന്നാം റാങ്ക്. അമ്മ ആരതി അക്കാലത്തെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ അഞ്ചാം റാങ്കുകാരിയായിരുന്നു.




സഹോദരങ്ങൾ: ഗീതിമ.എസ്, ഗൗതവ് എസ്. നമ്പൂതിരി, മരങ്ങാട്ടില്ലം, (തരുവണ ഉപസഭ), തരുവണ പി.ഒ. വയനാട്, അച്ഛൻ :ഡോക്ടർ എസ് സാബു, ജൂനിയർ സൂപ്രണ്ട് ജില്ലാ പോലീസ് ഓഫീസ്, കല്പറ്റ, അമ്മ: ആരതി എം എസ്, ഹൈസ്കൂൾ ടീച്ചർ, ജി. എച്ച്.എസ്. എസ്.പടിഞ്ഞാറത്തറ ●

ഡോ. എസ്. സാബു
(ഗ്രന്ഥകാരൻ വിദ്യാഭ്യാസ വിചക്ഷണൻ, കൗൺസലിംഗ് സൈക്കോളജിസ്റ്റ്)
Mob:9447363392

## ഉപനയനം

### ധീരധീ എസ് കൃഷ്ണ, ആമേയ് എം.എസ്

**2025 മേയ് 10**

**(1200 മേടം 27)**



ഭാർഗവരാമനാൽ സഹ്യ സാനുക്കളിൽ പ്രതി ഷ്ഠിക്കപ്പെട്ട ആര്യങ്കാവ് കുളത്തുപ്പുഴ ധർമ്മശാ സ്താക്ഷേത്രങ്ങളിലെ തന്ത്രിപരമ്പരയിലെ ഇപ്പോഴത്തെ തലമുറ യിലെ വരുംകാല താ ന്ത്രികാവകാശികളായ വെട്ടിക്കവല കോക്കുള ത്തുമഠത്തിലെ ധീരധീ എസ് കൃഷ്ണ, ആമേയ് എം.എസ് എന്നിവരുടെ ഉപനയനകർമ്മങ്ങൾ 10-05-2025 ൽ നടന്നു.

*ആശംസകളോടെ*

നവനീത് കൃഷ്ണൻ,
താന്നിമൂട് മഠം, എരൂർ
തൃപ്പൂണിത്തുറ

## സമാവർത്തനം

### അഭിനീത് കുന്നാശ്ശേരി

**2025 ജൂൺ 9**

@ വേദവാടിക, പെരുമൻപുറ,
കോഴിക്കോട്
കുന്നാശ്ശേരി രഞ്ജിത് &
കൃപ ദമ്പതിമാരുടെ
ഉണ്ണി



കുന്നാശ്ശേരി ഇല്ലം
കുമരനെല്ലൂർ പി ഒ
മുക്കം വഴി
കോഴിക്കോട് 673602
ഫോൺ:
രഞ്ജിത് :
9744051482


ആശംസകളോടെ...

ആഘോഷങ്ങൾ വിഭവസമൃദ്ധമാക്കാൻ

**OT Food Products & Catering Services**

PURE VEG



Vinod O T (Manikuttan), Ozhukil Thattayoor Illam, Neeleswaram P.O
Kozikode-673582, Contact : 9947166663, 9447951344


## സമാവർത്തനം

**06-04-2025**

### സഹസ്രജിത്ത് ഒ.ടി.

ഒഴുകിൽ തട്ടയൂർ ഇല്ലത്ത് വിനോദ് നമ്പൂതിരി യുടേയും (മണിക്കുട്ടൻ), ഡോ ആശാവിനോദി ന്റേയും മകൻ സഹസ്രജിത് ഒ ടി യുടെ സമാവർ ത്തനം 2025 ഏപ്രിൽ 6 ന് ഇല്ലത്ത് വെച്ച് സമം ഗളം നടന്നു.



# ചോറൂൺ ആശംസകൾ

22.03.2025



**ഹിരൺമയി ദേവകി**
D/o ഹരിഗോവിന്ദൻ
ഗോപിക ഹരിഗോവിന്ദൻ

**ഉമാശങ്കരി**
D/o ശ്രീകേശവൻ
സുകന്യ ശ്രീകേശവൻ

കക്കാട്ടില്ലം
ശ്രീമാധവം (H)
കുതിരവട്ടം (P.O.)
പൊറ്റമ്മൽ
കോഴിക്കോട് -673016

*ആശംസകളോടെ*
**മീനാക്ഷി ഉണ്ണിമായ**
**മുത്തശ്ശിമാരും മുത്തച്ഛന്മാരും**



# ചോറൂൺ ആശംസകൾ

31-3-2025



## അക്ഷയ് ശങ്കർ എം പി

ചവനപ്പുഴ മുണ്ടോട്ട് പുളിയപ്പടമ്പ്
**ഡോക്ടർ ഹരിദാസ് - ഡോക്ടർ വിദ്യ**
ദമ്പതിമാരുടെ മകൻ

കൊച്ചു മകന് ആശംസകളോടെ
**ശങ്കരദാസൻ - മിനി**
സൗപർണിക
കോവൂർ - ഇരിങ്ങാടൻ പള്ളി റോഡ്
ചേവായൂർ, കോഴിക്കോട് 17
ഫോൺ:7771920330

അമ്മാത്തെ മുത്തശ്ശി:
**ലത ശങ്കരൻ മൂസ്സ്**
w/ o ശങ്കരൻ മൂസ്സ് ( Late)
വയസ്ക്കര ഇല്ലം, കോട്ടയം സൗത്ത്
Ph :8547606784

ഡോക്ടർ ഹരിദാസ്
ജയനഗർ, Bangalore
ഫോൺ :9743215479

## ചോറൂൺ (11-04-2025)

മേലേടം സതീഷ് - സന്ധ്യ ദമ്പതികളുടെ മകൻ **വേദവ്യാസ് രാമചന്ദ്രന്റെ** ചോറൂൺ 2025 ഏപ്രിൽ 11 ന് പൊറ്റശ്ശേരി മേലേടത്ത് ഇല്ലത്ത് വെച്ച് സമംഗളം നടന്നു.



## അന്നപ്രാശനം

കൊല്ലോറ്റ ഇല്ലത്ത് കൃഷ്ണൻ കെ.എൻ - അഞ്ജലി ദമ്പതിമാരുടെ പുത്രി **നിതാര**യുടെ അന്നപ്രാശനം  തൃശൂർ ബ്രഹ്മസ്വം മഠത്തിൽ വെച്ച് 2025 ഏപ്രിൽ 30 ന് സമംഗളം നടന്നു.


*ആശംസകളോടെ,*
മുത്തശ്ശൻ (നന്ദി നമ്പൂതിരി),
മുത്തശ്ശി ( സുധ അന്തർജനം),
കൊല്ലോറ്റ ഇല്ലം, മഞ്ചിറ റോഡ്,
ഗുരുവായൂർ, 673101
Mob: 8547573533.



## അന്നപ്രാശനം

### ദേവർഷ്നാരായണൻ

കണ്ണൂർ മാവിലായി മാധവപ്പള്ളി ഇല്ലത്ത് ശങ്കര പ്രസാദ് നമ്പൂതിരിയുടേയും തീർത്ഥയുടേയും മകൻ ദേവർഷ്നാരായണന്റെ അന്നപ്രാശനം 2025-June  8 ന് ഞായറാഴ്ച ഇല്ലത്ത് വെച്ച് നടന്നു. സഹോദരി ഗൗരിലക്ഷ്മി സമീപം



## ചോറൂൺ

### സത്കൃതി വിദ്യ
### കൻഷിക നാരായണൻ

നെടുമ്പുര കപ്ലിങ്ങാട്ട് മനയിൽ നാരായണന്റേയും വിദ്യയുടേയും മക്കളായ സത്കൃതി വിദ്യയുടേയും കൻഷിക നാരായണന്റേയും ചോറൂൺ 2025 ജൂൺ 01 ന് ഭംഗിയായി നടന്നു



അനുസ്മരണം




യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ കൊവൻട്രി & വാറിക്ക്ഷയർ



ഡോ. മേക്കാളി നാരായണൻ

# കൊവൻട്രിയിലെ ആതിഥേയൻ ഇനിയില്ല

**കൊവൻട്രിയിലേക്കയയ്ക്കുക എന്നൊരു ശൈലി ഇംഗ്ലീഷിലുണ്ട്. ഇടപെടാതിരിക്കുക, മനഃപൂർവം ഒഴിവാക്കുക എന്നൊക്കെയാണ് ഇതിനർഥം. ഈ ഭാഷാപ്രയോഗത്തിനെതിരായിരുന്നു ഡോ. നാരായണന്റെ ആതിഥ്യമര്യാദ. കൊവൻട്രിയിലെ വീട് കൂടിച്ചേരലുകളുടെ കേന്ദ്രമായിരുന്നു. നാലു പതിറ്റാണ്ടിലേറെ നീണ്ട ആ ആശ്രയവും കൈത്താങ്ങും ഇനിയില്ല. ഡോ. നാരായണൻ കഴിഞ്ഞ വർഷം വിടപറഞ്ഞു. നമ്മൾ അറിയാതെ പോയ ആ ആതിഥേയനെക്കുറിച്ച് വായിക്കാം**

**പി.എൻ. മാധവൻ**



ഇംഗ്ലണ്ടിന്റെ ഭൂപടം അമ്മയെപ്പോലെയാണ്. വെയ്ൽസ് എന്ന കുഞ്ഞിനെ മാറോടടുക്കിപ്പിടിച്ച്, സ്കോട്ട്ലൻഡ് എന്ന മുടി പാറിച്ച് അറ്റ്ലാന്റിക് സമുദ്രത്തിലേക്കു കാൽ നീട്ടി ഇരിക്കുന്ന ഒരമ്മ. ആ അമ്മയ്ക്കു നേരേ, ഒരു കൊച്ചുകിളിയെപ്പോലെ അയർലൻഡ് എന്ന ദ്വീപ് പറന്നു വരുന്നതായും തോന്നും. ജീവിതക്കൂടു മെനയാൻ നാട്ടിൽനിന്ന് പറന്നു ചെല്ലുന്നവരെ കാത്ത് ഈ അമ്മയെപ്പോലെ ഒരു നമ്പൂതിരി ഡോക്ടറും കുടുംബവും ഇംഗ്ലണ്ടിലുണ്ടായിരുന്നു. മേയ്ക്കാളി ഇല്ലത്തെ ഡോ.നാരായണൻ. കൊവൻട്രിയിലെ ഡോ. നാരായണന്റെ വീടിനെ 'ഇംഗ്ലണ്ടിലെ മേയ്ക്കാളി ഇല്ലം' എന്ന് എല്ലാവരും വിളിച്ചു.

'കൊവൻട്രിയിലേക്കയയ്ക്കുക' (To send someone to Coventry എന്നൊ

മക്കളോടും മരുമക്കളോടും പേരക്കുട്ടികളോടുമൊപ്പം ഡോ. നാരായണനും ജയ നാരായണനും






കൊവൻട്രിയിലെ വീട്

രു ശൈലി ഇംഗ്ലീഷിലുണ്ട്. ഇടപെടാതിരിക്കുക, മനഃപൂർവം ഒഴിവാക്കുക എന്നൊക്കെയാണ് ഇതിനർഥം. ഇംഗ്ലീഷ് ആഭ്യന്തരയുദ്ധകാലത്തെ തടവുശിക്ഷകളിൽനിന്നും നാടുകടത്തലുകളിൽനിന്നും പിറന്ന ഈ ഭാഷാപ്രയോഗത്തിൻെറ ചരിത്രധ്വനികൾക്കെതിരായിരുന്നു ഡോ. നാരായണൻെറയും കുടുംബത്തിൻെറയും ആതിഥ്യമര്യാദ. ആ വീട് കൂടിച്ചേരലുകളുടെ കേന്ദ്രമായിരുന്നു. നാലു പതിറ്റാണ്ടിലേറെ നീണ്ട ആ ആശ്രയവും കൈത്താങ്ങും ഇപ്പോൾ ഇല്ല. ഡോ. നാരായണൻ കഴിഞ്ഞ വർഷം വിടപറഞ്ഞു.

തൃശൂർ ജില്ലയിലെ പുത്തൻചിറയിലാണ് മേയ്ക്കാളി തറവാട്. വേദപണ്ഡിതനായിരുന്ന മേയ്ക്കാളി നാരായണൻ നമ്പൂതിരി ആദ്യം വേളി കഴിച്ചത് തലോർ എളങ്ങള്ളൂർ ഇല്ലത്തെ ദേവകിയെയാണ്. സന്താനഭാഗ്യം ഉണ്ടാകാത്തതിനാൽ വർഷങ്ങൾക്കു ശേഷം രണ്ടാമത്തെ വേളി കഴിച്ചു- അക്കരച്ചിറ്റൂർ ഇല്ലത്തുനിന്ന് ഉമാദേവി അന്തർജനത്തെ. അവർക്ക് രണ്ട് ആൺകുട്ടികളുണ്ടായി.

നീലകണ്ഠൻ 1951 ലാണ് ജനിച്ചത്. നാരായണൻ 1955 ലും. ഏട്ടനും അനുജനും ഏതു കാര്യത്തിലും ഒരുമിച്ചായിരുന്നു. അനുജൻ ഏട്ടൻെറ തണലിൽ. ഏട്ടൻ അനുജൻെറ തുണയിൽ.

പുത്തൻചിറയിൽത്തന്നെയാണ് രണ്ടുപേരുടെയും വിദ്യാഭ്യാസം. തൃശൂർ സെൻറ് തോമസ് കോളേജിലായിരുന്നു നാരായണൻെറ പ്രീഡിഗ്രി. തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജിൽ എംബിബിഎസ്. എംബിബിഎസ് പഠനകാലത്തെ സഹപാഠികളിൽ പലരും അടുത്ത സുഹൃത്തുക്കളായി മാറി. ഡോ. ഗോപാലകൃഷ്ണൻ, ഡോ. റോബർട്ട്, ഡോ. ആഗ്നസ്, ഡോ. കരുണാകരൻ, ഡോ. ജയപ്രകാശ്, ഡോ. അശോക്, ഡോ. നാണു... ആ പട്ടിക നീണ്ടതാണ്.

എംബിബിഎസിനു ശേഷം 1977-ൽ എംഡിക്ക് ചണ്ഡിഗഢിലെ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ ആൻഡ് റിസർച്ച് എന്ന പ്രശസ്ത സ്ഥാപനത്തിൽ പ്രവേശനം ലഭിച്ചു. 1982 ൽ 'പത്തോളജി'യിൽ വെള്ളിമെഡലോടെയാണ് എംഡി പൂർത്തിയാക്കിയത്. തുടർന്ന് ഉപരിപഠനത്തിന് ഇംഗ്ലണ്ടിൽ. 1984 ഒക്ടോബറിലായിരുന്നു വിവാഹം. കുറുമാലി പടുതോൾ ഇല്ലത്തെ കൃഷ്ണൻ നമ്പൂതിരിപ്പാടിൻെറയും ആര്യ അന്തർജനത്തിൻെറയും മകൾ ജയയാണ് പത്നി.

വിവാഹശേഷം താമസം ഓക്സ്ഫോർഡിലെ ഹെഡിങ്ടൺ എന്ന സ്ഥലത്താണ്. 'സ്വപ്നം കാണുന്ന മകുടങ്ങളുടെ നഗരം' എന്നു കവി മാത്യൂ ആർനോൾഡ് വിശേഷിപ്പിച്ച ഓക്സ്ഫോർഡിൽ താമസിക്കുമ്പോഴാണ് മെമ്പർ ഓഫ് റോയൽ കോളേജസ് ഓഫ് ഫിസിഷ്യൻസ് എം ആർ സി പി നേടിയത്.1985-ൽ മാഞ്ചസ്റ്ററിലേക്കു താമസം മാറി. 1987-ൽ അവിടെവച്ചാണ് മൂത്ത മകൻ വിഷ്ണുവിൻെറ ജനനം. 1989-ൽ രണ്ടാമത്തെ മകൻ ഹൃഷി ജനിച്ചു.

ലണ്ടൻ, വെസ്റ്റ്മിൻസ്റ്റർ, ഓക്സ്ഫോർഡ്, മാഞ്ചസ്റ്റർ, വാറിക്ക്ഷയർ തുടങ്ങിയ നഗരങ്ങളിൽ വിവിധ ഹോസ്പിറ്റലുകളിൽ ജോലി





ഡോ. നാരായണൻ ചെറുപ്പത്തിൽ. അച്ഛൻ മേയ്ക്കാളി നാരായണൻ നമ്പൂതിരിയും അമ്മമാരായ തലോർ എളങ്ങള്ളൂർ ഇല്ലത്തെ ദേവകി അന്തർജനവും അക്കരച്ചിറ്റൂർ ഉമാദേവി അന്തർജനവും

ചെയ്ത ശേഷം1996–ലാണ് കൊവൻട്രിയിൽ താമസം തുടങ്ങിയത്. അതിനിടയിൽ, എം ആർ സി പിക്കു പുറമെ എം ആർ സി പാത്ത് (ഹീമറ്റോളജി) എഫ് ആർ സി പാത്ത് തുടങ്ങിയ പഠനപ്പടവുകളും കയറിക്കൊണ്ടേയിരുന്നു. 1997–ൽ എഫ് ആർ സി പിയും ലഭിച്ചു. മികവും വൈദഗ്ധ്യവും തെളിയിക്കുന്ന ചുരുക്കം ചില ഡോക്ടർമാർക്കു മാത്രം ബഹുമാനസൂചകമായി നൽകപ്പെടുന്ന പദവിയാണ് എഫ് ആർ സി പി. ഇപ്പോഴും യാഥാസ്ഥിതികരായ ചിലരെങ്കിലുമുള്ള സമുദായത്തിന് ഡോ. നാരായണൻെറ വിജയത്തിൽ നിന്ന് പലതും പഠിക്കാനുണ്ട്.

1995–ൽ നനീട്ടൺ എന്ന സ്ഥലത്തെ ജോർജ് എലിയറ്റ് ഹോസ്പിറ്റലിൽ ജോലി ലഭിച്ചു. ജോർജ് എലിയറ്റ് ഹോസ്പിറ്റൽ, യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ കൊവൻട്രി ആൻറ് വാറിക്ക്ഷയർ എന്നിവിടങ്ങളിലായിരുന്നു 2021 ൽ വിരമിക്കുന്നതു വരെ. അതിനുശേഷം ഒന്നര വർഷത്തോളം ബർമിങ്ഹാമിലെ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലും.

ജോർജ് എലിയറ്റ് ഹോസ്പിറ്റലിൽ 'ക്ലിനിക്കൽ ഹീമറ്റോളജി സർവീസ്' എന്ന ഡിപ്പാർട്ട്മെൻറ് ഏതാണ്ട് ഒറ്റയ്ക്കുതന്നെ കൊണ്ടുവന്നു. തൻെറ ചുമതലകളിൽ നൂറു ശതമാനം സമർപ്പിക്കുന്ന, അസാമാന്യമായ ഓർമ്മശക്തിയുള്ള, രോഗികളോട് അങ്ങേയറ്റം സ്നേഹത്തോടെ ഇടപെടുന്ന, ഒരിക്കലും കയർത്തു സംസാരിക്കാത്ത, ഇടയ്ക്കു തമാശകൾ പറഞ്ഞ് ചുറ്റുമുള്ളവരിലും വെളിച്ചം പകരുന്ന ഡോക്ടറെക്കുറിച്ചു പറയാൻ കൂടെ ജോലി ചെയ്തവർക്കെല്ലാം നൂറു നാവാണ്. ഡോ. ബെത്ത് ഹാരിസൺ, ഡോ. ഡേവിഡ് ഫൊറോഗി, ഡോ. സാറാ നിക്കോൾ, മാർഗരറ്റ് ക്ലിസ്നീവ്സ്കി ആന്തണി, മാൻഡി, നടരാജൻ, മുരളി, രമണി, ഗീത... ഡോ. നാരായണനെ ആദരവോടെ ഓർക്കുന്നവർ ഏറെയുണ്ട്.



*ഡോ. നാരായണനും ഏട്ടൻ നീലകണ്ഠനും*

ആ തിരക്കുകൾക്കിടയിലും മുടക്കാതിരുന്ന ഒരു കാര്യമുണ്ട്– എല്ലാ വർഷവും കുടുംബസമേതം നാട്ടിലേക്കുള്ള യാത്ര. ഏട്ടൻ, ഏടത്തിയമ്മ, അവരുടെ മക്കൾ പ്രസാദും പ്രമോദും, പ്രസാദിൻെറ പത്നി പ്രിയമാലിനി, മകൻ വാഹിൻ, പ്രമോദിൻെറ പത്നി ശ്രുതി, മക്കൾ വേദിക്, വൈഖരി... ഇല്ലത്ത് എല്ലാവരും ചേരുന്നതിനേക്കാൾ വലിയ സന്തോഷം ഡോ. നാരായണനില്ല. പിന്നെ പഴയ സഹപാഠികളെയും സുഹൃത്തുക്കളെയും കാണും. കുട്ടികൾക്ക് മലയാളം വായിക്കാനും പഠിക്കാനുമുള്ള പുസ്തകങ്ങൾ സംഘടിപ്പിക്കും. മടങ്ങുമ്പോൾ ഉപ്പേരിയും കെട്ടുകണക്കിനു പപ്പടവും കൊണ്ടുപോകും.

## ഡോ. നാരായണനെപ്പറ്റി പത്നി ജയ

He was a simple and honest man. ആരെന്തു സഹായം ചോദിച്ചാലും ഒരു മടിയും കൂടാതെ സന്തോഷത്തോടെ ചെയ്തുകൊടുക്കും. എപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായമാണ്. പുതിയ എന്തു കാര്യമായാലും അതേപ്പറ്റി നന്നായി വായിച്ചു മനസ്സിലാക്കി മാത്രമേ ചെയ്യൂ. ഏതു കാര്യത്തിലും വളരെ ഡെഡിക്കേറ്റഡ് ആയിരുന്നു. നല്ല വായനാശീലമുണ്ടായിരുന്നു. മെഡിക്കൽ രംഗത്തെ ഏറ്റവും പുതിയ കാര്യങ്ങളിൽപ്പോലും അപ്–ടു–ഡേറ്റ് ആയിരുന്നു. നല്ല ഓർമ്മശക്തിയാണ്. പണ്ടുണ്ടായ സംഭവങ്ങൾ ഡേറ്റും



*ഡോ. നാരായണനും*
*ജയ നാരായണനും*

സമയവും ഒന്നും തെറ്റാതെ കൃത്യമായി പറയും. മെഡിസിൻ കഴിഞ്ഞാൽ പിന്നെ താല്പര്യം ഫോട്ടോഗ്രഫിയിലും കംപ്യൂട്ടറിലുമായിരുന്നു. എൻജിനീയറിങ് ആയിരുന്നു കുട്ടിക്കാലത്ത് താല്പര്യം എന്ന് പറയാറുണ്ട്.

കുട്ടികൾക്ക് നാടുമായി നല്ല അടുപ്പം വേണമെന്ന് ആഗ്രഹമുണ്ടായിരുന്നു. എല്ലാ കൊല്ലവും അവധിക്ക് കുട്ടികൾ രണ്ടു മാസം നാട്ടിലുണ്ടാകും. മലയാളം പുസ്തകങ്ങൾ നാട്ടിൽനിന്നു കൊണ്ടുവന്ന് അവരെ എഴുതാനും വായിക്കാനും പഠിപ്പിച്ചിരുന്നു. പേരക്കുട്ടികൾക്കാണെങ്കിൽ മുത്തച്ഛനെ വലിയ കാര്യമായിരുന്നു.




ഡോ. നാരായണന്റെ മൂത്ത മകൻ വിഷ്ണു എൻജിനീയറാണ്. നോർതാംപ്ടണിൽ സ്റ്റീവനെജ് എന്ന സ്ഥലത്ത് പ്രിൻസിപ്പിൾ സിസ്റ്റംസ് എൻജിനീയർ. വിഷ്ണുവിന്റെ പത്നി സൂര്യ (മുല്ലക്കൽ മന, കൂത്താട്ടുകുളം). ഓക്സ്ഫോർഡിൽ വിവിഡ് ഡി എക്സ് എന്ന കമ്പനിയിൽ സീനിയർ സോഫ്റ്റ്‌വെയർ എൻജിനീയർ. മകൾ – സമൃദ്ധി. രണ്ടാമത്തെ മകൻ ഹൃഷി അച്ഛന്റെ പാതയിലാണ്. മാഞ്ചസ്റ്ററിൽ റോയൽ മാഞ്ചസ്റ്റർ ചിൽഡ്രൻസ് ഹോസ്പിറ്റലിൽ കൺസൾട്ടന്റ് പീഡിയാട്രിക് അനിസ്തറ്റിസ്റ്റ് ആണ് ഹൃഷി. പത്നി ശ്വേതയും (മൂത്തേടത്ത് മല്ലിശ്ശേരി, തളിപ്പറമ്പ്) ഡോക്ടർതന്നെ– സ്റ്റോക്പോർട്ട് സ്റ്റെപ്പിങ് ഹിൽ ഹോസ്പിറ്റലിൽ ജൂനിയർ ക്ലിനിക്കൽ ഫെല്ലോ. മകൾ – വാമിക.

ഇല്ലത്തെയും മലയാളത്തെയും അങ്ങനെ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് ആകാവുന്നത്ര പറിച്ചുനട്ടു. നാട്ടിൽ വന്നാൽ ആവശ്യക്കാർക്ക് ചികിത്സ കൊടുക്കാറുമുണ്ട്. വിദേശത്തായാലും സ്വദേശത്തായാലും രോഗികളുടെ പൊതുസ്വത്തായിരുന്നു. 'കോമൺവെൽത്ത്' എന്ന് ഏറ്റവും നല്ല അർത്ഥത്തിൽ വിശേഷിപ്പിക്കാവുന്ന ആൾ!

റിട്ടയർ ചെയ്താൽ നാട്ടിലെത്തി ജോലിചെയ്യണം എന്നായിരുന്നു ആഗ്രഹം. ഇന്ത്യയിലെ പല സ്ഥലങ്ങളും കാണണമെന്നും. എന്നാൽ ആ മോഹങ്ങൾക്കു കാലം ഒരു തടയിട്ടു.

ഹീമറ്റോളജിയിലായിരുന്നു ഉപരിപഠനം. അതായത്, രക്തത്തെക്കുറിച്ചുള്ള പഠനം. രക്താർബുദവും മറ്റും ബാധിച്ച ആയിരക്കണക്കിനു രോഗികളെ ചികിത്സിച്ച ഡോക്ടറുടെ ശരീരത്തിൽ അതേ രോഗം മറ്റൊരു വേഷത്തിൽ അരങ്ങേറി. വിദഗ്ധചികിത്സകൊണ്ട് അതിനു തൽക്കാലം കടിഞ്ഞാണിട്ടുവെങ്കിലും അദ്ദേഹത്തിന്റെ ഏറ്റവും വലിയ ശക്തിയായിരുന്ന ഓർമ്മ പതറിത്തുടങ്ങി.

ഫോട്ടോഗ്രഫിയിൽ വലിയ കമ്പവും അറിവുമുള്ള ഡോക്ടർ ധാരാളം ഫോട്ടോകൾ എടുത്തിരുന്നു. ഓർമ്മക്കുറവു ബാധിച്ചതോടെ, ആരെയൊക്കെ കണ്ടുവെന്നു പിന്നീട് ഓർമ്മിക്കാൻ അദ്ദേഹത്തിന് താൻ പകർത്തിയ ഫോട്ടോകളുടെ സഹായം വേണ്ടിവന്നു!

അങ്ങനെയിരിക്കെ, ഒരിക്കൽ പിൻവാങ്ങിയ മഹാരോഗം മടങ്ങിയെത്തി! രോഗവിവരങ്ങൾ അതിന്റെ എല്ലാ ഗൗരവത്തോടെയും രോഗി അറിഞ്ഞിരിക്കണം എന്നാണ് ഇംഗ്ലണ്ടിലെ ചിട്ട. മറച്ചുവയ്ക്കലുകളില്ല. കബളിപ്പിക്കലുകളില്ല. തന്റെ ശരീരത്തിൽ സംഭവിക്കുന്ന കലാപത്തിന്റെ സൂക്ഷ്മചലനങ്ങൾപോലും തന്നോട് അതു പറയുന്ന വിദഗ്ധരേക്കാൾ നന്നായി ഡോ. നാരായണനു മനസ്സിലായിരുന്നു. സ്വന്തം ശരീരകോശങ്ങളിൽ കുറിച്ച കാലക്കണക്കുകൾ അങ്ങേയറ്റത്തെ പാകതയോടെ അദ്ദേഹം വായിച്ചു ഹൃദിസ്ഥമാക്കിയിരുന്നു.

അപ്പോഴാണ് അദ്ദേഹം ആ ആഗ്രഹം പറഞ്ഞത്– എനിക്ക് ഏട്ടനെ കാണണം. അങ്ങനെ, ഏട്ടൻ നീലകണ്ഠനും ഏടത്തിയമ്മ ശ്രീദേവിയും മൂന്നാഴ്ചത്തെ സന്ദർശനത്തിന് ഇംഗ്ലണ്ടിലെത്തി. ആ ദിവസങ്ങളിൽ, ഡോ നാരായണൻ ഏട്ടന് അഭിമുഖമായാണ് എപ്പോഴും ഇരുന്നത്. 'എന്താണ് ഇങ്ങനെ ഇരിക്കുന്നത്? ഏട്ടന്റെ അടുത്തല്ലേ ഇരിക്കേണ്ടത്?' എന്ന ചോദ്യത്തിന് ഇതായിരുന്നു മറുപടി– 'ഇങ്ങനെ ഇരുന്നാലല്ലേ ഏട്ടനെ എനിക്കു കാണാൻ പറ്റൂ.'

ഓർമ്മകളുടെ കലക്കത്തിനിടയിലും ഇഹലോകത്തിൽ തനിക്കവശേഷിച്ച കാഴ്ചകളുടെ കൃത്യം കണക്കുകൾ ആ സമയത്ത് അദ്ദേഹത്തിന്റെ തലച്ചോറിൽ തെളിഞ്ഞിരിക്കണം. 2024 ഓഗസ്റ്റ് 28 ന് ഡോ. നാരായണൻ വിടപറഞ്ഞു.

മേയ്ക്കാളി ഉൾപ്പെടെ അഞ്ച് ഇല്ലക്കാർക്ക് ഊരാൺമയുള്ള തൃച്ചക്രപുരത്തെ സുദർശനമൂർത്തിയുടെ ദർശനം കിഴക്കോട്ടാണ്. തീർത്ഥക്കുളത്തിൽ ദർശിച്ച ചൈതന്യത്തെ പരശുരാമൻ പടിഞ്ഞാറേ കുന്നിനു മുകളിൽ പ്രതിഷ്ഠിക്കുകയായിരുന്നുവത്രേ. ഒന്നാലോചിച്ചാൽ ഡോ. നാരായണന്റെ കാര്യവും ഇങ്ങനെതന്നെ. താഴ്ന്ന സ്ഥലത്തു കിടന്നിരുന്ന തെളിച്ചത്തെ കാലം 'പടിഞ്ഞാറിന്റെ' ഉയരങ്ങളിലേക്കു കൊണ്ടുചെന്നു. അപ്പോഴും നാടിനെ മറക്കാതെ, 'കിഴക്കോട്ടാണ്' അദ്ദേഹം നോക്കിയത്. ആ സാമ്യം തിരിച്ചറിയുന്നവർക്ക്, അദ്ദേഹം തൃച്ചക്രപുരത്തെ തേവരുടെ പരമമായ അനന്തചൈതന്യത്തിൽ സ്വാഭാവികമായി ലയിച്ചെന്നു കരുതാൻ വിഷമമുണ്ടാകില്ല.

ശരീരക്കൂടിന്റെ നശ്വരതയിൽ ഒതുങ്ങിക്കിടക്കുമ്പോഴല്ലേ ജീവകണത്തിന് ഭൂമിയുടെ സ്ഥലകാലങ്ങളുടെ പരിമിതിയുള്ളൂ. ആ കൂടു വിട്ട് പ്രപഞ്ചചൈതന്യത്തിന്റെ ഭാഗമായിക്കഴിഞ്ഞതിനാൽ ഇനി ഡോ. നാരായണന് എപ്പോഴും എവിടെയുമുണ്ടാകാം. ഒരേ സമയം ഇംഗ്ലണ്ടിലും നാട്ടിലുമെത്താം, ഏട്ടന്റെ മുന്നിൽ എപ്പോഴുമിരിക്കാം. കുട്ടികളും പേരക്കുട്ടികളും ഉൾപ്പെടെ അടുപ്പമുള്ളവരെയെല്ലാം എന്നും കാണാം. പ്രിയപത്നിയുടെ കൂടെ പിരിയാതെ വാഴാം. ●

(ബാലരമയിൽ സീനിയർ എഡിറ്റോറിയൽ കോർഡിനേറ്ററാണ് ലേഖകൻ പി.എൻ. മാധവൻ. (പള്ളത്തേരി ഇല്ലം, പുത്തൻചിറ) 'ബോധി', മാങ്ങാനം, കോട്ടയം, 686018.ഫോൺ: 9446431964)

# വാർത്തകൾ / വ്യക്തികൾ / വിശേഷങ്ങൾ

## മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



### പ്രിയാ നമ്പൂതിരിക്ക് കഥകളി യുവപ്രതിഭാ പുരസ്കാരം

കോട്ടയം: പ്രസിദ്ധ കഥകളിനടൻ കുറൂർ വാസുദേവൻ നമ്പൂതിരിയുടെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന, കുറൂർ പാർവതി അന്തർജനം മെമ്മോറിയൽ ട്രസ്റ്റ് ഏർപ്പെടുത്തിയ കഥകളി യുവപ്രതിഭാ പുരസ്കാരം (15,000 രൂപ) പ്രിയാ നമ്പൂതിരിക്ക്. പച്ച, കത്തി, താടി വേഷവിഭാഗങ്ങളിലും പരശുരാമൻ തുടങ്ങിയ അഭ്യാസപ്രധാനമായ പുരുഷവേഷങ്ങളിലും ഒരുപോലെ വൈദഗ്ധ്യം തെളിയിച്ചിട്ടുണ്ട് പ്രിയാനമ്പൂതിരി. ഏപ്രിൽ ഒൻപതിന് കോട്ടയം നട്ടാശ്ശേരി പാലമൂട്ടിൽ ശ്രീധർമശാസ്താ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., പുരസ്ക്കാരം സമ്മാനിച്ചു. തുടർന്നു നടന്ന കഥകളിയിൽ പ്രിയാനമ്പൂതിരി പരശുരാമനായി രംഗത്തെത്തി.



**ഡോ.പി.എം.വൈഷ്ണവി**

കേരള ആരോഗ്യ സർവ്വകലാശാലയിൽ നിന്ന് ആയുർവ്വേദ ബിരുദാനന്തര ബിരുദത്തിൽ (എം.ഡി. സൈക്യാട്രി) ഒന്നാം റാങ്ക് നേടിയ ഡോ. പി.എം.വൈഷ്ണവി. കോട്ടയ്ക്കൽ മേലേടത്ത് മന മനോഹരൻ നമ്പൂതിരിയുടെയും സബിതാദേവിയുടെയും മകളാണ്. ഭർത്താവ് മണ്ണിയംപെരുമ്പലം കുന്നമ്പള്ളിമന സി.കെ. ശ്രീജേഷ് (സോഫ്റ്റ്‌വെയർ എൻജിനീയർ).



**തീർത്ഥ പി എം.**

തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്.എസ്.എസ്. വിഭാഗം കുച്ചുപുടിയിൽ എ ഗ്രേഡ് നേടി.എം ഇ എസ് എച്ച് എസ് എസ് ഇരിമ്പിളിയം പ്ലസ് വൺ വിദ്യാർത്ഥി.അച്ഛൻ ചേവായൂർ പുതിയ മഠം ബാലഗംഗാധരൻ.അമ്മ ശ്രീവിദ്യ.



**പി എം നാരായണൻ**

ദില്ലി ആസ്ഥാനമായ വിദേശകാര്യ പത്രപ്രവർത്തകരുടെ ക്ലബ്ബിന്റെ ട്രഷറർ ആയി പി എം നാരായണൻ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ജർമ്മൻ ടെലിവിഷന്റെ ദക്ഷിണേഷ്യാ പ്രൊഡ്യൂസർ ആണ്. പ്രസിഡന്റ് ആയി ഡോ. വയിൽ അവാദും (അറബ് ന്യൂസ്) സിക്രട്ടറിയായി പ്രകാശ് നന്ദയും (ഇറ്റാലിയൻ പ്രസ്സ്) തിരഞ്ഞെടുക്കപ്പെട്ടു. കോഴിക്കോട്, പന്തീരാങ്കാവ് സ്വദേശിയായ പി.എം.നാരായണൻ [പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി] മൂന്നാം തവണയാണ് ഈ പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്.



**കൃഷ്ണപ്രിയ**

ലാസ്യ കോളേജ് ഓഫ് ഫൈൻ ആർട്സ് കണ്ണൂർ യൂണിവേഴ്സിറ്റി മൂന്നാം റാങ്ക് ജേതാവായ അടൂർ ചൂരക്കോട് ഊരുമഠത്തിൽ കൃഷ്ണപ്രിയ (ബി.എ ഭരതനാട്യം)



**ഹരികൃഷ്ണൻ**

ജർമനിയിൽ പി. എച് ഡി ചെയ്യുന്ന ഹരികൃഷ്ണനെ യുറോപ്യൻ യൂണിയന്റെ എം എസ് സി ഐ യുടെ മേരി ക്യൂറി ഫെല്ലോഷിപ്പിനായി തിരഞ്ഞെടുത്തിരിക്കുന്നു. പാഴൂർ കുറൂർ നാരായണൻ നമ്പൂതിരിയുടേയും അരിയപ്പുറത്തു മന പ്രതിഭയുടെയും പുത്രനാണ് ഹരികൃഷ്ണൻ.



**സാൻവി സന്ധ്യ ശബരിനാഥ്**

ഈ വർഷത്തെ ഇന്റർ നാഷണൽ Math's Olympiad-ൽ Level I - ൽ 93 ശതമാനവും Level II - ൽ 100 ശതമാനവും score ചെയ്ത (കരസ്ഥമാക്കിയ), ബാംഗ്ലൂർ Presidency സ്കൂളിലെ Class III വിദ്യാർത്ഥിനി, സാൻവി സന്ധ്യ ശബരിനാഥ് അച്ഛൻ : പി. ശബരിനാഥ്, അമ്മ: സന്ധ്യ (നാരായണൻ) ശബരിനാഥ് പുന്നപ്പുഴ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടേയും Prof.(ഡോ.) സി. എം. നാരായണന്റെയും പേരക്കുട്ടിയാണ്.



*ലോക ആരോഗ്യ ദിനാചരണത്തോടനുബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വെച്ചു ഏപ്രിൽ 7, 2025 നു നടന്ന ചടങ്ങിൽ വെച്ചു ബെസ്റ്റ് ഡോക്ടർ അവാർഡ് പെരിന്തൽമണ്ണ മൗലാന ആശുപത്രിയിലെ സീനിയർ ഡോക്ടർ പെരുമ്പള്ളി മന ശശിധരൻ നമ്പൂതിരി ആരോഗ്യ മന്ത്രി വീണാ ജോർജിൽ നിന്നു ഏറ്റുവാങ്ങുന്നു*



**നന്ദികേഷ്**

കൽക്കട്ട ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ്. ബിരുദം നേടിയ നന്ദികേഷ്. സിറ്റി ഉപസഭ അംഗങ്ങളായ രാമൻ നമ്പുതിരി&ബബിത അന്തർജനം (കൊല്ലോറ്റ ഇല്ലം) ദമ്പതിമാരുടെ മകനാണ്



**എം.പി.ദുർഗ**

ബെംഗളൂരു സിറ്റി യൂണിവേഴ്സിറ്റിയിൽ നിന്ന് ബിഎ ഡിഗ്രി (സോഷ്യോളജി) യിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും നേടിയ സെയ്ന്റ് ജോസഫ്സ് കോളേജിലെ എം.പി.ദുർഗ. തളിപ്പറമ്പ് ചവനപ്പുഴയിലെ അഡ്വ. എം.പി.കുബേരൻ നമ്പൂതിരിയുടേയും എം.എം.മായയുടെയും മകളാണ്

**വിഷ്ണു രാജ്**



ഇക്കഴിഞ്ഞ എംബിബിഎസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിഷ്ണു രാജ് (കരൂർ ഗവ: മെഡിക്കൽ കോളേജ്). യോഗക്ഷേമസഭ മുൻ സംസ്ഥാന ട്രഷറർ രാജൻ കുറുവയുടെ മകനാണ് വിഷ്ണു രാജ്



**പ്രൊഫ. കെ.ജി.സുരേഷ്**
**ഡയറക്ടർ**

ന്യൂഡൽഹി: ഇന്ത്യ ഹാബിറ്റാറ്റ് സെന്റർ (ഐ.എച്ച്.സി.) ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ (ഐ.ഐ.എം.സി.) മുൻ മേധാവിയുമായ പ്രൊഫ. കെ.ജി.സുരേഷ്. ഭോപ്പാലിലെ മഖൻലാൽ ചതുർവേദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻസിന്റെ വൈസ് ചാൻസലറായും ഐ.ഐ.എം.സി.യുടെ ഡയറക്ടർ ജനറലായും പ്രൊഫ. കെ.ജി.സുരേഷ് സേവനമനുഷ്ഠിച്ചിട്ടുണ്ട്. രാംനാഥ് ഗോയങ്ക എക്സലൻസ് ഇൻ ജേർണലിസം അവാർഡ് ജൂറിയിലും അംഗമാണ്. ഹരിപ്പാട്ട് കരുമങ്ങാനം ഈശ്വരൻ ഗോവിന്ദൻ നമ്പൂതിരിയുടെ മകനാണ്.



**നവ്യ**

ആലുവ ഉപസഭ അംഗമായ കുട്ടമശ്ശേരി മനക്കൽ നേത്രൻ നമ്പൂരിപാടിന്റെയും ആര്യ ദേവിയുടെയും മകൾ നവ്യ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കെമിക്കൽ ഓഷ്യനോഗ്രാഫിയിൽ PHD കരസ്ഥമാക്കി. കാഞ്ഞിരക്കാട്ട് ഹരീഷിന്റെ ഭാര്യയാണ്.



**മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി**

ക്ഷേത്രസംരക്ഷണ സമിതി സംസ്ഥാന പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപെട്ട മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി. യോഗക്ഷേമസഭ മുൻ സംസ്ഥാന വൈസ് പ്രസിഡന്റാണ്. നിലവിൽ ആലുവ തന്ത്ര വിദ്യാപീഠം വർക്കിങ്ങ് പ്രസിഡന്റും ആചാര്യ സഭയുടെ ജനറൽ സെക്രട്ടറിയുമാണ്.



**സുചിത്ര**

ബാംഗളൂർ സെന്റർ ഫോർ നാനോ ആന്റ് സോഫ്റ്റ് മാറ്റർ സയൻസസിൽ നിന്ന് മെറ്റീരിയൽ സയൻസിൽ പി. എച്ച് ഡി നേടിയ സുചിത്ര പുളിയശ്ശേരി. പുളിയശ്ശേരി കൃഷ്ണൻ നമ്പൂതിരിയുടേയും സുശീല അന്തർജ്ജനത്തിന്റേ യും മകളാണ്




**ഡോ. അഭിരാം**

പാലക്കാട് പി.കെ. ദാസ് ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്ന് എംബിബിഎസ് പാസ്സായ ഡോ: അഭിരാം. നാഷണൽ ലെവൽ ചെസ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തിട്ടുള്ള ഡോ: അഭിരാം യോഗക്ഷേമസഭ കാസർഗോഡ് ജില്ലാ സെക്രട്ടറി ഗോവിന്ദൻ മാസ്റ്ററുടെ മകനാണ്.



**രോഹിണി**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി തിരുച്ചിറപ്പള്ളിയിൽ( NITT) നിന്നു ഭൗതികശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ രോഹിണി പുളിയശ്ശേരി. കോഴിക്കോട് ജില്ലയിൽ പുളിയശ്ശേരി ഇല്ലത്തു കൃഷ്ണൻ നമ്പൂതിരിയുടെയും(കണ്ണിപറമ്പ് ഉപസഭ ) ആലങ്കോട് കക്കാട് മനക്കൽ(ശുകപുരം ഉപസഭ ) സുശീലയുടെയും മകളാണ്.



**ഡോ. തരുൺ നമ്പൂതിരി**

ജോൺ ഹോപ്കിൻസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.ബി.എസ്. കഴിഞ്ഞതിനുശേഷം തന്റെ ഗ്രാമത്തിലെ ക്ഷേത്രത്തിൽ ശാന്തിവൃത്തി ചെയ്യുന്ന എളന്തളം മനയിലെ ഡോ. തരുൺ നമ്പൂതിരി. ആധുനിക വിദ്യാഭ്യാസത്തിനൊപ്പം തന്റെ പൈതൃകവും കാത്തുസൂക്ഷിക്കുകയാണ് തരുൺ.



**സംഗീത എം.**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് (എൻ.ഐ.ടി.സി.) യിൽ നിന്നും ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗിൽ ഡോക്ടറേറ്റ് നേടിയ സംഗീത എം. ചെറുതുരുത്തി മാടമ്പി സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ മകളും തൊഴുവാന്നൂർ ടി.എൻ.കൃഷ്ണൻ നമ്പൂതിരി (പ്രൊഫ. ഐ.ഐ.എം.കെ. കോഴിക്കോട്)യുടെ സഹധർമ്മിണിയുമാണ്.



**എം.ജി.വിനോജ് കുമാർ**

കലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് മലയാള സാഹിത്യത്തിൽ 'മലയാളികളുടെ ദാർശനികാഭിമുഖ്യങ്ങൾ: വിവേകാനന്ദ ദർശനത്തോടുള്ള സാഹിതീയ പ്രതികരണങ്ങളെ ആസ്പദമാക്കിയുള്ള പഠനം' വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ എം.ജി.വിനോജ് കുമാർ. സീനിയർ കെമിസ്റ്റ് (റിട്ട.) കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ. പെരുമണ്ണ പെരുമൺപുറ സ്വദേശിയാണ്. ഭാര്യ സജിത തെക്കേടത്ത്. സ്വസ്തി ത്രൈമാസികയുടെ മാനേജിംഗ് എഡിറ്ററാണ്.

## ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിന്റെ പുതിയ പ്രിൻസിപ്പൽ ഡോ. വി. എൻ. പ്രസന്ന



പാലക്കാട് : ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിന്റെ പുതിയ പ്രിൻസിപ്പലായി ഡോ. വി. എൻ. പ്രസന്ന ചുമതലയേറ്റു. തൃശൂർ വൈദ്യരത്നം ആയുർവേദ മെഡിക്കൽ കോളേജ് പ്രിൻസിപ്പലായിരുന്നു. 2025 മെയ് 31 നാണ് റിട്ടയർ ചെയ്തത്.

കോട്ടയ്ക്കൽ ആയുവേദ മെഡിക്കൽ കോളേജിൽ നിന്ന് ബിരുദവും തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ നിന്ന് ഗൈനക്കോളജി വിഭാഗത്തിൽ (പ്രസൂതിതന്ത്ര) ബിരുദാനന്തര ബിരുദവും പൂനെ തിലക് മഹാരാഷ്ട്ര വിദ്യാപീഠത്തിൽ നിന്ന് പി എച്ച് ഡി യും കരസ്ഥമാക്കിയിട്ടുണ്ട്. വൈദ്യരത്നം ആയുർവേദ മെഡിക്കൽ കോളേജിൽ മെഡിക്കൽ സൂപ്രണ്ടായും വൈസ് പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചിട്ടുള്ള ഡോ. പ്രസന്നയ്ക്ക് അദ്ധ്യാപന രംഗത്ത് 33 വർഷത്തെ പരിചയമുണ്ട്. തൃശ്ശൂർ ഒല്ലൂക്കര ബ്ലോക്ക് ഓഫീസ് റോഡിൽ ഇടവെട്ടിക്കാട് മനയിൽ പി.ഹരിയാണ് ഭർത്താവ്. കേരളത്തിലെ ആയുർവേദ ചികിത്സാരംഗത്തെ പ്രമുഖനായ പാലക്കാട് മേഴത്തൂർ വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ മകളാണ്.

## SSLC Full A+ മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



**ആര്യ വി.**
കിഴക്കില്ലം വാസുദേവ ശർമ്മ - ദിവ്യ ദമ്പതിമാരുടെ മകൾ ആര്യ വി. കോടഞ്ചേരി ഉപസഭ



**പാർവ്വതി പി.**
പാണാട്ട് ഇല്ലം കൃഷ്ണൻ നമ്പൂതിരിയുടെയും കെ.എം.സുജയുടെയും മകൾ പാർവ്വതി



**ശങ്കര സായൂജ്**
ചെരണ്ടത്തൂർ കോയി മഠത്തില്ലത്ത് (കൃഷ്ണ നിവാസ്) ശങ്കര സായൂജ് എം.എസ്.



**സഞ്ജീവ് ഇ.**
എടവലൃം ഗോവിന്ദ ശർമയുടെ മകൻ സഞ്ജീവ് ഇ. കൊയിലാണ്ടി ഉപസഭ



**വിവേക് നാരായണൻ എൻ.**
നടുവത്തേടത്ത് ഇല്ലം നാരായണൻ നമ്പൂതിരിപ്പാടിന്റെയും ഉഷാദേവിയുടെയും മകൻ വിവേക് നാരായണൻ എൻ.



**ജിഷ്ണു എം.**
കുന്നത്ത് കരിപ്പത്ത് ഇല്ലം മോഹനകൃഷ്ണൻ നമ്പൂതിരിയുടെയും പി.എൻ. ഉമയുടെയും മകൻ ജിഷ്ണു എം.




**കൃഷ്ണൻ**
സി.ബി.എസ്.ഇ. 12-ാം ക്ലാസ് പരീക്ഷയിൽ 94.4% വിജയം നേടി. മംഗലം ഗോവിന്ദ്, ലിനി ഗോവിന്ദ് ദമ്പതികളുടെ മകനാണ്.



**ആദിത്യ രാജേഷ്**
ഒ.ടി. രാജേഷ് - പ്രതിഭ ദമ്പതികളുടെ മകൻ ആദിത്യ രാജേഷ്.



**ദേവദത്ത് ശങ്കർ**
ചെത്തുകടവ് കൊടക്കാട്ടില്ലത്തെ സുരേഷ് - ദീപ ദമ്പതിമാരുടെ പുത്രൻ ദേവദത്ത് ശങ്കർ.



**സാത്വിക് നാരായണൻ**
എസ് എസ് സി ഇ +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ വൺ നേടിയ സാത്വിക് നാരായണൻ. ചാത്തമംഗലം കണ്ടമംഗലം ശ്രീനാദത്തിൽ സതീശ് നാരായണൻ & ശ്രീജ ദമ്പതികളുടെ മകനും സി.കെ. നാരായണൻ നമ്പൂതിരിയുടെയും ദേവിയുടെയും പേരക്കുട്ടിയും ആണ്



**ശ്രീപ്രദ**
ഒഴലൂർ പാതിരിശ്ശേരി ഒ.പി. നാരായണൻ നമ്പൂതിരിപ്പാട് - അഞ്ജന ദമ്പതിമാരുടെ പുത്രി ശ്രീപ്രദ. കുന്ദമംഗലം ഉപസഭ



**അർച്ചന കെ**
കുന്നമംഗലം എച്ച് എസ് എസ് ലെ അർച്ചന കെ



**ഭരദ്വാജ് വി.എസ്.**
ബാലുശ്ശേരി

## Plus 2 full A+



**ആർദ്ര ടി.എസ്**
99.5% മാർക്കോടെ വിജയിച്ച താമരക്കുളം ബംഗ്ലാവിൽ സുദേവൻ നിഷ ദമ്പതിമാരുടെ മകൾ ആർദ്ര ടി.എസ്



**പാർവ്വതി**
കണ്ണിപറമ്പ് ഉപസഭയിലെ പേരൂർ നീലകണ്ഠൻ നമ്പൂതിരി - ശ്രീജ ദമ്പതിമാരുടെ മകൾ പാർവ്വതി.



**ശ്രീനിധി**
പാലക്കോൾ ഇല്ലത്ത് കേശവൻ നമ്പൂതിരിയുടേയും ജിഷയുടേയും മകൾ ശ്രീനിധി.



**ഹൃദ്യ**
കോടഞ്ചേരി കിഴക്കില്ലത്ത് വാസുദേവശർമ്മ - ദിവ്യ ദമ്പതിമാരുടെ മകൾ ഹൃദ്യ



**അനുവിന്ദ ടി.എൻ.**
തോട്ടം നീലകണ്ഠൻ നമ്പൂതിരിയുടേയും ഡോ ദീപയുടയും മകൾ അനുവിന്ദ ടി.എൻ.



**ശിവേന്ദു.ടി.എം**
ഗണപത് ഗേൾസ് സ്കൂൾ, D/o ശ്രീകാന്ത് തളിയിൽ മന. കോഴിക്കോട് സിറ്റി ഉപസഭ



**പാർത്ഥിവ് പി.സി.**
രാമല്ലൂർ ഉപസഭയിലെ പി സി നാരായണൻ നമ്പൂതിരിയുടേയും ശ്രീലതയുടെയും മകൻ പാർത്ഥിവ് പി.സി.



**പാർവ്വതി എൻ.ടി.**
മേലേകീടേരി നരിങ്ങൽ തലപ്പണ നാരായണൻ നമ്പൂതിരിയുടേയും സരിതയുടേയും മകൾ പാർവ്വതി എൻ.ടി.

# മികവിന്റെ തിളക്കം / അഭിനന്ദനങ്ങൾ

## USS



**അക്ഷത്ശ്രീധർ**

90 ൽ 84 മാർക്ക് നേടി വിജയിച്ച അക്ഷത് ശ്രീധർ ടി എസ് (താമരക്കുളം സുദേവൻ - നിഷ ദമ്പതിമാരുടെ മകൻ)



**രധുന കെ**

കോരമ്പറ്റ രികേഷിന്റേയും ഡോ ദൃശ്യയുടേയും മകൾ രധുന കെ



**ദുർഗ**

ഇന്ത്യയിലെ നൂറ് യുവശാസ്ത്രപ്രതിഭകളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ട ദുർഗ്ഗ ചിറ്റേഴത്ത്. വിക്രം സാരാഭായി സയൻസ് ഫൗണ്ടേഷൻ നടത്തിയ സ്പേസ് 100 ജനി മത്സരത്തിലെ ഫൈനലിസ്റ്റാണ്. ചേവായൂർ ഭാരതീയ വിദ്യാഭവൻ സ്കൂൾ വിദ്യാർത്ഥിയാണ്. സി.ബി.എസ്.ഇ. പത്താം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് നേടിയ ഈ മിടുക്കി പെരിങ്ങൊളം ചിറ്റേഴത്തില്ലത്ത് രമേശ് പരമേശ്വരന്റേയും ദീപ പുല്ലങ്കോടിന്റേയും മകളാണ്.



**ഹരിദത്ത് എസ് നമ്പൂതിരി**

കാഞ്ഞിരത്തോട്ടം കെ.എസ് നാരായണൻ നമ്പൂതിരിയുടെ മകൻ ഹരിദത്ത് എസ് നമ്പൂതിരി. മുക്കം ഉപസഭ



**ശ്രീനന്ദ**

തിരുവാലൂർ മധുസൂദനൻ നമ്പൂതിരിയുടെ മകൾ ശ്രീനന്ദ. മുക്കം ഉപസഭ

## LSS



**ഇഷ ഘായൽ**

എൽ എസ് നേടിയ നരിങ്ങൽ തലപ്പണ ഇല്ലത്തെ (ചിത്ര) സന്ദീപ് - വിദ്യ ദമ്പതിമാരുടെ മകൾ ഇഷ ഘായൽ. കണ്ണിപറമ്പ് ഉപസഭ.



**ആദിദേവ് എൻ.**

കോട്ടക്കൽ ഞാളൂർ മനയിലെ നിഖിൽ - ഐശ്വര്യ ദമ്പതികളുടെ മകൻ ആദിദേവ് എൻ. വെട്ടത്തുനാട് ഉപസഭ

## സ്വസ്തി ലഭിക്കുന്ന സ്ഥലങ്ങൾ

1 പഞ്ചാംഗം പുസ്തകശാല, കോഴിക്കോട് റോഡ്, കുന്നംകുളം, 680503, മണികണ്ഠൻ, ഫോൺ 949542118.

2 തിരുവാലൂർ മോഹനൻ നമ്പൂതിരി, ആര്യവൈദ്യഫാർമസി കോയമ്പത്തൂർ ലിമിറ്റഡ്. മുക്കം റോഡ്, അരീക്കോട്, 673639, മൊ: 9447626157

3. ശ്രീദേവി ബുക്സ് ആന്റ് പേപ്പ ഴ്സ്, ഫോർത്ത് ഗേറ്റ്., മഞ്ചേരി, 676121, സേതുമാധവൻനമ്പൂതിരി: 98958 86744

4. ദിലീപ് വി, വൈഷ്ണവം പൂജാ സ്റ്റോർ, അരുകിഴായ, മഞ്ചേരി, 676120, ദിലീപ്.. 9388022040

5. തത്വമസി ഓഡിറ്റോറിയം ഷോർണൂർ, എ.എൻ സുബ്രഹ്മണ്യൻ, ഫോൺ: 9447836213

6. അന്യോന്യം നാലുകെട്ട്, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ, 682301, കൂടല്ലൂർ നാരായണൻ: 755999 0024

7. ഗംഗ ബുക്സ് കോഴിക്കോട് സുജേഷ് കുമാർ: 8606164715

9. പരബ്രഹ്മം ബുക്ക്സ് ഓച്ചിറ, ര/ീ ഉണ്ണികൃഷ്ണൻ നമ്പൂതിരി.

10. ജയഭാരതം ബുക്സ്റ്റാൾ, കോഴിക്കോട് പാളയം.

11. ഹരിശ്രീ ബുക്സ്റ്റാൾ പൂവാട്ടു പറമ്പ്. മൊബൈൽ: 9400432388

12. ശാന്ത ബുക്സ്റ്റാൾ ഗുരുവായൂർ, മൊബൈൽ 9847753990

13.അക്ഷര ബുക്സ്റ്റാൾ, ടിപ്പു സുൽത്താൻ റോഡ് ജംഗ്ഷൻ, മെയിൻ റോഡ്, മണ്ണാർക്കാട്, 678582, ഷംസുദീൻ: 952645 2413.

14. ദേവപദം ഓഡിറ്റോറിയം, നാരായണൻ കെ.എസ്, കിഴിയേടത്ത് മന, തിരുവാഴിയോട്.പി.ഒ, പാലക്കാട് 679514, മൊ: 9447467347

15. തേവാരം പൂജാ സ്റ്റോഴ്സ്, എസ് & എസ് കോംപ്ലക്സ്, നിയർ കൌസ്തുഭം, ഷോർണൂർ റോഡ്, തൃശൂർ. 680022,സുഹാസ് വടക്കില്ലം: 858900 9493

16. ശശികുമാർ കെ, നാഗാർജുന ഔഷധശാല, ഗുരുവായൂർ റോഡ്, പട്ടാമ്പി, 679 303 ഫോൺ: 98464 99220

17. നാരായണൻ പി.എൻ, നിള പ്രിന്റേഴ്സ്, വട്ടംകുളം, വട്ടംകുളം.പി.ഒ, എടപ്പാളിന് സമീപം, മലപ്പുറം . 679578, ഫോ: 9961960782

18. കൃഷ്ണൻ, ഷോണ ബുക്ക് ഹൌസ്, എടപ്പാൾ ജംഗ്ഷൻ, എടപ്പാൾപി.ഒ, മലപ്പുറം ജില്ല, 679576, ഫോ: 9388162153

19.ഐഡിയൽ ബുക് സ്റ്റാൾ, സ്റ്റാച്യൂ, തിരുവനന്തപുരം

20. മലയാളരാജ്യം ബുക്ക് ഡിപ്പോ, പടിഞ്ഞാറേനട, വൈക്കം, മനോജ്കുമാർ, മൊബൈൽ: 9249893537

21. ശിവൻ സ്റ്റേഷനറി, വൈക്കം പോലീസ് സ്റ്റേഷന് സമീപം, മൊബൈൽ: 9495875834

22. ഗുരുപ്രസാദം ബുക്ക് സ്റ്റാൾ, വൈക്കം, മൊബൈൽ 9544166668

23.ഹോട്ടൽ ഹരിദ്വാർ, കൂത്താട്ടുകുളം, അഭിദിത്ത് മൊബൈൽ 8714048882

തപാലിൽ ലഭിക്കുവാൻ ഈ ക്യു.ആർ. കോഡ് സ്കാൻ ചെയ്ത് വാർഷിക വരിസംഖ്യ 300 രൂപ അയച്ച് സ്ക്രീൻഷോട്ട് സഹിതം കസ്റ്റമർകെയർ നമ്പറിൽ വിളിക്കുക. നമ്പർ: 9495369337

E-mail: swasthitrimonthly@gmail.com
Website: swasthi.org


# യോഗക്ഷേമസഭയുടെ സംസ്ഥാന സമ്മേളനം സെപ്തം. 20, 21 പെരുമ്പാവൂരിൽ

യോഗക്ഷേമസഭയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന് തുടക്കം കുറിക്കുന്ന വാർഷിക സമ്മേളനം സെപ്തംബർ 20,21 തിയ്യതികളിൽ എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ അരങ്ങേറാൻ പോവുകയാണ്. ശ്രീശങ്കരന്റെ അവതാരം കൊണ്ട് പരിപാവനമായ കാലടിയുടെയും 1908-ൽ നവോത്ഥാന പ്രസ്ഥാനമായി യോഗക്ഷേമസഭ പിറവിയെടുത്ത ആലുവ ദേശത്തിന്റെയും പരിസരത്തിൽത്തന്നെ ജൂബിലി സമ്മേളനം നടക്കുന്നത് ചരിത്രപ്രാധാന്യം കൂട്ടുന്നു.

വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് രാഷ്ട്രം കുതിക്കുമ്പോൾ ശ്രീശങ്കരന്റെ പിൻഗാമികളായി അഭിമാനിക്കുന്ന ഓരോ സഭാ പ്രവർത്തകനും പൊതുസമൂഹത്തിന് മാർഗ്ഗദർശനമരുളാൻ യോഗ്യരായിത്തീരാനുള്ള തപശ്ചര്യയിൽ മുഴുകേണ്ടതുണ്ട്. സമാജത്തിൽ സമരസതാഭാവം വളർന്നാലേ വസുധൈവ കുടുംബകം അർത്ഥവത്തായിത്തീരൂ.

അദ്വൈത വേദാന്തത്തിന്റെ പ്രചാരകന്മാരായി യോഗക്ഷേമസഭാ പ്രവർത്തകർക്ക് മാറാൻ മാർഗ്ഗദർശനമരുളാൻ പെരിയാറിന്റെ തീരഭൂമി പോലെ മറ്റൊരു തീർത്ഥസ്ഥലിയില്ല.


കേരളത്തിന്റെയും, പരശുരാമ ക്ഷേത്രത്തിന്റെയും (ഗോകർണ്ണം മുതൽ കന്യാകുമാരി പര്യന്തം) പരിധിയിൽ രക്തബന്ധം കൊണ്ടും കുടുംബവേരുകൾ കൊണ്ടും വ്യത്യസ്ത ഗ്രാമങ്ങളായും ദേശങ്ങളായും കഴിഞ്ഞ ആർഷ ഗോത്രക്കാർക്കിടയിൽ ഏകാത്മകഭാവം വളർത്തൽ ഈ ജൂബിലി വർഷത്തിൽ ലക്ഷ്യമാക്കുന്നത് സഭാപ്രവർത്തനത്തിന് കൂടുതൽ ഊർജ്ജവും ലക്ഷ്യബോധവും നൽകാൻ ഇടയാക്കും.



*യാഗശാലയിലെത്തിയ ശ്രീ. മോഹൻജിക്ക് സ്വസ്തി സമർപ്പിക്കുന്നു.*



*മുൻ മേഘാലയ ഗവർണ്ണറും, ബി.ജെ.പി നേതാവുമായ കുമ്മനം രാജശേഖരനു സ്വസ്തി പരിചയപ്പെടുത്തുന്നു.*



*പ്രശസ്ത കഥകളിപ്പാട്ടുകാരൻ നെടുമ്പള്ളി രാംമോഹന് യോഗക്ഷേമസഭ ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ സ്വസ്തി നൽകുന്നു*

# 80-ാം പിറന്നാൾ

**2025 ഏപ്രിൽ 25 (മേടമാസത്തിലെ ഉത്രട്ടാതി)**



## യു സി ശങ്കരൻ നമ്പൂതിരി

(റിട്ടയേർഡ് അധ്യാപകൻ ജി ആർ
എച്ച് എസ് കോട്ടക്കൽ)
ശ്രീപാദം പോരൂർ വണ്ടൂർ
സഹധർമിണി - **സീത യു സി**
അഴകത്ത്മന പട്ടാമ്പി(LATE)

*ആശംസകളോടെ*

മക്കൾ: ശ്രീലത യു സി
ഭർത്താവ്: ഡോ വി പരമേശ്വരൻ വീട്ടിക്കാട്ട് ഇല്ലം,
(മകൻ ഡോ.അനിരുദ്ധ് പരമേശ്വരൻ)

നാരായൺ യു സി, ഭാര്യ- ലീന ടി എം
(താഴെ മല്ലിശ്ശേരി), (മക്കൾ ഗൗതംശങ്കർ യു സി,
ഗായത്രി യു സി)

ജ്യോതി യു സി
ഭർത്താവ് -സി എം നാരായണൻ ചേലപ്പറമ്പത്ത് മന
മക്കൾ - ഡോ അനഘ സി എം ഭർത്താവ് - മനു ശങ്കർ
മകൾ വജ്ര ശങ്കർ

ഭവ്യശ്രീ സി എം ഭർത്താവ് - ജയ് കൃഷ്ണൻ
കെ മകൻ വേദാർഥ് കെ ജെ

## ഷഷ്ടിപൂർത്തി ആശംസകൾ



### ശ്രീകുമാരി അന്തർജ്ജനം

2025 മേയ് 7 ന് ഷഷ്ടിപൂർത്തി ആഘോഷിച്ച വയപ്പുറം നാരായണൻ നമ്പൂതിരിയുടെ പത്നി ശ്രീകുമാരി അന്തർജ്ജനം (മംഗലശ്ശേരി പാട്ടം പെരുമണ്ണ)
അച്ഛൻ - ശങ്കരൻ നമ്പൂതിരി
അമ്മ - പാർവ്വതി അന്തർജ്ജനം

## ശതാഭിഷേകം

**2025 ഏപ്രിൽ 12**

### പാലയ്ക്കൽ വിഷ്ണു നമ്പൂതിരി

വിളയിൽ - പറപ്പൂര്, മലപ്പുറം ജില്ല

ഭാര്യ
**പാർവതി അന്തർജനം**



മക്കൾ
**ശ്രീദേവി**
(ഏക്കോട് ഇല്ലം,
മയ്യിൽ)

**മുരളി**
(അധ്യാപകൻ)

**ഇന്ദിര**
(പുത്തില്ലം, ബേപ്പൂര്)

**നാരായണൻ**
(അധ്യാപകൻ)



കെ. ശങ്കരൻ നമ്പൂതിരിയുടെയും വത്സലാ ദേവിയുടെയും പൗത്രിയും കാപ്പിൽ കിഴക്ക് പച്ചംകുളത്തില്ലത്ത് പി.എൻ. വാസുദേവൻ പോറ്റിയുടേയും എ.ബി. ശ്രീലതയുടേയും ദൗഹിത്രിയും, ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയുടേയും (രാജേഷ്), സ്മിതാദേവിയുടേയും മകൾ കൃഷ്ണപ്രിയയും  മാന്നാർ, കുട്ടംപേരൂർ, ഇടപ്പന ത്തില്ലത്ത് എം.കെ. നാരായണൻ നമ്പൂതിരിയുടേയും സിന്ധു നാരായണന്റേയും മകൻ അഭിഷേകും 2025 മെയ് 11 ഞായറാഴ്ച  ജി.ഡി.എം. ആഡിറ്റോറിയം കായംകുളത്ത് വച്ച് വിവാഹിതരായി. ഫോൺ: 9495310002, 6238682734



തൃശൂർ ജില്ലയിലെ കിള്ളിമംഗലം കൊണവൂർ മനയ്ക്കൽ വിജയകുമാരന്റെയും സിന്ധുവിന്റെയും മകൻ വിനീതും കോഴിക്കോട് പേരാമ്പ്ര നന്ദനശ്ശേരി അഡ്വ: എൻ. ദാമോ ദരൻ മൂസതിന്റെയും അഡ്വ. ശൈലജ മൂസതിന്റെയും മകൾ അമോഘ സാവിത്രിയും മേയ് 11 ന് ഷൊർണ്ണൂർ ബ്ലൂ ഡയമണ്ട് ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി.
മൊബൈൽ : 94478 41517



പാലാ കടപ്പാട്ടൂർ കരിനാട്ട് ഇല്ലം നാരായണൻ ഭട്ടതിരിയുടെയും മിനി നാരായണന്റെയും മകൻ ശങ്കരനാരായണൻ ഭട്ടതിരിയും മാവേലിക്കര ഇറവൻ കര ചോമാ ഇളമൺ മന രാജേശ്വരി അന്തർജനത്തിന്റെ പൗത്രിയും പരേത നായ സി.ജെ.കൃഷ്ണൻ നമ്പൂതിരിയുടെയും ആശാ എസ്. ഭട്ടതിരിയുടെയും മകളുമായ വിഷ്ണുമായയും കടപ്പാട്ടൂർ ശ്രീമഹാദേവക്ഷേത്ര സന്നിധിയിൽ വിവാഹിതരായി. മൊബൈൽ 8606214646



ഷൊർണൂർ കയില്യാട് ചെറാമ്പറ്റ മന സി.എം.ഹരിദാസ് ഭട്ടതിരിപ്പാടിന്റെയും ലത ഹരിദാസിന്റെയും മകൻ ജിഷ്ണുവും തൃശൂർ ആറ്റൂർ പുരളിപ്പുറത്ത് മന ലക്ഷ്മണൻ നമ്പൂതിരിയുടെയും പ്രസിത ലക്ഷ്മണന്റെയും മകൾ കാവ്യാ ലക്ഷ്മണനും കുളപ്പുള്ളി ബ്ലൂ ഡയമണ്ട് കൺവെൻഷൻ സെന്ററിൽ വിവാഹിതരായി.
മൊബൈൽ: 9744495294, 9495765935



കണ്ണൂർ എടക്കാട് മുല്ലപ്പള്ളി ഇല്ലം വാസുദേവൻ നമ്പൂതിരിയുടെയും കമല അന്തർജ്ജനത്തിന്റെയും മകൻ മണികണ്ഠനും പാലക്കാട് ഇലവഞ്ചേരി പെരിങ്ങോട്ട്കാവ് ഭഗവതി നിലയത്തിൽ കൃഷ്ണകുമാർ സ്വാമിയുടെയും പ്രിയയുടെയും മകൾ രേഷ്മയും 2025 ജനുവരി 26 ന് ഞായറാഴ്ച എടക്കാട് മുല്ലപ്പള്ളി ഇല്ലത്ത് വെച്ച് വിവാഹിതരായി.



കരുവണ്ണൂർ മലപ്പാട്ടില്ലത്ത് സുധീഷ് നമ്പൂതിരിയുടെയും രമാദേവിയുടെയും മകൾ ശിവപ്രിയയും ഇരിങ്ങാലക്കുട അണിമംഗലത്ത് മനയിലെ നാരായണൻ നമ്പൂതിരിയുടെയും ഉഷാകുമാരി അന്തർജ്ജനത്തിന്റെയും മകൻ ഡോ. ഗോവിന്ദും വിവാഹിതരായി.
മൊബൈൽ: 9539107751



തെങ്ങിലക്കടവ്, മാവൂർ പേരൂർ ഇല്ലത്ത് ശ്രീജ അന്തർജ്ജനത്തിന്റേയും നീലകണ്ഠൻ നമ്പൂതിരിയുടെയും മകൾ ഉമാദേവിയും ആയടത്തില്ലത്ത് രമ അന്തർജ്ജനത്തിന്റേയും കേശവൻ നമ്പൂതിരിയുടെയും മകൻ വിഷ്ണുവും 1200 മേടം 25 (08052025) വ്യാഴാഴ്ച രാവിലെ 9.30നും 10.15നും ഇടയ്ക്കുള്ള ശുഭമുഹൂർത്തത്തിൽ തലക്കുളത്തൂർ മിയാമി കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി. ഫോൺ: 9744646505, 9447843422



അരീക്കോട് ചെമ്രക്കാട്ടൂർ കാന്തക്കര പുല്ലൂർമണ്ണ ഇല്ലത്ത് രാമൻ നമ്പൂതിരിയുടെയും ഉമാദേവി അന്തർജ്ജനത്തിന്റെയും മകൻ രാമനാരായണനും വന്നിലാപറമ്പത്ത് കരിപ്പത്ത് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും ഉഷ അന്തർജ്ജനത്തിന്റെയും മകൾ ദേവികയും 2025 ഏപ്രിൽ 26 ന് മഞ്ചേരി ജയശ്രീ ഓഡിറ്റോറിയത്തിൽ വിവാഹിതരായി.
മൊബൈൽ: 9061745020, 7559872189



അലനല്ലൂർ പട്ടലൂർ മനയിൽ ശ്രീകുമാർ - ബീന ദമ്പതികളുടെ മകൾ കവിതയും ആലുവകാരമംഗലത്ത് മനയിൽ സുബ്രഹ്മണ്യൻ നമ്പൂതിരി ശ്രീദേവി അന്തർജനം ദമ്പതികളുടെ മകൻ വിഗ്നേഷും തമ്മിലുള്ള വിവാഹം 2025 മേയ് 28 ബുധനാഴ്ച അലനല്ലൂർ ക്രൗൺ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.



കോവൂർ കൃഷ്ണവിലാസിൽ അഡ്വ കൃഷ്ണ വർമ്മ - ഗീത ദമ്പതിമാരുടെ മകൻ നവനീത് കൃഷ്ണനും തൃക്കളയൂർ കാർത്തികയിൽ ബാലകൃഷ്ണൻ-വിജി ദമ്പതിമാരുടെ മകൾ അഞ്ജു ബാലകൃഷ്ണനും തമ്മിലുള്ള വിവാഹം 2025 മേയ് മാസം 10 ശനിയാഴ്ച അരീക്കോട് സൺസിറ്റി കൺവെൻഷൻ സെന്ററിൽ വെച്ച് നടന്നു



കോൽ പുറത്തില്ലത്ത് ശ്രീകുമാരൻ നമ്പൂതിരി - സ്മിത ദമ്പതിമാരുടെ മകൻ ഹരികേശവനും ഭട്ടി തെക്കേടത്ത് ശങ്കരനാരായണൻ നമ്പൂതിരി ഉമാദേവി ദമ്പതിമാരുടെ പുത്രി ഭദ്രയും തമ്മിലുള്ള വേളി 1200 മേടം 17 ന് (2025 ഏപ്രിൽ 30) ബുധനാഴ്ച കോഴിക്കോട് അഴകൊടി ദേവീമന്ദിരത്തിൽ വെച്ച് നടന്നു.



കോഴിക്കോട് ചെറൂപ്പ പറക്കുന്നത്ത് ഇല്ലത്ത് അഡ്വ. പി.കെ.ശ്രീകുമാറിന്റെയും സുമയുടെയും മകൾ ശ്രീലക്ഷ്മിയും ഗുരുവായൂർ, നവനീതം, തിരുവട്ടാമഠം ഡി.കെ.സുരേഷിന്റെയും എസ്.എസ്.രശ്മിയുടെയും മകൻ ആകാശ് കൃഷ്ണനും ജൂൺ 5 ന് അഴകൊടി ദേവീമന്ദിരത്തിൽ വിവാഹിതരായി.

നമുക്കിടയിലെ പ്രതിഭ



ആറോതി നൂറുരുവിട്ടു. ഇനി ആകാശ മുറജപത്തിലേക്ക്



# വേദാചാര്യന് ഇനി ആകാശമുറജപത്തിന്റെ നാളുകൾ

കൈതപ്രം മംഗലത്തില്ലം ഹരീഷ് കുമാർ തന്റെ ഉണ്ണിയായ ഗോവിന്ദിനെ വിധിയാം വണ്ണം ഉപനയിച്ചു.  ഗായത്ര്യുപാസനയും വ്രതദീക്ഷയും വേണ്ടപോലെ നടത്തി. പാരമ്പര്യമായി യജുർവേദികളാണ് മംഗലം. വേദാധ്യയനവും വേദജപവും ദ്വിജന്റെ ഉത്തരവാദിത്തമാണ്. ഉണ്ണിയെ തൃശൂർ ബ്രഹ്മസ്വം മഠത്തിൽ ചേർക്കാൻ നിർദ്ദേശിച്ചത് കുടുംബസുഹൃത്ത് കൂടിയായ ഡോക്ടർ കൊമ്പംകുളം  വിഷ്ണു നമ്പൂതിരി. നാലാം ക്ലാസ് കഴിഞ്ഞ ഗോവിന്ദ് മഠത്തിൽ വേദവിദ്യാർത്ഥിയായി.

ഗുരുകുല വിദ്യാഭ്യാസമാണ്. ബ്രഹ്മചാരിമാർ അവിടെ താമസിച്ചാണ് പഠനം പുലർച്ചെ 5 മണിക്ക് എഴുന്നൽക്കണം. 6 മണിക്ക് തുടങ്ങുന്നു വേദാധ്യയനം.

ഗുരുമുഖത്തു നിന്ന് കേട്ട്, മുദ്രകൾ കണ്ട് ഹൃദിസ്ഥമാക്കുന്നതാണ് പാരമ്പര്യരീതി. എഴുതുക എന്നൊരേർപ്പാടില്ല. അർത്ഥം പൂർണ്ണമായും അറിഞ്ഞില്ലെങ്കിലും വേദമന്ത്രങ്ങൾ മനസ്സിൽ ഉറയ്ക്കും.

ആദ്യം അൽപ്പം ബുദ്ധിമുട്ടൊക്കെ തോന്നിയെങ്കിലും ഗോവിന്ദ് പുതിയ രീതികളുമായി പെട്ടെന്നു തന്നെ പൊരുത്തപ്പെട്ടു

4 വർഷകാലം വേദാധ്യയനമാണ്. നിത്യകർമ്മങ്ങളും തേവാരവും ഉണ്ടാവും. പുറത്തുപോയി സ്കൂൾ വിദ്യാഭ്യാസമില്ല. വേദോപാസകരായ ശേഷം കുട്ടികളെ  വിവേകോദയം ഹൈസ്കൂളിൽ ചേർക്കുന്നു. പത്താംക്ലാസ് പരീക്ഷക്ക് രണ്ടാഴ്ചയേ തീവ്രമായി ഗോവിന്ദ് പഠിച്ചുള്ളൂ. എസ് എസ് എൽ



*അച്ഛൻ മംഗലം ഹരീഷ്കുമാർ, അമ്മ സുജ ഹരീഷ്, മുത്തശ്ശി ദേവകി അന്തർജനം, സഹോദരി ഗായത്രി*

സിക്ക്  ഫുൾ എ പ്ളസ്. വേദജ്ഞന് 'ധീ' – ബുദ്ധി – പ്രകാശിച്ചുകൊണ്ടിരിക്കും. തെളിഞ്ഞ ബുദ്ധിയിൽ പഠനം വേഗം നടക്കുന്നതാവാം കാരണം. പത്താം ക്ലാസ് സിലബസ് അൽപ്പം കൂടി ആവാം എന്ന് ഗോവിന്ദിന് അഭിപ്രായമുണ്ട്. ജീവിതത്തിലെ ജ്ഞാനപരീക്ഷകൾ പലപ്പോഴും കഠിനമാണല്ലോ.

മഠത്തിലെ താമസ കാലത്താവണം വാനശാസ്ത്രം ഗോവിന്ദിന്റെ തലക്കു പിടിച്ചത്. പ്ലസ് 2 സയൻസ് മംഗലാപുരം മൂഡബിദ്രി അൽവാഴ്സിൽ.

ചിട്ടയായ പഠനം മഠത്തിൽ നിന്നും ശീലിച്ചത് ഗുണം ചെയ്തെന്ന് ഗോവിന്ദ്. എൻട്രൻസ് പരീക്ഷാ

പഠനത്തിന് 8 മാസം മാറ്റി വെച്ചു. ഉപാസന യാവു ബോൾ മറ്റൊന്നിനും സമയമുണ്ടാവില്ല.

ALLEN സ്റ്റഡി മെറ്റീരിയൽ വെച്ച് പഠനം, മന നം, ധ്യാനം. ജീമെയിനിലും ജീ അഡ്വാൻസ്ഡിലും നല്ല റാങ്ക് നേടി. ആരും കൊതിക്കുന്ന ഐ ഐ ടി സീറ്റുകൾ ഗോവിന്ദിനെ മോഹിപ്പിച്ചില്ല.

ലക്ഷ്യം ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈ സേഷൻ. പഠനം മാത്രം. അതിനുമപുറത്ത് രാജ്യ ത്തിനു വേണ്ടി ആവും വിധം പ്രയത്നിക്കണമെന്ന ബോധ്യവും ഗോവിന്ദിനുണ്ടായി. ഗോവിന്ദിന്റെ തപ സ്യ ഫലം കണ്ടു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻ സിൽ നിന്നും ഏവിയോണിക്സ് കോഴ്സിനു സെലക്ഷൻ. ബിരുദത്തോടൊപ്പം ജൂനിയർ സ്പേസ് സയൻറിസ്റ്റ് ആയി നിയമനവും നേടിയിരിക്കയാണ് ഗോവിന്ദ്. ഒപ്പം വേദോപാസനയും ദേവപൂജയും തന്റെ ജീവിതവ്രതമാണെന്ന് ഗോവിന്ദകൃഷ്ണൻ പറഞ്ഞു

കേട്ടും കണ്ടുമുള്ള പഠനമാണ് വേദാഭ്യാസം. ആറോതി നൂറുരുവിടുമ്പോൾ എത്ര വലിയ ഓത്തും ഹൃദിസ്ഥം. എഴുതുന്നത് മനസ്സിലാണ്. ശ്രദ്ധയ്ക്ക് ഡീവിയേഷൻ ഉണ്ടാവില്ല. ഓലയിലും കടലാസി ലും അക്ഷരരൂപങ്ങൾ വരുന്നത് പിന്നെയും എത്ര യോ കഴിഞ്ഞാണ് മെന്റൽ പവർ, ഏകാഗ്രത, ശ്രദ്ധ എന്നിവ ഗ്രാസ്പിങ് എളുപ്പമാക്കുന്നു.

അർത്ഥമറിയാതെ മന്ത്രം ചൊല്ലി പഠിപ്പിക്കുന്ന ഒന്നല്ല വേദപഠനം. അറിവിന്റെ ആവർത്തിച്ചുള്ള പരിശോധനകൾ മനസ്സിനെ ശക്തമാക്കി നിർത്തു ന്നു. ബുദ്ധിയെ പ്രചോദിതമാക്കുന്നു.

ബ്രഹ്മസ്വം മഠത്തിൽ ഞങ്ങളെ ചൊല്ലിച്ച ആചാ ര്യന്മാർ പഠിപ്പിച്ചിട്ടില്ല. വേദ വാതിലുകൾ തുറന്നു കാണിച്ചു തരികയായിരുന്നു.

അണിമംഗലം സുബ്രഹ്മണ്യൻ നമ്പൂതിരിയട ക്കമുള്ള മഠത്തിലെ ഗുരുനാഥർക്ക് നമസ്ക്കാരം. ബ്രഹ്മസ്വം മഠത്തിൽ എന്നെ ചേർത്ത അച്ഛനമ്മമാ രോടും എന്നും കടപ്പാടുണ്ട്.

ഗോവിന്ദകൃഷ്ണന് ആശംസകൾ നേരാം ●

മംഗലത്തില്ലം ഗോവിന്ദകൃഷ്ണൻ
ജൂനിയർ സ്പേസ് സയന്റിസ്റ്റ്, വിക്രം സാരാഭായി സ്പേസ് സെന്റർ, തിരുവനന്തപുരം
കശ്യപഗോത്രം, യജുർവേദം
കൈതപ്രം ഗ്രാമം
അച്ഛൻ : ഹരീഷ് കുമാർ എം
റിട്ടയേർഡ് നേവി ഉദ്യോഗസ്ഥൻ. കനറാ ബാങ്ക് ഓഫീസർ.
അമ്മ : പെരികമന മകൾ സുജ
ടിൻ സിസ്റ്റർ: ഗായത്രി
മുംബെയിൽ ഫിസിയോതെറാപ്പിസ്റ്റ്
ഭർത്താവ്: എടക്കാട്ടില്ലം വൈശാഖ് നമ്പൂതിരി (ക്യു.സി. എൻജിനീയർ, വുഡ്ഫീൽഡ്)

6362328275
വാട്സ് ആപ് മാത്രം.

## പുസ്തക പരിചയം

### 1. ഓർമ്മക്കാലം


കോട്ടക്കൽ രാജാസ് സ്കൂൾ,ഷാരടി മാഷ്. പട്ടിണി പഠിച്ചു ജയിച്ച കുട്ടിക്കാലം. ഏറ നാടൻ സൗഹൃദങ്ങൾ. യാത്ര പറയാതെ പോയ ഹംസയും വേലായുധനും.

ആര്യവൈദ്യശാലയിൽ ഉറച്ച കോട്ട ക്കൽ. എം ടിയും അക്കിത്തവും കക്കാടും അരവിന്ദനും നിറഞ്ഞ കോഴിക്കോട്. ഇപ്പു സ്തകം കോഴിക്കോടിന്റെയും കോട്ടയ്ക്ക ലിന്റെയും ചരിത്രം കൂടിയാണ്.

റെയിൽവേ സർവ്വീസിൽ നിന്നും വി രമിച്ച ശേഷം ഭാര്യയോടൊപ്പം യാത്ര കൾ. 40 രാജ്യങ്ങളിൽ ലോകപര്യടനം. അന്റാർട്ടിക്കയിൽ സഞ്ചരിച്ച് End of the world എത്തിയപ്പോഴും KMS പരി ഭ്രമിച്ചില്ല. വായനാലോകത്തിന് ഒടുക്കം ഉണ്ടാവില്ലല്ലോ.

### 2. നേർരേഖയിൽ നടന്നവർ

എം ടിക്കും നമ്പൂതിരിക്കും ഒപ്പം മെ ട്രോമാൻ ശ്രീധരനും പകരാവൂർ ചിത്രൻ നമ്പൂതിരിപ്പാടും പൂമുള്ളി ആറാം തമ്പുരാ നും ചേരുമ്പോൾ വായനയും വായനക്കാര നും വിശാലമാവുന്നു. ആമുഖത്തിൽ ഗ്രന്ഥ കാരൻ പറഞ്ഞ പോലെ 'ഒന്നും കൃത്രിമമല്ല' പുസ്തപ്രകാശനം : ആലങ്കോട് ലീലാ കൃഷ്ണൻ, പ്രസാധകർ : കറന്റ് ബുക് സ് തൃശൂർ
വായനയ്ക്ക് മഴവില്ലഴകു നൽകുന്നു പട്ടേ രിയുടെ ഭാഷയെന്ന് അവതാരികയിൽ പത്മനാഭൻ മാസ്റ്റർ







KMS ഭട്ടതിരിപ്പാട്
മൊബൈൽ: 9995172320

# നൂറു വയസ്സുകാരനെ വായിച്ച തൊണ്ണൂറ്റി മൂന്നുകാരൻ

## വായനക്കാരുടെ പേജ്

വയസ് ഏറിവരികയാണ്. തൊണ്ണൂറ്റി മൂന്നു എന്നു പറഞ്ഞാൽ കുറച്ച് ദീർഘമായ ആയുസാണ്. എന്റെ ഇല്ലത്ത് ഇത്ര ആയുസ്സ് ഉള്ളവർ മുമ്പ് ഉണ്ടായിട്ടില്ല. അറുപതിലും അറുപത്തഞ്ചിലും എഴുപതിലും ഒക്കെ മരിച്ചു പോയി പലരും. ഞാൻ എങ്ങനെയോ തൊണ്ണൂറ്റി മൂന്നിലെത്തി. തൊണ്ണൂറ്റി നാല് ആവുകയായി. കുറേ ഒക്കെ നടക്കാം. കാറ് വേണം കുട്ട്യോൾ ആരെങ്കിലും വേണം ഒപ്പം. അങ്ങനെയൊക്കെ ആണ്. നെടുമ്പള്ളിയെപ്പോലെ ഒറ്റക്ക് വയ്യ. വയസ്സ് ഏറി വരുമ്പോൾ നമുക്ക് ഉണ്ടാവുന്ന ചില ദുർഘടങ്ങളാണ്. നെടുമ്പള്ളിക്ക് അതില്ല്യ എന്നത് ഒരനുഗ്രഹമാവാം. എല്ലാവർക്കും അത് ബാധകമല്ല. ആ ലേഖനത്തിൽ പറഞ്ഞ പാതായ്ക്കരയും അങ്ങാടിപ്പുറവും ഒക്കെ നല്ലോണം അറിയാം എനിക്ക്.

അദ്ദേഹം എഴുതിയ പോലെ വരണം വരൻ മാത്രം. ആസന്നമായി പോയി മരണം സനാതന നിയമം ലംഘിക്കാമോ എന്ന് എഴുതിയില്ലേ. അതേ പോലെയാണ് ഞാനും. അദ്ദേഹത്തിന്റെ ഭാര്യ ശാന്തകുമാരി എന്റെ ഭാര്യയുടെ ഒരു ഉത്തമ സുഹൃത്തായിരുന്നു. എന്റെ ഭാര്യയും ഇപ്പോഴില്ല. അവൾ മരിച്ചു പോയി കോവിഡ് പിടിച്ചു.

എനിക്ക് 93 വയസ് കഴിഞ്ഞു. അദ്ദേഹത്തിന് നൂറ് കഴിഞ്ഞിട്ടും എന്നേക്കാൾ നല്ല ആരോഗ്യം ഉണ്ട്. വായിച്ചപ്പോൾ നല്ല സന്തോഷം തോന്നി. അദ്ദേഹം എഴുതിയ ഞാൻ എന്ന പുസ്തകം കിട്ടിയാൽ തരക്കേടില്ല. കാശ് എത്രയായാലും ഞാൻ തരാം. അതൊന്ന് അയച്ചു തരാൻ പറയണം.

നെടുമ്പള്ളീടെ ഭാര്യയെ ഞാനറിയും. ആ കുട്ടി അങ്ങാടിപ്പുറത്തുകാരിയാണ്. പാലുള്ളിയിലാണ് അവർ താമസിച്ച് പഠിച്ചിരുന്നത്. ഈ പാലുള്ളിയിൽ നിന്നാണ് ഞാൻ വിവാഹം കഴിച്ചത്. സത്യവതിയെ. അങ്ങനെയുള്ള ഒരു ബന്ധം ഉണ്ട്. ആ ഒരു ബന്ധം കൂടി വച്ചു കൊണ്ടാണ് പുസ്തകം വേണം എന്ന് പറയുന്നത്.


സ്വസ്തി കിട്ടാറുണ്ട്. പല മാസികകളും നിന്നു പോയിട്ടുണ്ട്. എന്നാൽ സ്വസ്തി നിന്നു പോയിട്ടില്ല. എല്ലാ ഇല്ലങ്ങളിലും എത്തേണ്ട മാസികയാണ്. സ്വസ്തിക്കൊരു നിലവാരം ഉണ്ട്.

എം എൻ നമ്പൂതിരി, മുണ്ടേക്കാട് മന
പി ഒ: എരവിമംഗലം, വഴി: ചെറുകര, പിൻ: 679940
മലപ്പുറം ജില്ല, മൊബൈൽ: 9847010920

### നൂറ് കഴിഞ്ഞ ആളുടെ അനുഭവങ്ങൾ

നെടുമ്പള്ളി സ്റ്റോറി നന്നായി. സ്വസ്തി ഗംഭീരമാകുന്നു ഓരോ ലക്കവും.

സി. സാന്ദീപനി 'ചേർക്കാട്ട് '
കുറുമ്പത്തൂർ പിൻ 676301 തിരുനാവായ (വഴി)
മലപ്പുറം ജില്ല ഫോൺ: 9446561770




### വിഷുപ്പതിപ്പ്

പൊട്ടും തൊട്ടാണിറക്കം
പുതുമകളധികം
സ്വസ്തി വർഷപ്പിറപ്പിൽ;

കെട്ടും മട്ടും വിശേഷം
മിനുസമധികമാം
സുന്ദരം പേപ്പറല്ലോ

കൊട്ടും പാട്ടും തുടങ്ങാം
വളരെമികവെഴും
വാർത്തയായ് ചിത്രമായും

തട്ടാം മുട്ടാം തുറക്കാം
കതകുകൾമുഴുവൻ
കൂട്ടുകാർക്കുംപകുക്കാം

പി.എൻ വിജയൻ
പുളിക്കത്തൊടി മന
കരിക്കാട്, മഞ്ചേരി
മൊബൈൽ: 94963 04123




## നാചർ അല്ല നേച്ചർ ആണ്

സ്വസ്തി വിഷുപ്പതിപ്പ് കിട്ടി. വിഭവവൈവിധ്യം കൊണ്ടു സമ്പന്നം. താഴെ വെക്കാൻ തോന്നുന്നില്ല. കൺഗ്രാസ് ടു ദ ടീം. കൽപ്പുഴ മന ശ്രീജിത് അഷ്ടമൂർത്തിയെപ്പറ്റിയുള്ള ലേഖനം (നേച്ചറിലെ നമ്പൂതിരി) ആർത്തിയോടെ വായിച്ചു. പ്രശസ്തമായ ശാസ്ത്ര പ്രസിദ്ധീകരണത്തിന്റെ പേര് നേച്ചർ. ലേഖനത്തിൽ ശരിയായി തന്നെയാണ് കൊടുത്തിട്ടുള്ളത്. എന്നാൽ പത്രാധിപക്കുറിപ്പിൽ നാചർ എന്നാണ് എഴുതിയിരിക്കുന്നത്. ശ്രദ്ധിക്കുമല്ലോ.

വർഗീസ് തോമസ്
സബ് എഡിറ്റർ
മലയാള മനോരമ
തിരുവല്ല
ഫോൺ:9447088318

# ചെറുപ്പക്കാരെപ്പോലെ ആക്ടീവ് അതാണ് വിസ്മയം

നൂറു വയസ് പിന്നിട്ട നെടുമ്പള്ളിയെപ്പറ്റി കഴിഞ്ഞ ലക്കത്തിൽ പദ്മനാഭൻ നമ്പൂതിരി എഴുതിയ കുറിപ്പ് വളരെ ശ്രദ്ധേയമായി. പട്ടാളത്തിലെ ജോലിയാണ് അദ്ദേഹത്തിന് ഈ ജീവിതം നൽകിയത്. സ്വാശ്രയം എന്നത്. എന്റെ നാട്ടിലും നൂറു കഴിഞ്ഞ ചിലരുണ്ട് എന്നാൽ ഇത്ര ആക്ടീവ് അല്ല. ഇദ്ദേഹം ചെറുപ്പക്കാരെപ്പോലെ ആക്ടീവ് ആണ്. അതാണ് വിസ്മയം. ആ കുറിപ്പ് നന്നായിട്ടുണ്ട്. അത് പറയാതെ വയ്യ. എനിക്കൊക്കെ ബന്ധങ്ങളുണ്ട് നെടുമ്പള്ളി ആയീട്ട്. സാധാരണ പത്രപ്രവർത്തനത്തിൽ അപ്പപ്പഴുള്ളതേ കാണൂ. എന്നാൽ സ്വസ്തി കണ്ടെത്തുന്നത് പലതും റഫറൻസ് സ്വഭാവമുള്ളതാണ്.

പിന്നെ മറ്റൊന്ന്. ഇപ്പോൾ എന്നെ പലരും വിളിക്കുന്നത് തിരുവിതാംകൂർ ഭാഗത്തു നിന്നാണ്. അമ്മയെക്കുറിച്ച് വന്ന കുറിപ്പാണ് അതിനു കാരണമെന്നു തോന്നുന്നു. എന്തിനാ സ്വസ്തിയിൽ ഈ ഫോൺ നമ്പർ കൊടുക്കുന്നത് എന്ന് തോന്നിയിരുന്നു. കഴിഞ്ഞ ലക്കത്തിലെ എന്റെ കുറിപ്പ് വായിച്ച് കേരളത്തിലെ പല സ്ഥലങ്ങളിൽ നിന്നും വിളിച്ചു. ചെങ്ങന്നൂരു നിന്ന് തിരുവനന്തപുരത്ത് നിന്ന്. എവിടെയൊക്കെയോ ഈ സ്വസ്തി എത്തുന്നുണ്ട് എന്ന് തോന്നുന്നു. നമ്മുടെ മുൻ തലമുറ സഹിച്ച കഷ്ടപ്പാടുകൾ പലതും ഇതിൽ വരുന്നുണ്ട്. എങ്ങനെ ജീവിക്കാം എന്നതിന് ഈ മാസിക പ്രേരണയാവണം.

വി ടി വാസുദേവൻ, ദീപകം, ഗ്രീൻ ഗാർഡൻസ്, ചിറ്റിലപ്പിള്ളി, പിൻ 680551 തൃശൂർ ജില്ല, മൊബൈൽ 9447837902

## 100 വയസ്സു കഴിഞ്ഞിട്ടും പരസഹായം കൂടാതെ

സ്വസ്തി വിഷുപ്പതിപ്പു വായിച്ചു. എല്ലാ ലേഖനങ്ങളും നന്നായിട്ടുണ്ട്. 100 വയസ്സു കഴിഞ്ഞിട്ടും സ്വന്തം കാര്യങ്ങൾ പരസഹായം കൂടാതെ ചെയ്യുന്ന അഷ്ടമൂർത്തി നമ്പൂതിരിയെപ്പറ്റി വായിച്ചപ്പോൾ അത്ഭുതം തോന്നി. അഗ്നിപർവ്വതത്തിനുമുകളിൽ ജോലി ചെയ്യുന്ന രേവതിയെപ്പറ്റി വായിച്ചപ്പോൾ അഭിമാനം തോന്നി..അങ്ങനെ എല്ലാം വളരെ നന്നായിട്ടുണ്ട്. സ്വസ്തിയ്ക്കും അതിന്റെ അണിയറ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ

പാർവതി അന്തർജ്ജനം, കല്ലം പിള്ളിൽ ഇല്ലം, മണക്കാട്, തൊടുപുഴ മൊബൈൽ: 96454 63554

## കവിത ചേർത്തതിന് നന്ദി.

സ്വസ്തി മിനിയാന്ന് ഉച്ചക്ക് കിട്ടി. സന്തോഷം കവിത ചേർത്തതിന് നന്ദി. കവിതയുടെ പേര് മാറ്റേണ്ടായിരുന്നു.

ഇ. എ കുബേരൻ നമ്പൂതിരി, പാർവതി നിവാസ്
കയരളം, പി. ഓ മയ്യിൽ, മൊബൈൽ:75599 04469

വായനക്കാരുടെ പേജ്

# എന്റെ ഇരുമ്പു പെട്ടിയിലേക്ക് ആ നൂറുവയസ്സുകാരന്റെ കത്തും



സ്വസ്തി വിഷുപ്പതിപ്പിൽ 100 വിഷുകണ്ടു 100 ഓണം ഉണ്ടു എന്ന അഷ്ടമൂർത്തിയെ കുറിച്ചുള്ള കുറിപ്പ് വായിച്ചു. അതിൽ ഞാൻ എന്ന ഒരു പുസ്തകം പരാമർശിക്കുന്നുണ്ട്. നൂറു വയസുകാരന്റെ ആത്മകഥ. അത് കിട്ടാനുള്ള ഒരു ശ്രമം നടത്തി. നൂറു വയസ്സ് തികഞ്ഞ അഷ്ടമൂർത്തിയുടെ കയ്യക്ഷരത്തോട് കൂടി സ്നേഹം നിറഞ്ഞ എഴുത്തും ആ പുസ്തകവും എനിക്ക് കിട്ടി. അത് എന്റെ തപാൽ പെട്ടിയിലേക്ക് ഒരു മുതൽക്കൂട്ടാണ്. എന്റെ ആർട്ട് ഗാലറിയിൽ ഒരു പെട്ടിയുണ്ട്. പഴയ ഒരു ഇരുമ്പു പെട്ടി. അതിൽ ധാരാളം എഴുത്തുകാരുടെ മറുപടികളുണ്ട്. ഞാൻ അവർക്കയച്ചതിന്റെ മറുപടികൾ. അല്ലാതെയുള്ള കത്തുകളുമുണ്ട്. എന്റെ സൗഖ്യാന്വേഷണം, എനിക്ക് ചില അവാർഡുകൾ കിട്ടിയപ്പോൾ സന്തോഷത്തോടെ പറഞ്ഞത് തുടങ്ങിയതൊക്കെ അടങ്ങിയ ഒരു പെട്ടി. ആ പെട്ടി ഇപ്പോഴും ഞാൻ സൂക്ഷിച്ചു വെച്ചിരിക്കുന്നു.

അതിലേക്ക് നൂറു തികഞ്ഞ ഒരു സുഹൃത്തിനെയും എനിക്ക് സ്വസ്തി വഴി ലഭിച്ചു. നൂറു വയസ്സു കഴിഞ്ഞ ഒരാൾ എഴുതിയ കത്ത് അധികം പേർക്കും കിട്ടിക്കാണില്ല. അതിനാൽ ഞാൻ അദ്ദേഹത്തിന്റെ എഴുത്ത് അതിൽ ഭദ്രമായി സൂക്ഷിച്ചു വെച്ചിരിക്കുന്നു. ആളുകൾ ആരും എഴുത്തുകൾ എഴുതാത്ത ഒരു കാലഘട്ടമാണ് ഇപ്പോൾ. ഈ കാലഘട്ടത്തിലാണ് 100 വയസ്സു തികഞ്ഞ ഈ ഒരാൾ 72 വയസ്സുകാരനായ എനിക്ക് ഒരു സ്നേഹ സന്ദേശം അയച്ചത്.

ഈ എഴുത്ത് ഹാൻഡ് റൈറ്റിംഗ് മോശമാണ് വായിക്കാൻ വിഷമമാണ് എന്നൊക്കെ അദ്ദേഹം എഴുതി കണ്ടു. പക്ഷേ എനിക്ക് അതിലൊന്നും ഒരു വിഷമവും തോന്നിയില്ല. നല്ല രീതിയിൽ വായിച്ച് മനസ്സിലാക്കുകയും ചെയ്തു. ഞാൻ എന്ന ആത്മകഥ വായിച്ചപ്പോൾ ഒരു നെല്ലിക്ക കടിച്ചു തിന്ന അനുഭവം ഉണ്ടായി. ഓർമ്മ തെറ്റുകൾ ധാരാളമുണ്ട് എന്ന് ഇടയ്ക്കിടയ്ക്ക് അദ്ദേഹം എഴുതിയിട്ടുണ്ടെങ്കിലും നല്ല ഓർമ്മയുണ്ട് എന്ന് പുസ്തകം സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് കടമ്പഴിപ്പുറം മൂത്താന്മാരുടെ ഒരു സ്കൂളിൽ ജോലി കിട്ടിയപ്പോൾ രണ്ട് സഹായികളായ സ്ത്രീകളെ കൂട്ടിനു കൊണ്ടുപോയി എന്നു പറയുന്നുണ്ട്. അവരുടെ പേരും വീട്ടുപേരും പോലും അദ്ദേഹം മറക്കാതെ സൂചിപ്പിക്കുന്നു. അത് ആ സഹധർമ്മിണിയോടുള്ള സ്നേഹ വാത്സല്യം ആണെന്ന് ഞാൻ മനസ്സിലാക്കി.


അതേമാതിരി തന്നെ വേറൊന്ന്. മനസ്സിന് വിഷമം തട്ടിയ ഒരു കാര്യം. ശമ്പളം കിട്ടിയ ദിവസം എല്ലാവരും മധുരപലഹാരങ്ങൾ കഴിക്കുന്ന കാര്യം അതിലുണ്ട്. ഇദ്ദേ

## നല്ല ഊർജ്ജം

നല്ല ഊർജ്ജങ്ങൾ തന്റെ
കൂമ്പാരമാണീ സ്വസ്തി
ക്ഷീണം തോന്നിയാലുടൻ
എടുത്തു വായിക്കുക.
അഭിപ്രായത്തിൽകൂടി
പങ്കുവച്ചിടൂ ഊർജ്ജം.
കോട്ടവും മറക്കാതെ,
നന്നാക്കാനെഴുതുക.

പി കെ. ശ്രീധരൻ
നമ്പൂതിരി,
അഭിവാദ്യം,
ടി സി 36/27508
വിശ്വകലാകേന്ദ്രം
ലെയിൻ, അഞ്ചാമട,
പി ഒ വട്ടിയൂർക്കാവ്,
തിരുവനന്തപുരം,
പിൻ 695013.
മൊബൈൽ 9717015232.





# കുറൂരുമായുള്ള രാജയുടെ ബന്ധം ഇപ്പോഴാണറിയുന്നത്

പ്രമുഖ സ്വാതന്ത്ര്യ സമരസേനാനി കൂടിയായ കുറൂരുമായുള്ള അജിത് രാജയുടെ ബന്ധം ഇപ്പോഴാണറിയുന്നത്.

പിന്നെ പത്രക്കാർ പൊതുവെ ദോഷൈക ദൃക്കുകളാണല്ലോ. അതിനാൽ ചിലതു കുറിക്കാം. അജിത് രാജ എന്ന പേര് ക്വട്ടേഷനിൽ കൊടുത്തത് ഉചിതമായില്ല. ചൂരലെടുത്ത് നിൽക്കുന്ന അജിത് സാറിന്റെ പടം കൊടുത്തത് ശരിയായില്ല. തൃശൂരിൽ വേദിക് ഗണിതശാസ്ത്രം അറിയുന്ന അത്യപൂർവരിൽ അജിത് സാറും പെടും എന്നതുതന്നെ മഹത്തരം. പിന്നെ, ആദ്യം ഒരു കുട്ടിയല്ലേ ട്യൂഷന് വന്നത്. പിന്നെയല്ലേ അത് നൂറും ആയിരവും പതിനായിരവുമായി പൂത്തുലഞ്ഞത്? ശക്തൻ തമ്പുരാന്റെ പിൻഗാമിയെന്ന പ്രയോഗം ശരിയാണോ?

വി എം രാധാകൃഷ്ണൻ, റിട്ടയേർഡ് ബ്യൂറോ ചീഫ്
ദേശാഭിമാനി, ഫോൺ:.9188653987.

# മനസ്സിനെ വല്ലാതെ സ്പർശിച്ചു

വ്യക്തിപരമായി എന്നെ പരാമർശിക്കുന്ന എഴുത്തുകളിൽ സ്വതവേ വിമുഖത പുലർത്തുന്ന ഒരാളാണ് ഞാൻ. പക്ഷേ ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ കുറിപ്പ് എന്റെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. കാരണം മറ്റൊന്നുമല്ല. എന്നെ ഞാനാക്കിയ എല്ലാവരേയും അർഹിക്കുന്ന പ്രാധാന്യത്തോടെയും ബഹുമാനത്തോടെയും അതിൽ പരാമർശിച്ചിട്ടുണ്ട്. അവരുടെ പ്രോത്സാഹനവും അനുഗ്രഹവുമാണ് എന്നെ ഞാനാക്കിയത്. ഒപ്പം തന്നെ പറയട്ടെ, ലേഖനത്തിൽ സൂചിപ്പിച്ച ഭരതൻ തമ്പുരാനെക്കുറിച്ചുള്ള വസ്തുതകൾ അധികം ആർക്കും അറിയാത്ത അധ്യായമാണ്. അങ്ങേയറ്റം സത്യസന്ധതയോടെ അത് ആവിഷ്ക്കരിച്ചതിൽ ഏറെ നന്ദി.

അജിത് രാജ , മണക്കുളം പാലസ്, ഗാന്ധിജി നഗർ,
ഒളരിക്കര, തൃശൂർ, മൊബൈൽ 9846045382.

# നേച്ചറിൽ പേപ്പറുകൾ ഉള്ള മലയാളികൾ വേറെയുമുണ്ട്

ഞാൻ ഫാറൂഖ് കോളേജിൽ നിന്ന് രവീന്ദ്രൻ മാഷ്. സ്വസ്തിയുടെ വിഷുപ്പതിപ്പ് ഇപ്പോഴാണ് വായിച്ചത്. ഒരു ലേഖനത്തിൽ, രണ്ട് മലയാളികളേ നേച്ചറിൽ പേപ്പർ പബ്ലിഷ് ചെയ്തിട്ടുള്ളു എന്ന് കണ്ടു. എന്റെ ഏട്ടൻ ഡോ: എം.വി ജയനും പേപ്പറുകൾ കൊടുത്തിട്ടുണ്ട്. ആദ്യകാലത്ത് സഹപ്രവർത്തകർ ഏട്ടനോട് നേച്ചറിലേയ്ക്ക് പേപ്പർ അയയ്ക്കാൻ നിർദ്ദേശിച്ചപ്പോൾ, നേച്ചർ തന്നോട് ആവശ്യപ്പെടുന്ന കാലത്തേ അയയ്ക്കൂ എന്ന് നിർബന്ധമായിരുന്നു. പിന്നീട് അങ്ങിനെയേ ചെയ്തുള്ളു. ഇന്ത്യയിൽ നിന്നുള്ള പേപ്പറുകൾ സ്വീകരിയ്ക്കാൻ സ്വതവേ അവർക്ക് മടിയാണ്. ഇനിയുമുണ്ട്, ധാരാളം. ഡോ: ജി എൻ രാമചന്ദ്രൻ, ഡോ: കർത്താ, ഡോ: കസ്തുരി രംഗൻ എന്നിവരെല്ലാം നേച്ചറിൽ പേപ്പറുകൾ ഉള്ള മലയാളികളാണ്.

പ്രൊഫ. എം രവീന്ദ്രൻ, റിട്ട പ്രൊഫസർ, സിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, പി ഒ ഫാറൂഖ് കോളേജ്, കോഴിക്കോട് ജില്ല
മൊബൈൽ: 9446456540

ഹത്തിനും കഴിക്കാൻ ആഗ്രഹമുണ്ട്. പക്ഷേ ശമ്പളത്തിൽ നിന്ന് അതിനു ചെലവാക്കിയാൽ ഇല്ലത്തെ ദാരിദ്ര്യം ശമിപ്പിക്കാനുള്ള തുക അതിൽ കുറവ് വരും. അതുകൊണ്ട് അയാൾ ആഗ്രഹം നിറവേറ്റാതെ മുഴുവൻ ശമ്പളവും ഇല്ലത്തേക്കയച്ചു. അങ്ങനെ നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങൾ നിറഞ്ഞ ഒരു പുസ്തകമാണ് ഞാൻ എന്ന ആത്മകഥ. ഇത്തരത്തിലുള്ള പുസ്തകങ്ങൾ പല നമ്പൂതിരിമാരും പല ഇല്ലങ്ങളിലും എഴുതി വച്ചിട്ടുണ്ടാവും. അതെല്ലാം ചേർത്ത് സ്വസ്തി ലൈബ്രറി അല്ലെങ്കിൽ സ്വസ്തി ബുക്ക്സ് എന്നുപറഞ്ഞ് ആവശ്യമുള്ളവർക്ക് എത്തിച്ചുകൊടുത്താൽ അതൊരു നല്ല രീതിയായിരിക്കും. ഞാൻ തന്നെ ഇപ്പോൾ ഞാൻ എന്ന ഈ പുസ്തകം കിട്ടാൻ കുറേ ദിവസം കാത്തിരുന്നു. ഏതായാലും പെട്ടിയിലേക്ക് ഒരു എഴുത്ത് കൈപ്പറ്റിയതിൽ സ്വസ്തിയോടുള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ

ജയൻ പുതുമന
ഉദയനാപുരം, വൈക്കം മൊബൈൽ 7736980275

# വായനക്കാരുടെ പേജ്




**അഭിപ്രായങ്ങൾ**
സ്വസ്തിയെക്കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വാട്ട്സ് ആപ്പിൽ അയക്കാം.
നമ്പർ: 9400992823

## സത്യനും, പ്രേംനസീറിനും മുമ്പ് ഒരു നമ്പൂതിരി ഉണ്ടായിരുന്നു എന്നത് ഒരു പുതിയ അറിവാണ്

സെഞ്ചറി അടിച്ചിട്ടും കളിയിൽ നിന്നും പുറത്തുപോകാതെ ഊർജ്ജസ്വലതയോടെ ബാറ്റിംഗ് നടത്തുന്ന നെടുമ്പിള്ളിയെ ആദ്യംതന്നെ നമസ്കരിക്കട്ടെ. അദ്ദേഹത്തെ പരിചയപ്പെടുത്തിയ പാനാടിനും സ്വസ്തിക്കും നന്ദി.

സിനിമാരംഗത്ത് നായകന്മാരെ ഓർക്കുമ്പോൾ ആദ്യം മനസ്സിൽ വരുക സത്യൻ, പ്രേംനസീർ മുതലായവരെയാണ്. എന്നാൽ അവർക്കും മുമ്പ് ഒരു നമ്പൂതിരി (എം.എസ്.) ഉണ്ടായിരുന്നു എന്നത് ഒരു പുതിയ അറിവാണ്. വി.ടി.യോടൊപ്പം അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എന്ന നാടകത്തിൽ അഭിനയിച്ച അദ്ദേഹം ഒരു സമുദായപരിഷ്കർത്താവിന്റെ കൂട്ടാളിയായി. വി.ടി. വാസുദേവന്റെ ലേഖനങ്ങൾ സമുദായത്തിന്റെ മുൻകാല ചരിത്രങ്ങൾ ഒന്നുകൂടി ഓർമ്മിപ്പിക്കുന്നവയാണ്.

അഗ്നിപർവ്വതങ്ങളുടെ 'മീതെ' പ്രവർത്തിക്കുന്ന അലാസ്ക യൂണിവേഴ്സിറ്റിയിലെ റിസർച്ച് അസിസ്റ്റന്റ് പ്രൊഫസറായ രേവതി എന്ന നമ്പൂതിരിക്കുട്ടിക്ക് ആയിരം അഭിവാദ്യങ്ങൾ. നമ്മുടെ നാട്ടിൽ തന്നെ ഉന്നത പദവിയിൽ കഴിയുന്ന പലരെയും അറിയുന്നില്ല. അതിലൊരാളാണ് കൽപ്പുഴ ശ്രീജിത്- പീച്ചി ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ വനം പരിസ്ഥിതി വകുപ്പിന്റെ തലവൻ ശ്രീജിത്തിന് കൂടുതൽ ഉയരങ്ങളിലേക്ക് എത്തുമാറാകട്ടെ.

എന്റെ നാട്ടുകാരിയായ ഒരു നമ്പൂതിരിക്കുട്ടിയെ പേരാംഗല്ലൂർക്ക് വിവാഹം കഴിച്ചിട്ടുണ്ട് എന്നറിയാമായിരുന്നു. എന്നാൽ അത് ഇത്രയും വലിയ ഒരു ഡയറി നടത്തുന്ന സ്ഥലത്തേക്കാണ് എന്ന് ശ്രീജ (പട്ടല്ലൂർ)യുടെ ലേഖനം വായിച്ചപ്പോഴാണ് മനസ്സിലായത്. നല്ല നിലക്ക് ബിസിനസ് നടത്തി വിജയം കൈവരിക്കുന്ന ഒരു കുടുംബമാണെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. 72 പശുക്കൾ ഉണ്ടായിരുന്നെങ്കിൽ മേളകർത്താരാഗങ്ങൾ മുഴുവൻ ആകാമായിരുന്നു. കൂട്ടത്തിൽ ഒന്നുകൂടി പറയട്ടെ. നാരായണൻ, യദു എന്നിവരുടെ കച്ചേരി ഞാൻ കേട്ടിട്ടുണ്ട്; നന്നായിരുന്നു, അഭിനന്ദനങ്ങൾ.

അജിത് രാജയെ നന്നായിട്ട് അറിയാം, അടുത്ത് പെരുമാറാറുണ്ട്. പക്ഷേ, അദ്ദേഹത്തിന് ഇത്രയൊക്കെ 'കൈമുതൽ' ഉണ്ട് എന്നറിഞ്ഞത് ഉദയൻ നമ്പൂതിരിപ്പാടിന്റെ ലേഖനം വായിച്ചപ്പോഴാണ്. എന്റെ മകളും അദ്ദേഹത്തിന്റെ അടുത്ത് പഠിച്ചിട്ടുണ്ട്- മുപ്പത് കൊല്ലം മുമ്പ്. അന്ന് ജില്ലാ ആശുപത്രിയുടെ തെക്കുവശത്തുള്ള ഒരു കെട്ടിടത്തിൽ ആയിരുന്നു എന്നാണ് ഓർമ്മ. ആ മഹത് വ്യക്തിയെ പരിചയപ്പെടുത്തിയതിൽ നമ്പൂതിരിപ്പാടിനും സ്വസ്തിക്കും നന്ദി.

നല്ലത് മാത്രം പറഞ്ഞാൽ പോരല്ലോ. വിഷുപ്പതിപ്പ് എന്നു പറഞ്ഞിട്ട് വിഷുവിനെപ്പറ്റി യാതൊന്നും ഉള്ളിൽ ഇല്ല. അത് ഒരു പോരായ്മയായി തോന്നി.

**പുരുഷോത്തമൻ മംഗലം,** 3എ, കല്യാൺ നെക്സസ്,
കേരളവർമ്മ കോളേജ് റോഡ്, അയ്യന്തോൾ, 9446234614

# അവർക്ക് ഊർജമായി എന്നറിഞ്ഞതിൽ സന്തോഷം

സ്വസ്തി വിഷുപ്പതിപ്പിൽ നരിക്കാട്ടിരി രാമപ്രസാദ് എന്നെക്കുറിച്ച് എഴുതിയത് വായിച്ച് പലരും എന്നെ വിളിച്ചിരുന്നു. കൂടുതലും റിട്ടയർ ചെയ്ത അധ്യാപികമാരായിരുന്നു. ലേഖനം ഹൃദയസ്പർശിയായി എന്ന് പറഞ്ഞാണ് ഏവരും സംഭാഷണം തുടങ്ങിയത്.

പലരും എന്റെ അനുഭവങ്ങളോട് ചേർത്ത് വെക്കാവുന്ന അവരുടെ സർവ്വീസ് കാല അനുഭവങ്ങളും പങ്കുവെച്ചു. പ്രസാദിന്റെ എഴുത്തിന്റെ രീതിയുടെ മികവും പരാമർശിക്കപ്പെട്ടു.

ശൈലജ, സാലി എന്നീ രണ്ടു പേരുടെ വിളി എടുത്ത് പറയണമെന്ന് തോന്നി. അവര് ജീവിതത്തിൽ ഒരുപാട് പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരാണ്. അവർക്ക് എന്റെ ജീവിതം ഒരു ചെറിയ ഊർജം പകർന്നു നൽകി എന്ന് അവരുടെ വാക്കുകളിൽ നിന്ന് മനസ്സിലായി. പ്രസാദിനും സ്വസ്തി ടീമിനും നന്ദി.

സുധ.കെ.വി., നരിക്കാട്ടിരി മന,പി.ഒ കുററാനശ്ശേരി
പാലക്കാട് (ജില്ല),പിൻ:679514 മൊബൈൽ:.9497629272



## ഹൃദയസ്പർശിയായി

സ്വസ്തി വിഷുപ്പതിപ്പിൽ അമ്മയായില്ലെങ്കിലും അമ്മയെപ്പോലായി എന്നത് ഹൃദയസ്പർശിയായ അനുഭവമാണ്. സുധടീച്ചറുടെ ജീവിതം ഓർമയിലെന്നും തങ്ങിനിൽക്കും.

ദാമോദരൻ നമ്പൂതിരി,
ചേലോട്ടില്ലം, പി ഒ:തളിയിൽ
വഴി:കുറ്റ്യാടി പിൻ:673508
മൊബൈൽ: 9846316929

## സ്വസ്തി

സ്വസ്ഥമായിട്ടിത്തിരിനേരം
സ്വസ്തി വായിച്ചങ്ങിരുന്നു.
സ്വാർത്ഥതയറിയാത്തൊരാ-
സത്യഗുണനിധിയെ കണ്ടറിഞ്ഞു.

കർത്തവ്യബോധരൂപനായി
സ്വസ്ഥതയറിയുന്നൊരാളായി
അർത്ഥവും വ്യാപ്തിയുമേറെയുണ്ട്
സാത്വിക ഭാവമതിനപ്പുറം

സ്വസ്ഥമായിട്ടാണെങ്കിലും
സ്വസ്തി തൻ പ്രവർത്തനം മുന്നോട്ട്!
ആർത്തിയേറെയെങ്കിലും
വിസ്തരിക്കാനുമാവുന്നില്ലല്ലോയിനിയും!

യോഗക്ഷേമ സഭാഭാഷണം
യോഗക്ഷേമത്തിലൂന്നിടുന്നൂ.
ഭാഗഭാക്കാകാനാവുമെങ്കിൽ
അകക്കാമ്പിലമ്പിളി വിടർന്നേനെ

എം.എസ്. കൃഷ്ണൻ നമ്പൂതിരി, മഞ്ചേരി മന.. മേലഴിയം. പി.ഓ. ആനക്കര .
പിൻ. 679551: പാലക്കാട് ജില്ല.

## ഹൃദ്യം വിജ്ഞാനപ്രദം

സ്വസ്തി ത്രൈമാസികയുടെ കഴിഞ്ഞ ലക്കത്തിൽ കരുനാഗപ്പള്ളി പാവുമ്പാ പവിത്രമംഗലത്തു മഠത്തെക്കുറിച്ചുള്ള ലേഖനം വായിച്ചു. പ്രതിഷ്ഠാദി കർമ്മങ്ങൾക്ക് അവകാശമുണ്ടായിരുന്ന മദ്ധ്യതിരുവിതാംകൂറിലെ പുരാതന ബ്രാഹ്മണ കുടുംബങ്ങളിൽ ഒന്നായ പവിത്രമംഗലത്തെയും, അവിടുത്തെ കുടുംബഭരദേവതയും പാവുമ്പാക്കാളി ശ്രീമൂലസ്ഥാനവുമായ ശ്രീ ഭദ്രാദേവി യുടെ ക്ഷേത്രത്തെയും, അപൂർവ്വ സസ്യലതാദികളുള്ള കാവിനെപ്പറ്റിയുമെല്ലാമുള്ള വിവരണം ഹൃദ്യവും വിജ്ഞാനപ്രദവുമായിരുന്നു.
കുടുംബത്തിലെ പൂർവ്വാചാരങ്ങളെല്ലാം അവിടുത്തെ ഇന്നത്തെ തലമുറ മുറതെറ്റാതെ പിൻതുടരുന്നു എന്നത് ശ്ലാഘനീയമായ കാര്യമാണ്.

ജയകുമാർ, ഗായത്രി മഠം( ഉള്ളന്നൂർ മഠം)
കടുവിനാൽ PO, വള്ളികുന്നം, ആലപ്പുഴ, 9495677026

## ഇല്ലപ്പെരുമ ഗംഭീരം

സ്വസ്തി മാസികയുടെ സ്ഥിരം വരിക്കാരനാണ് ഞാൻ. 'ഇല്ലപ്പെരുമ' വ്യത്യസ്തമായ പംക്തിയാണ്. വിഷുപ്പതിപ്പിലെ 'തന്ത്രവും മന്ത്രവും നിയമങ്ങളും ഇവിടെ പവിത്രമാകുന്നു' വളരെ ശ്രദ്ധേയമായ ഒന്നായി മാറി. അഭിനന്ദനങ്ങൾ

ഗിരീഷ് നമ്പൂതിരി,
വള്ളികുന്നം
കൊല്ലം ജില്ല
മൊബൈൽ: 9539533064

# SREE SANKARA TRUST



Advaitha Bhavan, Sree Sankarapuram, Valayanchirangara P.O.
Perumbavoor, Pin : 683556, Phone : 0484 2657338
www.sreesankaratrust.org
manager.ssv@gmail.com

## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O., Perumbavoor Pin : 683556. Phone : 0484 2656938
(Affiliated to M.G. University) (NAAC Accredited at the "A++" Level)
www.ssvcollege.ac.in ssvidyapeetom@gmail.com

**U G COURSES**

B.A. History, B.A. Economics, B.A. English, B.A. Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry
B.Sc. Computer Science
B.Com Taxation, B.Com Computer Application
B.Voc. Tourism and Hospitality Management

**P G COURSES**

M.A. History
M.Com Finance, M.Com International Business
M.Sc. Chemistry

**HOSTEL FACILITY FOR WOMEN**

## V.T. BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O., Palakkad Dt., Pin - 679517. Phone : 0466 - 2268927
(Affiliated to University of Calicut) (NAAC Accredited at the "B+" Level)
principalvtb@gmail.com

**U G COURSES**

B.A. Sanskrit, B.A. History,
B.A. Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A

**P G COURSES**

M.Sc. Computer Science
M.Com
M.Sc. Mathematics with Data Science

## SREE SANKARA COLLEGE

Nagaroor P.O., Kilimanoor, Pin - 695601, Phone : 0470-2678898
(Affiliated to University of Kerala). sscollegenagaroor@gmail.com

**COURSES** B.Sc. Physics, B.A. Economics, B.Com Taxation

## SREE SANKARA VIDYAPEETOM COLLEGE

Nagaroor P.O., Kilimanoor. Pin : 695601, Phone 0470-2677241, 2678899
(Affiliated to University of Kerala) ssvcn@md3.vsnl.net.in

**U G COURSES**

B.B.A., B.A. English
B.Com Computer Application, B.Com Co-operation
B.Sc. Computer Science, B.Sc. Psychology

**P G COURSES**

M.Com Finance
M.Sc. Computer Science
M.A. English

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O., Kilimanoor, Thiruvananthapuram, Pin - 695601
Phone : 0470 - 2678610 ssvpems@gmail.com
**LKG to 12 (CBSE)**

**Temples Managed by Sree Sankara Trust**

Raloor Kavu Devi Temple, Nagaroor
Thekkinkadu Shiva Temple, Nagaroor
Vishnu Temple, Nagaroor

*"Thamaso Ma Jothir Gamaya"*



## തിരുവോണാശംസകൾ

യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക
ഓണപ്പതിപ്പിന് ആശംസകൾ
എല്ലാർക്കും ഗുരുവായൂരപ്പന്റെ അനുഗ്രഹ
ത്തിനായി പ്രാർത്ഥിക്കുന്നു
ശ്രീഗുരുവായൂരപ്പാ ശരണം

**ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട്**
തന്ത്രിമഠം
ഗുരുവായൂർ

## ശ്രദ്ധാഞ്ജലി



## സാവിത്രി അന്തർജ്ജനം

**ചാലക്കുന്നത്ത് മന**

മക്കൾ : ദേവകി മേലാറ്റൂർ, സതി പാലക്കാട് തങ്കമണി എലപ്പുള്ളി, ശിവദാസൻ നമ്പൂതിരി (കല്ലിങ്കൽ ശ്രീ ചെമ്മട്ടിയക്കാവ് ഭഗവതി ക്ഷേത്രം മേൽശാന്തി)
മരുമക്കൾ : കൃഷ്ണ വർമ്മ, ഉദയൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, ഉദയ എസ് ദാസ്

## നവീനും അനഘയും

പന്നിക്കോട് നടുവിലേടത്തില്ലത്തൊടി ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടേയും സുജാത അന്തർജനത്തിന്റേയും മകൾ അനഘയും കാമ്പ്രത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിയുടേയും ഉമാദേവി അന്തർജന ത്തിന്റേയും മകൻ നവീനും തമ്മിലുള്ള വിവാഹം 2025 ഏപ്രിൽ 30 ബുധനാഴ്ച പേരാമ്പ്ര വെള്ളിയൂർ ഹിയോ ഓഡിറ്റോ റിയത്തിൽ വെച്ച് നടന്നു.



## ശതാഭിഷേകം

### കളത്തില്ലത്ത് നാരായണൻ നമ്പൂതിരി



താമരശ്ശേരി കളത്തില്ലത്ത് പരേതരായ നാരായണൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകൻ നാരായണൻ നമ്പൂതിരി, കള ത്തിൽ ഇല്ലം, കൊയക്കാട് ഉള്ളേ്യരി, റിട്ട. പ്രധാനാധ്യാ പകൻ, കിഴകിനകത്ത് കൊള ങ്കര ഇല്ലത്ത് പാർവതി (ബേബി) ഭാര്യ. മക്കൾ: ഹരീഷ്കുമാർ നമ്പൂതിരി, ഗിരീഷ്കുമാർ നമ്പൂതിരി, സന്തോഷ്കുമാർ നമ്പൂതിരി. മരുമക്കൾ: ശുഭ, ധന്യ, അമ്പിളി, പേരക്കുട്ടികൾ: ദേവനാരായണൻ, ദേവനന്ദ, ശ്രീനന്ദ, വിഷ്ണുനാരായണൻ, ശ്രീദേവി, സൂര്യനാരായണൻ, വസുദേവകൃഷ്ണൻ.


അമ്പിളികല ചൂടും ഭഗവാന്റെ ധന്യവും ശുഭവുമായ അനുഗ്ര ഹങ്ങൾ നേരുന്നു

# ശ്രീജിത്തും അനഘയും

*തിരുമംഗലം നാരായണൻ നമ്പൂതിരിയുടെയും ഗീതയുടെയും മകൻ ശ്രീജിത്ത് തിരുമംഗലവും പുലാശ്ശേരി കരിയന്നൂർ മന ദിവാകരൻ നമ്പൂതിരിയുടെയും ആര്യാ ദേവിയുടെയും മകൾ അനഘ കരിയന്നൂരും കോഴിക്കോട് അഴകൊടി ദേവീമന്ദിരം ഓഡിറ്റോറിയത്തിൽ വിവാഹിതരായി.*

*മൊബൈൽ*
*9895541447*





प्रधान मंत्री
Prime Minister

New Delhi
ज्येष्ठ 24, शक संवत् 1947
14 June, 2025

**Smt. Geetha & Shri T.N. Namboodiri Ji,**

Congratulations on the wedding of **Sreejith** with **Anakha**.
May their marriage be blessed with constant joy, good health and success.

With blessings,

(Narendra Modi)



കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

07-06-2025

പ്രിയപ്പെട്ട ശ്രീ. ടി.എൻ. നമ്പൂതിരി,


മകൻ ശ്രീജിത്ത് തിരുമംഗലം
വിവാഹിതനാകുന്നതിന്റെ
ക്ഷണക്കത്ത് ലഭിച്ചു.
അന്നേദിവസം വിവാഹത്തിൽ
പങ്കെടുക്കാൻ കഴിയാതെ വന്നിരിക്കുന്നു.
വധൂവരന്മാർക്ക് എന്റെ
ആശംസകൾ.

സ്നേഹപൂർവ്വം
പിണറായി വിജയൻ.

*ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോഡിയും*
*മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ആശീർവദിച്ച*
*നവദമ്പതിമാർക്ക്*
*സ്വസ്തിയുടെ മംഗളാശംസകൾ*

# കുട്ടിക്കൂട്ടം





**വരച്ചത്: ദേവാനി വി.ആർ.**

*(വൈത്തല ഇല്ലംചെറുകുളത്തൂർ (പി.ഒ.) കോഴിക്കോട്-673008. വൈത്തല ഇല്ലത്ത് രഘുനാഥ് വി.യുടെയും ശിൽപ്പ വി.എൻ.ന്റെയും മകളാണ്. LKG വിദ്യാർത്ഥിനി, 5 വയസ്സ്, മൊബൈൽ: 9745569530)*





ശുകപുരം കാവുപ്രമാറാത്ത് നാരായണന്റെയും, ശ്രുതിയുടെയും മകൾ ദേവനന്ദയുടെ ആദ്യ കവിതാ സമാഹാരം പ്രകാശനം ചെയ്തു. വട്ടംകുളം യു പി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയാണ് ദേവനന്ദ

മൊബൈൽ: 9497484468.




ചിത്രകാരി : നൈനിക നാരായണൻ, എട്ടാം തരം, ഇന്ത്യൻ സ്കൂൾ, മസ്ക്കറ്റ്, ഒമാൻ
കുമാരനെല്ലൂർ കടിയക്കോൽ മന നാരായണൻ & മംഗലത്ത് മന രാധിക ദമ്പതിമാരുടെ മകൾ
മംഗലത്ത് കൃഷ്ണൻ നമ്പൂതിരി (പാലക്കാട് ഉപസഭ) യുടെ പേരക്കുട്ടി



# The Indian Cricket in 2021

Let's start with Kohli
Who is not like Dhoni
But he is no.1
When it comes to hitting ton
Dhoni will stump it
Before you even hit
Rohit will hit the ball in your face
While Dhavan will take up the pace
Rahul and Shankar will always do the best
And Panth will take care of the rest
Jadeja will always take the catch
And he never misses a match
Now you have seen the beam of the team
These players will demolish other beam
Bhuvi will make sure you don't see the ball
But Bumrah will always stand tall
Kuldeep and Chahal will drop your wicket
Before even you can play cricket
Shami will make the stumps fly
Before even before anyone try
Pandhya and Jhadav will bring the muscle
And everyone will have a big tuscle
This is the team
That can make the dream
That will take the cup home
Into our big dome



**Anurag**
+1Student,
Kadakkavattath mana, Mambra,
Chalkkudi.
S/o Ravi Namboodiri & Thara Ravi, Sobha
Developers Chennai.ph: 9965534705




## കേന്ദ്ര സാഹിത്യ അക്കാദമിയുടെ യുവപുരസ്കാർ ഇംഗ്ലീഷ് വിഭാഗത്തിൽ ഷോർട്ട് ലിസ്റ്റിൽ ഇടം നേടി പ്രണവ

കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2025ലെ യുവ പുരസ്കാർ ഇന്ന് പ്രഖ്യാപിച്ചു അതിൽ എടപ്പാളിന് അഭിമാനമായി ഇംഗ്ലീഷ് സാഹിത്യത്തിൽ ഷോർട്ട് ലിസ്റ്റിൽ പരിഗണിക്കപ്പെട്ട അവസാന 9 കൃതികളിലേക്ക് ഇടം നേടി പ്രണവ

ചങ്ങരംകുളം ലെസ്സൺ ലെൻസിലെഒമ്പതാം ക്ലാസ് വിദ്യാർത്ഥിയാണ് പ്രണവ.ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ എഴുതിയ ശാലോം എ സാഗ ടു എ സെലസ്റ്റിയൽ ഹോംസ്റ്റഡ് എന്ന സയൻസ് ഫിക്ഷൻ നോവലാണ് യുവപുരസ്കാർ പട്ടികയിൽ ഇടം പിടിച്ചത്. ലെസ്സൺ ലെൻസ് പബ്ലിക്കേഷൻ ആണ് പുസ്തകം പ്രകാശനം ചെയ്തത്.

മനുഷ്യൻ മലിനമാക്കിയ ഭൂമിയുടെഭാവിയിലേക്കുള്ള ഒരു ഭീതിജനക കാഴ്ചയാണ് ശാലോം അവതരിപ്പിക്കുന്നത്. അന്തരീക്ഷ താപനില ഉയരുകയും, ജൈവവൈവിധ്യങ്ങൾ ഒടുങ്ങുകയും, ഭൂമിയിലെ പരിസ്ഥിതി സമതുലിതാവസ്ഥ തകരുകയും ചെയ്യുന്ന വേളയിലാണ് എല്ലാ രാഷ്ട്രങ്ങളും കൈകോർത്ത് ഒരു അന്തിമ ദൗത്യത്തിനായി ഒരുങ്ങുന്നത് - SHALOM. കുട്ടികളാണ് ഈ ദൗത്യത്തിന്റെ പ്രധാന സേനാനികൾ. അവർക്കുള്ള ചുമതല - ഒരു പുതിയ നിവാസയോഗ്യ ഗ്രഹത്തെ കണ്ടെത്തുക. നൂറു വർഷങ്ങൾക്കു ശേഷമുള്ളഭൂമിയിലെ ജീവിതം പ്രണവ ഭാവനയിലൂടെവരച്ചു കാട്ടുന്നു

2023 24 വർഷങ്ങളിൽ ക്വീൻ കോമൺവെൽത്ത് യുവ എഴുത്തുകാർക്കായി നടത്തിവരുന്ന ഉപന്യാസമത്സരത്തിൽ തുടർച്ചയായി വർഷങ്ങളിൽ സിൽവർ ,ബ്രോൺസ് അവാർഡ് ജേതാവ് കൂടിയാണ് പ്രണവ.



എടപ്പാൾ നടുവട്ടത്ത് നടുവത്തു മന ഡോ. സുനിലിന്റേയും ഡോ. ദീപയുടേയും മകളാണ്. ഭാനവ് സഹോദരനാണ്

നമ്പർ 8590463615

# കാറിന്റെ ടയർ മാറ്റാൻ ഞാനും കൂടി

ഒരു ദിവസം ഞാൻ ഇല്ലത്തെ ഉമ്മറത്തിരിക്കുമ്പോൾ അടുത്ത ഇല്ലത്തെ വല്യച്ഛന്റെ കാർ മുറ്റത്തു കിടക്കുന്നത് കണ്ടു. അതിന്റെ ഒരു ടയർ പഞ്ചറായി എന്നെനിക്ക് തോന്നി. മൂന്നു ടയറുകൾ പൊങ്ങിയും ഒരു ടയർ മാത്രം താഴ്ന്നും ഇരിക്കുന്നതു കണ്ടപ്പോൾ ആണ് എനിക്ക് അങ്ങനെ തോന്നിയത്.

ഉടനെ ഞാൻ വല്യച്ഛനോട് പോയി പറഞ്ഞു. അപ്പോൾ തന്നെ വല്യച്ഛൻ വന്ന് നോക്കി. ഒരു ടയർ പഞ്ചറായി എന്നു പറഞ്ഞു. ഇനി എന്തു ചെയ്യുമെന്ന് ഞാൻ ചോദിച്ചു. വേറൊരു ടയർ ഉണ്ടെന്നും അതിന് സ്റ്റെപ്പിനി എന്നാണ് പറയുകയെന്നും പറഞ്ഞു. വർക്ക് ഷോപ്പിൽ നിന്ന് ആളെ കൊണ്ടു വരുമെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ വല്യച്ഛൻ തന്നെ ടയർ മാറ്റാനുള്ള ശ്രമം തുടങ്ങി.

ഞാനും വല്യച്ഛന്റെ കൂടെ കൂടി. എങ്ങനെയാണ് ടയർ മാറ്റുന്നതെന്ന് വല്യച്ഛൻ എനിക്ക് പറഞ്ഞു തന്നു. ആദ്യം ജാക്കി വച്ച് വലിയ സ്ക്രൂ ഡ്രൈവർ ഉപയോഗിച്ച് കാർ പൊന്തിക്കണമെന്ന് പറഞ്ഞു.

ഞാൻ അത് തിരിച്ചു നോക്കി. നല്ല ശക്തി വേണം. അങ്ങനെ പത്തു പതിനഞ്ചു വട്ടം തിരിച്ചപ്പോൾ കാർ അല്പം ഉയർന്നു. എനിക്ക് അത്ഭുതമായി. വെറും ഇരുപത് കിലോയേ എനിക്ക് ഭാരമുള്ളൂ. കാറിനാണെങ്കിൽ രണ്ടായിരത്തോളം കിലോ വരും. എന്നിട്ടും ജാക്കി തിരിച്ച് കാർ പൊന്തിക്കാൻ കഴിഞ്ഞതിൽ വലിയ അഭിമാനം തോന്നി. ജാക്കിയുടെ സൂത്രം എനിക്ക് ഇഷ്ടമായി. വലിയ ക്ലാസുകളിൽ അതേപ്പറ്റിയെല്ലാം പഠിക്കാനുണ്ടാവുമെന്ന് വല്യച്ഛൻ പറഞ്ഞു.

കാർ പൂർണ്ണമായും ഉയർന്നപ്പോൾ വല്യച്ഛൻ ടയർ ഊരിയെടുത്തു. പകരം പുതിയത് വെച്ച് ടയറിന്റെ നട്ട് മുറുക്കി. ഇനി ജാക്കി മാറ്റണം. അതിന് സ്ക്രൂ ഡ്രൈവർ ഉപയോഗിച്ച് മറു ഭാഗത്തേക്ക് തിരിക്കണമെന്ന് എന്നോട് പറഞ്ഞു. ഞാൻ അങ്ങനെ ചെയ്തു. അത് വളരെ എളുപ്പമായി തോന്നി. മുഴുവൻ തിരിക്കലും ഞാൻ തന്നെ ചെയ്തു. അതോടെ ജാക്കി കാറിനടിയിൽ നിന്ന് വലിച്ചെടുക്കാമെന്നായി. അതും ഞാൻ തന്നെ ചെയ്തു.

അങ്ങനെ ആദ്യമായി കാറിന്റെ ടയർ മാറ്റുന്നത് കാണാനും ആ പ്രവൃത്തിയിൽ പങ്കെടുക്കാനും എനിക്ക് കഴിഞ്ഞു. അതൊരു പുതിയ അനുഭവമായിരുന്നു എനിക്ക്.

പാർവതി പാലാഞ്ചേരി

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഉപസഭയിലെ പാലാഞ്ചേരി നവീൻ ശങ്കറിന്റെയും അമൃതയുടെയും മകളായ പാർവതി പൂവാട്ടുപറമ്പ് എൽ പി സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥിയാണ്.



**പാർവതി പി**

മൊബൈൽ 8157032706

# പുസ്തകപരിചയം: നാലുകെട്ട്

ശ്രീ എം ടി വാസുദേവൻ നായർ എഴുതി 1958 ൽ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ നോവൽ ആണ് നാലുകെട്ട്. ഒരു കാലഘട്ടത്തിൻറെ ചിന്താ ഗതിയെയും അർദ്ധ ശൂന്യമായ സമ്പ്രദായത്തെയും ജാതിവ്യവസ്ഥയെയും തകർത്തെറിഞ്ഞ നോവൽ ആണിത്. ഒരു നോവൽ ഏറ്റവും സത്യസന്ധമായ സാമൂഹ്യ ചരിത്രമാകുന്നതിന്റെ ഉത്തമോദാഹരണം.അപ്പുണ്ണി എന്ന കുട്ടിയിലൂടെയാണ് ഈ കഥ മുന്നോട്ടുപോകുന്നത്. വടക്കേപ്പാട്ട് എന്ന വലിയ കുടുംബത്തിൽ പ്രൗഢിയോടെ ജീവിക്കേണ്ടിയിരുന്ന കഥാനായകൻ അമ്മ സ്നേഹവിവാഹം ചെയ്തു എന്ന കുറ്റത്തിന് ദാരിദ്ര്യത്തിൽ ജീവിക്കേണ്ടി വരുന്നു. പകിടകളിയിൽ അതിസമർത്ഥൻ ആയിരുന്ന അവന്റെ അച്ഛൻ , സേതാലിക്കുട്ടി എന്ന സുഹൃത്തിൻറെ കരങ്ങളാൽ കൊല്ലപ്പെടുന്നു. മൂത്താച്ചിയിൽ നിന്നും തൻറെ തറവാടിനെ കുറിച്ച് അറിഞ്ഞ അവൻ അവിടേക്ക് പോകുന്നു .എന്നാൽ വലിയമ്മാമ അവനെ പുറത്താക്കുന്നു. പിന്നെയാണ് അവൻറെ മനസ്സിനെ വ്രണപ്പെടുത്തുന്ന രീതിയിൽ ഒരു സംഭവം ഉണ്ടായത്. അമ്മയ്ക്ക് ചില സന്ദർഭങ്ങളിൽ സഹായത്തിന് എത്താറുള്ള വടക്കേപ്പാട്ട് പഴയ പണിക്കാരൻ ശങ്കരൻ നായരുമായുള്ള അപവാദത്തിൽ തെറ്റിദ്ധരിക്കപ്പെട്ട അപ്പുണ്ണി അമ്മയിൽ നിന്നും അകന്നു പോകുന്നു. സെയ്താലിക്കുട്ടിയുടെ ഉപദേശപ്രകാരം വടക്കേ പാട്ടേക്ക് കയറി ചെല്ലുകയും കുട്ടിമാമയുടെ സഹായത്തോടെ അവിടെ താമസിക്കുകയും ചെയ്യുന്നു. ആ നാലുകെട്ടിൽ നീറിപ്പുകയുന്ന അവനെ ഏക ആശ്വാസം അമ്മമ്മയായിരുന്നു. പിന്നീട് ഭാഗം വയ്ക്കലിനെ ചൊല്ലി ആ കുടുംബം അടിച്ചു പിരിയുന്നു .ഭാഗം കിട്ടാനായി മല്ലിടുന്ന ആ വീട്ടിൽ പഠിക്കാനുള്ള നേരമോ രാത്രി വിളക്ക് കത്തിക്കാനുള്ള അനുവാദമോ ഇല്ലാതിരുന്നിട്ടും അവൻ ഉയർന്ന മാർക്കോടെ പരീക്ഷ പാസാകുന്നു. ഉറ്റവരോട് പറയാൻ ആഗ്രഹമുണ്ടായിരുന്നിട്ടും അവൻ പറയാതെ മാസ്റ്റർ തന്ന പത്തു രൂപയും കൊണ്ട് വയനാട്ടിലേക്ക് പോകുന്നു അവിടെ സൈതാലിക്കുട്ടിയുടെ സഹായത്തോടെ അവൻ ചെറിയ ജോലികൾ ചെയ്ത് ഫീൽഡ് റൈറ്ററായി ജോലിക്ക് പ്രവേശിക്കുന്നു. അങ്ങനെ അഞ്ചു വർഷങ്ങൾക്കുശേഷം അവൻ ലീവിന് നാട്ടിൽ വന്നപ്പോൾ അവൻ കാണുന്നത് പണ്ടത്തെ ഗാംഭീര്യവും പ്രൗഢിയും നഷ്ടപ്പെട്ട തറവാടും വലിയമ്മാമേയുമാണ്.4000 രൂപ കൊടുത്ത് ആ നാലുകെട്ട് അവൻ സ്വന്തമാക്കുന്നു. പിന്നീട് അവൻ തന്റെ അമ്മയെയും ശങ്കരൻ നായരെയും കൂട്ടിയാണ് തറവാട്ടിലേക്ക് വരുന്നത് അഞ്ചുവർഷം മുൻപ് വെള്ളപ്പൊക്കത്തിൽ മരണം മുന്നിൽ കണ്ട അമ്മയെ മടിയിൽ കിടത്തി തോണിയിൽ കൊണ്ടുപോയി രക്ഷിച്ചത് ശങ്കരൻ നായർ ആയിരുന്നു. ഈയൊരു സംഭവത്തോടെ നോവൽ ഇവിടെ അവസാനിക്കുന്നു.



ഗൗരി എ കെ ക്ലാസ് 9 അരിഞ്ചിയിൽ ഇല്ലം, ചെമ്പ്രശ്ശേരി ( po) പണ്ടിക്കാട് , മലപ്പുറം
മൊ നമ്പർ.8138823295

# കോഴിക്കോട് ജില്ലാ വാർഷിക കൗൺസിൽ യോഗം

കോഴിക്കോട് ജില്ലാ യോഗക്ഷേമ സഭയുടെ വാർഷിക കൗൺസിൽ യോഗം ജൂൺ 29ന് ഞായറാഴ്ച കോവൂരിൽ ഉള്ള ജില്ലാ ആസ്ഥാനമന്ദിരത്തിൽ നടക്കുന്നു. സംസ്ഥാന നേതാക്കൾ ജില്ലാ കൗൺസിൽ യോഗത്തെ അഭിസംബോധന ചെയ്യും.



*സംസ്ഥാന സമ്മേളനം സമന്വയം സമ്മാന കൂപ്പൺ സംസ്ഥാന പ്രതിനിധി രാമകൃഷ്ണ ഹരി വിതരണം ചെയ്യുന്നു*

17.6.2025 ന് ചേർന്ന ജില്ലാ എക്സിക്യൂട്ടീവ് യോഗത്തിൽ 15 ഉപസഭകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. എസ്എസ്എൽസി പ്ലസ് ടു ഫുൾ എ പ്ലസ് നേടിയ സഭാംഗങ്ങളെ അനുമോദിച്ചു.

ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ പുളിയശ്ശേരി രോഹിണിയെയും, 'വിക്രം സാരാഭായി ടാലൻറ്100' അവാർഡ് നേടിയ ദുർഗ്ഗാ ചിറ്റഴത്തെയും സഭ അനുമോദിച്ചു.

എറണാകുളത്ത് വച്ച് നടക്കുന്ന യോഗക്ഷേമ സഭയുടെ സംസ്ഥാന സമ്മേളനം-സമന്വയം -സമ്മാന കൂപ്പൺ സംസ്ഥാന പ്രതിനിധി രാമകൃഷ്ണ ഹരി യോഗത്തിൽ ഭാരവാഹികൾക്ക് വിതരണം ചെയ്തു.

# കോഴിക്കോട് ജില്ല ഉപസഭാ ഭാരവാഹികൾ

### കോഴിക്കോട് സിറ്റി



അരുൺകല്ലൂർ (പ്രസി), ടി.എസ് വാസുദേവൻ നമ്പൂതിരി (സെക്രട്ടറി)

### ഫറോക്ക്



നീലമന ശങ്കരൻ നമ്പൂതിരി, തളിയിൽ ബാലസുബ്രഹ്മണ്യൻ

### കണ്ണിപറമ്പ്



കോടി തലപ്പണ ശങ്കരൻ, വീട്ടിക്കാട് പരമേശ്വരൻ (കുഞ്ഞുണ്ണി)

### താമരശ്ശേരി



കളത്തില്ലത്ത് നിർമ്മല അന്തർജനം (പ്രസി), കളത്തില്ലത്ത് ഗോവിന്ദൻ നമ്പൂതിരി (സെ)

### രാമല്ലൂർ



ചേലോട് നാരായണൻ നമ്പൂതിരി, ഗിരീഷ് കമ്പളം

### മുക്കം



കാഞ്ഞിരത്തോട്ടം ദാമോദരൻ, താമരക്കുളം കൃഷ്ണകുമാർ.

### ചാത്തമംഗലം




പ്രീത കോരമ്പറ്റ,കൊടക്കാട്ടില്ലത്ത് കൃഷ്ണദാസൻ മൂസ്

### ഉച്ചക്കാവ്



നടുവിലേടം ഹൃഷീകേശൻ നമ്പൂതിരി, ചുഴലിപ്പുറം ശശി പ്രസാദ്

### ചേവായൂർ



തിരുമംഗലം നാരായണൻ, പൂളമണ്ണ ശശിധരൻ മൂസത്

### ബാലുശ്ശേരി



ബാണത്തൂർ സുദേവ്, മേപ്പങ്ങാട്ട് മനോജ്

### കക്കോടി



കോൽപ്പുറം ശ്രീകുമാരൻ, മനോജ് പറമ്പിടി

### കോടഞ്ചേരി



കക്കാരുപള്ളി ഉണ്ണികൃഷ്ണൻ , കിഴക്കില്ലം ദിവ്യ

### പെരുമണ്ണ




പാടേരി വാസുദേവൻ നമ്പൂതിരിപ്പാട്. കോയില്യം ദീപഹരി

### വടകര



കക്കാട്ട് കെ.സി.കൃഷ്ണദാസ്, സുരേഷ് കുറുങ്ങോട്

### ഉള്ള്യേരി



കുന്നമംഗലം വാസുദേവൻ, ചാലിൽ വിഷ്ണു പ്രസാദ്

# കോഴിക്കോട് ജില്ല ഉപസഭാ ഭാരവാഹികൾ

**കൊയിലാണ്ടി**



അകപ്പുറം കേശവൻ, ആയമഠം ശശീന്ദ്രൻ

**മുയിപ്പോത്ത്**



പാറക്കൽ പ്രമോദ്, പാറമേൽ സന്തോഷ് കുമാർ

**കുന്നമംഗലം**



അജിത പുല്ലങ്കോട്ടില്ലം, ദീപ ചിറ്റേഴത്ത്

# കോഴിക്കോട് ജില്ല വനിതാ സഭാ ഭാരവാഹികൾ

**കോഴിക്കോട് സിറ്റി**



പങ്കജം കക്കാട്, ലീല അടുക്കം.

**ചാത്തമംഗലം**



ഗംഗ കക്കടവത്ത്, കൃഷ്ണകുമാരി കൊടക്കാട്ടില്ലം

**പെരുമണ്ണ**



ശ്രീകുമാരി വയപ്പുറം, സ്വർണലത തായട

**കക്കോടി**




ഉമ ചാത്തനാട്ട്, കീർത്തി പ്രജീഷ് എടോളി

**കണ്ണി പറമ്പ്**



സാവിത്രി മുല്ലപ്പള്ളി, ശ്രീരഞ്ജിനി പേരൂർ.

**മുക്കം**



സുജ കൊറ്റി വട്ടം, നിഷ താമരക്കുളം

**ചേവായൂർ**



മിനി മമ്മിളി, രാധാമണിതായാട്ട്

**മുയിപ്പോത്ത്**



സജിന ഗോവർദ്ധനം, ഷീജ കൗസ്തുഭം

**താമരശ്ശേരി:** ലത കളത്തില്ലം, ഗീത കരിഞ്ഞമണ്ണ, **ബാലുശ്ശേരി:** സരസ്വതി ഗായത്രി നിവാസ്, ദേവി മംഗലത്തിലം, **ഫറോക്ക്:** രാധാമണി പെരികമന, സുവർണിനികമ്പളം, **ഉച്ചക്കാവ്:** സജിത നടുവിലേടം , മീന ചുഴലിപ്പുറം, **ഉള്ളിയേരി:** ജയശ്രീ മായഞ്ചേരി, ലീല ബാപ്പറ്റ, **കൊയിലാണ്ടി:** സിജി മേപ്പാട്ടില്ലം, സ്മിത കെ.ഐ, **കുന്നമംഗലം:** ഗീതഗൌരി പുല്ലങ്കോട്ട്, അപർണ പാതിരിശ്ശേരി.

## കോഴിക്കോട് ജില്ല യുവജനസഭ

**താമരശ്ശേരി:** കിരൺലാൽ ശ്രീവത്സം, ശ്രീനാഥ് മലയിൽ, **ചാത്തമംഗലം:** കൃഷ്ണൻ പാറക്കോട്, അർജുൻ ഗീതാ നിവാസ്, **ബാലുശ്ശേരി:** സിന്ധു കൃഷ്ണൻ പ്രാണബലം, ശിവകാമി മേപ്പങ്ങാട്, **ഫറോക്ക്:** കാളിദാസ് തളിയിൽ, ശ്രീചന്ദ് പുലാപ്ര, **കണ്ണി പറമ്പ്:** സുദേവ് വീട്ടിക്കാട്ട്, മനു ഗോവിന്ദ് വീട്ടിക്കാട്, **ഉള്ളിയേരി:** ശ്രീനാഥ് ബാപ്പറ്റ, സാന്ദ്ര ബാപ്പറ്റ, **കൊയിലാണ്ടി:** ഉണ്ണികൃഷ്ണൻ ശാന്തിമഠം, യദുനന്ദൻമേപ്പാട്




*കലാകൗമുദി പത്രത്തിന്റെ വ്യക്തിപ്രതിഭ പുരസ്കാരത്തിൽ സാമൂഹ്യ, ദുരിതാശ്വാസ, രക്ഷാപ്രവർത്തകനുള്ള പുരസ്കാരം അങ്കമാലി ഉപസഭ അംഗവും എറണാകുളം ജില്ലാ ജോയിന്റ് സെക്രട്ടറിയും കൂടി ആയിട്ടുള്ള ശിവയോഗി പാർത്ഥസാരഥിക്ക് ലഭിച്ചു. ഇദ്ദേഹം വരുന്ന സപ്തംബർ 20, 21 തിയ്യതികളിൽ പെരുംമ്പാവൂരിൽ വെച്ചു നടക്കുന്ന യോഗക്ഷേമസഭ സംസ്ഥാന സമ്മേളത്തിന്റെ ട്രാൻസ്പോർട്ട് കമ്മിറ്റിയുടെ കൺവീനറാണ്.*



*നാഗാർജ്ജുന വൈദ്യശാലകളിൽ ഏറ്റവും കുടുത വിറുറു വരവുള്ള ഏജ് ൻ സിയെ പാലക്കാട് ഏജന്റിനെ കമ്പനി വൈസ്പ്രസിഡണ്ട് രമേഷ് ചന്ദ്ര- എം.ആർ. ചന്ദ്രനെ ആദരിക്കുന്നു - ഡോ. രാകേഷ് ചിരൻ - ഗിത ടിച്ചർ എന്നിവർ സമിപം*

കവിത

# ഗോപികാ പരിഭവം





**രമണി ചെങ്ങല്ലൂർ**
മൊബൈൽ 9387983003

നീലക്കാർവർണ്ണനെ കണ്ടോ- അവൻ
കാലിയെ മേച്ചു നടപ്പോ
നീലക്കടമ്പിന്റെ ചോട്ടിൽ- മഞ്ഞ
ച്ചേലത്തുമ്പൊന്നു ഞാൻ കണ്ടു
ഓടക്കുഴൽ വിളി കേട്ടു ഞാൻ
ഓടിവന്നെത്തിയ നേരം
പാടിക്കൊണ്ടെങ്ങോ മറഞ്ഞു കണ്ണൻ- ഞാൻ
പാടേ തളർന്നു പോയ് തോഴി
വെണ്ണയും പാലും യഥേഷ്ടം- മണി
വർണ്ണനു നൽകാനൊരുക്കീ- വഴി
ക്കണ്ണുമായ് ഞാൻ കാത്തിരുന്നു എന്റെ
കണ്ണനിന്നെന്തേ വരാത്തൂ
വൃന്ദാവനത്തിലെങ്ങാനും എന്റെ
നന്ദകുമാരനെ കണ്ട

ചന്ദനമേനിയിൽ ചാർത്താനൊരുക്കിയ
മന്ദാരമാലയും വാടീ
കാളിന്ദി തീരത്തു ഞാനും എന്റെ
ആളിമാരും ചേർന്നൊരുങ്ങീ
കേളികളാടാൻ വരാത്തതെന്തേ എന്റെ
നാളീകലോചനൻ തോഴീ
ഇന്നലെ വന്നെൻ കിനാവിൽ രാഗ
മന്നവനെൻ പ്രിയ തോഴൻ
എന്നരികിൽ ചേർന്നിരുന്നു കണ്ണൻ
പിന്നെ മറഞ്ഞുപോയെങ്ങോ
മാധവനെവിടെപ്പോയി ചൊല്ലു
മധുവഴിയും സുമരാജികളേ
വിധുമുഖി രാധയുമായീ അവൻ
മധുര സല്ലാപത്തിലാണോ

## പാണിഗ്രഹണം ജാതക പരസ്യങ്ങൾക്ക് 1000 രൂപ മാത്രം. വിളിക്കുക 9447337337

| | | | | | |
|---|---|---|---|---|---|
| | ര മ | | മാ | ഗു ച സ | |
| | | | മ ഗു | സ | |
| ല | ല | ഗ്രഹനില | | | കു |
| | മാ | | | കു ച | |
| | ശി | | ശു ബു | ര | |
| | ശു ശി | | ബു | | |

**നിരഞ്ജന എം.എൻ,** ജനനം: 25.09.2000 (1176 കന്നി 9), ജനനസ്ഥലം: തൃശൂർ. നക്ഷത്രം: മകം, ഉയരം: 165 സെ.മീ, വിദ്യാഭ്യാസം: ബി.ടെക് (കമ്പ്യൂട്ടർ സയൻസ്), ജോലി: സോഫ്റ്റ്‌വെയർ ഡവലപ്പർ (യു.എസ്.ടി. ഗ്ലോബൽ, തിരുവനന്തപുരം), ഇല്ലം: മുറിയമംഗലത്ത് മന, അമ്മാത്ത്: മൂത്തേടത്ത് പാലശ്ശേരി, അച്ഛൻ: നാരായണൻ (ധനലക്ഷ്മി ബാങ്ക്), അമ്മ: അഞ്ജലി (യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ), സഹോദരൻ: മെക്കാനിക്കൽ എൻജിനീയർ (ഹ്യൂണ്ടായ്, ചെന്നൈ), മുൻഗണന: എൻജിനീയറിംഗ് മേഖലയിലുള്ള യുവാക്കൾ, വിലാസം: മുറിയമംഗലത്ത് മന, കോലഴി, തൃശൂർ. മൊബൈൽ: 9447365915, 9446440541.



| | | | | | |
|---|---|---|---|---|---|
| | ശു മ | | ല ച ശ മാ | ര ഗു | |
| | | | ഗു മ | സ | |
| | | ഗ്രഹ സ്ഥിതി | | | |
| | | | | കു | |
| ബു | ല ച മാ ശി | | ബു ശു | ര | |
| | | ശി | | കു | |

**ആരതി നമ്പൂതിരി,** ജനനം: 04.10.2000, സമയം: 11.42 am, ജനനസ്ഥലം: കോട്ടക്കൽ. ഉയരം: 160 സെ.മീ. നക്ഷത്രം: മൂലം, വിദ്യാഭ്യാസം: ബി.ബി.എ, എൽ.എൽ.ബി., ജോലി: കോയമ്പത്തൂരിലെ പ്രൈവറ്റ് നിയമ സ്ഥാപനത്തിൽ ജൂനിയർ അസോസിയേറ്റ്. മുൻഗണന: ഉയർന്ന വിദ്യാഭ്യാസവും ജോലിയുമുള്ള യുവാക്കൾ. അച്ഛൻ: സതീശൻ പി. (റിട്ട. എവി.എസ്. എംപ്ലോയീ), അമ്മ: പ്രീത എം. (എച്ച്.എസ്.എ), സഹോദരങ്ങൾ: ഒരു സഹോദരൻ (വിദ്യാർത്ഥി), വിലാസം: പടിഞ്ഞാട്ടീരി മന, മാറാക്കര പി.ഒ., കാടാമ്പുഴ (വഴി), മലപ്പുറം- 676553, അമ്മാത്ത്: തലമുണ്ട മൂത്തേടത്ത്, വളാഞ്ചേരി, ഫോൺ: 9447116305, 9446386305.



| | | | | | |
|---|---|---|---|---|---|
| | ല | | കു | | |
| | മ ശി | ര കു | ബു ഭൃ | | ച |
| ബു | | ഗ്രഹ സ്ഥിതി | | ല മാ | സ |
| ശി | | | | | |
| | ഗു | | | ച സ | ര ഭൃ മ |
| | | ഗു | മാ | | |

**ശിവപ്രസാദ് എ.എം.** ജനനം: 01.05.1996. സമയം: 1.20 pm, ജനനസ്ഥലം: മട്ടന്നൂർ, ഉയരം: 171 സെ.മീ., നക്ഷത്രം: അത്തം, വിദ്യാഭ്യാസം: ബി.ടെക് (മെക്കാനിക്കൽ എൻജിനീയറിംഗ്), ജോലി: ട്രാക്ക് മെയിന്റെയ്നർ (സൗത്ത് റെയിൽവേ, ഗുരുവായൂർ), മുൻഗണന: കേരളത്തിൽ ജോലിയുള്ളതോ, ഉയർന്ന വിദ്യാഭ്യാസമുള്ളതോ ആയ പെൺകുട്ടികൾ. അച്ഛൻ: ശങ്കരനാരായണൻ എ.എം. (റിട്ട. ഹെഡ്മാസ്റ്റർ, എ.എം. എൽ.പി.എസ്. പാലൂർ), അമ്മ: സരള കെ. (അധ്യാപിക, എ.യു.പി.എസ്. ആമയൂർ സൗത്ത്), വിലാസം: അക്കൂരത്ത് മന, ഞാങ്ങാട്ടിരി പി.ഒ., പട്ടാമ്പി (വഴി), അമ്മാത്ത്: കുംഭനില്ലം, മട്ടന്നൂർ, മൊബൈൽ: 9495296367, 8848815502. ജന്മശിഷ്ട ചന്ദ്രദശ



| | | | | | |
|---|---|---|---|---|---|
| | ച | | മാ | ല ര ബു | |
| | | | കു (വ) | ല | |
| കു സ | ച | ഗ്രഹ സ്ഥിതി | | ഗു (വ) ശി | |
| മ | സ മ | | | മാ | ശി |
| ഗു | ബു (വ) ര ശു | | | | |
| | | | ശു | | |

**ശ്രീരാജ് പി.കെ.** ജനനം: 23.12.1990 (1166 ധനു 8). ഉയരം: 172 സെ.മീ., വിദ്യാഭ്യാസം: എം.എ. (സംസ്കൃതം). ജോലി: മേൽശാന്തി (തന്ത്രി), അച്ഛൻ: കൃഷ്ണൻ നമ്പൂതിരിപ്പാട്, അമ്മ: ജയ അന്തർജനം, ഇല്ലം: എലവള്ളി പുലിയന്നൂർ മന, തൃശൂർ, അമ്മാത്ത്: അയ്യോഴി ഇല്ലം, കോട്ടയം, സഹോദരി: മഞ്ജുഷ (വിവാഹിത), വിലാസം: പുലിയന്നൂർ മന, പോർക്കലങ്ങാട് പി.ഒ., കാണിപ്പയ്യൂർ (വഴി), തൃശൂർ- 680517, മൊബൈൽ: 9497150652

| | | | | | |
|---|---|---|---|---|---|
| | | | ഗു സ | | |
| | കു | മാ | ല ച ബു ശു | ര ഗു | |
| | | ഗ്രഹനില | | ശി | |
| കു ല ശു | സ | | | | ച ബു |
| | മ | | | | |
| | മ | ര ശി | മാ | | |

**രാമദാസ് പി.എം.,** ജനനം: 22.6.1990 (1165 മിഥുനം 8), സമയം: 3.47 മാ, ഉയരം: 5' 3', ജോലി: ഫാർമസിസ്റ്റ് (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ, ഗവ. ഓഫ് കേരള, പാലക്കാട് ജില്ല- പി.എസ്.സി. റിക്രൂട്ട്മെന്റ്), അച്ഛൻ: പി.എം.വാസുദേവൻ, ഇല്ലം: പാറയിൽ മന, വിലാസം: പാറയിൽ മന, അയോധ്യ നഗർ, മേഴ്സി കോളേജിന് സമീപം, പി.ഒ. പള്ളിപ്പുറം, പാലക്കാട്- 678006, മൊബൈൽ: 9446801445.



| | | | |
|---|---|---|---|
| കു മ ശി | ല ര ബു | ച ശു | |
| | ഗ്രഹ സ്ഥിതി | | |
| മാ | | | |
| ഗു | | | സ |

**അതുൽദേവ്.** ജനനം: 20.4.1996 (1171 മേടം 7). സമയം: 6.05 a.m. ജനനസ്ഥലം: കണ്ണൂർ. നക്ഷത്രം: കാർത്തിക. ഗോത്രം: വിശ്വാമിത്ര. വിദ്യാഭ്യാസം: ബി.കോം. ജോലി: അസിസ്റ്റന്റ് മാനേജർ (എസ്.ഐ.ബി., ഡൽഹി). മുൻഗണന: നല്ല വിദ്യാഭ്യാസവും ജോലിയുമുള്ള പെൺകുട്ടികൾ. അച്ഛൻ: ദേവദാസ് (ബിസിനസ്), അമ്മ: ഗീത പി.സി. (റിട്ട. സെക്രട്ടറി, കോ-ഓപ്പറേറ്റീവ് ബാങ്ക്), സഹോദരങ്ങൾ ഇല്ല. വിലാസം: ദേവഗീതം, കിളിയങ്ങാട്, മട്ടന്നൂർ കോളേജ് പി.ഒ., കണ്ണൂർ 670702. ഇല്ലം: പുളിമ്പ ഇല്ലം (പയ്യന്നൂർ, കണ്ണൂർ). അമ്മാത്ത്: ചേലോട്ടില്ലം (കോഴിക്കോട്), മൊബൈൽ: 9846653966.

**പാണിഗ്രഹണം ജാതക പരസ്യങ്ങൾക്ക്**
**1000 രൂപ മാത്രം. വിളിക്കുക 9447337337**



| | | | | | |
|---|---|---|---|---|---|
| | ല | ഗു മാ ശി | | | |
| | | ച ഗു മ | | | ച |
| കു ശു | കു | ഗ്രഹ സ്ഥിതി | | സ | |
| ര | ല ര ശി മാ | | | | മ |
| ബു | ബു | ശു | | | |
| | | | സ | | |

**ഐശ്വര്യ.** ജനനം: 15.01.2000. സമയം: 7.30 a.m., ജനനസ്ഥലം: കോഴിക്കോട്. ഉയരം: 165 സെ.മീ., തൂക്കം: 60 കിലോ. നക്ഷത്രം: അശ്വതി. ഗോത്രം: ഭരദ്വാജ. വിദ്യാഭ്യാസം: ബി.എസ്.സി. അഗ്രിക്കൾച്ചർ. ജോലി: അഗ്രിക്കൾച്ചർ ഫിനാൻസ് ഓഫീസർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ. അച്ഛൻ: ഹരിപ്രസാദ് എം. (എ.ഇ.ഇ- കെ.എസ്.ഇ.ബി.എൽ.), അമ്മ: അജിത. സഹോദരൻ: ബി.വി.എസ്.സി. വിദ്യാർത്ഥി. ഇല്ലം: മണിയഞ്ചേരി ഇല്ലം, പി.ഒ ചേവായൂർ, കോഴിക്കോട്-673017, അമ്മാത്ത്: പുതുമന ഇല്ലം, മാനന്തവാടി. മുൻഗണന: നല്ല വിദ്യാഭ്യാസവും ജോലിയുമുള്ള യുവാക്കൾ. മൊബൈൽ: 9447425934, 9400550187.



| | | | | | |
|---|---|---|---|---|---|
| | | | ര | | |
| | മ ശി | കു ബു | ര | ശു | |
| | | ഗ്രഹ സ്ഥിതി | | മാ | സ |
| ച ശി | | | | | |
| കു | ഗു | | ല ച | സ | |
| | | ല ബു മാ | ഗു മ ശു | | |

**വിഷ്ണുനാരായൺ പി.,** ജനനം: 30.05.1996 (1171 എടവം 16), സമയം: 3.43 pm, നക്ഷത്രം: ചോതി, ഉയരം: 172 സെ.മീ., വെളുത്ത നിറം. വിദ്യാഭ്യാസം: ബി.ടെക്, എം.ടെക് (ഐ.ഐ.ടി. ചെന്നൈ), എം.എസ്. (ഇംപീരിയൽ കോളേജ്, ലണ്ടൻ), ജോലി: ഇംഗ്ലണ്ടിൽ. അച്ഛൻ: നാരായണൻ പി., (റിട്ട. എസ്.ബി.ഐ.), അമ്മ: സരസ്വതി ദേവി ഇ. (റിട്ട. കെ.എസ്.ഇ.ബി.), സഹോദരി: ഒരാൾ, വിവാഹിത, ഇല്ലം: പെരിയ മന വാധ്യാൻ, തിരുവനന്തപുരം, അമ്മാത്ത്: ഇഞ്ചിയൂർ ഇല്ലം, തൃക്കരിയൂർ, കോതമംഗലം. മുൻഗണന: പ്രൊഫഷണൽ വിദ്യാഭ്യാസമുള്ള, സുന്ദരികളായ പെൺകുട്ടികൾ (ഇംഗ്ലണ്ടിൽ ജോലി അഭിലഷണീയം), വിലാസം: പെരിയമന, ടി.സി. 42/7(1), SPTRA 101, ശ്രീവരാഹം, തിരുവനന്തപുരം 695009, മൊബൈൽ: 9446543647.
ജനനശിഷ്ടം 9 വർഷം 6 മാസം 24 ദിവസം രാഹുദശ

| | | | | | |
|---|---|---|---|---|---|
| | | | ഗു സ | | |
| | കു | മാ | ല ച ബു ശു | ര ഗു | |
| | | ഗ്രഹനില | | ശി | |
| കു ല ശു | സ | | | | ച ബു |
| | മ | | | | |
| | മ | ര ശി | മാ | | |

**പി.എം. രാമദാസ്.** ജനനം: 22.6.1990 (1165 മിഥുനം 8), നക്ഷത്രം: മകയിരം, ഉയരം: 158 സെ.മീ, ജോലി: ഫാർമസിസ്റ്റ് (ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഗവ. ഓഫ് കേരള, പാലക്കാട്- പി.എസ്.സി. റിക്രൂട്ട്മെന്റ്), ഇല്ലം: പാറയിൽ മന. അച്ഛൻ: പി.എം. വാസുദേവൻ, പാറയിൽ മന, അയോദ്ധ്യ നഗർ, മേഴ്സി കോളേജിന് സമീപം, പള്ളിപ്പുറം പി.ഒ., പാലക്കാട്- 678006. മൊബൈൽ: 9446801445.



| | | | | | |
|---|---|---|---|---|---|
| | ച | | ര | ശു ദാ | |
| | ച കു മ ശി | ര ബു | ശു | മാ | |
| കു | | ഗ്രഹ സ്ഥിതി | | | സ |
| ശി | | | | ല | ല |
| | ഗു | | | സ | |
| | | ഗു | ബു | മ | |

**അനഘ യു.വി.** ജനനം: 17.04.1996, സമയം: 3.25 pm, നക്ഷത്രം: രേവതി, ജനനസ്ഥലം: കോഴിക്കോട്. ഉയരം: 158 സെ.മീ. ഗോത്രം: കാശ്യപ, വിദ്യാഭ്യാസം: ബി.എസ്.എം.എസ്. (ഐസർ, തിരുവനന്തപുരം), പി.എച്ച്.ഡി. (ടെൽ അവീവ്, ഇസ്രയേൽ), ഇപ്പോൾ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ചെയ്യുന്നു (ജർമ്മനി). മുൻഗണന: നല്ല വിദ്യാഭ്യാസവും, ജർമ്മനിയിലോ, അടുത്തുള്ള മറ്റ് യൂറോപ്യൻ രാജ്യങ്ങളിലോ നല്ല ജോലിയുള്ളതോ, ജർമ്മനിയിൽ ജോലി ചെയ്യാനും സ്ഥിരതാമസമാക്കാനും തയ്യാറുള്ളതോ ആയ യുവാക്കൾ. അച്ഛൻ: പി.വിജയകുമാർ, വെൺമരനല്ലൂർ മഠം (റിട്ട. ഡി.ജി.എം., ഇന്ത്യൻ ബാങ്ക്), അമ്മ: ഉഷാദേവി (ഹൗസ് വൈഫ്). മൂത്ത സഹോദരൻ: വിനീത് (എസ്.ബി.ഐ. ഓഫീസർ, തിരുവനന്തപുരം). അമ്മാത്ത്: പാറക്കുന്നത്ത് ഇല്ലം, ചെറൂപ്പ, മാവൂർ, കോഴിക്കോട്, മൊബൈൽ: 7550125501(വാട്സ്ആപ്), 9446437508.



| | | | | | |
|---|---|---|---|---|---|
| | ബു ശു | | | | |
| | ര കു ബു ബ ശി | | ശു | | |
| ശി | | ഗ്രഹ സ്ഥിതി | | | |
| ര | മാ | | | | ശ സ മാ |
| ല | ഗു | സ | ച | സ | |
| | | കു | ച ഗു | | |

**മനുമോഹൻ ഇ.** ജനനം: 4.4.1996, സമയം: 10.39 pm, ജനനസ്ഥലം: നീലേശ്വരം, ഉയരം: 176 സെ.മീ. സമയം: 10.9 സെ.മീ., നക്ഷത്രം: ചിത്തിര, ഗോത്രം: അംഗിരസ്, വിദ്യാഭ്യാസം: എം.കോം (മെക്കാനിക്കൽ), ജോലി: സൂപ്രണ്ട് (എൻ.ഐ.ടി, കോഴിക്കോട്- മിനിസ്ട്രി ഓഫ് എജുക്കേഷൻ, ഗവ. ഓഫ് ഇന്ത്യ), മുൻഗണന: നല്ല വിദ്യാഭ്യാസവും ജോലി ചെയ്യാൻ താൽപ്പര്യവുമുള്ള പെൺകുട്ടികൾ, അച്ഛൻ: മോഹനൻ ഇ., (റിട്ട. ടെക്നിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റ്), അമ്മ: വനജ. സഹോദരി: ഒരാൾ. ഇല്ലം: എടക്കണം, വിലാസം: എടക്കാനം, പട്ടേന, പി.ഒ പുത്തരിയടുക്കം, നീലേശ്വരം, കാസർകോട്- 671314. മൊബൈൽ: 9074285039, 9539783224.

| | | | | | |
|---|---|---|---|---|---|
| | മാ | ശു ഗു ച | ര | ശി | |
| | | ശു | ര ശി | ബു | |
| | മ | ഗ്രഹനില | | കു | |
| കു | ല മാ | | | | |
| | | സ | | ഗു ച | |
| | സ | മ | ബു | ല | |

**നിധീഷ് കെ. എൻ,** ജനനം: 30.5.1993, ജനനസ്ഥലം: എറണാകുളം, നക്ഷത്രം:അത്തം, ഉയരം:178 cm. വിദ്യാഭ്യാസം:BTech, MBA ജോലി:വിദേശ ബാങ്ക്, വൈവാഹിക സ്ഥിതി: രണ്ടാം വിവാഹം ( താലി ബന്ധം മാത്രം) മുൻഗണന: ബിരുദം, ഇല്ലം: കിഴക്കേടത്ത്, അച്ഛൻ: നാരായണൻ (റിട്ടയേർഡ് ജോലി), അമ്മ: ശ്രീകല( റിട്ടയേർഡ് ജോലി), സഹോദരങ്ങൾ: ഇല്ല, വിലാസം: കിഴക്കേടത്ത് മന, എൻ.കെ.ആർ.എ. 911, ഇരിങ്ങോൾ പി.ഒ., പെരുമ്പാവൂർ- 683548, എറണാകുളം ജില്ല. ഫോൺ: 8547762436,9446584026.

# വെദിരമന വിഷ്ണു നമ്പൂതിരി;
## സാമൂഹ്യ-സാംസ്കാരിക - ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കർമ്മോജ്വല വ്യക്തിത്വം

പിലാത്തറ :സാമൂഹ്യ-സാംസ്കാരിക - ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നിറ സാന്നിധ്യമായിരുന്നു അന്തരിച്ച വെദിരമന വിഷ്ണു നമ്പൂതിരി.തന്റെ കർമ്മമണ്ഡലത്തിൽ പൊതുമണ്ഡലങ്ങളിൽ വിശ്രമമില്ലാതെ നിസ്വാർത്ഥ സേവനവും സമർപ്പണവുമായിരുന്നു ജീവിതം. പുറച്ചേരി വെദിരമന നാല് കെട്ട് തറവാട്ടിൽ ജനിച്ച വിഷ്ണു എസ്.എസ് എൽ സി വിദ്യാഭ്യാസത്തിന് ശേഷം തയ്യൽ പണിയിലും ആശാരിപ്പണിയിലും തന്റെ തൊഴിൽ ജീവിതം തുടങ്ങി. സാമൂഹിക-സാമുദായിക നവോത്ഥാന പ്രവർത്തനങ്ങളിൽ കേരളത്തിലുടനീളം സാന്നിധ്യമറിയിച്ചു.



മലബാറിൽ തേനീച്ച വളർത്തലിന് തുടക്കമിട്ട് തേനീച്ച കൃഷിക്ക് വ്യാപക പ്രചാരം നൽകുകയും നിരവധി പേരെ ഈ രംഗത്തേക്ക് കൊണ്ട് വന്ന് തൊഴിൽ പരിശീലിപ്പിക്കുകയും ചെയ്തു.

താടിയിലും മുഖത്തും തേനീച്ചകളുടെ കൂട് തീർത്ത് പൊതുവേദികളിൽ പ്രദർശനം നടത്തി 'തേനീച്ചകളുടെ തോഴൻ' എന്ന നിലയിൽ ഏറെ ശ്രദ്ധേയനായിരുന്നു.

നാഗാർജുന ഔഷധശാലക്ക് മലബാറിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ മുന്നിട്ടിറങ്ങി. പയ്യന്നൂരിൽ സ്വന്തമായി രണ്ട് ഏജൻസി തുടങ്ങി. സൗജന്യ ചികിത്സാ ക്യാമ്പുകളിലൂടെ സാധാരണക്കാരിൽ മരുന്നും ചികിത്സയും വീടുകളിലെത്തിച്ച് നൽകി. ആതുരസേവനം എന്ന ലക്ഷ്യത്തോടെ പുറച്ചേരിയിൽ വിശാലമായ കുന്നിൻ ചെരുവിൽ കേശവതീരം ആയുർവേദ ഗ്രാമം എന്ന പേരിൽ ആയുർവ്വേദ ആസ്പത്രിയും സാംസ്കാരിക കേന്ദ്രവും തുടങ്ങി. ഇവിടെ കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, സാംസ്കാരിക നായകന്മാർ, കലാകാരന്മാർ തുടങ്ങി സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ നിരവധി വ്യക്തിത്വങ്ങൾ വിവിധ പരിപാടികളിൽ സാന്നിധ്യമറിയിച്ചിട്ടുണ്ട്. കൊറോണ കാലത്ത് കേശവതീരവും ആസ്പത്രി സമുച്ചയവും ക്വാറൻറൈൻ സെന്ററായി സൗജന്യമായി വിട്ടുകൊടുത്ത് മാതൃക കാട്ടി. കേശവ തീരം സാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ വ്യത്യസ്ത തുറകളിലെ നൂറ് കണക്കിന് വ്യക്തിത്വങ്ങളെ ആദരിച്ചിട്ടുണ്ട്. പാവങ്ങൾക്ക് സൗജന്യ ചികിത്സ, വീടില്ലാർത്തവർക്ക് വിട് തുടങ്ങി ജീവകാരുണ്യ പ്രവർത്തനത്തിൽ സക്രിയമായിരുന്നു.

വിഷ്ണു നമ്പൂതിരിയുടെ നിര്യാണത്തിൽ എം കെ രാഘവൻ എം പി, എം. വിജിൻ എം എൽ എ , ബി . ജെ.പി. മുൻ സംസ്ഥാന പ്രസിഡന്റ് സി കെ പദ്മനാഭൻ, ഡൽഹി അന്താരാഷ്ട്ര കഥകളി കേന്ദ്രം മുൻ പ്രിൻസിപ്പൽ ഡോ. ചെറുതാഴം കുഞ്ഞിരാമ മാരാർ തുടങ്ങിയവർ അനുശോചിച്ചു.


## വൈദിക വിദ്യാ പീഠം

**VAIDIKA VIDYA PEEDHAM**

**Thekke Swamiyar Madham,**
**Thekkemadham Road, Thrissur 680001, Kerala**

Reg. No. 173 dt. 4.5.2002. Regd u/s 12A of IT act
and eligible for exepmtion u/ s/ 80 G
(Institution for preserving and developing,
Vaidika - Shrautha Culture)
Email: vaidikavidyapeedham@gmail.com

- ഷോഡശ ക്രിയകൾക്ക് കേരളത്തിലെ ഏറ്റവും ആധികാരികമായ സ്ഥാപനം
- ക്രിയകളെ സംബന്ധിച്ച് ആധികാരികമായ അറിവുള്ള കാർമ്മികർ
- വിശാലമായ കുളവും അനുബന്ധ സൗകര്യങ്ങളും
- ഒരു ഡസനിലേറെ ഓയ്ക്കന്മാരുടെ സേവനം

**എല്ലാവിധ ഷോഡശ ക്രിയകൾക്കും ശ്രാദ്ധം, പിണ്ഡം തുടങ്ങിയവക്കും ബന്ധപ്പെടുക**

8590890228
9447805600
9562634427

## ശതാഭിഷേകം

**2025 മെയ് 20 (1200 എടവം 6) ചൊവ്വാഴ്ച**
**വാടാനംകുറിശ്ശി എംടീസ് കൺവെൻഷൻ പാലസ്**



# ഉണിക്കാളി അന്തർജ്ജനം

(പരേതനായ തന്ത്രിവര്യൻ അണ്ടലാടി നാരായണൻ നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി)



## ഉപനയനം

കണ്ണികുളത്ത് ഇല്ലത്ത് അനിൽകുമാർ - സജിത ദമ്പതിമാരുടെ മകൻ ഋതു ദേവിന്റെ ഉപനയനം കണ്ണികുളത്ത് ഇല്ലത്ത് നടന്നു.

ആശംസകളോടെ, മുത്തശ്ശൻ - ശങ്കരനാരായണൻ, മുത്തശ്ശി സാവിത്രി അന്തർജനം, സഹോദരൻ ഋഷബ് ദേവ്

കണ്ണികുളത്തില്ലം,
ഉദയനാപുരം,
വൈക്കം, കോട്ടയം
686143
ഫോൺ:
7025043256

# 84 പിറന്നാൾ ആശംസകൾ



## സാവിത്രി അന്തർജ്ജനം

മേലേടത്ത് മന
കൊടശ്ശേരി
2025 മെയ് 10 ശനിയാഴ്ച
ആശംസകളോടെ
വിവേക്, വിശ്വനാഥൻ, വാസന്തി
(ഭസ്മത്തിൽ മേക്കാട്ടു മന),
വേദിക.

അരിത്തോട്ടം വാസുദേവൻ നമ്പൂതിരി
ശ്രീലത, ജിഷ്ണു







# ഷഷ്ടിപൂർത്തി ആശംസകൾ

2025 ഏപ്രിൽ 30 ഞായറാഴ്ച
മക്കരപ്പറമ്പ് ഹെവൻ
കൺവൻഷൻ സെന്റർ

## മാനമ്പള്ളി മനക്കൽ കുറുവ രാജൻ നമ്പൂതിരി@60

ഭാര്യ ജ്യോതി നീലമന,
മക്കൾ: യദുരാജ് (എൻജിനീയർ, ഫ്ളോസർവ്), ഡോ. വിഷ്ണുരാജ്

# എഴുപത്തിയഞ്ചാം പിറന്നാൾ ആഘോഷിച്ചു

## ശ്രീദേവി അന്തർജ്ജനം, വാഴാമ്പറ്റ മന

**(മണാശ്ശേരി, മുക്കം, കോഴിക്കോട് ജില്ല)**




വാഴാമ്പറ്റ മന വാസുദേവൻ നമ്പൂതിരിയുടെ (റിട്ട. പ്രിൻസിപ്പൽ) പത്നി ശ്രീദേവി അന്തർജ്ജനത്തിന്റെ എഴുപത്തിയഞ്ചാം പിറന്നാൾ 2025 മാർച്ച് 31 ന് തൃപ്പൂണിത്തുറയിൽ വെച്ച് ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സാന്നിദ്ധ്യത്തിൽ വിപുലമായി ആഘോഷിച്ചു. പിറന്നാൾ ദിനത്തിൽ നേരിട്ടും അല്ലാതെയും ആശംസകൾ അറിയിച്ച എല്ലാവർക്കും നന്ദി അറിയിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം: **വാസുദേവൻ നമ്പൂതിരി, ബിനു വാസുദേവൻ** (മകൻ), **ജയ ദാമോദരൻ** (മകൾ), **ദാമോദരൻ രാമൻ** (മരുമകൻ), **റാണി ടി.എം.** (മരുമകൾ), **ദയ, ലയ, ആരാധ്യ, വേദിക** (പേരക്കുട്ടികൾ)



## സപ്തതി ആശംസകൾ

### ഡോ. വടക്കുമ്പാട് നാരായണൻ
### ശ്രീദേവി പരമേശ്വരൻ
**തൃശൂർ**





സപ്തതിയുടെ നിറവിൽ നിൽക്കുന്ന
ഡോ. വടക്കുമ്പാട് നാരായണനും
ഇരട്ട സഹോദരി ശ്രീമതി ശ്രീദേവി
പരമേശ്വരൻ മൂർത്തിയേടത്തിനും ആശംസകൾ.

തൃശൂർ തെക്കേമഠം ആമ്നായപീഠം ചാരിറ്റബിൾ ട്രസ്റ്റ്

## ഷഷ്ട്യബ്ദപൂർത്തി ആശംസകൾ

### വാസുദേവൻ നമ്പൂതിരി

**2025 ജൂൺ 27, 1200 മിഥുനം 13 – പൂയ്യം**



ഗുരുവായൂരപ്പന്റെ നിത്യ
സേവകൻ പാരമ്പര്യ
കീഴ്ശാന്തി കീഴേടത്ത്
വാസുണ്ണി നമ്പൂതിരി
അറുപതിന്റെ നിറവിൽ

## ശതാഭിഷേകം

### ടി ആർ വല്ലഭൻ നമ്പൂതിരിപ്പാട്



ശതാഭിഷിക്തനാകുന്ന യോഗക്ഷേമസഭയുടെ
മുൻ പ്രസിഡണ്ട് ടി ആർ വല്ലഭൻ
നമ്പൂതിരിപ്പാടിനും സഹധർമ്മിണി
സരള അന്തർജനത്തിനും സ്വസ്തി
ത്രൈമാസികയുടെ അഭിവാദ്യങ്ങൾ

## ഏർക്കര ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്

**80 ന്റെ യുവത്വത്തിലേക്ക്**



*ആയുരാരോഗ്യസൗഖ്യം നേർന്നുകൊണ്ട്*
**യോഗക്ഷേമസഭാ സ്വസ്തി ത്രൈമാസിക**

## ചോറൂൺ

**അദിതി**



പുതുമന ഇല്ലത്ത് സജിത്ത് – ആര്യ ദമ്പതിമാരുടെ പുത്രി അദിതിയുടെ ചോറൂണ് ഉദയനാപുരം മോഴുവള്ളി ഭഗവതി ക്ഷേത്ര ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

ആശംസകളോടെ
മുത്തശ്ശൻ ജനാർദ്ദനൻ പി,
മുത്തശ്ശി – സതി അന്തർജ്ജനം,
സഹോദരൻ : ആദിഷ് ശങ്കർ

പുതുമന ഇല്ലം, ശ്രീനാരായണപുരം,
ഉദയനാപുരം, വൈക്കം,
കോട്ടയം 686143
ഫോൺ 9495261702



## ജന്മശതാബ്ദി

### വൈദ്യമഠം ആര്യാ അന്തർജനം

(രാമപുരത്ത് വടക്കേടത്ത് മഹൾ, അന്തരിച്ച അഷ്ടവൈദ്യൻ വൈദ്യമഠം സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ സഹധർമ്മിണി)

**ജനനം: 1100 മേടമാസം പൂയം നക്ഷത്രം**
**ചരമം: 1130 കന്നിമാസം മകം നക്ഷത്രം**


മക്കൾ:
അന്തരിച്ച പ്രൊഫസർ വൈദ്യമഠം വി.എം നാരായണൻ നമ്പൂതിരി,
റിട്ട: പി.ഡബ്ളിയു.ഡി എഞ്ചിനീയർ വൈദ്യമഠം വി.എസ് രാമൻ നമ്പൂതിരി,
ശ്രീദേവിചിത്രൻ (ചെമ്മന്തട്ട മഠത്തിൽ മന)

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ഡി. നേത്രൻ നമ്പൂതിരി**

തൊടുപുഴ: മണക്കാട് മായാനിവാസിൽ ഡി. നേത്രൻ നമ്പൂതിരി (96 റിട്ട. ഹെഡ്മാസ്റ്റർ ഗവ. സ്കൂൾ അരിക്കുഴ) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ സരോജിനി അമ്മ (റിട്ട. ഹെഡ്മിസ്ട്രസ് മണക്കാട് എൻ.എസ്. എസ്. ഹൈസ്കൂൾ). പരേതൻ മൂവാറ്റുപുഴ കൊട്ടുക്കൽ മന കുടുംബാംഗം. മക്കൾ: രാജീവ് മേനോൻ(കാനഡ), മായാ സജീവ് (ഐശ്വര്യ ജൂവലറി മൂവാറ്റുപുഴ), താര റെക്സ് (ബെംഗളൂരു). മരുമക്കൾ: ലേഖ രാജീവ്, പരേതനായ പി.സജീവ് (ഐശ്വര്യ), റെക്സ് (റിട്ട. എയർഫോഴ്സ്).



**ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി**

നടുവണ്ണൂർ: സി.പി.ഡബ്ല്യു.ഡി മുൻ എക്സിക്യൂട്ടീവ് എൻജിനീയറും അവിടനല്ലൂർ ലക്ഷ്മീനാരായണ ക്ഷേത്രം പാരമ്പര്യ ട്രസ്റ്റിയുമായ പുതുക്കുടി ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി (85) വിഷ്ണുപാദം പൂകി. ഭാര്യ: ഉമാദേവി അന്തർജനം (വളാഞ്ചേരി തൊഴാനൂർ മന). മക്കൾ: സ്മിത, സുജിത്. മരുമക്കൾ: ഹരികൃഷ്ണൻ (കറുത്തേടത്ത് മന), നിഷ (മരുതൂർ മന). സഹോദരങ്ങൾ: ശ്രീദേവി മേപ്പാട്ടില്ലം, ദേവകി പൈക്കാട്ടില്ലം, സരോജം ബാപ്പറ്റ.



**വനജാ അന്തർജനം**

മുട്ടം: കാടമറുക് ഇല്ലത്ത് വനജാ അന്തർജനം (78) വിഷ്ണുപാദം പൂകി. വയനാട് മാടമന ഇല്ലം കുടുംബാംഗം. ഭർത്താവ്: പരേതനായ നാരായണൻ തിരുമേനി. മക്കൾ: യമുനാ കൃഷ്ണകുമാർ, പ്രസാദ് എൻ.നമ്പൂതിരി (മേൽശാന്തി ശ്രീകൃഷ്ണസ്വാമി ക്ഷേത്രം), സിന്ധു വിജു, പ്രശാന്ത് എൻ. നമ്പൂതിരി. മരുമക്കൾ: പരേതനായ കൃഷ്ണകുമാർ, സന്ധ്യാ പ്രസാദ്, വിജു സി. ശങ്കർ (മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ്, മുട്ടം പഞ്ചായത്ത് മുൻ അംഗം), ഇന്ദിരാ പ്രശാന്ത്.



**ഗീതാഅന്തർജനം**

വടക്കാഞ്ചേരി: തൃശ്ശൂർ ആലത്തൂർമന പരേതനായ നാരായണൻ നമ്പൂതിരിപ്പാടിന്റെ ഭാര്യ ഗീതാ അന്തർജനം (89) വിഷ്ണുപാദം പൂകി. വൈദ്യരത്നം ഔഷധശാലാ സ്ഥാപകൻ അഷ്ടവൈദ്യൻ എളേടത്ത് തൈക്കാട്ട് പരേതനായ പത്മശ്രീ ഇ. ടി. നീലകണ്ഠൻ മൂസ്സിന്റെ പുത്രിയാണ്. മക്കൾ: മോഹൻലാൽ, മനുമോഹൻ, ഭാനുമോഹൻ, രഘുമോഹൻ, മായ. മരുമക്കൾ: ജയശ്രീ വെടിയൂർ, പ്രഭാ അടാട്ട് കുറൂർ, ഉമ പെരിങ്ങശ്ശേരി, മിനി തെക്കിനിയേടത്ത്, മരുതൂർ പുരുഷോത്തമൻ നമ്പൂതിരി.



**വരിക്കാശ്ശേരി മനയിൽ ദാമോദരൻ**

കാലടി: വരിക്കാശ്ശേരി മനയിൽ എൻ.എം. ദാമോദരൻ (എൻ.എം.ഡി. -83) വിഷ്ണുപാദം പൂകി. റിട്ട. തപാൽ ജീവനക്കാരനായിരുന്നു. പാൽ മേഖലയിലെ എൻ.എഫ്.പി.ഇ. സംസ്ഥാന നേതാവായിരുന്നു. ഭാര്യ: എം. ഭാഗ്യവതി (റിട്ട. അധ്യാപിക). മക്കൾ: വി.എം. ദീപ (മാധ്യമ പ്രവർത്തക), വി.എം. പ്രദീപ് (അസിസ്റ്റന്റ് പോസ്റ്റൽ സൂപ്രണ്ട്, റീജണൽ ഓഫീസ് കോഴിക്കോട്).



**നാരായണൻ നമ്പൂതിരിപ്പാട്**

പെരിന്തൽമണ്ണ: ഏലംകുളത്ത് മന നാരായണൻ നമ്പൂതിരിപ്പാട് (73) വിഷ്ണുപാദം പൂകി. പത്നി: സാവിത്രി അന്തർജനം (ബ്രഹ്മകുളം അവനിക്കാട്). മക്കൾ: മിഥുൻ (ഐ.ടി. സോഫ്റ്റ്‌വെയർ എൻജിനിയർ, കോയമ്പത്തൂർ), യദു (ഐ.ടി. സോഫ്റ്റ്‌വെയർ എൻജിനീയർ, ടെക്നോപാർക്ക്, തിരുവനന്തപുരം). മരുമക്കൾ: ദേവി (പൂങ്ങാട് മന), ദേവിശ്രീ (അവണപ്പറമ്പ് മന).



**ശ്രീദേവി അന്തർജനം**

അഷ്ടവൈദ്യൻ എളേടത്ത് തൈക്കാട്ട് ദിവാകരൻ മൂസ്സിന്റെ പത്നി (ചാത്തന്നൂർ കക്കാട്ട് നാരായണൻ നമ്പൂതിരിപ്പാടിന്റെ മകൾ) ശ്രീദേവി (ശാന്തി) അന്തർജ്ജനം (75) വിഷ്ണുപാദം പൂകി. റിട്ട. സ്കൂൾ അധ്യാപികയാണ്. മക്കൾ: സിത്താര, അഷ്ടവൈദ്യൻ ഡോ. ഇ.ടി.രവി മൂസ്സ്, ശ്രീദേവി. മരുമക്കൾ: ഓട്ടൂർ ദാമോദരൻ നമ്പൂതിരിപ്പാട്, ഡോ. ആര്യ മൂസ്സ്, വിനേഷ് തിടീൽ പുളിയപടമ്പ്.



**എം.പി.നീലകണ്ഠൻ നമ്പൂതിരി**

ദീർഘകാലം അങ്ങാടിപ്പുറം തരകൻ സ്കൂളിലെ പ്രധാന അദ്ധ്യാപകനും, ആദ്ധ്യാത്മിക പ്രഭാഷകനും, നിരവധി വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ രചയിതാവുമായ മ്യാൽപ്പിള്ളി മന എം.പി. നീലകണ്ഠൻ നമ്പൂതിരി (94) അന്തരിച്ചു. പത്നി: സരസ്വതി അന്തർജ്ജനം(എടശ്ശേരി മന), മകൾ ജയഗീത, മരുമകൻ നാരായണലാൽ, പേരക്കുട്ടികൾ: ആതിര,ആദിത്യൻ.



**സരസ്വതി അന്തർജ്ജനം**

കിളിമാനൂർ : പോങ്ങനാട് കീഴ്പേരൂർ പുത്തൻ മഠത്തിൽ മരങ്ങാട്ടില്ലത്ത് പരേതനായ ശങ്കരൻ നമ്പൂതിരിയുടെ ഭാര്യ സരസ്വതി അന്തർജ്ജനം(89) വിഷ്ണുപാദം പൂകി. മക്കൾ: വാമനൻ നമ്പൂതിരി, ശങ്കരൻ നമ്പൂതിരി, സാവിത്രി അന്തർജ്ജനം, കൃഷ്ണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, മാധവൻ നമ്പൂതിരി. മരുമക്കൾ: ഉഷാദേവി, സരസ്വതി അന്തർജ്ജനം, ശങ്കരൻ നമ്പൂതിരി, ഗംഗാദേവി, രേഖ, രാജി.



**സതീശൻ നമ്പൂതിരി**

പള്ളിക്കത്തോട്: ആനിക്കാട് ഉമാസദനം (ചിറമംഗലത്ത് ഇല്ലം) സതീശൻ ന മ്പൂതിരി (ബാബു-62) വിഷ്ണുപാദം പൂകി. കാണക്കാരി വേണാട്ട് പുത്തില്ലം കുടുംബാംഗമാണ്. ആനിക്കാട് ശങ്കരനാരായണമൂർത്തി ക്ഷേത്രം മുൻ മേൽശാന്തിയായിരുന്നു. ഭാര്യ: ആശ. മകൾ: ചിത്തിര. മരുമകൻ: പ്രദോഷ് (ചവർക്കാട് ഇല്ലം കടമ്പഴിപ്പുറം, പാലക്കാട്).

## വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**സാവിത്രി അന്തർജ്ജനം**

കരുവാറ്റ ചെങ്ങാരപ്പള്ളി മഠത്തിൽ സാവിത്രി അന്തർജ്ജനം(90) വിഷ്ണുപാദം പൂകി. അന്തരിച്ച ദാമോദരൻ പോറ്റിയുടെ (ആർ.എസ്.പി., തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ., കെ.എസ്.ഡി.സി. ചെയർമാൻ സ്ഥാനങ്ങൾ വഹിച്ചിരുന്നു. ) സഹധർമ്മിണി. പാല നരമംഗലത്തില്ലത്തെ അംഗം. മക്കൾ: ജയശ്രീ. ഡി.വാസുദേവൻ മൂത്തേടത്ത്മന, സുമിത്ര.ഡി. പരമേശ്വരൻ നമ്പൂതിരി പുത്തില്ലം,ചെറുവട്ടൂർ, അന്തരിച്ച പരമേശ്വരൻ പോറ്റി( ജനയുഗംഎഡിറ്റർ, എ.ഐ. ആർ. എഫ്.എം.കൊച്ചി), ഉയരാത്ത നെടുമ്പറമ്പ് മന തൃപ്പൂണിത്തുറ, മരുമക്കൾ: വാസുദേവൻ നമ്പൂതിരി, പരമേശ്വരൻ നമ്പൂതിരി, ലേഖ പരമേശ്വരൻ ഞാറ്റ്യാല, കാലടി, പരേതനായ രാമൻ നമ്പൂതിരി.




**അംബ തമ്പുരാട്ടി**

പന്തളം രാജകുടുംബാംഗവും പന്തളം കൈപ്പുഴ ലക്ഷ്മിവിലാസം കൊട്ടാരത്തിൽ പൂയം നാൾ മംഗലത്തമ്പുരാട്ടിയുടെയും കുമ്മനം കരുവേലിൽ ഇല്ലത്ത് ദേവദത്തൻ നമ്പൂതിരിയുടെയും മകൾ തിരുവോണം നാൾ അംബ തമ്പുരാട്ടി (87) നിര്യാതയായി. ഭർത്താവ്: പരേതനായ മുരളീധര രാജ (ചിറളയം പാലസ്, കുന്നംകുളം) മക്കൾ: രാജേഷ് വർമ്മ, (റിട്ട. എസ്.ബി.ഐ.), രമേഷ് വർമ്മ (ജോയന്റ് സെക്രട്ടറി, പന്തളം കൊട്ടാരം മാനേജിംഗ് കമ്മിറ്റി), ബ്രിജേഷ് വർമ്മ (ചെന്നൈ). മരുമക്കൾ: ശ്രീകല (സൗത്ത് ഇന്ത്യൻ ബാങ്ക്), ശ്രീജ (നവോദയ സ്കൂൾ നേരിയമംഗലം) സുരഭി.



**സാവിത്രി അന്തർജ്ജനം**

മൂക്കുതല ഏർക്കര മനക്കൽ ദിവംഗതനായ നാരായണൻ നമ്പൂതിരിയുടെ സഹധർമ്മിണി ഇളവള്ളി എപ്പറത്ത് മഹൾ സാവിത്രി അന്തർജനം (94) വിഷ്ണുപാദം പൂകി. മക്കൾ: ശങ്കരൻ നമ്പൂതിരി (ഹോസ്പെറ്റ് അയ്യപ്പക്ഷേത്രം മേൽശാന്തി കർണ്ണാടക), രാമൻ നമ്പൂതിരി (മൂക്കുതല ഭഗവതി ക്ഷേത്രം മേൽശാന്തി), നാരായണൻ നമ്പൂതിരി, പരേതയായ ലീല (കോടനാട്ട് മന), ദേവി (മഠസി മന), സാവിത്രി ( പുത്തില്ലം ചെന്നിത്തല), ശ്രീദേവി (കാരക്കാട്ട് ഇല്ലം). മരുമക്കൾ: ലീല, കെ.ബി. ബ്രഹ്മദത്തൻ, ത്രിവിക്രമൻ നമ്പൂതിരി, മാധവൻ നമ്പൂതിരി, പ്രകാശ് നമ്പൂതിരി. പേരക്കുട്ടികൾ: വിദ്യ, വാണി, നിത്യ, നാരായണൻ നമ്പൂതിരി, അനുവിന്ദ.




**കുഞ്ഞി പരമേശ്വരൻ തിരുമുമ്പ്**

ബ്രഹ്മശ്രീ തളിയിൽ മനയിൽ കുഞ്ഞി പരമേശ്വരൻ തിരുമുമ്പ് വിഷ്ണുപാദം പൂകി. റിട്ടയേഡ് കാനറാ ബാങ്ക് ഓഫീസർ ആയിരുന്നു. പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, രാമന്തളി ശ്രീ ശങ്കരനാരായണ ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളുടെ ഊരാള ട്രസ്റ്റി ആയിരുന്നു. മക്കൾ: ആർ എം സാവിത്രികുട്ടി, (റിട്ടയേർഡ്. കാനറാ ബാങ്ക് ഉദ്യോഗസ്ഥ), ആർ എം ശങ്കരനാരായണൻ തിരുമുമ്പ്. റിട്ടയേർഡ് ഹയർസെക്കൻഡറി അധ്യാപകൻ ( സംസ്കൃതം). മരുമക്കൾ : കൊറ്റിവട്ടം നാരായണൻ നമ്പൂതിരി, മണാശ്ശേരി, കോഴിക്കോട്, ജയശ്രീ, മംഗലശ്ശേരി ഇല്ലം, കണ്ണാടിപ്പറമ്പ്.



**കാളി അന്തർജനം**

ഒറ്റപ്പാലം: ചാത്തനൂർ കക്കാട്ട് മനയിൽ കാളി അന്തർജനം (87) കണ്ണിയമ്പുറം മാനവ നഗറിൽ വിഷ്ണുപാദം പൂകി. കുലുക്കല്ലൂർ പരിയാനംപറ്റമന കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ഗോദശർമൻ നമ്പൂതിരിപ്പാട്. മക്കൾ: മല്ലിക (താനൂർ ദേവധാർ ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രധാനാധ്യാപിക, താനാളൂർ പഞ്ചായത്ത് പ്രസിഡന്റ്), ലീല (റിട്ട. അധ്യാപിക, ജിയുപിഎസ്, പൈങ്കുളം), ലതിക, ഉണ്ണി. മരുമക്കൾ: വാമനൻ (റിട്ട. സൂപ്രണ്ട്, വിദ്യാഭ്യാസവകുപ്പ്), നീലകണ്ഠൻ (റിട്ട. പ്രധാനാധ്യാപകൻ, ജിയുപിഎസ്, പൈങ്കുളം), ആനന്ദൻ (പയ്യൂർമന, വണ്ടൂർ), സുജ (അധ്യാപിക, എ എൽപിഎസ്, കടമ്പൂർ



**നാരായണൻ നമ്പൂതിരി**

പുലിയന്നൂർ: പ്രശസ്ത ജ്യോതിഷ പണ്ഡിതനും, കഥകളി കലാകാരനുമായ, പാലാ പുലിയന്നൂർ സുദർശനത്തിൽ (നടുവിൽപാറ ഇല്ലം) നാരായണൻ നമ്പൂതിരി (67) വിഷ്ണുപാദം പൂകി. ഭാര്യ: ഷീല പുലിയന്നൂർ വടക്കേമഠം കുടുംബാംഗം. മകൻ: ശ്രീനാഥ്. മരുമകൾ: സാന്ദ്ര.




**കെ.എസ്. വിഷ്ണു ശർമ**

ആര്യനാട്: കുളപ്പട മേലേമഠം വൈഷ്ണവത്തിൽ കെ.എസ്. വിഷ്ണു ശർമ (64 കുളപ്പട റബ്ബർ ഉത്പാദകസംഘം പ്രസിഡന്റ്, കൊങ്ങണം ഭദ്രകാളി ക്ഷേത്രമേൽശാന്തി) വിഷ്ണുപാദം പൂകി. ഭാര്യ: എൻ.ശ്രീ കുമാരി(ടീച്ചർ, ജിഎൽപിഎസ് കുളപ്പട). മക്കൾ: വിശാഖ് ശർമ്മ, വൈശാഖ് ശർമ്മ.




**വാസുദേവൻ നമ്പൂതിരി**

പെരുമ്പാവൂർ: തോട്ടുവ കൊരമ്പൂർ കിഴക്കേ ഇല്ലം വാസുദേവൻ നമ്പൂതിരി (82) വിഷ്ണുപാദം പൂകി. ഭാര്യ: മറ്റപ്പിള്ളിമന പരേതയായ സാവിത്രി. മകൻ: നിഖിൽ (ഇൻഫോ പാർക്ക്), മരുമകൾ: സന്ധ്യ (പോപ്പുലർ ഗ്രൂപ്പ്).



**ജി. ശങ്കരനാരായണൻ പോറ്റി**


പമ്മംകോട് പുതുമന മഠം ജി. ശങ്കരനാരായണൻ പോറ്റി (82)വിഷ്ണുപദം പൂകി. സഹധർമ്മിണി: ഗംഗാ അന്തർജനം, മക്കൾ: ഗംഗാധരൻ പോറ്റി, സുബ്രഹ്മണ്യൻ പോറ്റി, മരുമക്കൾ: രാധാദേവി, അശ്വതി കൃഷ്ണൻ. തിരുവനന്തപുരം അരുവിക്കര ഉപസഭാംഗമാണ്.



**കൃഷ്ണൻ നമ്പൂതിരി**

വിളയിൽ പറപ്പൂർ പൂക്കോട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ ശാന്ത അന്തർജനം, മക്കൾ ചിത്ര, വാസുദേവൻ, സഹോദരങ്ങൾ: പരേതനായ നീലകണ്ഠൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, പി. പുരുഷോത്തമൻ, രുഗ്മിണി പരിമള, സുകുമാരി, ബാല

## വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**കെ.കെ. കേശവൻ നമ്പൂതിരി**

ആനിക്കാട്: കാരങ്ങാട്ട് കുഴുപ്പള്ളി ഇല്ലത്ത് കെ.കെ. കേശവൻ നമ്പൂതിരി (97) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ രമാദേവി അന്തർജനം (പുന്നശ്ശേരി ഇല്ലം പനമറ്റം). മക്കൾ: ശോഭനകുമാരി, രാധാകൃഷ്ണൻനമ്പൂതിരി, മധുസൂദനൻനമ്പൂതിരി, ജയശ്രീ, ശ്രീകുമാർ നമ്പൂതിരി. മരുമക്കൾ: പരേതനായ ഹരികുമാർ (അമ്പലപ്പുഴ), മണിക്കുട്ടി മേവിട, ലതി. (അമ്പലപ്പുഴ), ശ്രീകുമാർ (ഓച്ചിറ), പ്രിയ (ആണ്ടൂർ).



**ശ്രീധരൻ മൂത്തത്**

വൈക്കം: പടിഞ്ഞാറേടത്ത് ഇല്ലത്ത് ശ്രീധരൻ മൂത്തത് (83) വിഷ്ണുപാദം പൂകി. ഭാര്യ: അമ്മിണിക്കുട്ടി. കുളമണ്ണിൽ ഇല്ലം ഇരിങ്ങാലക്കുട. മക്കൾ: ശ്രീജ അജിത്ത് (കിഴക്കേ ഇല്ലം, എറണാകുളം), മിനി രവി (കിഴക്കിനിയകത്ത് ഇല്ലം തൃക്കണ്ടിയൂർ), ഹരികുമാർ. മരുമക്കൾ: അജിത്ത് (കിഴക്കേ ഇല്ലം), രവി (കിഴക്കിനിയകത്ത് ഇല്ലം തൃക്കണ്ടിയൂർ), ദീപാ ഹരികുമാർ (തെക്കേടത്ത് മഠം, ചാലക്കുടി).

## ഓണത്തിന് ഉണ്ണാവ്രതം അനുഷ്ഠിച്ചിരുന്ന പരമേശ്വരൻ നമ്പൂതിരി വിഷ്ണുപാദം പൂകി



കോഴഞ്ചേരി ആറന്മുള പാർഥസാരഥി ക്ഷേത്രത്തിന്റെ കാരാഴ്മക്കാരനും ചിങ്ങമാസത്തിലെ തിരുവോണനാളിൽ ഉണ്ണാവ്രതമിരിക്കുന്ന മൂന്ന് കുടുംബങ്ങളിലെ മുതിർന്ന കാരണവരുമായ നെടുംപ്രയാർ ചെറുകര ഇല്ലത്ത് സി.എ. പരമേശ്വരൻ നമ്പൂതിരി (93) വിഷ്ണുപാദം പൂകി.

ക്ഷേത്രത്തിന്റെ കൈസ്ഥാനീയർ കൂടിയായ ഈ കുടുംബങ്ങളാണ് മുമ്പ് ആറന്മുള ക്ഷേത്രത്തിന്റെ പാടശേഖരങ്ങൾ നോക്കിനടത്തിയിരുന്നത്. ഒരു തിരുവോണത്തലേന്ന് രാത്രി നെല്ല് വാങ്ങാൻ വന്ന ഗർഭിണി മഴ നനഞ്ഞ് മരിച്ചു.

ഇല്ലത്തിന്റെ വാതിൽ അടച്ച തിനുശേഷമാണ് ഇവർ എത്തി യത്. ഇവർ മരിച്ച വിവരം പിറ്റേന്നാണ് എല്ലാവരും അറിഞ്ഞത്.

കുടുംബത്തിന് അറിയാതെ പറ്റിയ പിഴവിന് പരിഹാരമായി ഓണനാളിൽ, കാരാഴ്മ കൈസ്ഥാനീയരായ കുടുംബത്തിലെ പ്രതിനിധികൾ ഉണ്ണാവ്രതം അനുഷ്ഠിക്കണമെന്നായിരുന്നു ദേവപ്രശ്നവിധി. ഭാര്യ: പരേതയായ സാവിത്രീദേവി. മക്കൾ: പരേതയായ ഗീതാകുമാരി, ഗിരീഷ്കുമാർ, ഗോപകുമാർ, ഗിരിജാകുമാരി. മരുമക്കൾ: പരേതനായ പരമേശ്വരൻ നമ്പൂതിരി, വിജയ, ഉമാദേവി, ശ്രീകുമാരൻ നമ്പൂതിരി.



**രമാദേവി അന്തർജനം**

പള്ളിക്കത്തോട്: കാരങ്ങാട്ട് കുഴുപ്പള്ളിൽ ഇല്ലത്ത് രമാദേവി അന്തർജനം (90) വിഷ്ണുപാദം പൂകി. മക്കൾ: ശോഭനകുമാരി, കെ.കെ. രാധാകൃഷ്ണൻ നമ്പൂതിരി, കെ.കെ. മധുസൂദനൻ നമ്പൂതിരി, ജയശ്രീ, കെ.കെ. ശ്രീകുമാർ നമ്പൂതിരി. മരുമക്കൾ: പരേതനായ ഹരികുമാർ (തോട്ടപ്പള്ളി ഇല്ലം, അമ്പലപ്പുഴ), മണിക്കുട്ടി അന്തർജനം (വരകപ്പള്ളി ഇല്ലം, മേവട), ലതി (തോട്ടപ്പള്ളി ഇല്ലം, അമ്പലപ്പുഴ), ശ്രീകുമാർ (ചെമ്പകശ്ശേരി ഇല്ലം, ഓച്ചിറ), പ്രിയ (വല്ലനാട്ട് ഇല്ലം, ആണ്ടൂർ).



**ബൈജു നമ്പൂതിരി**

രാമപുരം (മലപ്പുറം ജില്ല): നമ്പൂതിരി കാറ്ററിങ് സ്ഥാപന ഉടമ വടക്കേടത്ത് മനയ്ക്കൽ ബൈജു നമ്പൂതിരി (49) വിഷ്ണുപാദം പൂകി. പരേതനായ രാമൻ നമ്പൂതിരിയുടെയും ലീല അന്തർജനത്തിന്റെയും മകനാണ്. ഭാര്യ: കെ.കെ. സൗമ്യ (അധ്യാപിക, രാമപുരം എഎച്ച് എൽപി സ്കൂൾ). മക്കൾ: സൗഭാഗ്യ, ശ്രീനിധി. സഹോദരൻ: അശ്വിൻ



**പരമേശ്വരി അന്തർജ്ജനം**

ചിറ്റന്നൂർ മരങ്ങാട്ടില്ലത്ത് പരമേശ്വരി അന്തർജ്ജനം(90) വിഷ്ണുപാദം പൂകി. ഭർത്താവ് പരേതനായ ദാമോദരൻ നമ്പൂതിരി. മക്കൾ: കൃഷ്ണൻ നമ്പൂതിരി, വിഷ്ണു നമ്പൂതിരി, സരസ്വതി അന്തർജനം, നാരായണൻ നമ്പൂതിരി. മരുമക്കൾ: പ്രസന്ന അന്തർജനം, ഉഷ കെ വി, പരേതനായ രാമൻ നമ്പൂതിരി, ദേവകി അന്തർജ്ജനം.



**ശ്രീകുമാരി അന്തർജനം**


വൈറ്റില: മാപ്ലശ്ശേരി ലെയ്ൻ പാലാട്ട് മനയിൽ ശ്രീകുമാരി അന്തർജനം (91) വിഷ്ണുപാദം പൂകി. പരേത തിരൂർ വഞ്ഞേരിമന കുടുംബാംഗമാണ്. ഭർത്താവ്: പാലാട്ടുമനയിൽ പരേതനായ നീലകണ്ഠൻ നമ്പൂതിരി. മക്കൾ: ശശികുമാർ (ജോത്സ്യൻ, തൃപ്പൂണിത്തുറ), പി.അജിത്കുമാർ (ഇന്ത്യൻ നേവി റിട്ട. ഉദ്യോഗസ്ഥൻ), സാവിത്രി (തങ്കം-വലവൂർ കോട്ടയം), ദിലീപ് നമ്പൂതിരി. മരുമക്കൾ: ജലജ, ശോഭ, ജയന്തൻ നമ്പൂതിരി, പ്രസന്ന.



**സാവിത്രി ഇ.എസ്.**

ആമ്പല്ലൂർ: പൂക്കോട് കിഴക്കേടത്ത് മനയിൽ ഇ.എസ്. സാവിത്രി (78) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ കെ.നാരായണൻ നമ്പൂതിരി. മക്കൾ: സനോജ് (മാനേജർ, ശ്രീലക്ഷ്മി, പോളിമേഴ്സ് ഉദയംപേരൂർ), സനിൽ (ബ്യൂറോ ചീഫ്, ദേശാഭിമാനി തൃശൂർ), മരുമക്കൾ: നിഷ (അസി. മാനേജർ, മുത്തൂറ്റ് ഫിനാൻസ്, എറണാകുളം), മഞ്ജു വൈഖരി (എഴുത്തുകാരി).

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**വിഷ്ണു നമ്പൂതിരി**

പിലാത്തറ : സാമൂഹ്യ-സാംസ്കാരിക - ജീവകാരുണ്യ - പരിസ്ഥിതി പ്രവർത്തകനും കേശവതീരം ആയുർവ്വേദ ഗ്രാമം സ്ഥാപകനുമായ പുറച്ചേരി വെദിരമന ഇല്ലത്ത് വിഷ്ണു നമ്പൂതിരി (68) വിഷ്ണുപാദം പൂകി. കേശവതീരം ആയുർവ്വേദ ആസ്പത്രി മാനേജിംഗ് ഡയറക്ടറാണ്. കവി മണ്ഡലം കേന്ദ്രസമിതി, മാതൃഭൂമി സ്റ്റഡി സർക്കിൾ, പയ്യന്നൂർ ചേമ്പർ ഓഫ് കൊമേഴ്സ്, സഭായോഗം, അറത്തിൽ വായനശാല, യോഗക്ഷേമസഭ യുവജനസഭ ജില്ലാ പ്രസിഡന്റ്, ബാലഗോകർണ്ണം ശിവക്ഷേത്രം, പരിസ്ഥിതി സമിതി, കുഞ്ഞിമംഗലം മാങ്ങാ കൂട്ടായ്മ, ജോൺ സി സ്മൃതി സമിതി, മാടായിപ്പാറ സംരക്ഷണ സമിതി തുടങ്ങി നിരവധി സംഘടനകളുടെ നേതൃനിര പ്രവർത്തകനാണ്. ഡൽഹി പഞ്ചവാദ്യ ട്രസ്റ്റിന്റെ ആയുഷ് പുരസ്കാരം, സഭായോഗം മാർഗ്ഗദീപം, കർമ്മ ജ്യോതി, വ്യാപാരശ്രേഷ്ഠ തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിരവധി സംഘടനകളാൽ ആദരിക്കപ്പെട്ടിരുന്നു. ഭാര്യ: ലത വി.അന്തർജനം (മാനേജർ, നാഗാർജുന, പയ്യന്നൂർ) മക്കൾ: ഡോ. കേശവൻ വെദിരമന (മെഡിക്കൽ ഡയറക്ടർ,കേശവതീരം ആയുർവ്വേദ ആസ്പത്രി), ഡോ. അശ്വതി വെദിരമന (സ്പെഷലിസ്റ്റ് കൺസൽട്ടന്റ്, കേശവതീരം ആയുർവ്വേദ ആസ്പത്രി ), മരുമക്കൾ:ഡോ. തുളസി കേശവൻ (ചീഫ് മെഡിക്കൽ ഓഫീസർ, കേശവതീരം ആയുർവ്വേദ ആസ്പത്രി), അനൂപ് ഗോവിന്ദ് (അക്കൗണ്ടന്റ്, തിരുവനന്തപുരം), സഹോദരങ്ങൾ: സാവിത്രി അന്തർജനം (കോറോം കൊറ്റംവള്ളി ഇല്ലം), ഈശ്വരൻ നമ്പൂതിരി (റിട്ട. എസ് ബി ഐ ഡപ്യൂട്ടി മാനേജർ), കൃഷ്ണൻ നമ്പൂതിരി (റിട്ട. കെ എസ് ആർ ടി സി) മാധവൻ നമ്പൂതിരി (ബിസിനസ്), ഗോവിന്ദൻ നമ്പൂതിരി (മുൻ അക്കൗണ്ടന്റ്, പയ്യന്നൂർ നാഗാർജുന ) , ദേവകി അന്തർജ്ജനം (ബംഗളൂരു), നാരായണൻ നമ്പൂതിരി (റിട്ട. ഖാദി ബോർഡ് )



**ശ്രീദേവി അന്തർജനം**

തൃക്കൊടിത്താനം: നാൽകവല കൈപ്പുഴ ഇല്ലത്ത് ശ്രീദേവി അന്തർജനം (101) വിഷ്ണുപാദം പൂകി. മകൻ: പരേതനായ നാരായണൻ നമ്പൂതിരി, മരുമകൾ: ഉമാദേവി അന്തർജനം.



**നങ്ങേലി അന്തർജനം**

പരേതനായ പാടി ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെ ഭാര്യ നങ്ങേലി അന്തർജനം (94) (മുതുവാട്ടില്ലം, ഓലായിക്കര) വിഷ്ണുപാദം പൂകി. മക്കൾ: പരേതനായ ഉണ്ണി നാരായണൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി (റിട്ട. ഹൈസ്കൂൾ അദ്ധ്യാപകൻ, MKHSS കുട്ടമത്ത്), കേശവൻ നമ്പൂതിരി (മേൽ ശാന്തി, കൊട്ടേക്കാട് എമൂർ ഭഗവതി ക്ഷേത്രം, പാലക്കാട്). മരുമക്കൾ: ശോഭന അന്തർജനം (മൂത്തേടം, വളാഞ്ചേരി), സരസ്വതി (ഇടമന ഇല്ലം, മാതമംഗലം, റിട്ട അദ്ധ്യാപിക, MRVHSS പടന്ന ) , ലീന (മൂത്തേടം, വളാഞ്ചേരി, മാനേജർ, PNY സഭ, ഒലവക്കോട്), സഹോദരൻ: മുതുവാട്ടില്ലത്ത് കേശവൻ നമ്പൂതിരി (ഓലായിക്കര).



**വിഷ്ണു നമ്പൂതിരി**

പരിപ്പ്: കാളകാട്ടില്ലത്ത് വിഷ്ണു നമ്പൂതിരി (89) വിഷ്ണുപാദം പൂകി. യോഗക്ഷേമസഭ ജില്ലാ സെക്രട്ടറി, ബി.ജെ.പി. അയ്മനം പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ്, ബി.ജെ.പി ഏറ്റുമാനൂർ നിയോജക മണ്ഡലം സെക്രട്ടറി, ബി.ജെ.പി. ജില്ലാ കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർ ത്തിച്ചിട്ടുണ്ട്. ഭാര്യ: പേരാമംഗലം മുണ്ടയൂർ മനയിൽ പാർവതി അന്തർജനം. മക്കൾ: ഉണ്ണികൃഷ്ണൻ (ദേവസ്വംബോർഡ്), ബാബുരാജ് (മല്ലപ്പള്ളി ഭഗവതിക്ഷേത്രം), ഹരികുമാർ (പാമ്പാടി ചെറുവള്ളിക്കാവ്). മരുമക്കൾ: ഇന്ദു, യമുന, രമ.



**സുഭദ്രാ ദേവി അന്തർജ്ജനം**

അടിമുറ്റത്ത് മഠത്തിൽ സുഭദ്രാ ദേവി അന്തർജ്ജനം (93) വിഷ്ണുപാദം പൂകി. ഭർത്താവ് പരേതനായ തന്ത്രി ഗോപാലകൃഷ്ണ ഭട്ടതിരി. മക്കൾ : ശ്രീരഞ്ജൻ ഭട്ടതിരി (പരേതൻ), ശ്രീനാരായണ ഭട്ടതിരി, ഹേമലത ദേവി (പരേത), ശൈലജ , മാലിനി, പദ്മജ, മരുമക്കൾ: തനൂജ, വാസുദേവൻ, ഉണ്ണികൃഷ്ണൻ (പരേതൻ), ഉഷ, ഷാജി, രാമചന്ദ്രൻ.



**എസ്സ്. നാരായണൻ പോറ്റി**

മലപ്പുറം ഉപസഭാംഗവും ദീർഘകാലം മലപ്പുറത്ത് താമസക്കാരനുമായിരുന്ന റിട്ട. ട്രാൻസ്പോർട്ട് കമ്മീഷണർ എസ്സ്. നാരായണൻ പോറ്റി വിഷ്ണുപാദം പൂകി. ഭാര്യ: ഇന്ദിരാദേവി (റിട്ട. ടീച്ചർ PKHM പടപ്പറമ്പ) മക്കൾ 'ശ്രീദേവ് (ഹൈദരാബാദ്), ദേവശ്രീ (പൂന)



**വി.എസ്.നാരായണൻ നമ്പൂതിരി**

കോട്ടയം: നട്ടാശ്ശേരി വടക്കുംമ്യാൽ ഇല്ലത്ത് വി.എസ്.നാരായണൻ നമ്പൂതിരി (99) (റിട്ട. ഗവ. ഹൈസ്കൂൾ, അദ്ധ്യാപകൻ) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ ഇന്ദിരാദേവി (മണ്ണാറശ്ശാല ഇല്ലം). മക്കൾ: വി.എൻ.വാസുദേവൻ (റിട്ട. ബി.ഡി.ഒ), വി. എൻ.നാരായണൻ (കുമാരനല്ലൂർ ദേവസ്വം). മരുമക്കൾ: രാധികാദേവി (കുഴിക്കാട്ടില്ലം, തിരുവല്ല), നിഷ കോക്കരമന, പുത്തൻകുരിശ്.



**വെങ്കിടേശ്വരൻ പോറ്റി**

കാരേറ്റ് പെരുവഴീയ്ക്കൽ മഠത്തിൽ ബ്രഹ്മശ്രീ വെങ്കിടേശ്വരൻ പോറ്റി വിഷ്ണുപദം പൂകി.



**ശ്രീദേവി അന്തർജനം**


കരിവെള്ളൂർ: നിടുവപ്പുറത്തെ തിമിരി വടക്കില്ലം ശ്രീദേവി അന്തർജനം (93) വിഷ്ണുപാദം പൂകി. ഭർത്താവ് : പരേതനായ വടക്കില്ലം നാരായണൻ നമ്പൂതിരി. മക്കൾ: സരസ്വതി അന്തർജനം (പട്ടേന വെതിരമന ഇല്ലം), പ്രസന്നാ അന്തർജനം (അരീക്കര ഇല്ലം, കോഴിക്കോട്), നാരായണൻ നമ്പൂതിരി (ശാന്തി, കോഴിക്കോട്), കൃഷ്ണൻ നമ്പൂതിരി (വിമുക്തഭടൻ). മരുമക്കൾ: ശങ്കരൻ നമ്പൂതിരി (കോഴിക്കോട് അരീക്കര ഇല്ലം), എസ്.എം. ഉഷ, പരേതരായ വെതിരമന ശങ്കരൻ നമ്പൂതിരി, ദേവകി അന്തർജനം, സഹോദരങ്ങൾ: പടിഞ്ഞാറെ ചെറുമുക്ക് ജാതവേദൻ നമ്പൂതിരി (തൃശ്ശൂർ), പന്തൽമന ആര്യാ അന്തർജനം (തൃശ്ശൂർ), പരേതരായ പരമേശ്വരൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, സരസ്വതി അന്തർജനം (ക്ലായിക്കോട്ട് തെക്കില്ലം).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**സതീശൻ നമ്പൂതിരിപ്പാട്**

പൊന്നാനി പൊൽപ്പാക്കര മന സതീശൻ നമ്പൂതിരിപ്പാട് (റിട്ടയേർഡ് പഞ്ചാബ് നേഷനൽ ബാങ്ക്)തൃശൂരിൽ വെച്ചു നിര്യാതനായി. ഭാര്യ സവിത (റിട്ടയേർഡ് മ്യൂസിക്ക് ടീച്ചർ) മകൻ നിതിൻ (കനഡ).



**നവീൻ എൻ. എസ്. കുമാർ**

അർക്കന്നൂർ നെടുമൺ മഠത്തിൽ പരേതനായ ശ്രീകുമാരരു പണ്ടാരത്തിലിന്റെ മകൻ നവീൻ എൻ. എസ്. കുമാർ (ബിജു) നന്ദജം 35/2349,വലിയവിള തിരുമല തിരുവനന്തപുരം വിഷ്ണുപാദം പൂകി.



**സുഭദ്ര അന്തർജനം**

നാഗത്തിങ്കൽ സുഭദ്ര അന്തർജനം നന്മണ്ട, (കുന്നമംഗലത്ത് ഇല്ലപറമ്പ്) വിഷ്ണുപാദം പൂകി. നാഗത്തിങ്കൽ ബ്രഹ്മപ്രകാശിന്റെ പത്നിയാണ്. ഏക മകൻ കൃഷ്ണപ്രസാദ്.



**ലീലാമണി അന്തർജനം**

കീഴില്ലം വെട്ടിക്കാട്ട് മനയിൽ നാരായണൻ നമ്പൂതിരിയുടെ സഹധർമ്മിണി ലീലാമണി അന്തർജനം (82) വിഷ്ണുപാദം പൂകി. മക്കൾ: ജയദേവൻ എൻ. (റിട്ട. സൗത്ത് റെയിൽവേ), രമേഷ് വി.എൻ. (നാഗാർജുന തൊടുപുഴ), ഇന്ദുലേഖ താഴപ്പിള്ളി (ശ്രീനിലയം) കല്ലൂർക്കാട്, മരുമക്കൾ: ആശാദേവി കോവാട്ട് മന, രമാദേവി വി.ആർ. വടശ്ശേരി ഇല്ലം. ബിജു നാരായണൻ താഴപ്പിള്ളി (ശ്രീനിലയം) കല്ലൂർക്കാട്.



**ലീല വാസുദേവൻ**

തിരുവനന്തപുരം: ജഗതി സി. എസ് റോഡിൽ ചെമ്പകശ്ശേരി ഇല്ലത്തെ ലീല വാസുദേവൻ (88) വിഷ്ണുപാദം പുകി. പി. ഡബ്ലിയു ഡി ചീഫ് എഞ്ചിനീയറായിരുന്ന പരേതനായ ചെമ്പകശ്ശേരി ഇല്ലത്ത് എൻ വാസുദേവന്റെ സഹധർമ്മിണിയാണ്. മകൻ സുനിൽ വാസുദേവൻ ( പി. ഡബ്ളിയു ഡി റിട്ട: ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ), മകൾ ഡോ : സുശീല അനിൽ കുമാർ ( പട്ടം എസ് യു ടി ഹോസ്പിറ്റൽ ഗൈനക്കോളജിസ്റ്റ് ). മരുമക്കൾ അനിൽകുമാർ വെള്ളിമന, ശൈലജ സുനിൽ (കൂപക്കര മഠം).



**ആര്യ വാസന്തി**

കൂത്തുപറമ്പ്: നീർവേലി മന്ദ്യത്തില്ലത്തിൽ ആര്യ വാസന്തി (67) വിഷ്ണുപാദം പൂകി. നീർവേലി യുപി സ്കൂൾ മുൻ പ്രഥമാധ്യാപികയാണ്. ഭർത്താവ്: പ്രൊഫ. രാമചന്ദ്രൻ ഭട്ടതിരിപ്പാട്. മക്കൾ : സജിത്ത് ചന്ദ്രൻ (കോ-ഓ പ്പറേറ്റീവ് ഹോസ്പിറ്റൽ, തലശ്ശേരി), ശരത് ചന്ദ്രൻ, പൂർണിമ. മരുമക്കൾ : ഉമേഷ്, രമ്യ. സഹോദരങ്ങൾ : കലാറാണി (അധ്യാപിക), ഡോ. പിയൂഷ് നമ്പൂതിരിപ്പാട് (കണ്ണൂർ ഡിഎംഒ), അഡ്വ. സമീരൻ നമ്പൂതിരിപ്പാട്, അഡ്വ. സായൂജ് മക്കാട്, പരേതരായ അഡ്വ. നാരായണ പ്രകാശ്, അഡ്വ. ദേവരാജ്.




**ഹേമലതാദേവി**

ഏരിമല പാറക്കോട്ടില്ലത്ത് വാസുദേവൻ നമ്പൂതിരിയുടെ പത്നി ഹേമലതാദേവി അന്തർജ്ജനം(68) വിഷ്ണുപാദം പൂകി. മക്കൾ: കൃഷ്ണൻ നമ്പൂതിരി, ഉമ, ശങ്കരൻ നമ്പൂതിരി. സഹോദരങ്ങൾ: ചെങ്ങന്നൂർ അടിമുറ്റത്തു മഠത്തിൽ പരേതനായ ശ്രീരഞ്ജൻ ഭട്ടതിരി, ശ്രീനാരായണ ഭട്ടതിരി, ശൈലജാദേവി, ഗിരിജാ ശങ്കർ ഭട്ടതിരി, ഹേമമാലിനീദേവി, പത്മജാദേവി.



**ദാമോദരൻ പോറ്റി**

ഹരിപ്പാട് (വെള്ളംകുളങ്ങര) ചെങ്ങാരപ്പള്ളി മഠത്തിൽ ദാമോദരൻ പോറ്റി(84) വിഷ്ണുപാദം പൂകി. ഭാര്യ: ഭദ്ര അന്തർജനം (തലയാറ്റുംപിള്ളി ഇല്ലം), മകൻ ദിലീപ് (അസോസിയേറ്റഡ് കെമിക്കൽസ്, എറണാകുളം).



**അഷ്ടമൂർത്തി നമ്പൂതിരി**

ചെർപ്പുളശ്ശേരി: പുത്തനാൽക്കൽ ഭഗവതി ക്ഷേത്രത്തിൽ 48 വർഷം മേൽശാന്തിയായിരുന്ന ചെർപ്പുളശ്ശേരി മോഴികുന്നത്തുമന അഷ്ടമൂർത്തി നമ്പൂതിരി (76) വിഷ്ണുപാദം പൂകി. ഭാര്യ: പെരിന്തൽമണ്ണ എരവിമംഗലം പെരുമന ഇല്ലം സാവിത്രി അന്തർജനം. (റിട്ട. അധ്യാപിക, കുന്നപ്പള്ളി എ.യു.പി. സ്കൂൾ), മക്കൾ: എം. സീന (അധ്യാപിക, ചെമ്മല എ.യു.പി.എസ്.), എം.ശ്രീദ, മരുമക്കൾ: മധു പരുത്തി, രാജീവ് നല്ലേടത്ത്, സഹോദരങ്ങൾ: പടിഞ്ഞാറ്റുമുറി പയ്യപ്പിള്ളി മന സരോജം, മരത്തംകോട് അകഴിമന സാവിത്രി, ശ്രീമൂലനഗരം വെടിയൂർമന ദേവകി, അങ്കമാലി കൈപ്പിള്ളിമന ആര്യ, പരേതനായ മോഴികുന്നത്തുമന നാരായണൻ നമ്പൂതിരി, വെള്ളിനേഴി തേലക്കാട്ടുമന സുനന്ദ.



**പ്രൊഫ. ടി.കെ. വിഷ്ണു നമ്പൂതിരി**

പിലാത്തറ: രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തകനും പയ്യന്നൂർ കോളേജ് റിട്ട. അധ്യാപകനുമായ കൈതപ്രത്തെ തെക്കെ കോറമംഗലത്തില്ലത്ത് പ്രൊഫ. ടി.കെ.വിഷ്ണു നമ്പൂതിരി (80) എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ വിഷ്ണുപാദം പൂകി. കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ്, കോൺഗ്രസ് എസ് ബ്ലോക്ക് പ്രസിഡന്റ്, ദീർഘകാലം കടന്നപ്പള്ളി-പാണപ്പുഴ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, കടന്നപ്പള്ളി ഗവ. ഹൈസ്കൂൾ കെട്ടിട നിർമാണ കമ്മിറ്റി ജനറൽ സെക്രട്ടറി, കൈതപ്രം വായനശാല ആൻഡ് ഗ്രന്ഥാലയം പ്രസിഡന്റ്, കൈതപ്രം വാസുദേവപുരം ക്ഷേത്രം പാരമ്പര്യ ട്രസ്റ്റി ബോർഡംഗം, കൈതപ്രം ഭാസ്കര പ്രിൻസിപ്പൽ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഭാര്യ: സാവിത്രി അന്തർജനം. മക്കൾ: ഗീത (തൃക്കടിരി മന, പാലക്കാട്), ധന്യ (കുഴിപ്പുറം ഇല്ലം, കോഴിക്കോട്). ടി.കെ.സനൽ (എൻജിനീയർ, എറണാകുളം). മരുമക്കൾ: വാസുദേവൻ (ക്യാപ്റ്റൻ, മർച്ചന്റ് നേവി), മനോജ് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ), ഡോ. വരദ (കാർമൽ ഹോസ്പിറ്റൽ, എറണാകുളം). സഹോദരങ്ങൾ: പരേതരായ ടി.കെ.ഗണപതി നമ്പൂതിരി, ദേവകി അന്തർജനം.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**സാമൂതിരി കെ സി ഉണ്ണിയനുജൻ രാജ**

കോഴിക്കോട് സാമൂതിരി കെ സി ഉണ്ണിയനുജൻ രാജ (100)തീപ്പെട്ടു. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് കോഴിക്കോട് മിംസ് ആശുപത്രിയിൽ ഒരാഴ്ചയായി ചികിത്സയിലായിരുന്നു. ഗുരുവായൂർ ദേവസ്വം ഭരണസമിതി സ്ഥിരാംഗമാണ്. സാമൂതിരി രാജയുടെ ട്രസ്റ്റിഷിപ്പിൽ ഉള്ള ക്ഷേത്രങ്ങളുടെയും സാമൂതിരി - ഗുരുവായൂരപ്പൻ കോളജിന്റെയും സാമൂതിരി ഹയർ സെക്കൻഡറി സ്കൂളിന്റെയും ഭരണം 11 വർഷമായി നിർവഹിച്ചു. സമീപകാലം വരെ പൊതുരംഗത്ത് സജീവ സാന്നിധ്യം ആയിരുന്നു. പാലക്കാട് വടക്കഞ്ചേരി കണ്ണമ്പ്ര തറവാട്ടിൽ പരേതയായ മാലതി നേത്യാരാണ് ഭാര്യ. മക്കൾ: സരസിജ രാജ, ശാന്തിലത രാജ, മായാ ഗോവിന്ദ് രാജ. മരുമക്കൾ: അഡ്വ. ഗോവിന്ദ് ചന്ദ്രശേഖർ, പരേതരായ അഡ്വ. അജിത്കുമാർ, പി.ബാലഗോപാൽ.




**പാർവതി അന്തർജനം**

കണ്ടമംഗലം പാർവതി അന്തർജനം (69) വിഷ്ണുപാദം പൂകി. മകൾ : സിന്ധു KK (പാടേരി ഇല്ലം)



**കാർത്ത്യായനി അന്തർജനം**

ഓണംതുരുത്ത്: സിന്ധു ഭവനിൽ കാർത്ത്യായനി അന്തർജനം (88) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ നാരായണൻപോറ്റി (മരുതിക്കൽ മഠം.) മകൾ: സിന്ധു, മരുമകൻ: ശ്രീകുമാർ (തെഞ്ചേരിൽ ഇല്ലം, ഇരവിപേരൂർ).



**പരമേശ്വരൻ നമ്പൂതിരി**

മഞ്ചേരി: അരുകിഴായ കാലടി ശ്രീനിലയത്തിൽ പരമേശ്വരൻ നമ്പൂതിരി (86) വിഷ്ണുപാദം പൂകി. ഭാര്യ: ലീല അന്തർജനം. മക്കൾ: സുനിൽ (യോഗക്ഷേമസഭ സംസ്ഥാന നിർവാഹകസമിതി അംഗം), സുഷിൽ. മരുമക്കൾ: സ്മിത, ശ്രീവിദ്യ.



**ആര്യാദേവി അന്തർജ്ജനം**

കുഴിപ്പുറത്ത് ആര്യാദേവി അന്തർജ്ജനം (79) വിഷ്ണുപാദം പൂകി. മക്കൾ: പരേതയായ ജയശ്രീ, വനജ, രാമചന്ദ്രൻനമ്പൂതിരി.



**സൗദാമിനി അന്തർജനം**

കാരോട് കുന്നത്ത് മഠത്തിൽ (രാജ് വിഹാർ) സൗദാമിനി അന്തർജനം (85) വാർധക്യസഹജമായ അസുഖത്തെ തുടർന്ന് വിഷ്ണുപാദം പൂകി. നെയ്യാറ്റിൻകര ഉപസഭാംഗമായിരുന്നു.



**ഭദ്ര അന്തർജനം**

കല്ലാനിക്കാട്ട് ഇല്ലത്തെ ഭദ്ര അന്തർജനം (67) വിഷ്ണുപാദം പൂകി.



**സാവിത്രി വാസുദേവൻ**

തൃശൂർ: കുറൂർ സാവിത്രി വാസുദേവൻ (83) ഇൻഡോറിൽ വെച്ചു വിഷ്ണു പാദം പൂകി. അടാട്ട് കുറൂർ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ പത്നിയും ദേശമംഗലം ഡി എച്ച് നമ്പൂതിരിപ്പാടിന്റെ പുത്രിയുമായിരുന്നു. മക്കൾ: പരേതനായ ക്യാപ്റ്റൻ അരുൺ ശങ്കർ കുറൂർ, വിനിത നാരായണൻ തെക്കേടത്തു കടലായിൽ.




**സാവിത്രി വാസുദേവൻ**

പരേതനായ കുറൂർ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ സഹധർമിണിയും, ദേശമംഗലം മന കുടുംബാംഗവും ആയിരുന്ന സാവിത്രി വാസുദേവൻ (83) ഇന്ദോറിൽ (മദ്ധ്യപ്രദേശ്) മകളുടെ വസതിയിൽ വെച്ച് വിഷ്ണുപാദം പൂകി. ഡൽഹിയിൽ ഗവൺമെന്റ് സ്കൂളിൽ അദ്ധ്യാപികയായിരുന്നു. മക്കൾ പരേതനായ ക്യാപ്റ്റൻ അരുൺ ശങ്കർ കുറൂർ, ശ്രീമതി.വിനീത നാരായണൻ. മരുമകൻ നാരായണൻ തെക്കേടത്തു കടലായിൽ. പേരക്കുട്ടി ദിയ നാരായണൻ.




**ശങ്കരൻ നമ്പൂതിരി**

ചാത്തമംഗലം അരീക്കര ഇല്ലത്ത് ശങ്കരൻ നമ്പൂതിരി (68) (എടവണ്ണപ്പാറ) വിഷ്ണുപാദം പൂകി. (1988 മുതൽ 2022 വരെ രാമനാട്ടുകര ശ്രീ പരിഹാരപുരം ദേവസ്വം കീഴേടം ശ്രീ രാമേശ്വരം ശിവക്ഷേത്രത്തിലെ മേൽശാന്തിയായിരുന്നു.) ഭാര്യ തിമിരി വടക്കില്ലം പ്രസന്ന അന്തർജ്ജനം. മക്കൾ: പ്രശാന്ത് നമ്പൂതിരി (ചെറുകുറ്റിശ്ശേരി ക്ഷേത്രം മേൽശാന്തി). നിശാന്ത് നമ്പൂതിരി. മരുമകൾ: നീത മണിപ്പുഴ ഇല്ലം.



**രവീന്ദ്രൻ നമ്പൂതിരി**

ഗുരുവായൂർ കോട്ടപ്പടി ചെറവല്ലൂർ മന രവീന്ദ്രൻ നമ്പൂതിരി (77) വിഷ്ണുപാദം പൂകി. മകൻ: സുരേഷ് സി ആർ, മരുമകൾ: ലീന എ.വി.



**ബ്രഹ്മശ്രീ കൃഷ്ണൻ പോറ്റി**

ബ്രഹ്മശ്രീ കൃഷ്ണൻ പോറ്റി(76) ശിവാലയം(വെങ്കിടിയൂർക്കാവ്), നേമം വിഷ്ണുപദം പൂകി. ഭാര്യ :ഓമന അന്തർജനം, മക്കൾ: രാജേഷ്, രമ്യ.



**കൃഷ്ണൻ നമ്പൂതിരി**

ആശ്രമം പ്രൈവറ്റ് സ്റ്റാൻഡിനടുത്ത് താമസിക്കുന്ന പാതിരാ മറ്റത്ത് കൃഷ്ണൻ നമ്പൂതിരി (96) വിഷ്ണുപാദം പൂകി. മക്കൾ.രാജൻ, രമേശൻ. മരുമക്കൾ: ജലജ, സുജ. കൊച്ചു മക്കൾ അക്ഷയ്, ഋഷികേശ്, തീർത്ഥാ, ഗീതു, രേവതി. ഈസ്റ്റ് ഹൈസ്കൂൾ മുൻ അദ്ധ്യാപകനും വടക്കേക്കര ശ്രീ ധർമ്മശാസ്താ നവഗ്രഹ ക്ഷേത്ര മുൻ ശാന്തിയുമായിരുന്നു.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ആര്യ അന്തർജനം**

തളിപ്പറമ്പ്: കൊട്ടില മാടത്തിൽ മല്ലിശ്ശേരി ഇല്ലത്ത് ആര്യ അന്തർജനം (95) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ നാരായണൻ നമ്പൂതിരി. മക്കൾ: ഉമ അന്തർജനം (കമല, ബെംഗളൂരു), ഈശാനൻ നമ്പൂതിരി (കൊട്ടില, റിട്ട. മിനിസ്ട്രി ഓഫ് കൾചർ, ഗവ. ഓഫ് ഇന്ത്യ), ഹരിജയന്തൻ നമ്പൂതിരി (മേൽശാന്തി, വടുകുന്ദം ശിവക്ഷേത്രം), പരേതനായ വാസുദേവൻ നമ്പൂതിരി. മരുമക്കൾ: പഴയടം കൃഷ്ണൻ നമ്പൂതിരി (മുഴക്കുന്ന്, റിട്ട. സർവേ ഓഫ് ഇന്ത്യ, ബെംഗളൂരു), സുമ (കാമ്പ്രത്തില്ലം, മുഴക്കുന്ന്), ശ്രീമ (വായാട്ട് കൊട്ടോൽ ഇല്ലം), തങ്കമണി (മേപ്പള്ളി ഇല്ലം, തലോറ). സഹോദരങ്ങൾ: ശ്രീദേവി അന്തർജനം (കൊടൽ കോക്കുന്നം, വെള്ളാവ്), സുഭദ്ര അന്തർജനം (ചാങ്ങിലേരി മന, വൂർ), പെരുന്തട്ട ഈറ്റിശ്ശേരി ഭവദാസൻ നമ്പൂതിരി (കുപ്പം), നാരായണൻ നമ്പൂതിരി (കുപ്പം), കൃഷ്ണൻ നമ്പൂതിരി (തിരുവൈരാണിക്കുളം, ആലുവ), പരേതയായ ഉണ്ണിമായ അന്തർജനം (ജാലിൽ കോക്കുന്നം, പനങ്ങാട്ടൂർ).



**ശ്രീലത അന്തർജ്ജനം**

കിളിമാനൂർ: നഗരൂർ തേക്കിൻ കാട് ശ്രീഹരി മഠത്തിൽ ജോത്സ്യൻ കൃഷ്ണൻ പോറ്റി യുടെ ഭാര്യ ശ്രീലത അന്തർജ്ജനം (53) വിഷ്ണുപാദം പൂകി. മക്കൾ : ഹരി, ധരിത്രി. മരുമകൾ: ആദിത്യ.



**ശ്രീധരൻ നമ്പൂതിരി**

എളമന ഇല്ലത്ത് പരേതനായ നാരായണൻ നമ്പൂതിരിയുടെ മകൻ ശ്രീധരൻ നമ്പൂതിരി (62) വിഷ്ണുപദം പൂകി. അമ്മ ശ്രീദേവി അന്തർജനം (ആട്ടീരി ഇല്ലം -താനൂർ). സഹോദരങ്ങൾ - നാരായണൻ നമ്പൂതിരി, ശോഭന (മാവിലിശ്ശേരി മന ആലുവ), പ്രസന്ന (തലേത്തൊടി ഇല്ലം വിളയിൽ)



**കാവേരി അന്തർജ്ജനം**

കല്ലറ കാട്ടുംപുറം, അരിവാരിക്കുഴി മഠം കാവേരി അന്തർജ്ജനം (95) വിഷ്ണുപാദം പൂകി. കിളിമാനൂർ ഉപസഭയിലെ മുതിർന്ന അംഗവും അരുവിക്കര ഉപസഭ സെക്രട്ടറി ശങ്കര ശർമ്മയുടെ അമ്മയുടെ ചേച്ചിയുമാണ്.




**വിഷ്ണു പോറ്റി**

ബ്രഹ്മശ്രീ എൻ. വിഷ്ണു പോറ്റി (75), ശ്രീരംഗം, കാച്ചാണി, കരകുളം വിഷ്ണു പദം പൂകി. പത്നി :അംബികാ ദേവി. മക്കൾ:ഹരി, ശ്രീജ.



**ആർ.എൻ. രമ**

ഡൽഹി ഗായത്രി അംഗമായിരുന്ന പരേതനായ വി.എം. ശങ്കരന്റെ (573, ലക്ഷ്മിഭായ് നഗർ, ന്യൂഡൽഹി) പത്നി ആർ.എൻ. രമ വിഷ്ണുപാദം പൂകി. മക്കൾ: സീമ, സൗമ്യ, അമ്മ: രാധ നാരായണൻ, സഹോദരിമാർ: പരേതയായ ലീല വാസുദേവൻ (ഗുലാബിബാഗ്) ഗീത രമേശ് (വികാസ്പുരി) സഹോദരൻ എൻ. മഹേഷ് (കാക്കനാട്)



**ശങ്കരൻ നമ്പൂതിരി**

കുന്നംകുളം കക്കാട് പിഡബ്ല്യുഡി റസ്റ്റ് ഹൗസിന്റെ ഒന്നാം നിലയിൽ നിന്ന് കാൽവഴുതി താഴേക്ക് വീണ് വയോധികൻ അന്തരിച്ചു. പൊന്നാനി തൃക്കാവ് പാണ്ടംപറമ്പത്ത് മനക്കൽ നാരായണൻ ഭട്ടതിരിപ്പാടിന്റെ മകൻ ശങ്കരൻ ഭട്ടതിരിപ്പാടാണ് (70) അന്തരിച്ചത്.



**ഗംഗ അന്തർജ്ജനം**

തേക്കത്തില്ലത്ത് ഗംഗ അന്തർജ്ജനം(84) വിഷ്ണുപാദം പൂകി. പരേതനായ നാരായണൻ തേക്കത്തില്ലത്തായരുടെ ഭാര്യയാണ്. ശ്രീ പത്മനാഭസ്വാമി ക്ഷേത്രം മുൻ പെരിയനമ്പി വിഷ്ണു തേക്കത്തില്ലത്തായർ, ശ്രീദേവി വാരിക്കാട് എന്നിവർ മക്കളും. സുനിത പി, നാരായണൻ വാരിക്കാട് തായർ എന്നിവർ മരുമക്കളുമാണ്.



**സി കൃഷ്ണൻ മൂസത്**

കോഴിക്കോട് മലാപ്പറമ്പ് ഫ്ളോറിക്കൻ റോഡ് തുളസിയിൽ സി കൃഷ്ണൻ മൂസത് (ചന്നഴി ഇല്ലം, പൊന്മള താലൂക്ക്, മലപ്പുറം) വിഷ്ണുപാദം പൂകി. യോഗക്ഷേമസഭ കോഴിക്കോട് ജില്ല മുൻ പ്രസിഡന്റ്, ഗാന്ധി പീസ് ഫൗണ്ടേഷൻ മുൻകാല പ്രസിഡന്റ്, എം.ബി കോളേജ് തളി സ്ഥാപകൻ എന്നീ നിലകളിൽ പ്രശസ്തനാണ്.



**സരസ്വതി അന്തർജനം**

പരേതനായ തിമിരി പെരികമന ഇല്ലത്തെ മാധവൻ നമ്പൂതിരിയുടെ മകൾ അത്തിയിൽ കാരക്കാട് ശംഭു എമ്പ്രാന്തിരിയുടെ സഹധർമ്മിണി സരസ്വതി അന്തർജനം (അമ്മിണി) വിഷ്ണു പാദം പൂകി. മക്കൾ: ഡോ നാരായണ പ്രസാദ്, ഡോ പ്രശാന്ത്.



**നാരായണൻ നമ്പൂതിരി മാസ്റ്റർ**

ഏറാഞ്ചേരി നാരായണൻ നമ്പൂതിരി മാസ്റ്റർ (87 വിഷ്ണുപാദം പൂകി. യോഗക്ഷേമസഭയുടെ സംസ്ഥാന, ജില്ലാതലങ്ങളിൽ നാരായണൻ നമ്പൂതിരി ഭാരവാഹിയായിരുന്നു. ഭാര്യ മംഗലശ്ശേരി രാധാദേവി (റിട്ടയേഡ് ടീച്ചർ. മക്കൾ: വിനോദ് ഏറാഞ്ചേരി ( ജൂനിയർ സൂപ്രണ്ട്. ഗവർമെന്റ് പ്രസ്സ്), ശ്രീജ ( പാലൂർ എൽ പി സ്കൂൾ പ്രധാനാധ്യാപിക ), മരുമക്കൾ:ധന്യ നീലമന (ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഹെഡ് ക്ലാർക്ക്.) ഡോക്ടർ നാരായണൻ ആറ്റുപുറത്ത് മന ( കോട്ടക്കൽ ആര്യവൈദ്യശാല )

**സ്വസ്തിയിൽ ചരമവാർത്തകൾ നൽകാൻ വാട്ട്സ് ആപ്പ് ചെയ്യൂ 9400992823**

55 വർഷ
മട്ടന്നൂരി
എത്തണ
യാത്ര ചെ
ഇടപെ

# ഹേമലതേടത്തി എന്തായിരുന്നു, എങ്ങിനെയായിരുന്നു

മാർച്ച് മാസത്തെ വേനൽ ചൂടിൽ ആസ്ബസ്റ്റോസ് ഷീറ്റിന്റെ ചുവട്ടിൽ വിയർത്ത് മനസ്സിൽ ആധിയോടെ ചേർന്ന യോഗക്ഷേമ സഭ ജില്ല ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യമീറ്റിംഗിൽ എങ്ങനെ ആരംഭിക്കണം എന്ന് എല്ലാവരും പരിഭ്രാന്തരായി ആലോചിക്കുമ്പോൾ 'ഞാൻ ഒരു ലക്ഷം തരാം' എന്ന് ഒരു സ്ത്രീ ശബ്ദം എല്ലാവരും കൺതുറന്ന് നോക്കിയപ്പോൾ ജില്ല വനിതസഭാ പ്രസിഡന്റ് ഹേമലതേടത്തിയുടേതായിരുന്നു ആ ശബ്ദം.



ഇത്രയും നിശ്ചയദാർഢ്യത്തോടെയുള്ള വാക്കുകൾ എല്ലാവർക്കും പൊള്ളുന്ന വെയി ലിൽ ഒരു മഴ പെയ്ത അനുഭൂതിയാണ് നൽ കിയത്. ഈ സ്ത്രീ ശബ്ദമാണ് ഇന്ന് കാണുന്ന ജില്ല ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവ ർത്തനത്തിന് പ്രചോദനം ഏകിയത്. പിന്നീട് എല്ലാവരുടേയും സന്മനസ്സും കൂടി ചേർന്നപ്പോൾ ദൗത്യം പൂർണമായി.

മീറ്റിംഗ് കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ എന്റെ സംശയം ഹേമലതേടത്തിയോട് പങ്ക് വച്ചു. ഇത്രയും രൂപ സംഭാവന നൽകാൻ ഇല്ലത്ത് ഏട്ടനോട് ചോദിക്കേണ്ടേ? മറുപടി ഇങ്ങനെ ആയിരുന്നു. 'ഏട്ടൻ ഞാൻ എന്ത് കാര്യം പറഞ്ഞാലും സമ്മതിക്കാറുണ്ട് അഥവാ എന്തെങ്കിലും എതിർപ്പ് പറയുകയാണെങ്കിൽ ഞാൻ എന്റെ കയ്യിൽ കിടക്കുന്ന രണ്ട് സ്വർണവള കൊടുത്തിട്ടാണെങ്കിലും പൈസ കൊടുക്കും. കാരണം യോഗക്ഷേമസഭ എന്നിൽ ചെറുപ്പം മുതൽ അലിഞ്ഞ് ചേർന്നിട്ടുള്ളതാണ്' എന്നായിരുന്നു

ഇതാണ് ഹേമലതേടത്തി. ഏറ്റെടുത്ത ഏതൊരു കാര്യവും ദൃഢനിശ്ചയത്തോടെ ചിട്ടയായ പ്രവർത്തനത്തോടെ ചെയ്യുന്ന സ്വഭാവത്തിന്റെ ഉടമ. എല്ലാവരേയും ഒന്നിച്ച് ചേർത്ത് പിടിച്ച് കൊണ്ട് ഒരു കൂട്ടായ്മയെ നയിക്കാനുള്ള ചാതുര്യം എടുത്തു പറയാതിരിക്കാൻ വയ്യ.

നമ്പൂതിരി സംസ്കാരവും അതിന്റെ മഹത്വവും ഏറെ മനസ്സിൽ നിറച്ച് അത് യോഗക്ഷേമസംഘടനയിലൂടെ എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യം മനസ്സിൽ വേരുന്നിയതുകൊണ്ടാണ് ഇത്രയും ആത്മാർത്ഥതയോടെ അതിൽ അലിഞ്ഞ് ചേർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നത്.

സംസാരിക്കാൻ അതീവ താല്പര്യമുള്ള വ്യക്തി കൂടിയായിരുന്നു ഹേമലതേടത്തി. മനസ്സിന്റെ ശുദ്ധത ഒന്ന് കൊണ്ട് മാത്രമാണ് എല്ലാവരേയും സ്വന്തം ആളുകളായി കണ്ട് മനസ് തുറന്ന് സംസാരിക്കാൻ കഴിയുന്നത്.

അദ്ധ്യാപിക ആയിരുന്ന ഹേമലതേടത്തി പുസ്തകത്തെ ഏറെ സ്നേഹിച്ചിരുന്ന വ്യക്തിയുമായിരുന്നു കുട്ടികൾക്ക് അവരുടെ വ്യക്തിത്വവികസനത്തിന് ഉതകുന്ന കഥകൾ പറഞ്ഞ് അവരുടെ ഇഷ്ടപ്പെട്ട അദ്ധ്യാപിക ആവാനും ഹേമലതേടത്തിക്ക് സാധിച്ചിട്ടുണ്ട്. ശങ്കരായണം എന്ന ആധ്യാത്മിക ഗ്രൂപ്പിലൂടെ ഉപസഭ, സംസ്ഥാന എന്നീ 3 തലങ്ങളിലും തന്റെ വ്യക്തിമുദ്ര പതിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ഭർത്താവ് ഭാഗവതാചാര്യൻ ഏരിമല പാറക്കോട്ടില്ലത്ത് വാസുദേവൻ നമ്പൂതിരി മക്കൾ: കൃഷ്ണൻ നമ്പൂതിരി, ഉമ, ശങ്കരൻ നമ്പൂതിരി.

സഹോദരങ്ങൾ: ചെങ്ങന്നൂർ അടിമുറ്റത്തു മഠത്തിൽ പരേതനായ ശ്രീരഞ്ജൻ ഭട്ടതിരി, ശ്രീനാരായണ ഭട്ടതിരി, ശൈലജാദേവി, ഗിരിജാശങ്കർ ഭട്ടതിരി, ഹേമമാലിനീദേവി, പത്മജാദേവി

**ശ്രീജമധു അരീക്കര**
വനിതാസഭാ ജില്ലാ സെക്രട്ടറി.
6282984123

## സ്മരണാഞ്ജലി



നീലി അന്തർജനം ശ്രാദ്ധദിനം 13 7 1983

ദാമോദരൻ നമ്പൂതിരി ശ്രാദ്ധദിനം 25 4 1993

നാറണിയാട്ട് ഇല്ലം, പി.ഒ.ഫാറൂക്ക് കോളേജ്,
കോഴിക്കോട് 673632

## ശ്രദ്ധാഞ്ജലി

**ഹേമലത അന്തർജനം**

(റിട്ട. അധ്യാപിക)



സന്തപ്ത കുടുംബാംഗങ്ങൾ

ഭർത്താവ്: പാറക്കോട് വാസുദേവൻ നമ്പൂതിരി (റിട്ട. ഹൈസ്കൂൾ അധ്യാപകൻ, ഭാഗവതാചാര്യൻ), മക്കൾ: ഉമ (ലിസി ഹോസ്പിറ്റൽ, എറണാകുളം), കൃഷ്ണൻ നമ്പൂതിരി (സീതാറാം എറണാകുളം), ഡോ. ശങ്കരൻ നമ്പൂതിരി (ക്ഷേമ ഹോസ്പിറ്റൽ, ബാംഗ്ലൂർ).

## സ്മരണാഞ്ജലി





25-ാം ശ്രാദ്ധ വേളയിൽ
അവരുടെ ദീപ്തസ്മരണക്കു
മുൻപിൽ പ്രണാമങ്ങളോടെ
മക്കളും മരുമക്കളും
പേരക്കുട്ടികളും
(കിഴക്കേ അരീക്കര പുല്ലാളൂർ)

**അരീക്കര സുബ്രഹ്മണ്യൻ നമ്പൂതിരി**
**ദേവകി അന്തർജനം**

# ശ്രദ്ധാഞ്ജലി

# ചണ്ണഴി കൃഷ്ണൻ മൂസ്സ്

## 1926-2025

കോഴിക്കോട് ഫ്ളോറിക്കൻ ഹിൽ റോഡിലെ 'തുളസി'യിൽ ശ്രീ ചണ്ണഴി കൃഷ്ണൻ മൂസ്സ്, 11.04.2025 ന് വിഷ്ണുപാദം പൂകി.



1947 ൽ സ്ഥാപിതമായ പ്രശസ്തമായ എം.ബി. ട്യൂട്ടോറിയൽ കോളേജിന് ഉടമസ്ഥർ കൃഷ്ണൻ മൂസ്സും സഹോദരങ്ങളുമായിരുന്നു. സർവോദയ പ്രസ്ഥാനത്തിൽ ആകൃഷ്ടനായ മൂസ്സ് കോഴിക്കോട് ഗാന്ധി പീസ് ഫൌണ്ടേഷന്റെ പ്രസിഡന്റ് ആയി സേവനമനുഷ്ഠിച്ചിരുന്നു.

99 വയസ്സിൽ മരിക്കുന്നതുവരെ കണ്ണട പോലും ഉപയോഗിക്കാത്ത മൂസ്സി ന്റെ ആരോഗ്യ രഹസ്യം തികഞ്ഞ പ്രകൃതിജീവനമാണ്. ശബരിമല യാത്ര, ഗാന്ധി സന്ദേശം, സ്വാമിരാമ, ശരീരശാസ്ത്രവും പ്രകൃതിജീവനവും തുടങ്ങി പന്ത്രണ്ടോളം കൃതികൾ ഇദ്ദേഹത്തിന്റേതായിട്ടുണ്ട്.

യോഗക്ഷേമ സഭ ജില്ലാ പ്രസിഡണ്ടായി രിക്കുമ്പോഴാണ് ശ്രീശങ്കരാ ട്രസ്റ്റിന്റെ ഉത്തര മേഖലാ വൈസ്ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടതും വി ടി ബി കോളേജ് ഗവേണിംഗ് ബോഡി ചെയർമാനായതും. 1986 ൽ ആലപ്പുഴ സംസ്ഥാന സമ്മേളനത്തിൽ വെച്ച് ശ്രീ കൃഷ്ണൻ മൂസ്സ് സംസ്ഥാന പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1987 ലെ യോഗക്ഷേമസഭ പത്താം സമ്മേളനം കോഴിക്കോട് വെച്ചാണ് നടന്നത്. സംസ്ഥാന സമ്മേളനത്തിൽ അന്ന് മിച്ചം പിടിച്ച 42000 രൂപയും പിന്നീട് പിരിച്ച സംഭാവനകളുമടക്കം ഒരു ലക്ഷം രൂപക്ക് അന്ന് വാങ്ങിയ സ്ഥലത്താണ് ഇന്നത്തെ ജില്ലാ മന്ദിരം പണികഴിപ്പിച്ചിട്ടുള്ളത്.

പരേതയായ, മട്ടന്നൂർ മധുസദനൻ തങ്ങളുടെ പൌത്രിയും കല്ലൂർ നാരായണൻ തങ്ങളുടെ പുത്രിയുമായ പാർവ്വതി അന്തർജനമാണ് ഭാര്യ. മൂന്ന് മക്കൾ. മൂത്തമകൾ ജ്യോതി ഇപ്പോൾ പാലക്കാട്ടാണ് താമസം. ഭർത്താവ് കണ്ണാഞ്ചേരി പന്നിക്കാട്ടില്ലത്തെ ചാർട്ടേഡ് എ ക്കൌണ്ടന്റ് രാജേന്ദ്രൻ (ലേറ്റ്), മകൻ സുരേഷ്, ഭാര്യ തളിപ്പറമ്പ് എളേടത്ത് കോളശ്ശേരി ഇല്ലത്തെ ഗായത്രി. ഇളയ മകൾ ഇന്ദിര പൂക്കാട്ടുപടി (ആലുവ) വള്ളോപ്പിള്ളി ഇല്ലത്തെ ശങ്കരൻ നമ്പൂതിരി (റിട്ട ചീഫ് ജനറൽ മാനേജർ ഒ.എൻ.ജി.സി)യുടെ പത്നിയാണ്.

# ശ്രദ്ധാഞ്ജലി

# ചെറുവക്കാട് നാരായണൻ നമ്പൂതിരി

ഒരു യാഥാസ്ഥിതിക ഇല്ലത്തിന്റെ ചുറ്റുപാടിൽ നിന്ന് ഒരല്പം മാറി 'തന്നാൽ കരേറേണ്ടവരെ' കൂടെ കൂട്ടി വെളിച്ചം വിതറി കടന്നുപോയ സുകൃതി, അതായിരുന്നു ചെറുവക്കാട്ട് നാരായണൻ നമ്പൂതിരി.



1921 ലെ മലബാർ കലാപത്തിൽ പരദേവതയെ  ഉള്ളിലാവാഹിച്ച് പട്ടുടുത്ത് വാളുമേന്തി ഉറഞ്ഞുതുള്ളി തന്റെ കുടുംബത്തെ ഒരു തലനാരിഴയ്ക്ക്  രക്ഷപ്പെടുത്തിയ മുതുമുത്തശ്ശനാണ് നാരായണൻ നമ്പുതിരിയുടേയും സഹോദരന്മാരുടേയും ഹൈന്ദവതക്കുള്ള പ്രചോദനം.

ചാവക്കാട് ബോർഡ് സ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന കാലത്ത് തന്നെ രാഷ്ട്രീയ സ്വയംസേവക സംഘത്തിലേക്ക് ആകൃഷ്ടരായവരാണ് നാരായണൻ നമ്പൂതിരിയും അനുജന്മാരും .

സ്വാതന്ത്ര്യം കിട്ടിയതിനുശേഷം 1957 ൽ മദിരാശിയിലെ മൈലാപൂരിൽ വച്ച് നടന്ന സംഘ ശിക്ഷാവർഗിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ഈ ക്യാമ്പിൽ ഗുരുജി ഗോൾവർക്കറും ഏകനാഥ് റാനഡേയും ഹരിയേട്ടനും പരമേശ്വർജിയും എല്ലാം ഉണ്ടായിരുന്നു

തനിക്ക് ചുറ്റും പ്രസാദാത്മകമായ ഊർജ്ജം പ്രചരിപ്പിച്ചിരുന്നു നാരായണൻ നമ്പൂതിരി.  ഗുരുവായൂരിൽ പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തി ചെറുവായൂരിൽ സംഘ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അക്കാലത്ത് ഏറനാട്ടിലെ ഹൈന്ദവ പ്രസ്ഥാനങ്ങളുടെ കേന്ദ്രമായി മാറിയിരുന്നു ചെറുവക്കാട്ട് ഇല്ലം.  ഗൃഹത്തിൽ ആത്മീയ അന്തരീക്ഷം നിലനിർത്താൻ നാരായണൻ നമ്പൂതിരി എപ്പോഴും ശ്രമിച്ചിരുന്നു. ആദ്ധ്യാത്മികതയും രാഷ്ട്രീയവും സാഹിത്യവും ചർച്ച ചെയ്യുമ്പോൾ ഒരു ഘടദീപം ആകരുതെന്ന് എല്ലാവരേയും അദ്ദേഹം ഓർമ്മിപ്പിച്ചിരുന്നു.

1967 ൽ ദീൻദയാൽ ഉപാധ്യായ,  വാജ്പേയ് തുടങ്ങിയ പ്രഗൽഭർ പങ്കെടുത്ത ജനസംഘത്തിന്റെ ദേശീയ സമ്മേളനവുമായി പ്രവർത്തിക്കാൻ നാരായണൻ നമ്പൂതിരിക്ക് അവസരം ഉണ്ടായി

1993 കെഎസ്ആർടിസിയിൽ നിന്നും എ ടി ഓ ആയി വിരമിച്ചതിനുശേഷം ആലുവ തന്ത്രവിദ്യാപീഠത്തിന്റെ മാനേജരായി പ്രവർത്തിച്ചു

വിഹിത കർമ്മ അനുഷ്ഠാനത്തിലും ദേവതോപാസനയിലും വ്യാപൃതനായി ജീവിച്ച ഒരാളുടെ മരണ ശയ്യയിലെ പ്രാർത്ഥന ഈശാവാസ്യോപനിഷത്ത് ഇങ്ങിനെ പറയുന്നു. 'ഓം ദ്രാതോ സ്മര കൃതം സ്മര' സത്യാത്മകനും സങ്കല്പ സ്വരൂപനുമായ അഗ്നിദേവ, ഞാൻ ചെയ്തിട്ടുള്ള സത്കർമ്മങ്ങളെ ഓർമിച്ചാലും .

2024 ഒക്ടോബർ നാലാം തീയതി പ്രാർത്ഥന പോലെ അനായാസേനയുള്ള മരണമായിരുന്നു അദ്ദേഹത്തിന്റേത്.

# ശ്രദ്ധാഞ്ജലി



# ഗീതാ അന്തർജനം

**വടക്കാഞ്ചേരി തൃശൂർ ആലത്തൂർ മന പരേതനായ നാരായണൻ നമ്പൂതിരിപ്പാടിന്റെ ഭാര്യ ഗീതാ അന്തർജനം**

മക്കൾ: മോഹൻലാൽ, മനുമോഹൻ, ഭാനുമോഹൻ, രഘുമോഹൻ, മായ. മരുമക്കൾ: ജയശ്രീ വെടിയൂർ, പ്രഭാ അടാട്ട് കുറൂർ, ഉമ പെരിങ്ങശ്ശേരി, മിനി തെക്കിനിയേടത്ത്, മരുതൂർ പുരുഷോത്തമൻ നമ്പൂതിരി.

## ഗീതേടത്തി – എന്നുമെന്നോണം സ്മരണകൾ അയവിറക്കി ആസ്വദിക്കാൻ തരമൊരുക്കുന്ന ഒരു നാമം!

**രാധാമാധവൻ**

1968 ൽ ജന്മഗൃഹമായ വെണ്മണി വിട്ട് എ ഡി മാധവന്റെ ജീവിതപങ്കാളിയായി, ആലത്തൂർമനയിൽ എത്തി. പക്ഷേ, തറവാട്ടിൽ താമസിച്ച് എല്ലാവരുമായി അടുക്കാൻ അവസരം ഇല്ലായിരുന്നു. മാധവന് ഗീതോപ്പോളെ അങ്ങേയറ്റം സ്നേഹവും admiration ഉം ആയിരുന്നു എന്ന് എനിക്ക് സഹവാസത്തിൽനിന്ന് അധികം താമസിയാതെ തന്നെ മനസ്സിലാക്കാൻ കഴിഞ്ഞു.

ഒരിക്കൽ ലീവിൽ വന്ന് മടങ്ങുമ്പോൾ ഗീതേടത്തിയേയും കൂടെ കൂട്ടി. ബാംഗ്ലൂരിൽ ഞങ്ങളുടെ കൂടെ ഒരു മാസം താമസിച്ചു. അതു മുതലാണ് ഞങ്ങൾതമ്മിൽ എന്തെന്നുപറയാനാവാത്തത്ര അടുപ്പം ഉളവായത്. ആ ഒരു മാസം ഞങ്ങൾ ഒരുമിച്ചിരുന്ന് കാളിദാസനെ മുഴുവൻ വായിച്ചാസ്വദിച്ചു. ഗീതേടത്തീടെ സംസ്കൃതപരിജ്ഞാനം, സംസ്കാരസവിശേഷത, കൂത്ത് കൂടിയാട്ടം മുതലായവയിലെ ആഴത്തിലുള്ള അറിവ് ഇതെല്ലാം എന്നെ ആകർഷിച്ചു.

അക്കാലത്ത് തന്നെ ആണ് ഗീതേടത്തി അനുഭവിക്കുന്ന ഹൃദയവ്യഥയുടെ ആഴവും മനസ്സിലാക്കിയത്! അതേപ്പറ്റിയൊക്കെ ഇപ്പോൾ പരാമർശിക്കുന്നത് അനുചിതമാണ്.

സത്യത്തിലും ധർമ്മത്തിലും ഉറച്ചു നില്ക്കുന്ന മനസ്സും ബുദ്ധിയും. വിവേകവും പക്വതയും കലർന്ന പെരുമാറ്റം. സ്നേഹം നിറഞ്ഞ ഹൃദയം.

അവസാനം വരെയും ആർക്കും ബുദ്ധിമുട്ട് ഉണ്ടാക്കരുത് എന്ന് നിർബ്ബന്ധമായിരുന്നു. അതേപോലെ യാത്രയാവുകയും ചെയ്തു.

നമസ്കാരം

ഈയ്യിടെ അന്തരിച്ച ആലത്തൂരെ ഗീതപ്പേരശ്ശ്യമ്മയെ കുറിച്ച് ഒരുപാട് മധുര സ്മരണകൾ മനസ്സിലേയ്ക്ക് ഓടിവരുന്നു.

1972 ന് ശേഷം മാത്രമേ പേരശ്ശ്യമ്മയുമായി അടുത്തിടപഴകാൻ സാധിച്ചതുള്ളു എങ്കിലും മറക്കാൻ പ്രയാസം!

അന്ന് സ്കൂൾ അടച്ച് വെക്കേഷനുകളിൽ ആലത്തൂർക്ക് പോകാറുണ്ട്. കാഞ്ഞിരക്കോടുള്ള ആലത്തൂരെ തറവാട്ടിലെ കാര്യങ്ങളെല്ലാം ചുറുചുറുക്കോടെ നോക്കി നടത്തിയിരുന്നത് പേരശ്ശ്യമ്മ ആയിരുന്നു. രാവിലെ പത്ത് മണിവരെ വടക്കിനിയിൽ ആലത്തൂരെ നമ്പൂതിരിയും പേരശ്ശ്യമ്മയും ദേവാദി പൂജകളും നിവേദിക്കലും മറ്റും കഴിച്ച് പത്ത് മണിക്ക് ശേഷം മാത്രമേ ജലപാനം പോലും കഴിച്ചിരുന്നുള്ളു! കറകളഞ്ഞ സാമൂഹ്യ പ്രവർത്തകനും തത്വാധിഷ്ഠിത രാഷ്ട്രീയക്കാരനും തികച്ചും ഒരു ഗാന്ധിയനും പതിനേഴ് വർഷങ്ങളോളം തുടർച്ചയായി എരുമപ്പെട്ടി പഞ്ചായത്ത് പ്രസിഡന്റും ഒക്കെയായിരുന്ന ആലത്തൂരെ നാരായണൻ നമ്പൂതിരിപ്പാടിന്റെ വലംകൈയ്യായി പേരശ്ശ്യമ്മ എപ്പോഴും ഉണ്ടായിരുന്നു.

സ്വഗൃഹത്തിൽ നിന്നും ഒരു ദുരനുഭവമുണ്ടായപ്പോൾ, സ്വപതിയോടും ഭർത്തൃഗൃഹത്തോടും മാത്രം കൂറുപുലർത്തി ഒരു വ്യാഴവട്ടത്തോളം കാലം തന്റെ തത്വദീക്ഷയും ദൈവവിശ്വാസവും കൊണ്ട് സാമ്പത്തികപ്രയാസങ്ങളേയും മറ്റു ദുരിതങ്ങളേയും തൃണവൽ ഗണിച്ച ഒരു ധീരവനിതയായിരുന്നപ്പോഴും അതിനുശേഷവും എപ്പോഴും പ്രസന്നവദനയായി മാത്രമേ പേരശ്ശ്യമ്മയെ കണ്ടിട്ടുള്ളു.

ഒരുപാട് പേർക്കുള്ള ആഹാരം ഉണ്ടാക്കാനുള്ള പേരശ്ശ്യമ്മയുടെ നിഷ്കർഷ അനന്യമത്രെ. ആലത്തൂര് നിന്നാണ് ആദ്യമായി 'വറുത്തമാങ്ങ' എന്ന ഒരു പ്രത്യേക വിഭവം രുചിക്കാനിടയായത്. അതിന്റെ രുചി ഇപ്പോഴും വായിലൂറുന്നു.

പതിമൂന്നോ പതിനാലോ വയസ്സാകുമ്പോഴേയ്ക്കും ആലത്തൂർക്ക് വേട്ടുകൊണ്ടുവരപ്പെട്ട പേരശ്ശ്യമ്മ, അതിനിടെ തന്നെ സംസ്കൃതം, വൈദ്യം തുടങ്ങിയ വിദ്യകളുടെ പ്രാരംഭ പഠനം നടത്തിയിരുന്നുവത്രെ. അതിനാൽ തന്നെ ധാരാളം വായിക്കാനായും സമയം കണ്ടെത്തി. കൂടിയാട്ടം, കൂത്ത്, പാഠകം എന്നീ പാരമ്പര്യ ക്ലാസിക്കൽ കലകളിൽ വല്ലാത്ത കമ്പമുണ്ടായിരുന്നു പേരശ്ശ്യമ്മയ്ക്ക്. അതുകൊണ്ടാകാം, സംഭാഷണവേളകളിൽ പലപ്പോഴും ചാക്യാന്മാരുടെ വിദ്വത്തവും സാരസ്യവും പേരശ്ശ്യമ്മയിൽ കടന്ന് വന്നിരുന്നു. പുരാണകഥകൾ കടുകട്ടി. അവസാന കാലങ്ങളിൽ പറ്റുമ്പോഴൊക്കെ അമ്മയും ഞങ്ങളും പേരശ്ശ്യമ്മയെ പോയി കാണാറുണ്ടായിരുന്നു. അവസാനം വരെ ഓർമ്മശക്തികൊണ്ട് ഞങ്ങളെ അത്ഭുതപ്പെടുത്തിയിരുന്നു.

പേരശ്ശ്യമ്മ സ്വർഗം തന്നെയേ പൂകൂ എന്ന് വിശ്വസിക്കുന്നു.

പേരശ്ശ്യമ്മയ്ക്ക് സ്നേഹോഷ്മളമായ ആദരാഞ്ജലികൾ.

ദീപ്തസ്മരണകളോടെ

**ഡോക്ടർ അകവൂർ സന്തോഷ് നമ്പൂതിരിപ്പാട്, ചേർപ്പ്.**

# ശ്രദ്ധാഞ്ജലി



# വിഷ്ണു നമ്പൂതിരി

പിലാത്തറ : സാമൂഹ്യ-സാംസ്കാരിക - ജീവകാരുണ്യ - പരിസ്ഥിതി പ്രവർത്തകനും കേശവതീരം ആയുർവ്വേദ ഗ്രാമം സ്ഥാപകനുമായ പുറച്ചേരി വെദിരമന ഇല്ലത്ത് വിഷ്ണു നമ്പൂതിരി (68) അന്തരിച്ചു. കേശവതീരം ആയുർവ്വേദ ആസ്പത്രി മാനേജിംഗ് ഡയറക്ടറാണ്. കവി മണ്ഡലം കേന്ദ്രസമിതി, മാതൃഭൂമി സ്റ്റഡി സർക്കിൾ, പയ്യന്നൂർ ചേമ്പർ ഓഫ് കൊമേഴ്സ്, സഭായോഗം, അറത്തിൽ വായനശാല, യോഗക്ഷേമസഭ യുവജനസഭ ജില്ലാ പ്രസിഡന്റ്, ബാലഗോകർണ്ണം ശിവക്ഷേത്രം, പരിസ്ഥിതി സമിതി, കുഞ്ഞിമംഗലം മാങ്ങാ കൂട്ടായ്മ, ജോൺസി സ്മൃതി സമിതി, മാടായിപ്പാറ സംരക്ഷണ സമിതി തുടങ്ങി നിരവധി സംഘടനകളുടെ നേതൃനിര പ്രവർത്തകനാണ്.

ഡൽഹി പഞ്ചവാദ്യ ട്രസ്റ്റിന്റെ ആയുഷ് പുരസ്കാരം, സഭായോഗം മാർഗ്ഗദീപം, കർമ്മജ്യോതി, വ്യാപാരശ്രേഷ്ഠ തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിരവധി സംഘടനകളാൽ ആദരിക്കപ്പെട്ടിരുന്നു. മലബാറിൽ തേനീച്ച വളർത്തലിന് തുടക്കമിട്ട് തേനീച്ച കൃഷിക്ക് വ്യാപക പ്രചാരം നൽകി. താടിയിലും മുഖത്തും തേനീച്ചകളുടെ കൂട് തീർത്ത് പൊതുവേദികളിൽ പ്രദർശനം നടത്തി 'തേനീച്ചകളുടെ തോഴൻ' എന്ന നിലയിൽ ഏറെ ശ്രദ്ധേയനായിരുന്നു.

ഭാര്യ: ലത വി.അന്തർജനം (മാനേജർ, നാഗാർജുന, പയ്യന്നൂർ). മക്കൾ: ഡോ. കേശവൻ വെദിരമന ( മെഡിക്കൽ ഡയറക്ടർ,കേശവതീരം ആയുർവ്വേദ ആസ്പത്രി), ഡോ. അശ്വതി വെദിരമന (സ്പഷലിസ്റ്റ് കൺസൽട്ടന്റ്, കേശവതീരം ആയുർവ്വേദ ആസ്പത്രി), മരുമക്കൾ: ഡോ. തുളസി കേശവൻ (ചീഫ് മെഡിക്കൽ ഓഫീസർ, കേശവതീരം ആയുർവ്വേദ ആസ്പത്രി), അനൂപ് ഗോവിന്ദ്, (അക്കൗൺണ്ട് സ്, തിരുവനന്തപുരം), സഹോദരങ്ങൾ: സാവിത്രി അന്തർജനം (കോറോം കൊറ്റംവള്ളി ഇല്ലം), ഈശ്വരൻ നമ്പൂതിരി (റിട്ട. എസ്ബി ഐ ഡപ്യൂട്ടി മാനേജർ), കൃഷ്ണൻ നമ്പൂതിരി (റിട്ട. കെ എസ് ആർ ടി സി) മാധവൻ നമ്പൂതിരി (ബിസിനസ്), ഗോവിന്ദൻ നമ്പൂതിരി (മുൻ അക്കൗണ്ടന്റ്, പയ്യന്നൂർ നാഗാർജുന), ദേവകി അന്തർജ്ജനം (ബംഗളരു), നാരായണൻ നമ്പൂതിരി (റിട്ട. ഖാദി ബോർഡ്)

# ശതാഭിഷേക ആശംസകൾ



## എളേടം ശങ്കരൻ നമ്പൂതിരി

ശ്രീകൃഷ്ണപുരം എളേടത്ത് മനയിൽ ശങ്കരൻ നമ്പൂതിരിയുടെ ശതാഭിഷേകം 2025 ജൂൺ 22നു ശ്രീകൃഷ്ണപുരം കമ്മ്യൂണിറ്റി ഹാളിൽ വച്ച് ബന്ധുമിത്രാദികളുടെ സാന്നിധ്യത്തിൽ ആഘോഷിച്ചു . പരേതരായ ശങ്കരനാരായണൻ സോമയാജിപ്പാടിന്റെയും നീലി അന്തർജത്തിന്റെയും മകനാണ് . 30 വർഷക്കാലം S N A ഔഷധശാലയിൽ സേവനം അനുഷ്ഠിച്ചു 1998ൽ ജോലിയിൽ നിന്ന് വിരമിച്ചു.

മുക്കിരിക്കാട് മനയിൽ ദേവി അന്തർജ്ജനം ആണ് സഹധർമിണി. സാവിത്രി, ശ്രീദേവി, പരേതരായ ത്രിവിക്രമൻ, ആര്യ എന്നിവർ സഹോദരങ്ങളാണ്.  മക്കൾ ബാബുരാജ്, ദേവൻ. മരുമക്കൾ ഇന്ദു, സൗമ്യ. പേരക്കുട്ടികൾ ദേവിക, ഹരിശങ്കർ, ഗോപിക, ഹൃദിക

Ph: 860607380





മലപ്പുറം താമരക്കുഴി ചേരമംഗലത്ത് മന നാരായണന്റെയും ജയശ്രീയുടെയും മകൻ രജിത് നാരായണനും തൃപ്പൂണിത്തുറ തെക്കുംഭാഗം മേമന മനയിൽ നാരായണൻ നമ്പൂതിരിയുടെയും ശൈലജയുടെയും മകൾ ആര്യ ഗായത്രിയും അങ്ങാടിപ്പുറം കല്യാണി കല്യാണമണ്ഡപത്തിൽ വെച്ച് വിവാഹിതരായി.
മൊബൈൽ: 9497207611, 9446173289




മലപ്പുറം താമരക്കുഴി ചേരമംഗലത്ത് മന നാരായണന്റെയും ജയശ്രീയുടെയും മകൾ ആര്യജയും ഇരിങ്ങാലക്കുട എക്കാട്ട് മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരി യുടെയും സന്ധ്യ അന്തർജ്ജനത്തിന്റെയും മകൻ ശ്രീയേനനും അങ്ങാടിപ്പുറം കല്യാണി കല്യാണമണ്ഡപത്തിൽ വെച്ച് വിവാഹിതരായി.
മൊബൈൽ: 9497207611, 9446173289



എടപ്പാൾ നടുവട്ടം കരുവാട്ടുമന പരേതനായ ഭവദാസിന്റെയും അനിതയുടെയും മകൻ ശ്രവന്ത് പരമേശ്വരനും കാട്ടകാമ്പാൽ പണക്കത്ത് മന മനോജിന്റെയും സംഗീതയുടെയും മകൾ അനുപമയും കുമരനെല്ലൂർ വീകെ ഓഡിറ്റോറിയത്തിൽ വിവാഹിതരായി.
മൊബൈൽ 9495563918



പൊതുവായ മന സുരേഷ് -പ്രഭ ദമ്പതിമാരുടെ മകൾ ശിൽപ്പയും പടിഞ്ഞാറ്റീരി വാസുദേവൻ -ഉമാദേവി ദമ്പതിമാരുടെ മകൻ ദേവനും ഏപ്രിൽ 13 ന് കാടാമ്പുഴ മൈത്രിഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.
മൊബൈൽ: സുരേഷ് പൊതുവായ- 9324377214



അരീക്കോട് ഉഗ്രപുരം വലിയ ചെമ്പാഴി നാരായണന്റെയും ശോഭനകുമാരി യുടെയും മകൻ ഉല്ലാസും തൃശൂർ നടത്തറ വിജയ്കുമാർ നെല്ലായികുന്നം ദിവാകരന്റെയും അഞ്ജലിയുടെയും മകൾ ശ്രേയയും അരീക്കോട് സൺസിറ്റി കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി.
മൊബൈൽ: 9446080880, 9447926612



പാലക്കാട് നൂറണിഗ്രാമം കക്കാടുമന പരമേശ്വരൻ നമ്പൂതിരിയുടെയും ലത അന്തർജനത്തിന്റെയും മകൻ ശ്രീനാഥും ശ്രീകൃഷ്ണപുരം എളേടത്ത് മന പരമേശ്വരൻ നമ്പൂതിരിയുടെയും ശ്രീലത അന്തർജനത്തിന്റെയും മകൾ ഹർഷയും പാലക്കാട് ചന്ദ്രനഗർ പാർവ്വതി മണ്ഡപത്തിൽ വെച്ച് വിവാഹിതരായി. മൊബൈൽ: 8089070938, 8848264798

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:4 Issue No:3 ❑ Kozhikode ❑ Date of Publication: 1 July 2025

